C.K.L

മലയാളരാജ്യം
ആഴ്ചപ്പതിപ്പ്



22nd June 1953

The MALAYALA RAJYAM ILLUSTRATED WEEKLY

3 As.



സഹസ്രനാമം

★

തമിഴിലെ നിരവധി സാമൂഹ്യചിത്രങ്ങളിൽ വിജയകരമായി അഭിനയിച്ച് മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു വിദഗ്ദ്ധനായ ചലച്ചിത്രനടനാണ് എസ്. വി. സഹസ്രനാമം. "വാഴ കൈ" എന്ന തമിഴ് ചിത്രം കണ്ടിട്ടുള്ളവർ ആ വില്ലനായ "മൂത്തി"യെ പെട്ടെന്നൊന്നും മറക്കുകയില്ലെന്നു തോന്നുന്നില്ല. പ്രസ്തുത ചിത്രത്തിൽ സഹസ്രനാമം വില്ലന്റെ ഭാവം അനുഭവസിദ്ധമാംവണ്ണം അഭിനയിച്ച് ഫലിപ്പിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ സഹസ്രനാമം കൂടുതൽ വിജയകരമായി അഭിനയിച്ച് ശോഭിച്ചുകൊണ്ടിരിക്കുന്നതു് നാടകസ്റ്റേജിലാണ്. നാടകസ്റ്റേജിലെ സഹസ്രനാമം ഇനിയും വെള്ളിത്തിരയിൽ പൂർണ്ണമായി പ്രത്യക്ഷപ്പെട്ടിട്ടില്ല. പ്രൊഡ്യൂസറന്മാരുടെയും ഡയറക്ടറന്മാരുടേയും അനധികൃതമായ ഇടപെടൽനിമിത്തം നടീനടന്മാരുടെ അഭിനയം സിനിമായിൽ പല പ്പോഴും തരംതാണുപോകാറുണ്ടല്ലോ. സ്വതന്ത്രമായും വികാരരഹിതമായും അഭിനയിക്കുന്നതിന് സാഹചര്യങ്ങളും സിനിമയിലേക്കാളും നാടകസ്റ്റേജിലാണെന്നാണ് സഹസ്രനാമം വിശ്വസിക്കുന്നതു്. പതിമൂന്നാമത്തെ വയസ്സുമുതൽ സഹസ്രനാമം ഒരു നാടകനടനായി പ്രത്യക്ഷപ്പെട്ടു. 1925-ൽ ടി. കെ. എസ്. ബ്രദേഴ്സ് സഹസ്രനാമത്തിനേയും അവരുടെ കമ്പനിയിലെ ഒരു നടനായി സ്വീകരിച്ചു. പത്തുവർഷത്തോളം ആ കമ്പനിക്കാരുടെ പല നാടകങ്ങളിലും സഹസ്രനാമം അഭിനയിച്ചു. 1935-മുതൽ 1945-വരെ എന്നെ എസ്. കൃഷ്ണന്റെ, 'എന്റെ സ്റ്റേജ് നടനസഭ"യിലെ ഒരു നടനായി സഹസ്രനാമം കലാസേവനം നടത്തി നാടകകലയോടുള്ള പ്രത്യേക പ്രതിപത്തിനിമിത്തം 1951 ൽ സഹസ്രനാമം സ്വന്തമായി ഒരു നാടകക്കമ്പനി രൂപവൽക്കരിച്ച് നാടകകലയുടെ പരിപുഷ്ടീകരണത്തിനും ഉദ്ധാരണത്തിനുംവേണ്ടി സജീവമായി പ്രവർത്തനവും ആരംഭിച്ചു. നാടകവേദിയിൽ സഹസ്രനാമം സമ്പാദിച്ചിട്ടുള്ള ജനസമ്മതി ഒന്നിനൊന്ന് വർദ്ധിച്ചുകാണ്ടിരിക്കയാണ്; മറ്റെന്തിനേയും മറിയതിനേയും ഭരതത്തിൽ അന്നോളമുണ്ടായിരുന്നതിനേക്കാളും സഹസ്രനാമം നിരവധി നാടകകലാപ്രകടനങ്ങളും നടത്തിയിട്ടുണ്ട്. സഹസ്രനാമത്തിന് ഒരു സിനിമാനിർമ്മാതാവോ, ഡയറക്ടരോ ആയിത്തീരണമെന്ന ഉദ്ദേശമില്ല. അഭിനയകലയിൽക്കൂടി ആജീവനാന്തം കലാസേവനം നിർവ്വഹിക്കുന്നതിനാണ് അദ്ദേഹം ആഗ്രഹിക്കുന്നതും.

1913-നവംബർ 13-ാംതീയതി തമിഴ്നാട്ടിൽ ശിങ്കനല്ലൂർ എന്ന സ്ഥലത്താണ് സഹസ്രനാമം ജനിച്ചതു്. അദ്ദേഹത്തിന് മൂന്നുസഹോദരന്മാരും മൂന്നുസഹോദരികളുമുണ്ട്. വിദ്യാഭ്യാസത്തിലുള്ള സഹജമായ അനാസ്ഥനിമിത്തം സഹസ്രനാമം പരീക്ഷകളൊന്നും പാസ്സായിട്ടില്ല. വിദ്യാലയജീവിതമുപേക്ഷിച്ചതിനുശേഷം ആ നടൻ ധാരാളം ഗ്രന്ഥപാരായണം നിർവ്വഹിക്കുകയും വേണ്ടത്ര വിജ്ഞാനധനം ആർജ്ജിക്കുകയുംചെയ്തു. സഹസ്രനാമത്തിന് ഇപ്പോൾ തമിഴ്, ഇംഗ്ലീഷ്, തെലുങ്ക്, ഹിന്ദി എന്നീ നാലുഭാഷകളിൽ സംസാരിക്കുവാനും എഴുതുവാനും വശമുണ്ട്. വിവാഹിതനായ സഹസ്രനാമത്തിന് അഞ്ചു സന്താനങ്ങളും ജനിച്ചിട്ടുണ്ട്. സിനിമാ അഭിനയമില്ലാത്തപ്പോൾ ആ കലാകാരൻ നാടകങ്ങളിൽ നടിക്കുന്നു. വിശ്രമവേളകളിൽ ഹാർമ്മോണിയക്കാരനായും മറ്റും ചുറ്റിസഞ്ചരിച്ച് ഫോട്ടോ പിടിക്കുന്നതാണ് സഹസ്രനാമത്തിന്റെ ഏറ്റവും വലിയ വിനോദം.

സഹസ്രനാമം ഒരു സാഹിത്യകാരൻകൂടിയാണ്. അദ്ദേഹം ചെറുകഥകളും നാടകങ്ങളും രചിക്കാറുണ്ട്. എൻറ്റെ കമ്പനിക്കാരുടെ പ്രസിദ്ധനാടകമായ "പൈതൃക്കാരൻ" കഥ എഴുതിയതു് സഹസ്രനാമമാണ്. പൈതൃക്കാരനിലെ സഹസ്രനാമത്തിന്റെ അഭിനയം ആ നടന് വ്യാപകമായ പ്രശസ്തി നേടിക്കൊടുക്കുകയുംചെയ്തു. മദ്രാസിൽ തുടർച്ചയായി 126 ദിവസം ഈ നാടകം പ്രദർശിപ്പിച്ചിട്ടുണ്ടെന്നുള്ളതിൽനിന്നും പ്രേക്ഷകലോകത്തിനും ഈ നാടകത്തിനു ലഭിച്ച ഹൃദ്യമായ സ്വീകരണം ഏറെക്കുറെ ഊഹിക്കാവുന്നതാണല്ലോ. പൈതൃക്കാരനിൽ അൽഭുതാവഹമായ കഴിവുകളുള്ള ഒരു സ്വഭാവനടനെന്ന നിലയിൽ സഹസ്രനാമം അഭിനയിച്ചിട്ടുണ്ട്.

1935-ൽ കൃഷ്ണൻമുഖഫിലിംസിന്റെ "മേനക" എന്ന ചിത്രത്തിൽക്കൂടിയാണ് സഹസ്രനാമം ആദ്യമായി വെള്ളിത്തിരയിൽ പ്രത്യക്ഷപ്പെട്ടതു്. മേനകയിലെ വിജയത്തെത്തുടർന്ന് സഹസ്രനാമത്തിന് സിനിമായിൽ അഭിനയിക്കുന്നതിന് സുവർണ്ണാവസരങ്ങളും ലഭിച്ചു. തുടർന്ന് "നല്ലതമ്പി" "വാഴ കൈ" "മമ്മയോഗി" "മനമകൾ" "ശിങ്കാരി" "മരുമകൾ" "പരാശക്തി" തുടങ്ങിയ അനവധി സാമൂഹ്യികചിത്രങ്ങളിൽ സഹസ്രനാമം അഭിനയിച്ചു. എ. വി. എം. കമ്പനിക്കാരുടെ "പെൺ" മോഷൻപിക്ചേഴ്സിന്റെ "കണ്ണകി" മദ്രാസ് ആർട്ട് പ്രൊഡക്ഷൻസിന്റെ "രോഹിണി" ജംബുപ്രൊഡക്ഷൻസിന്റെ "ഭാര്യയുടെപുരുഷൻ" എന്നീചിത്രങ്ങളിലെല്ലാം സഹസ്രനാമം ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുന്നു. തന്റെ അനിതരസാധാരണമായ പാടവംകൊണ്ടു കാണികളുടെ ഹൃദയങ്ങളിൽ വികാരങ്ങളുടെ കല്ലോലങ്ങളും സൃഷ്ടിക്കുവാൻ കഴിവുള്ള ഒരു നടനാണ് സഹസ്രനാമം — ഏതു കൊണ്ടും തമിഴ് സിനിമാവേദിക്കും നാടകസ്റ്റേജിനും അഭിമാനിക്കാവുന്ന ഒരു അഭിനേതാവു്. സഹസ്രനാമം ഭാവിയിലും പ്രേക്ഷകലോകത്തിന്റെ പ്രതീക്ഷകൾക്ക് വണ്ണംപിടിപ്പിക്കുമെന്നു ന്യായമായി ആശിക്കാവുന്നതുമാണ്.

★

ചലച്ചിത്രനിരൂപണം

മനിതൻ

★

ടി. കെ. എസ്സ് ബ്രദേഴ്സിന്റെ പ്രസിദ്ധനാടകമായ "മനിതൻ" അല്പം ചില വ്യത്യാസങ്ങളോടുകൂടി ഏറ്റവും ലാവണ്യപൂർവ്വകമായ സംഘടനാപാടവത്തോടെ ചലച്ചിത്രലോകത്തിലേക്കു് പകർത്തിയതാണ് ഈ ചിത്രം. ശ്രീ: മുതുകുളം രാഘവൻപിള്ളയുടെ "മനുഷ്യൻ" എന്ന നാടകമാണ് കഥയുടെ മൂലം. പക്ഷേ ആദിമൂലവും സോമസുന്ദരവും കൂടി അവരുടെ മനോധർമ്മമനുസരിച്ച് കഥയിൽ വ്യതിയാനങ്ങളും സൃഷ്ടിച്ച് അവരുടെ സ്വന്തമാക്കി. സിനിമാലോകത്തിലെ ഒരു കറവപ്പശുവായിക്കഴിയുന്ന മുതുകുളത്തെസംബന്ധിച്ചിടത്തോളം ഇതിലും കൂടുതൽ അഭിമാനത്തിനു അവകാശമില്ലല്ലോ. പാവം കലാകാരൻ. ഏതായാലും ഇക്കൊല്ലം തമിഴിൽ നിർമ്മിച്ചിട്ടുള്ള നല്ലചിത്രങ്ങളുടെ പട്ടികയിൽ മനിതനും നല്ലൊരു സ്ഥാനം ലഭിച്ചിട്ടുണ്ട്. തമിഴ്പത്രങ്ങളെല്ലാം ഈ ചിത്രത്തെ മുക്തകണ്ഠം പ്രശംസിച്ചിട്ടുമുണ്ട്. മനിതനുകൂടുതലായും സാമ്പത്തികമായും വിജയിച്ചതിൽ നിർമ്മാതാക്കൾ അത്യധികം ആനന്ദമോദനർഹരുമാണ്. പുരുഷൻ അവന്റെ മാംസദാഹശമനത്തിനുവേണ്ടി പല വികൃതികളും കാട്ടിക്കൂട്ടാറുണ്ട്. പക്ഷേ സമുദായം അവനു് അതിനെപ്പറ്റി പരിതാപം കല്പിക്കാറില്ല. പ്രതികൂല പരിതഃസ്ഥിതികളുടെ സമ്മർദ്ദത്താൽ സ്ത്രീ ഒരുപ്രാവശ്യം അപഥസഞ്ചാരംചെയ്താൽ മതി സമുദായം അവളെ വേശ്യയെന്ന മുദ്രകുത്തി പുറംതള്ളുകയുംചെയ്യും. അങ്ങിനെ സ്ത്രീക്കും പുരുഷനും വിഭിന്നമായ സാമൂഹ്യികനിയമങ്ങളെ പുരുഷന്റെ സ്വാർത്ഥത്തിനും സുഖത്തിനുംവേണ്ടി—നെടുനാളായി വെച്ചുപുലർത്തുന്ന വ്യവസ്ഥിതിയുടെ നേരെയുള്ള ഒരു ശക്തിയേറിയ വെല്ലുവിളിയാണ് മനിതൻ. മനുഷ്യജീവിതത്തിലെ ദൈനംദിനസംഭവങ്ങളും വികാരോജ്വലമായി മനിതനിൽ ചിത്രീകരിച്ചിട്ടുണ്ട്. കഥയിലെ ഓരോ കഥാപാത്രവും മനുഷ്യസ്വഭാവത്തിന്റെ ഭിന്നവശങ്ങളെ സജീവമായി പ്രതിനിധീകരിക്കുന്നുമുണ്ട്. മനിതനിലെ ഹാസരംഗം—"ലോകനീതി"യിലെ പപ്പുആശാനെ അനുസ്മരിപ്പിക്കുന്ന ഒരു പാത്രസൃഷ്ടിയാണ്. രണ്ടുകഥയും ഒരാൾതന്നെ എഴുതിയതാണ് ഇതിനു കാരണവും. അവിശ്വസനീയവും അസംഭാവ്യവുമായ സംഭവഗതികളൊന്നും കഥാശരീരത്തിൽ അധികം കടന്നുകൂടിയിട്ടില്ല കഥയുടെ ആരംഭംമുതൽ അവസാനംവരെ ചിത്രത്തിന്റെ വികാരവേഗത ചോർന്നുപോകാതിരിക്കുന്നതിൽ ഡയറക്ടർ ശ്രദ്ധചെലുത്തിയിട്ടുമുണ്ട്. ജീവിതം ഒരു ദുഃഖസത്യമാണെന്നാണ് മനിതൻ പ്രഖ്യാപിക്കുന്നതു: പക്ഷേ ജീവിതത്തിലെ ഏല്ലാപ്രശ്നങ്ങളും ഈ കഥയിൽ കൈകൊടുത്തു ചെയ്തിട്ടില്ല. സംഗീതികമാണ് മനിതനിലെ പ്രധാനം. ഈ മനുഷ്യസമുദായത്തെ കൂടുതൽ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നം സാമ്പത്തികമാണ് — വിശപ്പിന്റെ

(ശേഷം 33-ാംപേജിൽ)

മലയാളരാജ്യം

ആഴ്ചപതിപ്പു

പുസ്തകം ൨൪ | കൊല്ലം ൧൧൩൨ മിഥുനം ൧൪ തിങ്കളാഴ്ച | ലക്കം ൩൩൩

ഒരു പ്രജായത്തരാഷ്ട്രത്തിലെ രാജ്ഞി

— സി. നാരായണൻ, എം. എ, എൽ. റ്റി. —

റിപ്പബ്ലിക്കുകളുടെ കാലമായ ഇരുപതാം നൂറ്റാണ്ടിൽ, പല റിപ്പബ്ലിക്കുകൾക്കും പ്രഥമപാഠം നൽകിയ ബ്രിട്ടൻ, ഇങ്ങനെ ജനാധിപത്യവിരുദ്ധമായൊരു സ്ഥാപനത്തെ വെച്ചുപുലർത്തുന്നതിന്റെ രഹസ്യമെന്തു്?

ഭൂമുഖത്തിന്റെ ഏതേതു ഭാഗത്തേക്കു കണ്ണോടിച്ചാലും അവിടങ്ങളിലെല്ലാം രാജാധികാരത്തിനും രാജപദവിക്കും ശൈഥില്യം സംഭവിക്കുന്ന കാഴ്ചയാണു് നമുക്കു ദർശിക്കുവാനാകുന്നതു്. പ്രജകളും ഉൾബുദ്ധരായുമുള്ളവർ അവർ സേച്ഛാധികാരം അധികനാളും വെച്ചുപുലർത്തുവാൻ അനുവദിക്കുകയില്ലെന്നതിനു ആധുനികചരിത്രം എത്ര ഉദാഹരണങ്ങളും വേണമെങ്കിലും കാട്ടിത്തരും. പ്രത്യേകിച്ചും ഈ ഇരുപതാംനൂറ്റാണ്ടു് ജനകീയഭരണസിദ്ധാന്തം ഉച്ചകോടിയിലെത്തിയ ദശാസന്ധിയുമാണു്. ഒന്നാം ലോകമഹായുദ്ധാനന്തരം തന്നെ രക്ഷപ്പെടുത്തിയ ചില പാശ്ചാത്യരാജ്യങ്ങളിലെ സിംഹാസനങ്ങളും മറിഞ്ഞുവീഴുന്നതിനു സാക്ഷ്യംവഹിച്ചിരുന്നു. രണ്ടാം ലോകമഹായുദ്ധാനന്തരം, ലോകത്തിൽവെച്ചു ഏറ്റവുമധികം രാജാക്കന്മാർ വാണരുളിയ ഇന്ത്യാരാജ്യം രാജാധികാരത്തിന്റെ ശവപ്പറമ്പായി മാറുകതന്നെചെയ്തു. സ്വതന്ത്രഭാരതം എത്രയെത്ര രാജകിരീടങ്ങളെ അഴിച്ചുവെപ്പിച്ചില്ല! ശേഷിപ്പുള്ള മഹാരാജാക്കന്മാർ ജനഹിതാനുസരികളായ രാജപ്രമുഖന്മാരായി പരിണമിച്ചിരിക്കയുമാണു്. ചിലേടങ്ങളിൽ രാജപ്രമുഖപദവിതന്നെ ഇല്ലായ്മചെയ്വാൻ ചില ജനവിഭാഗങ്ങളും മുറവിളികൂട്ടിത്തുടങ്ങിയിരിക്കുന്നു. കാശ്മീർ ഒരു റിപ്പബ്ലിക്കൻ ഭരണം ഏർപ്പെടുത്തുവാൻ തീച്ചപ്പെട്ടിരിക്കയാണു്. ഇന്ത്യവിട്ട പൗരത്വക്കടക്കുകയാണെങ്കിൽ നീലനദീതടത്തിലും കാറ്റ് ഇതേവഴിക്കു വിശ്രമിക്കുന്നതായിട്ടാണു നാം കാണുന്നതു്.

എന്നാൽ കുറേക്കൂടി പടിഞ്ഞാറു് തേംസ് നദിയുടെ കരയ്ക്കുള്ള കാഴ്ച ഇതിൽനിന്നെല്ലാം എത്രയും ഭിന്നമത്രെ. അവിടെ ഗവൺമെൻറതന്നെ 10 ലക്ഷം പവൻ ചെലവുചെയ്തു് അത്യധികം ആർഭാടത്തോടും അത്യാഡംബരത്തോടുംകൂടി ഒരു കിരീടധാരണ മഹോത്സവമാണു് ഇക്കഴിഞ്ഞ ജൂൺ 2-നു നടത്തിയതു്. അതെ, ആധുനിക പാർലമെൻറി ഭരണസമ്പ്രദായത്തിന്റെ ജന്മഭൂമിയെന്നു് ഉൽഘോഷിക്കപ്പെടുന്ന ബ്രിട്ടനിൽ! 'പാർലിമെൻറുകളുടെ ജനയിത്രി'യെന്നറിയപ്പെടുന്ന ബ്രിട്ടീഷ് പാർലിമെൻറ് പരമാധികാരം കയ്യടക്കി ഭരണം നിയന്ത്രിക്കുന്നനാട്ടിൽ! റിപ്പബ്ലിക്കുകളുടെ ഈകാലത്തു പല റിപ്പബ്ലിക്കുകൾക്കും പ്രഥമപാഠംനൽകിയ ബ്രിട്ടനിൽ ഇങ്ങിനെയൊരു സ്ഥിതിവൈപരീത്യം കാണുവാൻ കാരണമെന്തു്. ബ്രിട്ടീഷ്കിരീടാധികാരത്തിനു് കഴിഞ്ഞ ആറേഴുശതകങ്ങളിലായി സംഭവിച്ചിട്ടുള്ള സാരതരമായ മാറ്റവും, സ്വതേയുള്ള സ്ഥിതികനായ ഇംഗ്ലീഷുകാരനു് പഴമയോടും പാരമ്പര്യത്തോടുമുള്ള മതിപ്പുമാണു് ഇതിനു പ്രധാന ഹേതുക്കൾ.

രാജാധികാരത്തിന്റെ ശിഥിലീകരണം

കിരീടാധികാരത്തെ, അഥവാ രാജാധികാരത്തെപ്പറ്റി പഠിയുകയാണെങ്കിൽ റിച്ചാർഡിന്റെയും, ജോണിന്റെയും, ജെയിംസിന്റെയും, ചാൾസിന്റെയും കാലത്തെ സേച്ഛാധിപതിയല്ല ഇന്നത്തെ ബ്രിട്ടീഷ് കിരീടധാരി. 1215-ൽ ജോൺ രാജാവിനെക്കൊണ്ടു ജനപ്രമാണികൾ 'മഹാസ്വാതന്ത്ര്യപത്രിക' (Magna Carta) അംഗീകരിപ്പിച്ചശേഷം പാലത്തിനടിയിൽക്കൂടി വെള്ളം ധാരാളമൊഴുകിപ്പോയിട്ടുണ്ടു്. 1649-ലേയും 1688-ലേയും വിപ്ലവങ്ങൾ രാജാവിന്റെ സേച്ഛാധികാരത്തിനെതിരായി പാർലിമെൻറിനു് വിജയം കൈവരുത്തി. 1689-ലെ 'അവകാശബിൽ' (Bill of Rights) രാജാധികാരനിയന്ത്രണത്തിന്റെ ചരിത്രത്തിൽ അതിപ്രധാനമായ മറ്റൊരു നാഴികക്കല്ലാണു്. 1707-ലെ കിരീടാവകാശത്തീപ്പിന്നു (Act of Settlement) ശേഷം ഇതുവരെ ഒരുരാജാവും പാർലിമെൻറ് പാസ്സാക്കിയ നിയമത്തിനു് അനുമതി നിഷേധിച്ചിട്ടില്ല. നാട്ടിലെ നിയമം അനുവദിക്കുന്നതിൽക്കവിഞ്ഞു് രാജാവിനു് പ്രത്യേകാധികാരങ്ങളൊന്നുമില്ലെന്നും, ഏതെങ്കിലും പൊതുനിയമത്തെ ഒരു രാജകീയവിളംബരംകൊണ്ടു മാറ്റിമറിക്കുവാൻ പാടില്ലാത്തതാണെന്നും 1610-ൽത്തന്നെ നിശ്ചയിച്ചിരുന്നു. ജർമ്മൻകാരനായ ജോർജ്ജു് ഒന്നാമന്റെ കാലംമുതൽക്കു് രാജാവു് മന്ത്രിമാർമുഖേന ഭരിക്കുന്നതിനുപകരം മന്ത്രിസഭ രാജസഭയുമായി ഇടപഴകുവാൻ തുടങ്ങി. ഇംഗ്ലീഷുഭാഷാവശമില്ലായിരുന്ന ജോർജ്ജു് മന്ത്രിസഭായോഗത്തിൽ അദ്ധ്യക്ഷസ്ഥാനാധിപത്യം വഹിക്കുവാൻ ഒരു പ്രധാനമന്ത്രിയെ നിയമിച്ചു. അന്നുമുതൽ പ്രധാനമന്ത്രിയായി ഭരണാധികാരപ്രയോഗത്തെ സംബന്ധിച്ചേടത്തോളം രാഷ്ട്രത്തിലെ ഏറ്റവും സമുന്നതനായ വ്യക്തി. അനന്തരകാലങ്ങളിൽ രാജാവു് കോമൺസ് സഭയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ പ്രധാനമന്ത്രിയായി നിയമിച്ചുവന്നു. അദ്ദേഹം രാജകീയാനുമതിയോടുകൂടി തന്റെ സഹപ്രവർത്തകരേയും; അങ്ങിനെ യഥാർത്ഥത്തിൽ ഭരണം നടത്തുന്നതു പാർലമെൻറിന്റെ പ്രതിനിധി വഹിക്കുന്ന മന്ത്രിസഭയായിത്തീർന്നു. രാജാവു് ദൈനംദിനഭരണകാര്യങ്ങളിൽ കൈകടത്താതെ പുറകോട്ടു മാറിനിൽക്കുകയും ചെയ്തു. ഈ നിൽപ്പു് അദ്ദേഹത്തിന്റെ അന്തസ്സിനും പദവിക്കും മാറ്റുകൂട്ടി. അദ്ദേഹം കക്ഷികൾക്കും വിഭാഗങ്ങൾക്കും അതീതനാംവിധം ഉന്നതതലത്തിൽ വർത്തിച്ചു. അങ്ങിനെ ഇരുപതാം നൂറ്റാണ്ടായപ്പോഴേക്കും ഉൾബുദ്ധരും സ്വാതന്ത്ര്യപ്രേമികളുമായ പൊതുജനസമുദായത്തിന്റെ കാലാനുസൃതമായ നിയന്ത്രണവും, പരിതാവസ്ഥകളുടെ സമ്മർദ്ദവും ഹേതുവായി ബ്രിട്ടീഷുരാജാക്കന്മാരുടെ രാജാവു പൂണ്ണമായും ഭരണഘടനാവിധേയനും ജനഹിതാനുവർത്തിയുമായ ഒരു രാഷ്ട്രത്തലവനായിത്തീർന്നു. ഇതാണു് ഒരു

മുഖചിത്രം

പാടത്തിലെ പടയാളി

നത്തിൽ ഒരു പ്രജയെത്തരംഗ്ട
ത്തിലെ ഒരുപചാരിക ഭരണമേധാ
വിയായിച്ചമഞ്ഞതിന്റെ സംക്ഷിപ്ത
ചരിത്രം. അങ്ങനെ ബ്രിട്ടനിലെ
രാജാധികാരം പരമ്പരാഗതമാണെ
ങ്കിലും, ഒരു റിപ്പബ്ലിക്കിലെ തിര
ഞ്ഞെടുക്കപ്പെട്ട പ്രസിഡന്റിന്റെ
തിൽനിന്നും ഭിന്നമല്ല അദ്ദേഹത്തി
ന്റെ പദവി. കാലത്തിന്റെ പരീ
ക്ഷണങ്ങളെ അതിവർത്തിച്ചുകൊണ്ട്
ഇന്നും ബ്രിട്ടീഷ് കിരീടം നിലസി
ക്കുന്നതിന്റെ രഹസ്യം അതുതന്നെ.
രണ്ടു ആഗോളയുദ്ധകാലങ്ങളിൽ രാ
ജാധികാരം വഹിച്ച രണ്ടു ജോർജ്ജ്
ചക്രവർത്തിമാരും പ്രസ്തുത വിഷമഘട്ട
സന്ധികളിലും തദനന്തരവും പ്രസ്തുത
നില — ഭരണഘടനാവിധേയനായ
ഭരണത്തലവന്റെ നില — അസൂയാ
ർഹമാംവണ്ണം പാലിച്ചുപോന്നിട്ടു
ണ്ട്. ഇപ്പോൾ അഭിഷേകം ചെയ്യ
പ്പെട്ടിരിക്കുന്ന എലിസബത്ത് രാണി
കഴിഞ്ഞകൊല്ലം സിംഹാസനാരോ
ഹണംചെയ്ത അവസരത്തിൽ ഇപ്ര
കാരം പ്രസ്താവിക്കുകയുണ്ടായി! "എ
ന്റെ പിതാവു് അദ്ദേഹത്തിന്റെ
വാഴ്ത്തുകാലം മുഴുവൻ മഹത്തുക്ക
ളെ, ഞാനും ഭരണഘടനാവിധേയ
മായ ശവമെൻറ് നിലനിർത്തുന്നതി
നും, ലോകത്തിന്റെ ഗതിനിശ്ചേയ
മായി സ്ഥിതിചെയ്യുന്ന എന്റെ ജന
സമുദായങ്ങളുടെ സുഖവും ക്ഷേമവും
അഭിവൃദ്ധിപ്പെടുത്തുന്നതിനും നിര
ന്തരം യത്നിക്കുന്നതാണ്." ഇനിയു
ള്ള കാലങ്ങളിൽ ബ്രിട്ടീഷ് രാജസ
ത്രുപത്തിന ജനങ്ങൾക്ക് ഗുണമല്ലാ
തെ ദോഷംചെയ്യാൻ സാധിക്കുകയി
ല്ലെന്നതാണ് ഇതിൽനിന്നും പൊ
ങ്ങിവരുന്ന പരമാർത്ഥം.

താത്വികവും പ്രായോഗികവു
മായ വശങ്ങൾ

നിയമപ്രകാരം ഇപ്പോഴും രാജ
സത്രുപതന്നെയാണ് ഭരണകൂടത്തി
ന്റെ മകുടമായി സ്ഥിതിചെയ്യുന്നത്.
ഭരണനിർവ്വഹണയന്ത്രപ്പുയ എക്സിക്യൂ
ട്ടീവിന്റെ പരമമായ മേധാവിത്വം
ഇന്നു എലിസബത്ത് രാണിക്കാണ്;
നിയമനിർമ്മാണത്തിൽ അന്തിമവച
നം അവരുടേതാണ്; നീതിനിർണ്ണ
ത്തിന്റെ ഉറവിടവും രാജ്ഞിതന്നെ.
മതസ്ഥാപനങ്ങളുടെ പരമാധ്യക്ഷ
യും അവരാണ്. എന്തിന്, കര
സൈന്യത്തിന്റെയും കപ്പൽപ്പടയു
ടേയും വ്യോമസേനയുടേയും ഏറ്റവും
സമുന്നതയായ തലയാലംകൂടി അവർ
തന്നെ — പാർലിമെൻറ് വിളിച്ചുകൂ
ട്ടേണ്ടതും പിരിച്ചുവിടേണ്ടതും ഇന്ന
രാണിയാണ്; മന്ത്രിമാർ ഉദ്യോഗം വ
ഹിക്കുന്നതുകൂടി അവരുടെ ഇഷ്ടാനു
സ്വതമാണ്.

താത്വികമായി ഇപ്രകാരമൊക്കെ
യാണെങ്കിലും പ്രായോഗികവശത്തെ
യ്ക്കുനോക്കുമ്പോൾ നാം ഇതിൽനി
ന്നും അത്യന്തം വ്യത്യസ്തപ്പെട്ട ഒരു
വസ്തുതയിൽ പൂജ്യത്തിന്റെ ബാഹ്യസീ
മയെ സ്പർശിക്കുന്നതരത്തിലുള്ള
ണ്ട്. ഭരണനിർവ്വഹണപരമായ അ
വരുടെ യാതൊരധികാരവും, ഒരു
മന്ത്രിയുടെ കയ്യൊപ്പില്ലെങ്കിൽ വില
പ്പോവുകയില്ല. പാർലിമെൻറ് പാ
സ്സാക്കിയ ഒരു നിയമത്തിന് അനുമ
തി നിഷേധിക്കുവാൻ കുറെ നടപ്പും
ജനാധിപത്യപാരമ്പര്യവും അവരെ
അനുവദിക്കുന്നില്ല. നിതിന്യായകാ
ര്യത്തിലാണെങ്കിൽ യാതൊരുവിധ
അധികാരവും കൈകടത്തുവാനും അവർ
ക്കധികാരമില്ല. ഭരണാധികാരമുപയോ
ഗിക്കുന്നതുകൂടി ആദ്യന്തരകാര്യമന്ത്രി
യുടെ ഉപദേശപ്രകാരമേ നിവർത്തി
യുള്ളൂ. അങ്ങനെയെല്ലാറ്റിനും ഉത്തര
വാദിത്വം മന്ത്രിമാർക്കാണ്. രാജാവാ
ലും റാണിയായാലും എല്ലപ്പൊതുക്കാ
ര്യങ്ങളിലും മന്ത്രിമാരുടെ ഉപദേശപ്ര
കാരം പ്രവർത്തിക്കുവാനെ നിവൃത്തി
യുള്ളൂ. അല്ല, പൊതുജീവിതവുമായി
ബന്ധപ്പെട്ട സകാര്യസംഗതികളി
ലൊക്കെ ഏഡ്വേർഡ് ഏഴാമൻ താ
ൻ സ്നേഹിച്ച മന്ത്രിയുമായുള്ള വി
വാഹത്തിന് പ്രതികൂലമായ ഉപദേ
ശം മന്ത്രിമാർ നൽകിയപ്പോൾ സ്വാ
തന്ത്ര്യംചെയ്തിട്ടില്ല? പുരുഷത്തിൽ
വിൻസ്റ്റർ ചേർച്ചിൽ പ്രസ്താവിച്ച
പോലെ, പാർലമെൻറിന്റെ ഇര
മണ്ഡലങ്ങളും ഒരുകക്ഷിയുടെ ത
ന്റെ മരണവാറണ്ട് തയ്യാറാക്കി അ
യയ്ക്കുകയാണെങ്കിൽ രാജാവിന് അ
തുകൂടി ഒപ്പിടേണ്ടതായിവരും. അ
ങ്ങനെ സർ ഫ്രെൻറി മെയിൻ, ഇം
ഗ്ലീഷ് രാജാവു് (അഥവാ റാണി) ഇ
പ്പോൾ "ഭരിക്കുകയല്ല, വാഴുകയാ
ണ്" ചെയ്യുന്നു, എന്നഭിപ്രായ
പ്പെട്ടിട്ടുള്ളതു തികച്ചും യാഥാർത്ഥ
ണ്. അദ്ദേഹത്തിന്റെ കൃത്യം ഉപ
ദേശിക്കലും, പ്രോത്സാഹിപ്പിക്കലും മു
ന്നറിയിപ്പുനൽകലുമാണ്. എന്നാൽ
ഈവഴിക്ക് രാജ്ഞിക്ക് ശാശ്വതമായ
സ്വാധീനശക്തി ചെലുത്തുവാൻ സാ
ധിക്കുമെന്നുള്ളകാര്യം വിസ്മരിക്കുകയ
രുത്. അതു വ്യക്തിപരമായ പ്രാപ്തി
യ്ക്കനുസരിച്ചിരിക്കും. വിക്ടോറിയാ
രാജ്ഞിയും, എഡ്വേർഡ് ഏഴാമ
നും വിദേശനയത്തിൽ വഹിച്ച സ്വാ
ധീനശക്തി പ്രയോഗിക്കുകയുണ്ടായി
ട്ടുണ്ട്. എല്ലാകാര്യങ്ങളും രാജ്ഞിയു
ടെയും അഥവാ രാജ്ഞിയേയോ
അറിയിക്കുവാനുള്ള ബാധ്യത മന്ത്രി
സഭയ്ക്കുണ്ട്. എന്നുമാത്രമല്ല, അ
ങ്ങിനെ അറിയിച്ച് കൂടിയാലോചന
നടത്തുന്ന മന്ത്രിസഭ ഒരു നയപ്ര
ഖ്യാപനവും ചെയ്യുന്നതുമല്ല; ഒരു നി
യമനിർമ്മാണവും നടത്തുന്നതുമല്ല.
അപ്രകാരം വേണ്ടത്തു മാറാങ്ങളും
അഭിപ്രായപ്പെടാനും, ആവശ്യമുള്ള
ഘട്ടങ്ങളിൽ പ്രോത്സാഹനംനൽക
വാനും, വഴിപിഴയ്ക്കുന്നേടത്തു മുൽക്ക
ടി തടക്കിയുന്നൽകുവാനും റാണിക്ക്
സാധിക്കുന്നതാണ്. പക്ഷേ ഒന്നി
ലും കൈകടത്താതിരിക്കുന്നതിലാണ്
ഉത്തരവാദിത്വമില്ലായ്കയാൽ രാ
ജാവിനെ ഒന്നിനും കുറ്റപ്പെടുത്തു
വാൻ നിവൃത്തിയില്ല വാസ്തവത്തിൽ
ഇംഗ്ലീഷുകാർ പറയുന്നതുപോലെ,
"രാജാവിനു കുറ്റംചെയ്യുകസംഭവമ
ല്ല." ഒരു ന്യായാധിപതിക്കും അ
ദ്ദേഹത്തെ വിസ്തരിക്കുവാനോ ശി
ക്ഷിക്കുവാനോ അധികാരവുമില്ല.

കോമൺവെൽത്തിന്റെ
തങ്കക്കണ്ണി

മേല്പറഞ്ഞ കാരണങ്ങളാൽ ഇംഗ്ല
ണ്ടിൽ കാലംകഴിയുന്തോറും രാജ
സ്ഥാനത്തിന്റെ അന്തസ്സ് വർദ്ധിച്ചു
കൊണ്ടാണ് വന്നിട്ടുള്ളതു്; ജനങ്ങ
ളുടെ കിരീടത്തോടുള്ള കൂറ് കൂടിക്കൂ
ടിവരികയാണ് ചെയ്തിട്ടുള്ളതു്. ബ്രി
ട്ടനിലെമാത്രമല്ല, ലോകത്തിലെവിടെ
യുമുള്ള ബ്രിട്ടീഷ് ജനത രാജാവിനെ
തങ്ങളുടെ വംശത്തലവൻ എന്നനി
ലയിൽ മാനിക്കുകയും സ്നേഹിക്കുക
യുംചെയ്യുന്നു. രാജകുടുംബം ഡൊ
മിനിയനുകളും സന്ദർശിക്കുമ്പോൾ എ
ത്ര കേന്ദ്രഭരണങ്ങളുടെയും ആഹ്ലാദ
പ്രകടനങ്ങളോടുകൂടിയുള്ള സ്വീക
രണമാണവയ്ക്കുലഭിക്കുന്നതു്. രാജാ
വിന് അല്പം ദേശസഞ്ചാരവും സം
ഭവിക്കുമ്പോഴേക്കും അതു ഉൽക്കണ്ഠാ
കുലമായ അന്വേഷണങ്ങളോടെ ക
ത്തിയില്ലാക്കുമ്പിമുഖന്തിരം ബക്കിം
ഹാം കൊട്ടാരത്തിലെത്തുന്നതു്!
ന്യാറാണ്ടുകാലങ്ങളിലെ പാരമ്പര്യ
ബന്ധത്തിന്റെ പ്രതീകമായിട്ടാണ്
അവർ രാജസത്രുപത്തെ വീക്ഷി
ക്കുന്നതു്. ബ്രിട്ടീഷുകാർ കുടിയേറി
പ്പാർത്ത പ്രദേശങ്ങളും ബ്രിട്ടന്റെ പു
ത്രികാരാജ്യങ്ങളായി, ചിരകാലം
ബ്രിട്ടീഷ് സിംഹാസനത്തിന്റെ പരി
രക്ഷയിൻകീഴിൽ വർത്തിച്ചുശേഷം,
സ്വയംഭരണരാജ്യങ്ങളായി (ഡൊമിനിയ
നുകളായി വളർന്നപ്പോൾ, മാതൃരാ
ജ്യമായ ബ്രിട്ടനുമായുള്ള പൂർവ്വകാല
രക്തബന്ധം നിലനിർത്തണമെന്ന
സ്വാഭാവികമായ അഭിവാഞ്ഛനിമി
ത്തം, ബ്രിട്ടീഷ് ചക്രവർത്തിയെ തങ്ങ
ളുടെ ക്രമത്തിയായും കരുതിപ്പോ
രുന്നതിൽ അവയ്ക്കു് സന്തോഷമേ
ഉണ്ടായിരുന്നുള്ളൂ. രാജബന്ധം അ
ല്പമെങ്കിലും അയഞ്ഞുപോകുന്നു
ണ്ടെങ്കിൽ അതു ഡൊമിനിയനുകളു
ടെ പക്ഷത്തിലും കുറവാണ്. രാജ
ബന്ധത്തെ അനാദരിക്കുവാനുള്ള ഒ
രു പ്രവണത ചിലപ്പോഴൊക്കെ കേൾക്കു
ന്ന ദക്ഷിണാഫ്രിക്കയിൽ ബ്രിട്ടീഷു
കാർ ജനസംഖ്യയുടെ 40 ശതമാനം
മാത്രമേ വരുന്നുള്ളൂ. രാജബന്ധത്തെ
വേരുറ്റ ഐറ്റെയ്യ് ബ്രിട്ടനുമായി
രുന്നു". ന്യാറാണ്ടുകളായുള്ള വൈദേ
ശികമേധാവിത്വത്തിന്റെ അസുഖക
രമായ അവശിഷ്ടമായിരുന്ന അവർ
ടെഷ്ടിയിൽ ആ രാജബന്ധം — ബ
ന്ധമായ അങ്ങിനെയൊരു ശസ്ത്രക്രിയ
നടത്തി വേർപെടു. എന്നാൽ ഇന്ത്യ
ഭരണഘടനാപരമായ ബന്ധം വേ
ണ്ടെന്നുവെച്ചെങ്കിലും, അന്താരാഷ്ട്ര
യസ്ഥിതിയെ പരിഗണിച്ചും വ്യാപാ
രബന്ധത്തേയും മറ്റുമോർത്തും ബ്രിട്ടീ
ഷ് കാമൺവെൽത്തുമായുള്ള ബന്ധം
ഒരു സ്വതന്ത്രരാഷ്ട്രമെന്ന സ്ഥിതിയിൽ
തുല്യനിലയിൽ തുടർന്നുപോകുവാ
നും, തദനുസരണമായി പ്രസ്തുത ബ
ന്ധത്തിന്റെ ഒരു പ്രത്യക്ഷചിഹ്നമെന്നവണ്ണം ബ്രിട്ടീഷ് രാജസത്രു
പത്തെ അംഗീകരിക്കുവാനും തീരു
മാനിച്ചു. അങ്ങിനെ ബ്രിട്ടീഷ് റാണി
ഇന്ത്യയെ സംബന്ധിച്ചേടത്തോളം
കാമൺവെൽത്തു് സംഘടനയുടെ
അദ്ധ്യക്ഷമാത്രമാണ്. പാകിസ്ഥാ
നും, സിലോണും, ബ്രിട്ടീഷും ഡൊ
മിനിയനുകളെപ്പോലെ, ഇന്നും ദേ
ശീയഭരണപരമായിത്തന്നെ രാജബ
ന്ധം പുലർത്തിപ്പോരുന്നു. അങ്ങിനെ
വംശീയമായി ഐകരൂപ്യമില്ലാ
ത്ത, പാശ്ചാത്യപൗരസ്ത്യരാഷ്ട്രങ്ങളെ
ത്തിയ വിസ്തൃതമായ കോമൺവെ
ൽത്തിനെ കൂട്ടിയിണക്കി ഒറ്റക്കെ
ട്ടിൽ നിർത്തുന്ന ഒരു തങ്കക്കണ്ണിയാ
ണ് ഇന്നത്തെ ബ്രിട്ടീഷ് രാജസ
ത്രുപം. 1931-ലെ വെസ്റ്റ്മിനി
സ്റ്റർ നിയമപ്രകാരം ഡൊമിനിയനു
കളും ബ്രിട്ടീഷ് രാജാവിനോടു പൊ
തുവായുള്ള കൂറിനാൽ ബന്ധിക്കപ്പെ
ട്ടവയായിരുന്നു. 1949-ലെ പ്രധാ
നമന്ത്രിമാരുടെ പ്രഖ്യാപനപ്രകാരമു
ള്ള കോമൺവെൽത്തു് അതിലെ
അംഗങ്ങൾ തമ്മിലുള്ള 'സ്വതന്ത്രമാ
യ വേഴ്ചയുടെ പ്രതിരൂപമായും, ത
ദ്വാരാ കോമൺവെൽത്തിന്റെ തല
വനായും" രാജാവിനെ അംഗീകരി
ക്കുന്ന ഒരു സ്വംഘടനയായിമാറി.
രാജസത്രുപം കേന്ദ്രാധികാരപ്രയോ
ഗത്തിനുള്ള ഒരു സ്ഥാപനമെന്നതി
നുപകരം സമനിലയിലുള്ള സംഘ
ചേർത്തിന്റെ ചിഹ്നമായിത്തീർന്നു.
അങ്ങിനെ കോമൺവെൽത്തുമായി
കേവലം ഔപചാരികബന്ധം നില
നിർത്തുന്ന ഇന്ത്യയെപ്പോലുള്ള രാഷ്ട്ര
ങ്ങളും കോമൺവെൽത്തിനെ പുറമെ
യുള്ള രാജ്യങ്ങളുംകൂടി ബ്രിട്ടീഷ്
കിരീടത്തിനുള്ള അതുല്യമായ പ്രാ
ധാന്യത്തെ അംഗീകരിക്കുന്നുണ്ട്.
കാന്റർബറി ആർച്ച്ബിഷപ്പ് ഡോ:
ജോഫ്രെ ഫിഷർ കിരീടധാരണത്തി
നു രണ്ടുദിവസംമുമ്പു് പള്ളിയിൽവ
ച്ചു ചെയ്ത പ്രസംഗത്തിൽ ബ്രിട്ടീഷ്
രാജത്തിയുടെ ഇന്നത്തെ നില വ്യ
കതമാക്കിയിരിക്കുന്നു. അദ്ദേഹം പറ
ഞ്ഞു: "അവർ ജനതയ്ക്കും കോമൺ
വെൽത്തിനും അവരുടെ പ്രജാസ
ഖ്യത്തിന്റെ സഭാവത്തിന്റെയും ഐക്യത്തിന്റെയും സർവ്വത്തേക

അപഭ്രംശസാഹിത്യത്തിലെ നാരിയുടെ പൗരുഷം



വള്ളംകുളം കെ. ജി. കെ. നായർ ബി. ഏ.

പന്ത്രണ്ടാംശതകത്തിൽ ഹേമചന്ദ്രനാൽ നിർമ്മിതമായ വ്യാകരണാനുസരിയായ അപഭ്രംശഭാഷ ഉത്തരഭാരതത്തിൽ പ്രചരിച്ചിരുന്നെന്ന ഗവേഷണപട്ടികയും സമർത്ഥിച്ചു കഴിഞ്ഞിരിക്കുന്നു. (അധുനികഹിന്ദിഅപഭ്രംശത്തിന്റെ സംസ്കരിച്ച പതിപ്പാണെന്നുകൂടി ചില പണ്ഡിതന്മാർ കരുതുന്നുണ്ട്.) ഇതരഭാരതീയഭാഷകളിലെപ്പോലെ ഭക്തിയും നീതിയും അതിലും ഉന്നതസ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. അപഭ്രംശസാഹിത്യത്തിലും വാളിന്റെ തിളക്കത്തിനും മത്തവാരണങ്ങളുടെ സമരത്തിനും പ്രാധാന്യം കല്പിച്ചിട്ടുണ്ട്. പടക്കളത്തിൽ മന്ദഹാസപൂർവ്വം ശത്രുനിരയെ അരിഞ്ഞുതള്ളുന്ന പുരുഷന്മാരെ ഇതരസാഹിത്യത്തിലെന്നപോലെ അവിടെയും ധാരാളമായി ദർശിക്കുവാൻ കഴിയും. എന്നാൽ നാരിയുടെ പൗരുഷത്തെ ഇത്രയേറെ ഹൃദയസ്പർശകമായി മറ്റൊരു ചിത്രീകരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. കൺമുനകൊണ്ടു കടുകുവറുക്കുന്ന പെൺമണികളുടെ ചർച്ചയും ഏതുഭാഷയിലും, ഏതു സാഹിത്യത്തിലും സുലഭംതന്നെ. പക്ഷേ ശത്രുവിനോടു പടവെട്ടി വീരസ്വർഗ്ഗം പ്രാപിക്കുന്ന പതിയുടെ വീരോത്സാഹത്തിൽ അഭിമാനവിജൃംഭിതകളാകുന്ന തരുണികളെ അപഭ്രംശസാഹിത്യമാത്രം നിർല്ലോഭം കാട്ടിയിരിക്കുന്നു. വീരം, ശൃംഗാരം എന്നീ രസങ്ങളിൽ നാരിയുടെ അനുപമമായ സൗന്ദര്യത്തെ ആസ്വദിക്കുവാൻ അപഭ്രംശകവികളിലെപ്പോലെ അവസരം മറ്റൊരുടത്തും ലഭിക്കുന്നില്ലെന്നതിനെ പറയാം.

ജഗദംബയോടു് ഒരു കന്യകയുടെ പ്രാർത്ഥനതന്നെ കേൾക്കുക.

"ആയഹിം ജമ്മഹി അന്നഹി വി-
ഗോരി സുദിജ്ജഹി കന്തു
ഗയമത്തഹം ചിത്തം കുസഹം ജോ
അബ്ബിഡള ഹസന്തു"

ഹേ ഗൗരീ! ഈ ജന്മത്തും അടുത്ത ജന്മത്തും അങ്കുശമില്ലാത്ത മദയാനയോടു് ചിരിച്ചുകൊണ്ടു് പൊരുതുന്ന കാന്തനെ നൽകണേ!

ഒരു സ്ത്രീ തന്റെ സഖിയോടു് അഭിമാനപുരസ്സരം പറയുകയാണു്:—

"ഹേ സഖി! എന്റെ കാന്തൻ അനേകം യുദ്ധങ്ങളിൽ അങ്കുശമില്ലാത്ത മത്തഗജങ്ങളുടെ മസ്തകം പിളർക്കുന്നവനായി അറിയപ്പെട്ടവനാണു്. അസ്ത്രം അസ്ത്രത്തെയും വാളും വാളിനെയും തുണ്ടംതുണ്ടമാക്കുന്ന പടക്കളത്തിൽ അദ്ദേഹം സ്വപക്ഷത്തിനു് മാത്രംതെളിച്ചുകൊടുക്കുന്നു." ദൂരെ നിന്നു സമരരംഗം വീക്ഷിക്കുന്ന അവൾ തുടരുന്നു.

"ജള ഭഗ്ഗോ പാരക്കഡാ
തോ സഖി മത്സു പിയേണ
അഹ ഭഗ്ഗോ അമ്മഹം
തണാ തോ തേ മരി അഡോണ"

മറേറാസേന നശിച്ചെങ്കിൽ ഹേ സഖി! എന്റെ പ്രിയൻ നിമിത്തമാണു്. നമ്മുടെ പട നശിച്ചെങ്കിൽ അദ്ദേഹത്തിന്റെ മരണംനിമിത്തവും. വീരസ്വർഗ്ഗനായ സ്വഭർത്താവിനെ ഓർത്തു് അവൾ അങ്ങനെ അഭിമാനംകൊള്ളുന്നു. പോർക്കളത്തിൽവച്ചു മരിക്കുന്ന കാന്തനെ സ്മരിച്ചുകൊണ്ടു് അശ്രുവാർക്കുവാൻ അവൾക്കറിഞ്ഞുകൂടാ.

"പാളേ വിലഗ്ഗീ അന്തഡാം സിര
ല്ലഹസിളം ഖന്ധസ്സ
തോ വി കടാരത്ഥ ഹത്ഥഡള
ബലിക്കിജ്ജളം കന്തസ്സു"

കൂടെ കൂടെത്തന്നെ കിടക്കുന്നു. തലതോളുള്ളും. എങ്കിലും കൈയ്യ് കാരിയിൽതന്നെ. അങ്ങിനെയുള്ള കാന്തനുവേണ്ടി ഞാൻ ബലിയാകുന്നു.

ഉള്ളും ഉള്ളആ ജ്ജ മ്മരിഅ ബഹിണി
മഹാര കന്തു
ലജ്ജേജ്ജന്തു വയംസിയഹു ജള
ഭഗ്ഗോ വ്വ ഏന്തു"

എന്റെ കാന്തൻ മരിച്ചതു നന്നായി. ഓടി വീട്ടിലെത്തിയിരുന്നെങ്കിൽ സഖികളുടെമുമ്പിൽ ഞാൻ നാണംകെടുവാൻ ആകുമായിരുന്നു.

അവൾ സ്വഭർത്താവിനെ സിംഹത്തേക്കാളും വലിയ പരാക്രമിയായി കാണുന്നു. എന്തെന്നാൽ സിംഹം സഹായമറ്റ ശത്രുവിന്റെ മസ്തകം തകർക്കുമ്പോൾ സേനയാൽ സുരക്ഷിതമായ കരിവീരന്മാരുടെ കുംഭസ്ഥലത്തെയാണ് അവളുടെ പ്രിയൻ ഛിന്നഭിന്നമാക്കിത്തീർക്കുന്നതു്.

യുദ്ധവീരനായ പ്രിയന്റെ രണ്ടു ദൃഷ്ടാന്തങ്ങൾകൂടി കേൾക്കുക.

"മല്ല കന്തഹോ ബേ ഭോസഡാ
ഹേല്ലി മത്ഥംവഹി ആഉ
ഭേന്തഹോ ഹഉം പര അവ്വരിഅ
ള്ളുത്ഥന്തഹോ കരവാല."

ഹേ സഖി! ഒളിച്ചുവയ്ക്കുണ്ട്. എന്റെ കാന്തനു രണ്ടുഭോക്ഷമുണ്ട്. ദാനംചെയ്യുമ്പോൾ ഞാൻമാത്രം ശേഷിക്കുന്നു. യുദ്ധംചെയ്യുമ്പോൾ വാളും. ദാനവീരനും യുദ്ധവീരനുമായ കാന്തനെ അവൾ അങ്ങനെ അകമഴിഞ്ഞു പ്രശംസിക്കുന്നു. സമരരംഗത്തിൽ പോയി സ്വഭർത്താവുമൊത്തു പൊരുതുവാനും അവൾക്കു മടിയില്ല. വാസ്തവത്തിൽ യുദ്ധമെന്നെ ജീവിക്കുക ആ ഭർത്തൃകർമ്മം അവൾക്കും തന്നെയാണു്.

പ്രേമവേദിയിലും അവൾ പ്രകൃശപൂർണ്ണയാണു്. ശൃംഗാരനൈരീതിയിലാണു് അവളുടെ കേളികൾ. "ചട്ടലമിഴികളും ചാട്ടുകുതികളും" അവിടെ നാണ്യംതന്നെ. പ്രിയനെ പ്രാപിച്ചാൽ കൃതകക്രീഡനടത്തി ആനന്ദനൃത്തശാലയാകുവാൻ ആവേശം കൊള്ളുന്ന അവൾ പുതിയ മൺകൂട്ടത്തിലെ ജലംപോലെ അദ്ദേഹത്തിന്റെ സർവ്വാംഗങ്ങളിലും പ്രവേശിക്കുവാൻ തീരുമാനിക്കുന്നു.

ജള കേവള പാവിസു പിഉ
അകിയം കുഡ്ഡു കരീസു
പാണിഉ ണ്വള സരയി ജിവം
സബ്ബംഗം പള്ളസീസു'

പക്ഷേ ദർശനവേളയിൽ അവളുടെ സ്ഥിതി എന്താണു്?

അംഗഹിം അംഗു നഹലിഉ ഹലി
അഹരേം അഹരു നപത്തു
ഹഅ ജോ അന്തിഹോ മുഹകമലു
ഏംവള സുരഉ സമത്തു'

അൽപ്പമൊന്നു മാറിനിന്നു. മുഖകമലം നോക്കിനോക്കി സുരതസമാപ്തിവന്നു. വിരഹാകുലയായ നായിക കൃശാംഗിയായിത്തീർന്നു. മെലിഞ്ഞ കൈകളിൽനിന്നും വളകളും താഴെവീണുപോകാതിരിക്കുവാൻ ഊരിപ്പിടിച്ചുകൊണ്ടിരിക്കുന്ന അവൾ പൊടുന്നനവെ സഖാക്കളെ കണ്ടെന്നു. അടുത്ത നിമിഷത്തിൽ ആനന്ദാതിരേകത്താൽ പുഷ്ടാംഗിയായിത്തീർന്ന അവളുടെ കൈകളിലെ വളകളും പൊട്ടിത്തകർന്നു.

വിരഹവേളയിൽ അവളുടെ ദേഹം അത്യന്തം ദയനീയമാണു്. വിരഹാരംഭംമുതൽ ദിവസങ്ങളും എണ്ണിഎണ്ണിക്കഴിഞ്ഞുകൂടിയ അവളുടെ നഖങ്ങൾ തേഞ്ഞുമാഞ്ഞുകഴിഞ്ഞു. പ്രിയന്റെ സന്ദേശം അയയ്ക്കുവാനും അവർക്കു ലജ്ജയാണു്. കാരണം അദ്ദേഹത്തെ പിരിഞ്ഞു ജീവിക്കുവാൻ അവർക്കു കഴിവില്ലെന്നു പറഞ്ഞിരുന്നു. കടുഭാരം ദുർവ്വഹമാകയാൽ സ്വന്തം വളയത്തോടു പൊട്ടിത്തകരുവാൻ അവർ അപേക്ഷിക്കുന്നു. വിയോഗവ്യഥാപീഡിതയായ അവളുടെ ശരീരത്തു ദുഷ്കൃശം അവർ പ്രത്യക്ഷപ്പെടുന്നു.

ധൈര്യത്തിനും പ്രേമത്തിനും പ്രാമുഖ്യം നൽകിയിട്ടുണ്ടെങ്കിലും സ്ത്രീയുടെ ഇതരസ്വഭാവങ്ങളെയും അപഭ്രംശകാവ്യകാരന്മാർ പരാമർശിച്ചിട്ടുണ്ട്. മാതാവെന്നനിലയിൽ അവർക്കുള്ള മഹത്വം അദ്വിതീയമാണു്.

പ്യാസു മഹാരിസി ഏഉ ഭണഇ ജള
സുഇസത്ഥം പമാണ
മയഹം ചലണ നവംതഹം
ദിവിദിവി ഗംഗാ ണ്ഹാണ."

ശ്രുതിയും ശാസ്ത്രവും പ്രമാണമാണെങ്കിൽ മാതൃചരണങ്ങളിൽ നമിക്കുന്നവർ ദിനേദിനേ ഗംഗാസ്നാനം ചെയ്യുന്നെന്നു വ്യാസമഹർഷി പറയുന്നു. അമ്മ എന്നനിലയ്ക്കു് അഭിവന്ദ്യയായ സ്ത്രീയുടെ ചഞ്ചലസ്വഭാവത്തെയും അവർ യഥാവസരം സൂചിപ്പിച്ചിട്ടുണ്ട്.


"സഉ ചിത്തഹം സട്ടീ മണഹം
ബത്തീസഡാ ഹിയാഹം
അമ്മീ തേ നര ഡസ് ഡസീ ജേ
വീസസഹം നിയംഹ.'

ന്യൂനചിത്തവും അരുപത്തുമനസ്സും മുപ്പത്തിരണ്ടുഹൃദയവുമുള്ള സ്ത്രീയെ വിശ്വസിക്കുന്നവൻ മഹാമൂഢനാണു്.

ഇങ്ങിനെ സ്ത്രീയുടെ വിവിധരൂപത്തിലുള്ള യഥാർത്ഥചിത്രീകരണം അപഭ്രംശകാവ്യകൃത്തുക്കളും സമഗ്രമായും സാധിച്ചിട്ടുണ്ട്. പുരുഷനുള്ള സ്ത്രീകളെ സൃഷ്ടിക്കുവാൻ മാറാരൊക്കാളുമധികം അവർക്ക് കഴിഞ്ഞിട്ടുണ്ടെന്നും അതിശയോക്തിസ്പർശമെന്യേ പറയാം.



എവറസ്റ്റ് ആരോഹണ ശ്രമങ്ങൾ



ഹിമാലയൻ ശൃംഗങ്ങളുടെ ഭൂപടം നിർമ്മിക്കുന്നതിനു 1841-ൽ നിയുക്തനായ സർവേ പാർട്ടി നേതാവു് സർ ജോർജ്ജു് എവറസ്റ്റു് — 29002 അടി ഉയരമാണു് അദ്ദേഹത്തിന്റെ നാമത്തിൽ അറിയപ്പെടുന്ന ശൃംഗത്തിനു ഇതെന്നു അന്നു കണക്കാക്കപ്പെട്ടു.

ലോകത്തിലെ ഏറ്റവും ഉത്തുംഗ ശൃംഗമായ 29002 അടി ഉയരമുള്ള എവറസ്റ്റു് കൊടുമുടി കണ്ടുൽ ജോൺഹണ്ടിന്റെ നേതൃത്വത്തിലുള്ള ഒരു ബ്രിട്ടീഷുസംഘം വിജയകരമായി ആരോഹണം ചെയ്തതു 30 സംവത്സരമായുള്ള മനുഷ്യപ്രയത്നത്തിനുശേഷമാണു്. ഹില്ലറിയും ഷെർപ്പാ ടെൻസിംഗും മേയ് 29-നു കൊടുമുടിയുടെ അഗ്രഭാഗത്തു കാൽ കുത്തി.

എവറസ്റ്റു് ശൃംഗാരോഹണോദ്യമങ്ങളിൽ ബ്രിട്ടനാണു് പ്രധാനപങ്കു് വഹിച്ചിട്ടുള്ളതു്. ഒൻപതു ഉദ്യമങ്ങളിൽ ഏഴും ബ്രിട്ടനിൽനിന്നായിരുന്നു. രംഗനിരീക്ഷണശ്രമങ്ങളും ഇവകൂടാതെ മറ്റു പലതുണ്ടായിരുന്നു.

1951 വരെ എവറസ്റ്റിലെത്തുന്നതിനു അവലംബിച്ചുവന്ന മാർഗ്ഗം ഇൻഡ്യയിൽനിന്നു ഹിമാലയൻ ഇടുക്കുകൾവഴി ടിബറ്റിലെ ഉന്നതതലത്തിലേയ്ക്കും, അവിടെനിന്നു കിഴക്കെ റോങ്ങ്ബുക്കു് ഗ്ലേസിയർ (East Rongbuk Glacier)വഴി എവറസ്റ്റിന്റെ വടക്കേ ചരിവുകളിലേക്കുമായിരുന്നു.

മലോറിയും ഇർവിനും

വിദൂരസ്ഥിതമായ ശൃംഗത്തിലെത്തുന്നതിനു തുടച്ചയായി നടന്നുവന്ന ശ്രമങ്ങളിൽ നിരവധി ആരോഹണക്കാർ പങ്കെടുക്കുകയുണ്ടായിട്ടുണ്ടെങ്കിലും, 27000 അടി ഉയരത്തിനുമേലുള്ള അത്യന്തം ക്ലേശകരമായ "അന്ത്യ"ഭാഗത്തു (Last lap) എത്തുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെട്ട എട്ടു പേർ പർവ്വതാരോഹണചരിത്രത്തിൽ വിശ്രുതിയെ ആർജ്ജിക്കുകയുണ്ടായി. 1921-ൽ ഒന്നാമത്തെ ആരോഹണശ്രമത്തിൽ ഏർപ്പെട്ടിരുന്ന ജോർജ്ജു് ലീ മലോറി (George Leigh Mallory) 1922-ലും 1924-ലും വീണ്ടും പ്രസ്തുത ആരോഹണോദ്യമത്തിൽ ഏർപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ ശോകപര്യവസായിയായ മൂന്നാമത്തെ ഉദ്യമത്തിലെ പങ്കുകാരൻ എ.സി. ഇർവിൻ (A.C. Irvine) ആയിരുന്നു. അവസാനമായി മനുഷ്യദൃഷ്ടികൾക്കു അവരെ കാണായതു ഉദ്ദേശം 28230 അടി ഉയരത്തിൽ മൂടൽ മഞ്ഞിലേയ്ക്കു കയറുന്നതായാണു്. അവർ മടങ്ങിവന്നില്ല. ആരോഹണശ്രമത്തിലോ, മടങ്ങിയിറങ്ങുമ്പോഴോ അവർ അന്തരിച്ചതെന്നു അറിവായിട്ടില്ല. മഞ്ഞുവെട്ടുന്ന ഒരു മഴുമാത്രം കാണപ്പെട്ടു.

1924 ജൂൺ 6-നു യാത്രയായിരുന്ന ദൂരന്തത്തിലേയ്ക്കു നയിച്ച പ്രസ്തുതയാത്ര. അതിനു രണ്ടാഴ്ചമുമ്പു് കണ്ടുൽ ഇ. എഫ്. നോർട്ടൺ (Col. E. F. Norton) 28000 അടിവരെ എത്തുകയുണ്ടായി. കൂട്ടുകാരനായ ഡാ: ടി. എച്ചു്. സോമർവെല്ലിനു (Dr. T. H. Somervell) പുരോഗമിക്കുക അസാദ്ധ്യമായിത്തീർന്നതിനാൽ അദ്ദേഹത്തിനെ പിന്നിൽവിട്ടശേഷമാണു് നോർട്ടന്റെ ആരോഹണം. നോർട്ടനും അതിനപ്പുറം കടക്കുക അശക്യമായി. കോച്ചിപ്പിടിക്കുന്ന ശൈത്യം ശരീരത്തെ സ്തംഭിപ്പിക്കുന്നതായിരുന്നു. 1924-ലെ മൂന്നാമത്തെ ഉദ്യമവും പരാജയമടഞ്ഞു. ഏഴു പോർട്ടർമാരെ ഒരു ഹിമപാതം യമപുരിക്കയച്ചു.

ഹാരിസ്സും ലെഗറും ഷിപ്ടണും

നോർത്ത് കോൾ (North Col.) എന്നു വിളിക്കപ്പെടുന്ന വടക്കുഭാഗത്തെ കിഴക്കും തുക്കായ ചരുവിലെ ഭയങ്കരമായ ശൈത്യത്തെ അവഗണിച്ചു 1933-ൽ വീണ്ടും രണ്ടുജോടി ആരോഹകന്മാർ ശൃംഗാരോഹണത്തിനുദ്യമം നടത്തി. ഗാംബിയായിൽ ഇപ്പോൾ ഗവർണർ ആയിരിക്കുന്ന വിൻഹാരിസ്സു് (Wyn Harris, Governor of Gambira) ലാൻസു് ലെഗർ (Lawrence Leger) എന്നിവരായിരുന്നു ഈ മഹാരഥന്മാർ. 27400 അടി ഉയരംവരെ അവർ എത്തി. 1924-ൽ ഉപേക്ഷിക്കപ്പെട്ട മഴു അവർ അവിടെക്കണ്ടു. രണ്ടുദിവസം കഴിഞ്ഞു ഫ്രാങ്കു സ്മിത്തും എറിക്കു് ഷിപ്ടണും (Frank Smythe and Eric Shipton) മറ്റൊരു ശ്രമം നടത്തി. കൂട്ടുതൽ പുരോഗമനം അവക്കും സാദ്ധ്യമായില്ല.


1936-ലെ റട്ട്ലഡ്ജു് ഉദ്യമം (Ruttledge) പ്രതികൂലകാലാവസ്ഥയാൽ പരാജിതമായി. എവറസ്റ്റു് അജയ്യമായി നിലകൊണ്ടു.

എറിക്കു് ഷിപ്ടൺ — പുതിയ പന്ഥാവു്

താൻ പ്രാപിച്ച അത്യുന്നതമായ സ്ഥാനത്തുനിന്നു എറിക്കു് ഷിപ്ടൺ എവറസ്റ്റിന്റെ ദക്ഷിണഭാഗത്തു കണ്ടകാഴ്ച അദ്ദേഹത്തിനു ഒരു പുതിയ ആശയം നൽകി. 1951-ൽ നേപ്പാളിൽനിന്നു അദ്ദേഹം ഒരു രംഗനിരീക്ഷണയാത്രനയിച്ചു.

അദ്ദേഹത്തിന്റെ സംശയം ഭീതിജനകമായ പശ്ചിമ സി. ഡബ്ലിയു. എം. (Western C w m) എന്നറിയപ്പെടുന്ന തടം, ശൃംഗപരിരക്ഷണസംവിധാനത്തിന്റെ താക്കോൽ നൽകുകയില്ലേ എന്നായിരുന്നു.

20000 അടിക്കുമേൽ ഉയരമുള്ള ഭീമാകാരമായ ശൃംഗങ്ങളാൽ ആവൃതമായ പ്രസ്തുത ഗിരിതടത്തിലേക്കു മറിയുന്ന ലോട്ട്സെ ഗ്ലേസിയർ (Lhotse Glacier) എന്ന ഹിമതടത്തിലെ മഞ്ഞുകട്ടികളും ഒരു പ്രതിബന്ധമായി പര്യവസാനിച്ചെങ്കിലും ഷിപ്ടന്റെ നിരീക്ഷണം വിലയേറിയ വസ്തുതകളും വെളിപ്പെടുത്തുന്നതിനു സഹായകമായി. ഈ പന്ഥാവിൽക്കൂടി പിന്നിട്ട രണ്ടു സ്വിസ്സ് സംഘക്കാർ



എവറസ്റ്റ് ശൃംഗാരോഹണം നിർവ്വഹിച്ച ബ്രിട്ടീഷ് സംഘത്തിന്റെ നേതാവു് കേണൽ ജോൺഹണ്ടു്.

പടിഞ്ഞാറെ സി. ഡബ്ലിയും എം. പ്രാപിച്ചു, എവറസ്റ്റിന്റെ ദക്ഷിണമുഖത്തുകൂടി ആരോഹണശ്രമം നടത്തി.

1952 മേയ് 28-നു ഒരു അൽപ്പൈൻസൈഡ് അയ റീൽലാംബർട്ട് (Rene Lambert) ഹില്ലറിയുമായി വിജയപതാകനാട്ടിയ ഷെർപ്പാ ടെൻസിംഗുമായി ദക്ഷിണകോളം (South Col) കയറി, അവസാനത്തെപടിയിൽ 28215 അടി ഉയരത്തിലെത്തി. അവിടെനിന്നു അവക്കു പിന്തിരിയേണ്ടതായിവന്നു. നോർമർവിൽ എത്തിയതിനെക്കാളും ഉയരത്തിലാണവരെത്തിയതു്. 1924-ൽ മലോറിയും ഇർവിനും അപ്രത്യക്ഷരാകും മുമ്പു് എത്തിയ ഉയരത്തിൽനിന്നു ഏതാനും അടിതാഴെയായിരുന്നു അവർ എത്തിയ സ്ഥാനം.

★

"പർവ്വതാരോഹണചരിത്രത്തിലെ മഹത്തായ സംഭവം"

★

എവറസ്റ്റ് കൊടുമുടിയിൽ ബ്രിട്ടീഷ് സംഘത്തിന്റെ ആരോഹണം

"എവറസ്റ്റ് കൊടുമുടിയിൽ ബ്രിട്ടീഷ് സംഘത്തിന്റെ ആരോഹണം രാജ്ഞിയുടെ കിരീടത്തിൽ യഥാസമയം പതിക്കപ്പെട്ട വജ്രോജ്ജ്വലമായ ഒരു പുതിയ രത്നമാണു്" എന്നിപ്പകാരമാണു് എവറസ്റ്റ് കീഴടക്കലിനെപ്പറ്റി 'മാഞ്ചെസ്റ്റർ ഗാർഡിയൻ' എഴുതിയതു്.

ഈ വന്ദ്യനേട്ടത്തിന്റെ പങ്കാളികളായ ബ്രിട്ടീഷുകാരും ഷെർപ്പാകളുമടങ്ങിയ സംഘം ഹൃദയംഗമമായ അഭിനന്ദനമർഹിക്കുന്നു. പർവ്വതാരോഹണവൈദഗ്ദ്ധ്യം, ദൃഢനിശ്ചയം, ശാസ്ത്രീയമായ പഠനം, യുക്തിപൂർവ്വമായ പ്ലാനിംഗ് എന്നിവകൊണ്ടു

എവറസ്റ്റ് ശൃംഗാരോഹണം



1924-ലെ എവറസ്റ്റ് ആരോഹണസംഘം എത്തിയ ഭാഗം കാണിക്കുന്ന ചിത്രം. 26700 അടി ഉയരത്തിൽ സ്ഥാപിക്കപ്പെട്ട ക്യാമ്പിൽനിന്നാണ് അവർ പ്രസ്തുത സ്ഥാനത്തെത്തിയത്.

ടെയെല്ലാം സംയോഗമായിരുന്നു ആ യത്നം.

യഥാർത്ഥത്തിൽ ശിഖരത്തിലെത്തിയ രണ്ടു കയറ്റക്കാർ എഡ്മണ്ട് ഹിലാറിയും ടെൻസിംഗും ആണ്. ബഹുമതി ആർക്കുള്ളതെങ്കിലും പ്രയത്നസംഘട്ടത്തിലുണ്ടായ ഈ നേട്ടം വ്യക്തിപരമായി പരിഗണിക്കണം. ഇതിനു മുമ്പു പർവതാരോഹണശ്രമം നടത്തിയ മറ്റു പതിനൊന്നു സംഘക്കാരുംകൂടി പങ്കുവഹിച്ച ഒരു കൂട്ടയത്നത്തിന്റെ ഫലമാണതെന്നു മറക്കരുത്.

എവറസ്റ്റിൽ ഒരു പാടംപോലും മുമ്പു വച്ചിട്ടില്ലാത്ത സംഘത്തിന്റെ നേതാവ് കേണൽ ഹണ്ട് എവറസ്റ്റപ്രശ്നത്തിന്റെ സാരാംശം മനസ്സിലാക്കുന്നതിൽ പ്രകടിപ്പിച്ച തന്മയത്വപാടവത്തെ പ്രശംസിച്ച ശേഷം സൂസിലണ്ടുകാരനായ ഹിലാറിയെക്കുറിച്ച് ഇങ്ങനെ പറയുന്നു, "1951-ൽ ഷിപ്റ്റന്റെ നേതൃത്വത്തിൽപോയ സംഘത്തിലെ ഒരംഗമായ ഹിലാറിയാണ് ഖാബുവിലെ ഹിമപാതം തെക്കെ റിഡ്ജിൽകൂടി പ്രായോഗികമായ ഒരു സമീപനം നടത്തുന്നതിനനയോജ്യമാണെന്നു തെളിയിച്ചത്. പർവതാരോഹണക്കാര്യത്തിൽ സൂസിലണ്ട് ആൽപ്സ് എന്നിടത്തോളം പരിശീലനപരിചയം നൽകുന്നതാണെന്ന് ഹിലാറിയുടെ വിജയം സൂചിപ്പിക്കുന്നു.

ടെൻസിംഗ് അയാളുടെകൂടെയുണ്ടായിരുന്നതിൽ എല്ലാവർക്കും സന്തോഷമുണ്ട്. സർവീസ് സംഘത്തിലെ ഒരംഗമായ റെയ്മണ്ട് ലാംബർട്ടിനോടൊപ്പം കൊടുമുടിക്കേറാവും സമീപമെത്തിയ വ്യക്തിയാണ് ടെൻസിംഗ്. പർവതം കീഴടക്കുന്ന അന്തിമഘട്ടത്തിൽ ഒരു സുപ്രധാനപങ്കുവഹിച്ച ഉത്സാഹശാലിയും സഹനശീലമുള്ളവരുമായ ഷെർപ്പാ ജനതതിയുടെ ഒരു മൂർത്തീകരണമാണദ്ദേഹം. ഒരു നേപ്പാൾപൗരനെന്നതിനെക്കാളുപരി എവറസ്റ്റിന്റെ കീഴടങ്ങിയെന്നുള്ളതു് സമുചിതമായ ഒരു വസ്തുതയാണ്.

സംഘം ഉപയോഗിച്ച പ്രാണവായു സഞ്ചികളെപ്പറ്റി ഒരു ചെറിയ വിവരണം നൽകിയശേഷം 'ഗാർഡിയൻ' ഇങ്ങനെ ഉപസംഹരിക്കുന്നു. "1953-ലെ ബ്രിട്ടീഷ് സംഘത്തിന്റെ വിജയം പർവതാരോഹണചരിത്രത്തിലെ അപൂർവവും പൂർണ്ണവുമായ ഒരു മഹാസംഭവമായി അവശേഷിക്കും."

സുഖപര്യവസായി

"1953-ലെ ഏറ്റവും മഹത്തായ ധീരസാഹസകഥയുടെ സുഖകരമായ പര്യവസാനം" എന്നാണ് ഡെയിലി ഹെറാൾഡ് എഴുതിയത്. 'ഇതുപോലുള്ള വിജയം സ്ഥിരമായുണ്ടാകുമെന്നു ഞാൻ കരുതുന്നില്ല'.

'എവറസ്റ്റ്' ഭാഗികമായി തിബത്തിലും ഭാഗികമായി നേപ്പാളിലുമാണ് സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് അതു യാതൊരുത്തരുടേയും പ്രത്യേക ദേശീയസ്വത്തല്ല. അതിനെച്ചൊറിക്കിടക്കുന്ന പ്രദേശത്തിന് 'ഹിമദേവത' യെന്നർത്ഥമുള്ള "ചോമോളുങ്മാ" എന്നാണ് പേര്. ലോകത്തിലെ ഏറ്റവും വലിയ കൊടുമുടിയാണിതെന്ന 1852-ൽ ഇൻഡ്യയുടെ സർവേയർ ജനറലായിരുന്ന സർ ജോർജ്ജ് എവറസ്റ്റ് കണ്ടുപിടിച്ചതോടുകൂടി അതു എവറസ്റ്റ് എന്ന നാമകരണം ചെയ്യപ്പെട്ടു.

★

എവറസ്റ്റ് ആരോഹണക്കാർക്ക് ബഹുമതി

★

കേണൽ ഹണ്ടിനും ഹിലാറിക്കും 'നൈറ്റ് ഹുഡ്'

ജൂൺ ആറാംതീയതി ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ ഔദ്യോഗികവസതിയിൽനിന്നും പുറപ്പെടുവിച്ച ഒരറിയിപ്പിൽ ഹിമാലയപർവതാരോഹണസംഘത്തിന്റെ നേതാവു് കേണൽ ഹെൻറി സെസിൽ ജോൺ ഹണ്ടിനു് 'സർ' സ്ഥാനവും സംഘാംഗമായ മി: എഡ്മണ്ട് ഹിലാറിക്കു് നൈറ്റ് കമാൻഡർ ഓഫ് ദി ബ്രിട്ടീഷ് എംപയർ സ്ഥാനവും നൽകുന്നതിനു രാജ്ഞി അനുവദിച്ചിരിക്കുന്നതായി പ്രഖ്യാപിച്ചിരിക്കുന്നു. ഷെർപ്പാ ടെൻസിംഗിന്റെ നേട്ടത്തെ അംഗീകരിച്ചിരിക്കുന്നതായി ഈ അറിയിപ്പിൽ പറയുന്നു. ബ്രിട്ടീഷ് പ്രജയല്ലാത്തതുകൊണ്ടാണ് ടെൻസിംഗിനു ബഹുമതിസ്ഥാനം നൽകാതിരുന്നതു്.

"എവറസ്റ്റ് സംഘനേതാവായ കേണൽ ഹണ്ടിനും സംഘം കീഴടക്കിയ ഹിലാറിക്കും രാജ്ഞി നൽകിയ ബഹുമതി 'അസാധുമായ' ഒന്നിൽ മനുഷ്യനുണ്ടായ നേട്ടം അംഗീകരിക്കുന്നതിനു യാതൊരുത്തർക്കും കുണ്ഠിതമുളവാക്കുന്നതല്ല" എന്നാണ് 'ന്യൂസ് ക്രോണിക്കിൾ' എഴുതുന്നു.

"ലോകത്തിന്റെ മേൽപ്പുരയിൽ ബ്രിട്ടീഷ് പതാക പാറുന്നതിനു മുമ്പു ആദ്യമായുണ്ടായ രാജ്ഞി ഈ ബഹുമതിദാനംകൊണ്ട് ബഹുമാനിക്കുന്നു". 1953-ൽ പുറപ്പെട്ട സംഘം മറ്റു സംഘത്തേക്കാൾ എത്രത്തോളം കടപ്പെട്ടിരിക്കുന്നുവെന്ന് അംഗീകരിക്കുന്ന ആദ്യത്തെ വ്യക്തി കേണൽ ഹണ്ടായിരിക്കും.

"അന്തിമമായ ആക്രമണത്തിൽ ഹിലാറിയുടെ സഹകാരിയായിരുന്ന നേപ്പാളി ഷേർപ്പാ ടെൻസിംഗിന്റെ ധീരതയ്ക്കുകൂടി അംഗീകരിക്കാൻ രാജ്ഞി അഭിലഷിക്കുന്നു. ക്ഷീണം ബാധിച്ച എത്രയോ കൂട്ടുകെട്ടുകളെയാണ് അയാളുടെ പുഞ്ചിരി മുന്നോട്ടു നീക്കിയതു്. കട്ടിക്കാരനായ ടെൻസിംഗിനോടു രാജ്യത്തിനുള്ള കടപ്പാടു പ്രകടിപ്പിക്കാൻ ഒരവസരമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു."





ജീവിതസമരം

ഒന്നാം വാല്യം

★

സി. കേശവൻ

പബ്ലിക്കേഷൻസ് കൗമുദി
വില മൂന്നു രൂപ.

നരജീവിതമായ വേദന, എന്നു മഹാകവി പാടുന്നു. അവനിവാഴ്വു കിനാവു എന്നും, ജീവിതംനാടകം എന്നും ജീവിതം സാഗരമെന്നും ചിന്താശീലന്മാർ സ്വാനുഭവത്തെ അവലംബമാക്കി ഭാവന ചെയ്തിരിക്കുന്നതായിക്കാണാം. നമ്മുടെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. കേശവൻ ജീവിതം സമരമായി സമീക്ഷിക്കയാണു്. അദ്ദേഹത്തിന്റെ അവസാനമായി പുറപ്പെടുവിച്ചതും ആ വഴിക്കാണല്ലോ. പരിസരങ്ങളും ഏതൽകാലസാമൂഹ്യാചാരങ്ങളും അദ്ദേഹത്തിൽ ഒരു സമരമനോഭാവം സംജാതമാക്കിയിരുന്നില്ലെങ്കിൽ അതായിരിക്കും നമ്മെ അത്ഭുതപ്പെടുത്തുന്നതു്. ഈ അവസരത്തിൽ നീലകണ്ഠദീക്ഷിതരുടെ ഒരു ശ്ലോകം ഓർമ്മയിൽ എത്തുന്നു.

ശപനസ്സന്തപിതോഭിഭന്തമകര
വ്യാവർത്തനോൽപാടിത
സൈലരേത്തനിതവിഡ്വരാഹ
പ്രുങ്കഃകിംവാസ്ഥിതൈവ്മേതാ
വസ്ഥവും ശിരിരാജമുലിഷു
വിഹത്തവ്യംപുനഃസേചരായാ
ഹന്തവൃകരിണോമേന്ദ്ര ഇതി
ചപ്രാപ്പവുമൈരേയശ!

ജീവിതത്തിൽ ഈ ലക്ഷ്യപ്രാപ്തിക്കുള്ള ആന്തരികപ്രയോഗനം പലർക്കുമുണ്ടായേക്കുമെങ്കിലും അതിനെ പ്രവർത്തിച്ചു ഫലിപ്പിക്കുന്നതിനു് അന്യാദൃശമായ ആത്മധൈര്യവും സാഹസപ്രിയവുംകൂടാതെ സാധിച്ചുവെന്നുവരില്ല.

ശ്രീ. സി. കേശവന്റെ മന്ത്രിപദപ്രാപ്തി അദ്ദേഹത്തിന്റെ ജീവിതസമരത്തിലെ വിജയവൈജയന്തിയായി ഇവിടെ സമീക്ഷചെയ്യുന്നതു് ചരിത്രബോധം ഇല്ലായ്കകൊണ്ടല്ല. ഒരു കൂട്ടിപ്പട്ടരായിരുന്ന രാമയ്യനും കണക്കപ്പിള്ളയായിരുന്ന രാജകേശവദാസനും വഹിച്ചുകഴിഞ്ഞിട്ടുള്ളതാണു് തിരുവിതാംകൂറിലെ മന്ത്രിഖഡ്ഗം. എന്നാൽ, സഞ്ചാരസ്വാതന്ത്ര്യംപോലും അനുവദിക്കാതിരുന്ന ഒരു സമുദായത്തിൽ പിറന്നു വളർന്ന, വിദ്യാലയപ്രവേശം നിഷേധിക്കപ്പെട്ടിരുന്ന അക്കാലത്തു് ആ പ്രതികൂലശക്തികളെ തരണംചെയ്തു് ആ രാജ്യത്തിലെ മന്ത്രിപ്രധാനനാകുക — ആ വ്യക്തിവൈശിഷ്ട്യം ലോകചരിത്രത്തിലെ മഹൽസംഭവങ്ങളിൽ മുന്നായിത്തന്നെ പരിഗണിക്കണം. ജീവിതസമരത്തിലെ നാനാവിധ വൈശിഷ്ട്യങ്ങളെയും ക്രമപ്രകാശമായി സ്പർശിക്കുന്നതിനു ഈ ലഘുവിചാരത്തൽ മുതിരുന്നില്ല. സാഹിത്യത്തിന്റെ സാക്ഷാത്തായ തത്വം സത്യപ്രകാശനമായി പ്രകീർത്തിക്കപ്പെടുന്നു. അതിൽ പക്ഷാന്തരങ്ങളുണ്ടെങ്കിലും ഒരു ആത്മകഥാകഥനത്തിന്റെ നിസ്തുലമായ പ്രശസ്തി ഈ സത്യാത്മകതയെ അവലംബിച്ചുമായിരിക്കുമെന്നുള്ളതു് ആരും വിസംവദിക്കുമെന്നു് തോന്നുന്നില്ല. ജീവിതസമരപ്രതിപാദകനായ സി. കേശവനെ സംബന്ധിച്ചു ഒരു ശ്ലോത്തമവാണെന്നു അദ്ദേഹത്തിന്റെ പ്രതിപക്ഷികൾപോലും പ്രശംസിച്ചു കേട്ടിട്ടുള്ളതാണു്. കപടലോകത്തിൽ ആത്മാർത്ഥമായൊരു ഹൃദയമുണ്ടായതാണു് ചില അപകടങ്ങൾക്കും അവയെ അതിജീവിച്ചുകൊണ്ടുള്ള പല വിജയങ്ങൾക്കും അദ്ദേഹത്തിനിടവരുത്തിയതെന്നു ഒരു ബഹുഭൂരിപക്ഷം ജനം വിശ്വസിക്കുന്നുണ്ടു്. അതെന്തെങ്കിലുമായിക്കൊള്ളട്ടെ. ഈ ആത്മകഥാകഥനത്തിൽ കഥാനായകന്റെ ആത്മാർത്ഥത നീരിൽ കൽക്കണ്ടമെന്നോണമലിഞ്ഞുചേർന്നു് ആ സ്വാദകനിൽ മാധുര്യമുളവാക്കുന്നു. അന്നത്തെ ഈഴവജനസാമാന്യത്തിന്റെ സകലവിധ അഭിവൃദ്ധിക്കും തടസ്സമുണ്ടാക്കിക്കൊണ്ടു അവരെ അന്യായമായി ഉപദ്രവിച്ചു മാറാ മതങ്ങളിലേക്കോടിച്ചുവരുന്ന അപവാദം ഇവിടത്തെ സവർണ്ണഹിന്ദുക്കളിൽ വിശേഷിച്ചും ന്യായമായതു തലയിൽ കേറിച്ചൊരിയുവണ്ടു്. ശ്രീ: സി. കേശവനാണെങ്കിൽ തന്നെപ്പെട്ട മയ്യനാട്ടില്ലത്തിലും മാറാ പെട്ടന്ന ചാന്നാന്മാരുടെ ദുശ്ശാസനത്തിന്റെ ശിരസ്സിൽ അതിലെ ഒരു വലിയപങ്കു് തിരിച്ചേല്പിക്കയാണു ചെയ്തുനതു്. പ്രാരംഭമാക്കിയിരുന്ന ആ ചരിത്രസത്യത്തെ അനാദരണംചെയ്യുന്നതു അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ അഭിനന്ദിക്കാതെ തരമില്ല. ഐതിഹ്യങ്ങളും അനുമാനങ്ങളും അല്ല അന്നത്തെ പല രാജകീയവിളംബരങ്ങളെത്തന്നെ പ്രമാണപ്പെടുത്തി ഹാജരാക്കി അന്യായഭാഗത്തെ തെളിയിക്കുന്നതിലും അനുകൂലമായ വിധി സമ്പാദിക്കുന്നതിലും അദ്ദേഹത്തിന്റെ അഭിഭാഷകവൈഭവും അവശേഷിച്ചിട്ടുണ്ടെന്നുള്ളതിനു തെളിവാകുന്നുണ്ടു്. അത്യന്തം പ്രയാസവും പ്രമാണനിഷ്ഠവും പര്യാലോചനയുമായ ഈ ജീവിതസമരഗ്രന്ഥത്തിൽ ഇനം കാണാൻപോലും ഇല്ലാത്ത അനാവശ്യവിഷയം എന്നു തേവിടിശ്ശിപ്പാട്ടിലെ വരികൾ കുത്തിച്ചെലുത്തിയിരിക്കുന്നതു് സി. കേശവനെ ശ്രദ്ധാത്മാവെന്നുവിളിക്കുന്നതിൽ അബദ്ധമില്ലെന്നു തോന്നിപ്പിക്കുന്നു.

ഹിന്ദുഭാഷാവൈയങ്ങളോടു് ശ്രീ. സി. കേശവനുള്ള മനോഭാവം പലപ്പോഴും പല കോലാഹലങ്ങളെയും സൃഷ്ടിച്ചുകഴിഞ്ഞതാണു്. അദ്ദേഹത്തിന്റെ സീമന്തപുത്രനു പന്തിപ്പിള്ള കൊടുക്കുന്നതിനു മാടർ പീറാറും മധുമപുത്രന്റെ വിവാഹത്തിനു പ്ലേ: മാതൃത്തരകന്റെ "കാമ്പിക്കുപാടും" അദ്ദേഹത്തിന്റെ നിരണത്തുപാട്ടുകളിൽപോലും സ്വയംനിസ്സ്യന്ദകശക്തിന്റെപേരിൽ ചോദ്യരഹിതമായി അവശേഷിക്കുന്നു.

അഭിനയവിദഗ്ദ്ധനായനടൻ, സംഗീതകുശലൻ, അഭിഭാഷകൻ, പ്രഭാഷണചതുരൻ, മുഖ്യമന്ത്രി എന്നീ നിലകളിലെല്ലാം പ്രശസ്തിയാർജ്ജിച്ചിട്ടുള്ള ശ്രീ: സി. കേശവനെ ഇത്രമാത്രം ഉജ്ജ്വലനും സരളനും അതിലേറെ നർമ്മബോധമുള്ള സാഹിത്യപ്രതിഭാദേനിതി വശംവദയായിരുന്നുവെന്നു ജീവിതസമരം കാഹളഘോഷം തന്നെചെയ്യുന്നു. മലയാളത്തിൽ ശ്രീമതി ബി. കല്യാണിഅമ്മയുടെ വ്യാഴവട്ടസ്മരണകളും, സാഹിത്യപഞ്ചാനനന്റെ സ്മരണമണ്ഡലം, ഈ. വി. യുടെ ജീവിതസ്മരണകളും, സർദ്ദാർ കെ. എം. പണിക്കരുടെ സ്മരണദർപ്പണം എന്നീ ഗ്രന്ഥങ്ങളുണ്ടെങ്കിലും ആത്മകഥാപ്രസ്ഥാനത്തിൽ സ്വതന്ത്രമായി നമുക്കുലഭിച്ചിട്ടുള്ളതു്. അവയ്ക്കുപിന്നിൽ ഉണ്ടായ ശ്രീ: സി. കേശവന്റെ ജീവിതസമരം പ്രതിപാദനസാരള്യംകൊണ്ടും ചരിത്രസത്യപ്രകാശനത്വംകൊണ്ടും ബഹുവർണ്ണത്തിലുള്ള ചിത്രങ്ങളുടെ വർണ്ണശബളതയാലും മുൻനില നേടുന്നുവെന്നു നിസ്സംശയംപറയാം. ഈ ഗ്രന്ഥത്തിന്റെ അനന്തരഭാഗങ്ങൾകൂടി അചിരേണ സംഭവനചെയ്യുന്നതിനുവേണ്ട ആയുരാരോഗ്യസൗഖ്യങ്ങൾ അദ്ദേഹത്തിനു് ഉണ്ടാകുമാറാകട്ടെ.

★

മലയാളി വിശേഷാൽപ്രതി

★

1953 വില രൂ: ഒന്നര.

മനുഷ്യസഹജീവിയായ മലയാളി ഇക്കൊല്ലവും സമുന്നതമായ സാഹിത്യോപഹാരം സഹൃദയലോകത്തിനു് സംഭാവനചെയ്യുന്നതിനു് തൽപ്രവർത്തകരോടുള്ള അഭിനന്ദനീയമായ ആദരം ആദ്യമായി രേഖപ്പെടുത്തിക്കൊള്ളട്ടെ. വിശേഷാൽപ്രതികളെസംബന്ധിച്ചിടത്തോളം കൈരളിയുടെ പ്രസവസാമർത്ഥ്യം വളരെ വർദ്ധിച്ചിരിക്കുന്നകാലമാണിതെന്നു ആക്ഷേപിയം. ഈ സുകരപ്രസവത്തിൽ മഹീപാലലാളിതമായ കളത്രത്തിനു് കളമൊരുക്കുന്നതിനുള്ള വൈക്ലവ്യം അനുഭവസ്ഥർക്കേ അറിഞ്ഞുകൂടൂ. മലയാളിയുടെ പ്രശസ്തമായ ആ പ്രസിദ്ധീകരണത്തിൽ ചിരസമാർജ്ജിതമായ അതിന്റെ പാരമ്പര്യശ്രേയോമതല്ലിക പ്രഹൃല്ലമാകമാകുള്ള സംവിധാനങ്ങൾചെയ്ത പ്രസാധകശ്രമം സഫലമായിട്ടുണ്ടെന്നു പറയണം. "കിളിമന്ത്രം ചിത്രമെഴുത്തുകായിത്തന്നുരാനെന്ന "അപൂർവ്വവിദ്യാതുവി"നാൽ വിചിത്രമായ ദ്രുപദിയും സിംഹികയും എന്ന ഭാവാത്മകചിത്രത്തെ വർണ്ണശോഭവരുത്തി പ്രഥമതഃ പ്രത്യക്ഷപ്പെടുത്തി അതിന്റെ കലാമൂല്യത്തെ പണ്ഡിതരംജനായ ശ്രീ. എൽ. ശ്രേഷ്ഠപാലപിള്ളയുടെ പുളകോൽഗമകാരിവചഃപ്രസരത്താൽ സജീവമാക്കി പ്രദർശിപ്പിച്ചിരുത്തിൽ മലയാളി ഇക്കൊല്ലത്തെ വിശേഷാൽപ്രതികളുടെ പംക്തിയിൽ ഒരു പ്രമുഖസ്ഥാനംതന്നെ നേടിയിരിക്കുന്നു. വായനക്കാരുടെ തൽകാല രസത്തെ ഉദ്ദേശിച്ചു ചെറുകഥകളും കവിയശഃപ്രാർത്ഥികളെ സംതൃപ്തിപ്പെടുത്തുന്നതിനവേണ്ട കളമൊരുക്കലുമായി കഴിഞ്ഞുപോകുന്ന വാർഷികപ്രതികളുടെ ആ ഇഴഞ്ഞമട്ടിൽനിന്നു് ഒരു മട്ടുമാറ്റം വരുത്താൻ പ്രവർത്തകർ ശ്രമിച്ചിട്ടുണ്ടെന്നുള്ളതു് പ്രത്യേകം എടുത്തു പറയേണ്ടതായിരിക്കുന്നു. 29 ലേഖനങ്ങളും 10 കവിതകളും 9 ചെറുകഥകളും 7 നാടകങ്ങളും ഇതിന്റെ മുഖത്തിൽപെടുന്നു. മലയാളത്തിലെ ഉപന്യാസശാഖയെ വികസിപ്പിക്കണമെന്ന ഉദ്ദേശ്യത്തിനേലാണു ഈ തിരഞ്ഞെടുപ്പു്. ലേഖകന്മാരിൽ പ്രസിദ്ധിയും പ്രാഗല്ഭ്യമുള്ള പലപേരും നമുക്കു ഭംഗിക്കാൻ സാധിക്കും, അവരുടെ വിജ്ഞാനസമൃദ്ധിയെ പര്യാലോചനയിൽ ലഘുകാമുഖവഴി വിതരണംചെയ്യുന്നുമുണ്ടു്. കവിതപരിപാടിയിലുണ്ടെങ്കിൽ വള്ളത്തോൾ, ജി. ശങ്കരക്കുറുപ്പു് തുടങ്ങിയ പ്രമുഖസ്ഥാനികളെ എന്തുകൊണ്ടോ കാണാനില്ലെന്നകാര്യംകൂടി വെളിപ്പെടുത്തേണ്ടതായിരിക്കുന്നു. മഹാത്മാഗാന്ധി

ലോകവൃത്താന്തഗതി

രണ്ടാഴ്ചയ്ക്കുമേൽ നിണ്ടുനിന്ന ലണ്ടൻ പരിപാടികൾക്കുശേഷം പ്രധാനമന്ത്രി നെഹ്റു സിറിംസർലണ്ടിൽ എത്തിയിരിക്കുന്നു. ആകർഷിവസം അവിടെ താമസിച്ചിട്ട് അദ്ദേഹം ചൊവ്വാഴ്ച കെയ്റോവിലേയ്ക്കു തിരിക്കും. നാലുദിവസത്തെ ഈജിപ്തുസന്ദർശനത്തിനുശേഷം അദ്ദേഹം ഇൻഡ്യയിൽ മടങ്ങിയെത്തും. നേരത്തെ നിശ്ചയിച്ചിരുന്നതിൽ നാലു ദിവസം മുൻകൂട്ടി ഇൻഡ്യയിൽ എത്തുന്നതു് കൊറിയയിലേയ്ക്കുള്ള കമ്മിഷൻ സംബന്ധിച്ച ഏർപ്പാടുകൾ പരിശോധിക്കുന്നതിനാണ്.

ഇൻഡ്യയുടെ കീർത്തിയെ ഉച്ചകോടിയിലെത്തിച്ച ദിവസങ്ങളായിരുന്നു നെഹ്റുവിന്റെ ലണ്ടൻ വാസക്കാലം. ഇന്ത്യയുടെ വിദേശനയത്തിനും, ശാന്തിമാർഗ്ഗത്തിനും സംവൃതികരമായ അംഗീകരണമാണ് ലഭിച്ചതു്. ഒരുകാലത്തു് നെഹ്റുവിനേയും ഇൻഡ്യയെയും കടുത്ത ഭാഷയിൽ ആക്രമിക്കുകയായിരുന്ന യാഥാസ്ഥിതികരും യാഥാസ്ഥിതികപത്രങ്ങളും ഇടതുപക്ഷനേതാക്കളും ഇടതുപക്ഷപത്രങ്ങളും ഇന്ത്യയേയും നെഹ്റുവിനേയും പ്രശംസിക്കുന്നതിൽ തെല്ലും അലംഭാവം കാണിച്ചിട്ടില്ല. ഇന്ത്യയുടെ മഹത്ത്വത്തിൽ, ചുരുങ്ങിപ്പോലും മതിമറന്നുപോയി എന്നു കരുതത്തക്കവിധമായിരുന്നു നെഹ്റുവിനു ലഭിച്ച സ്വീകരണങ്ങൾ. കൊറിയൻ സമാധാനക്കമ്മിഷനിലെ അദ്ധ്യക്ഷപദവും അംഗപദവും ഇന്ത്യയ്ക്കു ലഭിച്ചതും തെൻസിംഗ് ലോകത്തിലെ ഏറ്റവും ഉന്നതമായ കൊടുമുടിയിൽ കയറിയതും നെഹ്റു ലണ്ടനിൽ താമസിച്ചിരുന്ന ഇക്കാലത്തുതന്നെയാകയാൽ ഇന്ത്യയുടെ പ്രശസ്തി വർദ്ധിക്കുവാൻ അവയും കാരണങ്ങളായി ഭവിച്ചു എന്നു പറയുന്നതിൽ തെറ്റില്ല. പാകിസ്ഥാൻ പ്രധാനമന്ത്രിയുമായും സിലോൺ പ്രധാനമന്ത്രിയുമായും പലപ്രാവശ്യം നെഹ്റു സംഭാഷണം നടത്തുകയുണ്ടായി. സിലോണിനിന്നുള്ള തമിഴ്പ്രശ്നങ്ങളെസംബന്ധിച്ചു് ഒരു തീരുമാനം ഉണ്ടാക്കുന്നതിലേക്കു് നയിക്കുന്നതിനുസിലോൺപ്രധാനമന്ത്രിയുമായുള്ള സംഭാഷണം ഉദ്ദേശിച്ചപ്രകാരം ഫലപ്രദമായിത്തീർന്നിട്ടില്ലെങ്കിലും പാകിസ്ഥാൻ പ്രധാനമന്ത്രിയുമായുള്ള സംഭാഷണം ഏതായാലും ആശാവഹമായിരുന്നു എന്നാണ് റിപ്പോർട്ട്. പാകിസ്ഥാനും ഇന്ത്യയും തമ്മിലുള്ള സംഘർഷത്തിനു് ഉടനെ പരിഹാരം ഉണ്ടാകുമെന്നുള്ളതിനു വേറെയും സൂചനകളുണ്ട്. ഇരുഗവണ്മെൻറുകളും തമ്മിൽ ആലോചിച്ചു തീരുമാനിച്ചതനുസരിച്ചു പ്രധാനമന്ത്രിമാരുടെയുള്ള സംഭാഷണത്തിനു രംഗം ഒരുക്കുന്നതിനും, ആകാവുന്നത്ര ഭിന്നതകളും ഒതുക്കുന്നതിനുംആയി നിർദ്ദിഷ്ടമായ സ്റ്റിയറിംഗ് കമ്മിറ്റിയെ നിയമിച്ചു കഴിഞ്ഞു. പാകിസ്ഥാൻ പ്രധാനമന്ത്രിയുടെപ്രസ്താവനകളും എതായുംനിയന്ത്രണത്തോടുകൂടിയുള്ളതും സൗഹാർദ്ദഭാവത്തിലുള്ളതും ആയിട്ടുണ്ട് കണ്ടുവരുന്നു. ഈ മനോഭാവത്തെ ക്ഷേത്രമാക്കി ഇരുദിനം സംബന്ധിച്ചു നടന്ന പ്രക്ഷോഭണമൊന്നും പ്രകീർത്തിക്കുകയുണ്ടായി.

ഹിന്ദുമഹാസഭാനേതാക്കൾപോലും ശ്രീമതി വിജയലക്ഷ്മിയെ കീർത്തിച്ചുകൊണ്ടു് ടെലഗ്രാമുകൾ അയച്ചിട്ടുള്ളതിന്റെ സൂചനയാണ് ഡാ. ഖരെയുടെയും മറ്റും പ്രസ്താവനകൾ. പ്രധാനമായിവരുന്ന ഈ അന്തരീക്ഷത്തിൽ, ഒരു കോളിളക്കം സൃഷ്ടിക്കത്തക്കതായിരുന്ന പാകിസ്ഥാൻവിദേശകാര്യമന്ത്രിയുടെ സ്വാഗതപ്രസംഗം. പക്ഷേ ഇരുരാജ്യതന്ത്രജ്ഞന്മാരുടെയും വിവേകത്തെ അവർക്കു ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നാണ് തോന്നുന്നതു്. കിനിയയിൽ ബ്രിട്ടൻ അവലംബിച്ചിരിക്കുന്ന നയം ഈ വസ്തുതയെയാണ് സൂചിപ്പിക്കുന്നതു്. ആഫ്രിക്കൻ ജനങ്ങളുടെ യുണിയനെ ആ ഗവണ്മെൻറ് അവിടെ നിരോധിച്ചു. മഹാപ്രക്ഷോഭണത്തിന്റെയിടയിൽ കണക്കിലുമെടുക്കാതെ കിക്കുയുവർഗ്ഗക്കാരെ അവിടെ അടിച്ചമർത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇൻഡോചൈനയിൽ ഫ്രാൻസ് അവലംബിച്ചിരിക്കുന്ന നയവും അതുതന്നെയാണ്. കംബോഡിയായിലെ രാജാവിനെ പ്രീണിപ്പിച്ചു് അവിടെ ഭിന്നിപ്പുണ്ടാക്കുമെന്ന ഫ്രാൻസിന്റെ മോഹം വിഫലമായിത്തീർന്നിരുന്നു. അവിടത്തെ രാജാവു് രാജ്യംവിട്ടപ്പോഴും ഇപ്പോഴും സയാമിൽ അഭയംപ്രാപിച്ചിരിക്കുകയാണ്. തന്റെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി യു. എൻ. ഓയിൽ പരാതി ബോധിപ്പിക്കണമെന്നും അദ്ദേഹം ഉദ്ദേശിക്കുന്നുണ്ട്. പാണ്ടിച്ചേരിയിൽ ഫ്രാൻസ് കൂട്ടൽ പട്ടാളങ്ങളെ ഇറക്കിയിട്ടുള്ളതായി അറിയുന്നു. പോർട്ടുഗലും ഇന്ത്യയിൽ തങ്ങളുടെ അധീനതയിലുള്ള പ്രദേശങ്ങളെ സംബന്ധിച്ചു യതൊന്നുംചെയ്യാൻ ഭാവമില്ലെന്നാണ് കാണുന്നതു്. സ്വാതന്ത്ര്യം ലഭിച്ചതുമുതൽ ഈ പ്രദേശങ്ങളും ഇന്ത്യയിൻ ലയിപ്പിക്കുന്നതിനെ സംബന്ധിച്ചു ഇന്ത്യാഗവണ്മെൻറ് പോർട്ടുഗലിനെ സമീപിച്ചിരിക്കുകയായിരുന്നു. എന്നാൽ ശോചയും മറ്റും തങ്ങളുടെയാണെന്ന ശാഠ്യനിലയാണ് പോർട്ടുഗീസുകാർ ഇപ്പോഴും അവലംബിച്ചിരിക്കുന്നതു്. ഇക്കാരണത്താൽ ലിസ്ബണിലുള്ള പ്രതിനിധിമണ്ഡലം അടച്ചിട്ടുവാൻ ഇന്ത്യാഗവണ്മെൻറ് തീരുമാനിച്ചിരിക്കുകയാണ്.

* * *

ബോഗോട്ടയിൽ നടന്നുവന്ന പ്രജാസോഷ്യലിസ്റ്റ് കൺവൻഷൻ, അതുകക്ഷിയുടെ അണികളിൽ ഭിന്നിപ്പുണ്ടാക്കുന്നാണ് ഉപകരിച്ചതെന്നതോന്നുന്നു. സാമ്പത്തികമായ പരിവർത്തനത്തെ ഉദ്ദേശിച്ചു ഭരണകൂടങ്ങൾ വിശാലാധിഷ്ഠാനത്തിൽ ശ്രുവീകരിക്കുന്നതിനോടു് സോഷ്യലിസ്റ്റ് പാർട്ടി അനുകൂലിക്കണമെന്ന ജനറൽ സെക്രട്ടറി അശോകമേത്തയുടെ നിർദ്ദേശം വളരെയേറെ വിമർശനത്തിനു കാരണമാക്കി. കൺഗ്രസ്—പി. എസ്., പി-ഐക്യശ്രമങ്ങളും ആക്ഷേപിക്കപ്പെട്ടു. ഈ ശ്രമങ്ങളുടെ ഉത്തരവാദിത്വം സ്വയം ഏറ്റുകൊണ്ടു് അയപ്പക്കാട് നാരായൺ ജനറൽസെക്രട്ടറിസ്ഥാനം രാജിവച്ചിരിക്കുകയാണ്. അദ്ധ്യക്ഷനായ കൃപലാനിയും, അശോകമേത്തയും രാജിവച്ചിട്ടുണ്ട്. പി. എസ്. പി-യുടെ തലയെടുപ്പുള്ള ഈ മൂന്നു നേതാക്കളുടെരാജി പാർട്ടിയിൽ ഏ

(ശേഷം 32-ംപേജിൽ)

മുതലുള്ള ഭാരതീയ പ്രശസ്തനേതാക്കന്മാരുടെയും രാജപ്രമുഖന്മാരുടെയും ചിത്രങ്ങൾ ഈ സമ്പുടത്തെ സമൃദ്ധിപ്പെടുത്തുന്നു. മലയാളിയുടെ മഹനീയമായ ത്രമത്തിനു ഉപര്യുപരി ഭാവുകം ആശംസിക്കുന്നു.

★

ഭാസ്കരാ കലണ്ടർ

സംഗ്രഹിതാവു്,

ആർ. കെ. തിരുമൽപാടു്,

തെക്കേക്കോവിലകം
മതിൽഭാഗം, തിരുവല്ലാ.
വില ഗ്രാ: ഒന്നേകാൽ.

കൊല്ലവർഷം 1069-1129-വരെ 61 വർഷത്തെ മാസം തീയതികൾക്കു തുല്യമായ ക്രിസ്തുവർഷം മാസം തീയതികൾപേക്ഷിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് ഭാസ്കരകലണ്ടർ: ഈ കൊല്ലവർഷ ക്രിസ്തുവർഷങ്ങളിലെ ദിനപ്പൊരുത്തം അറിയാൻവേണ്ടി ചിലപ്പോൾ ചിലർ പെട്ടനപാടു പലതും കണ്ടിരിക്കും. ശ്രീ തിരുമൽപാടിന്റെ ദീർഘകാലപരിശ്രമഫലമായി ആ വിഷമത നിശ്ശേഷം പരിഹരിക്കപ്പെട്ടിരിക്കുന്നു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സൂക്ഷിക്കാനുള്ള ഒരു പ്രസിദ്ധീകരണമാണിതു്. തിരുമൽപാടിന്റെ ഏതൽത്രമത്തിനു അഭിനന്ദനം രേഖപ്പെടുത്തുകയാണ്.

—സി. എം. പി.

★



— തകഴി കെ. രാമവാര്യർ —

8-11-1128 — 14-11-1128.
22-6-1953 — 28-6-1953.

അശ്വതി—അനുകൂലങ്ങളായ പരിവർത്തനങ്ങളും സമാധാനത്തിനിടയാക്കും. ധനപരമായ സഹായങ്ങളും ചില പ്രത്യേകവ്യക്തികളിൽ നിന്നും ലഭിക്കും. നേതൃത്വമോഹം അല്പം കുഴപ്പങ്ങളും സൃഷ്ടിക്കും. പ്രവർത്തനം ലാഭകരമായും വിജയപ്രദമായും നടത്തുവാൻകഴിയും.

ഭരണി—മനസ്സറിയാത്ത കാര്യങ്ങളിൽ അപവാദവും വിപത്തും സംഭവിച്ചേക്കും. പ്രയത്നത്തിനു പുരോഗതി കുറയും. നഷ്ടം പരിഹരിപ്പാൻ ചില ഉപായങ്ങളും സ്വീകരിക്കും. ദാമ്പത്യജീവിതസുഖം കുറയും. ഒരുകാര്യത്തിലും സ്ഥിരത പാലിക്കയില്ല. വായു ക്ഷോഭിക്കും.

കാർത്തിക—സ്വാധീനശക്തിയുടെ പേരിൽ അനർഹമായ ചെയ്തികൾക്കു മുതിരും. അഭിമാനത്തിനുവേണ്ടി ചില സൽക്കാരങ്ങൾചെയ്യും. ജീവിതപുരോഗതിയെ സാരമായി സ്വാധീനിക്കുന്ന കാര്യങ്ങളും മനസ്സിനെ മഥിച്ചുകൊണ്ടിരിക്കും. അന്യാധീനതയിൽപ്പെട്ടവയിൽനിന്നും പ്രയോജനം സിദ്ധിക്കും. സന്താനസന്തോഷമുണ്ടാകും.

രോഹിണി—വിഭ്രാന്തിജനകമായ കാര്യങ്ങളെപ്പറ്റിയുള്ള ചിന്ത മനസ്സിനെ ചൂഴ്ന്നുപിടിപ്പിക്കും. ഉന്നതവ്യക്തികളുടെ സമീപ്യസമ്പർക്കം ഗുണപ്രദമായി പരിണമിക്കും. ചില കടപ്പാടുകൾനിമിത്തം വിഷമത വർദ്ധിക്കും. സ്വന്തംജനങ്ങളിൽനിന്നുമുള്ള പ്രതീക്ഷയ്ക്കൊടുവുതട്ടും. ഉദരപീഡയുണ്ടാകും.

മകയിരം—വിജയസാധ്യത ഏറുവിധേനയുമുണ്ടാകും. ആത്മാർത്ഥത ഒന്നിലും പ്രത്യക്ഷപ്പെടുത്തുകയില്ല. പ്രവർത്തിയുടെ സത്യാവസ്ഥ മറച്ചുവെയ്ക്കും. ദുരിതങ്ങൾക്കുശാന്തി ഈശ്വരസന്നിധിതന്നെയായിരിക്കും. ദിനാദികാര്യങ്ങൾക്കുപോലും ധനപരമായ വിഷമം തോന്നിക്കും. ശിരോവേദനയുണ്ടാകും.

തിരുവാതിര—വിരഹവ്യഥ മനോപീഡയുളവാക്കും. ഏതുസാഹസവും ചെയ്യുകാര്യനിർവ്വഹണം. മനോവിഷമതയും അന്തഃഛിദ്രവും ചതിയും സംഭവിക്കും. പരുഷവാക്കുകൾകൊണ്ടുപ്രയാസപ്പെടുത്തും. ശരീരസുഖം കുറയും രക്തത്തിന്റെ കുറവുകയില്ല. ക്ഷമതമേൽക്കും.

പുണർതം—ഭരണീയത്നമായി ഇടക്കാലത്തുണ്ടായ അസംതൃപ്തി നീങ്ങും. പ്രതീക്ഷയ്ക്കു വിരുദ്ധമായ ഫലനമുണ്ടാകും. പ്രയോജനത്തിനുതകുന്ന മാറ്റങ്ങൾ ദൃശ്യപ്പെടും. കുറച്ചെല്ലാം അശ്രദ്ധവ്യയം ഉള്ളകാലമാണ്. ഒരു പരിഭ്രമം ജനിക്കും. സന്താനസുഖം കാംക്ഷിക്കും.

പൂയം—നഷ്ടങ്ങൾക്കു പരിഹാരമുണ്ടാകും. പൂർവ്വവിരോധംമറന്നു വേണ്ടപ്പെട്ടവരെ സഹായിക്കും. തെറ്റിദ്ധാരണമാറും. പൊതുജനപ്രീതിയാർജ്ജിക്കും. ലക്ഷ്യപ്രാപ്തിക്കുവേണ്ടി പല ക്ലേശങ്ങളും സഹിക്കും. കാര്യസാദ്ധ്യതയ്ക്കുവേണ്ടി ചിലതെല്ലാം മറച്ചുമറന്നും മുൻപോട്ടുനീങ്ങും.

ആയില്യം—ഗൗരവാവഹമായ കാര്യങ്ങളും നാലുപാടും ചുറ്റിച്ചുനോക്കിക്കൊണ്ടുനിൽക്കും. അധികാരഭ്രമവും ദുസ്വാതന്ത്ര്യവും അല്പം പിൻതിരിപ്പിനിടവരുത്തും. രാജകീയസഹായങ്ങൾക്കു അർഹനായിത്തീരും. ഏതുകാര്യവും ഹിതാനുസരണം നടത്തുവാൻ കഴിയുണ്ടാകും.

മകം—പ്രവർത്തനരംഗത്തു് വളരെ കുഴപ്പം സൃഷ്ടിക്കും. അധികൃതർ കാരണമായി കാര്യത്തിനു വിളംബമുണ്ടാകും. താനേ ചില അനർത്ഥങ്ങളും ഉണ്ടാക്കും. വിശ്വാസത്തിൽ അല്പം തകരാറുകൾകാണും. അഹിതകാര്യങ്ങൾക്കു വിധേയനാകും. മത്സരചിന്തയുദിക്കും.

പൂരം—ധനപരമായ പ്രയാസങ്ങളും നിങ്ങും. കുടുംബാതിക്കായുള്ള ഏർപ്പാടു പുരോഗമിക്കും. ആശകൾ നിറവേറുവാൻ തൽപ്പരകക്ഷികൾ സഹായിക്കും. ഏറാമൂട്ടുകളും കലഹവും ഉണ്ടാകും. പൊതുസ്ഥാപനത്തിനായി സഹായധനമദ്ധ്യസ്ഥിക്കും.

ഉത്രം—പണക്കുഴപ്പം പുരോഗതിയെ തടയും. ഇഷ്ടജനവിരഹവും വിപരീതചിന്താഗതിയും ഉദിക്കും. ഏകാന്തത ഇഷ്ടപ്പെടുകയും ചെയ്യും. അനർഹമായവിധം അഭ്യുദയമുണ്ടാകും. പുതിയ ചില കടപ്പാടുകളുടെനിഴലിൽ കഴിയും വിജയിപ്പിക്കും.

തിരുവോണം—പ്രധാനപ്പെട്ട കർത്തവ്യങ്ങൾ നിറവേറും. ശോഭനമായഭാവിക്കുള്ള പശ്ചാത്തലം സൃഷ്ടിക്കും. പ്രവർത്തനമണ്ഡലത്തിലെ തകരാറുകൾ കാണുവാൻകഴിയും. ശരീരസുഖവും ആരോഗ്യവും മേശപ്പെടും.


അവിട്ടം—ഗൃഹാന്തരീക്ഷം മനസ്സിനെ അലട്ടും. ഭ്രമംവർദ്ധിക്കും. മരുമക്കത്തായജേഷ്ഠികൾ പൂർത്തീകരിക്കും. പുതിയസ്ഥാനത്തെ സ്വാഗതംചെയ്യും. ചില പണി മുതലായവ പീഡിപ്പിക്കും. ദൃഢനിശ്ചയങ്ങൾക്കു ഹാനിതട്ടും.

ചതയം—പ്രവർത്തനസംബന്ധിയായി മനസ്സുനീറിക്കൊണ്ടിരിക്കും. നാനാവിധപ്രതിബന്ധങ്ങൾ വീക്ഷിച്ചു നിരാശനായി കഴിയും. ഗൃഹസംബന്ധമായും കുഴപ്പംകൂട്ടും. ഉപദ്രവകരമായകൂട്ടുകെട്ടുകൾ വലയം ചെയ്യും. സൈ്വരക്കേടുകാണും.

പൂരുരുട്ടാതി ഏതുകാര്യവും ഉദ്ദേശിക്കുന്നപോലെ കൊണ്ടുപോകാൻ കഴിയും. അഭിലഷിതഫലം സിദ്ധിക്കും നവീനതയിലേക്കു മനസ്സുപതിക്കും. പുതിയസ്ഥാനമോ ഭാഗ്യപുഷ്ടിയോ ആശിക്കാം. സംതൃപ്തിയുണ്ടാകും.

ഉത്തൃട്ടാതി—നയത്തിൽകൂടി ഏതുകാര്യവുംസാധിക്കും. ഉദ്ദേശപ്രാപ്തിക്കുള്ള വഴികൾ സൃഷ്ടിക്കും. സ്വന്തംജനങ്ങളിൽനിന്നും ചില ദുഃഖങ്ങൾ ഉണ്ടാകും. അന്യചുമതലകൂടി ഏറ്റെടുത്തുവിഷമിക്കും. ശ്രദ്ധാഭംഗം കോപിക്കും.

രേവതി—ആത്മാർത്ഥമായി പ്രവർത്തിച്ചാലും മറുള്ളവർ പഴിക്കും. ലാഭം തൽക്കാലം കുറയും. വ്യയം കൂടും. ബുദ്ധിമോശംകൊണ്ടു് ചില ദുഃഖങ്ങൾ ഉണ്ടാകും. പുരോഗതിയെ തടയുന്നകാര്യങ്ങളിൽ പ്രവേശിക്കും.



"ലോകത്തിൽകാണുന്ന അവതാരങ്ങളെല്ലാം ഒരേഈശ്വരൻതന്നെ. അദ്ദേഹം ബ്രഹ്മമാകുന്ന സമുദ്രത്തിൽ മുങ്ങി ഒരിടത്തു പൊങ്ങുമ്പോൾ കൃഷ്ണൻ എന്നും, പിന്നേയും മുങ്ങി വേറൊരിടത്തു പൊങ്ങുമ്പോൾ ക്രിസ്തു എന്നും വിളിക്കപ്പെടുന്നു."

4—5

അവതാരപുരുഷരെ അറിയുന്നതു് വളരെ പ്രയാസമാണ്. നിശ്ചലവും അഖണ്ഡവുമായ വസ്തു ചഞ്ചലവും ഖണ്ഡവുമായ ഭാവത്തിൽ ഒതുങ്ങിയിരിക്കുന്നതിനു തുല്യമാണ് അവരുടെ ജീവിതം.

ശ്രീരാമകൃഷ്ണദേവൻ

ചെറുകഥ

ചോറുകല്ലും മാലമുത്തും

— മാണിക്കോത്ത് നാരായണൻ, കക്കാട് —

സിരാവ്യൂഹംപോലെ വലിഞ്ഞുകയറുന്ന നിരത്തുകളുടെ വളയത്തിൽ, ആ പട്ടണത്തിലെ ഏടയം പോലെ വിസ്തീർണ്ണമായൊരു മൈതാനം തളർന്നുകിടക്കുന്നു! ജനത്തിരക്കുള്ള പട്ടണമാണ്. അസംഖ്യം ആളുകൾ ദിവസേന വന്നുംപോയുംകൊണ്ടിരിക്കുന്ന, എപ്പോഴും അവിടെ തിക്കും തിരക്കുമാണ്. ആ വീർപ്പുമുട്ടിക്കുന്ന ആരവാന്തരീക്ഷത്തിൽനിന്നു അവിടെയുള്ളവർക്ക് അല്പമൊരാശ്വാസം കൊടുത്തിരുന്നതു് ആ മൈതാനം മാത്രമായിരുന്നു! വൈകുന്നേരമായാൽ പരിക്ഷിണരായ ജനങ്ങൾ അവിടവിടെയുള്ള കരുത്ത പാറത്തലയ്ക്കലിരുന്നു കാറ്റുകൊള്ളുകയും, സിനിമക്കൊട്ടകയിൽനിന്നലയടിക്കുന്നമധുരഗാനങ്ങൾകേട്ടു മതിമറന്നാസ്വദിക്കുകയും ആനന്ദിക്കുകയും ചെയ്യും. മൈതാനത്തിന്റെ പടിഞ്ഞാറെ അറ്റത്തുവെച്ച പല വിശേഷങ്ങളും സാധാരണമാണെന്നു പ്രത്യേകിച്ചു പറയേണ്ടതുണ്ട്. ആ പ്രദേശങ്ങളിൽ പല അന്യദേശക്കാരും വന്നു കയ്യേറിക്കൂടിപാർത്തിരിക്കയാണ്; വിശക്കുന്ന അശരണികളും, നരകിക്കുന്ന അനാഥന്മാരും! അവർക്ക് പ്രത്യേകിച്ചൊരിടമൊന്നുമില്ല; പ്രത്യേകിച്ചൊരു വീടെന്നുമില്ല ഉറ്റവരും, ഉടയവരുമില്ലാത്തവരാണവർ! ഇന്നിവിടെ തെണ്ടിത്തിരയും; നാളെ മറ്റൊരിടത്തു്; മറ്റന്നാൾ വേറൊരിടത്തു്; അവരുടെ ഗതി അതാണു്; അവരുടെ പതിവതാണു്; അവരുടെ വിധി അതാണു്! അവരിൽ അധികപേരും പുണ്ണുപിടിച്ചു് കോലംകെട്ടവരും, വിശന്നൊരിഞ്ഞു വാവിട്ടു നിലവിളിക്കുന്നവരും, വസ്ത്രമില്ലാതെ നാണംകെട്ടവരും, മണ്ണിൽക്കിടന്നുതന്നെ പിടച്ചുപിടച്ചു മരിക്കുന്നവരുമാണ്! എപ്പോഴും അവിടെ മരണത്തിന്റെ ദീനരോദനവും, രോഗത്തിന്റെ മരണവെപ്രാളവുമാണ്. ചുരുക്കത്തിൽ, പ്രകൃതിയുടെ കടപിടിച്ചുപോലെ പറന്നകിടക്കുന്ന ആ മരങ്ങളുടെ ചുവടുകളിൽ അവരൊരുതരം നരകംതന്നെ സൃഷ്ടിച്ചിരുന്നു"……!

അല്പം അകന്നു പല വിനോദോപാധികളും കാണാം; വയറുപിഴപ്പിനുള്ള പലവിധം ഉപായോപായങ്ങളും! ഗുസ്തി, മെസ്മറിസ്സം, നൃത്തം, സംഗീതം എന്നിങ്ങനെയുള്ള ഒരു നൂറുകൂട്ടം ചൊട്ടലൊട്ടക്കേപ്പാട്ടുകളും. അതിലൊക്കെ വിദഗ്ദ്ധന്മാർ കാബൂളിവാലകളും, അഭ്യാസികളുമാണ്. അവരുടെ തലകുത്തിമറിയൽ കാണാൻതന്നെ ഒരുപാടാളുകളും അവിടെയുണ്ടു തടിച്ചുകൂടും. ചിലർ ലേക്ഷകരെ ചിരിപ്പിച്ചു മണ്ണുകപ്പിക്കും; അതോടൊപ്പം ഒരോരോളെക്കൊണ്ടും അവരവരുടെ കീശകളിൽ കയ്യിട്ടുതപ്പിക്കുകയും……

മണിമാൻ ദിവസേന രാവിലെ പുറപ്പെട്ടു, വിശ്വാസംഹരിക്കുന്ന കണ്ണുകളും, വിവേകമൂറുന്ന ആലോചനകളുമായി, ആ കിഴവൻ! അയാളും പട്ടണം മുഴുവൻ ചുറ്റിത്തിരയും, പലതുംകാണും, പലതുംകേൾക്കും. വളരെ ദയാലുവായിരുന്നു അയാൾ. ദീനജനങ്ങളെക്കണ്ടപ്പോൾ ആ വല്ലാത്ത വിശ്വാസത്തകർച്ച അയാളുടെ ചുളിവുപുരണ്ടമുഖത്തിൽ കൂട്ടത്തൽ സങ്കടങ്ങളും കുത്തിക്കുറിക്കും. പിഞ്ചുപൈതങ്ങളോടുള്ള അയാളുടെ മമതയ്ക്കു പുത്രനിർവിശേഷമായ ഒരുവിധം പ്രതീതിയാണണ്ടായിരുന്നതു്. ഏതൊരു ഓടക്കിടാവിനെപ്പോഴും കണ്ടാൽ അയാളുടൻ ഓടിച്ചെന്നു വാരിയെടുത്തോമനിക്കും, കുശലങ്ങളന്വേഷിക്കും, കൂടൽക്കുക്കി ഇക്കിളിപ്പെടുത്തും, ചിരിപ്പിക്കും; ഒപ്പം അയാളും ഒരു ഭ്രാന്തനെപ്പോലെ പൊട്ടിച്ചിരിക്കും! കുട്ടികളം അയാളെക്കണ്ടാലോ! ഉടൻ ഓടിയടുക്കയായി, പിടിച്ചുവലിക്കയായി, കൈക്കുപിടിച്ചു് മർക്കടകുകയായി, അങ്ങനെ എന്തും, ഏതുമായി; അയാളം അവരുടെ സ്വന്തമായ്ഴിഞ്ഞു! അയാളം അവക്കുവേണ്ടി പാട്ടുപാടും; നല്ലനല്ല കഥകളം പറയും; സുദീർഘങ്ങളെങ്കിലും സദുപദേശങ്ങളുംകൊള്ളുന്ന പ്രസംഗങ്ങളും നടത്തും. എന്തിനു പറയുന്നു, കുട്ടികളംകൂടെ അയാളൊരു ത്സവമാണ്. കുട്ടികളോ? അയാളം ക്കൊരാശ്വാസവും ആനന്ദദായകവും!

അന്നു കാലത്തുതന്നെ ആ മൈതാനത്തിലുള്ള മരത്തണലിൽനിന്നു ഹൃദയഹാരിയായ ഒരു സംഗീതസ്വരം, ചിലങ്കനിസ്വനവും മന്ദ്രധ്വനിയായൊരു മാരകഗീതംകണക്കെ ശീതമരുതനെ തഴുകിപ്പുണർന്നുകൊണ്ടൊഴുകിക്കൊണ്ടിരുന്നു. ഒട്ടനേകം ആളുകളപ്പോൾ അവിടെ വട്ടംകൂടിയിരുന്നു. അവരെയാകമാനം പൂകടാക്ഷത്തണിയിച്ചുകൊണ്ടു ഒരു കൊച്ചു പെൺകിടാവു് മെച്ചമായി നൃത്തം വെച്ചുകൊണ്ടിരുന്നു. അവൾക്കു് ഏറിവന്നാൽ ഒരൊൻപതുവയസ്സു് പ്രായംകാണും. ആ കോമളാംഗി അങ്ങനെ അയസ്സോശൈമനേ ആടുകയാണു്, തന്നത്താൻ മതിമറന്നുകൊണ്ടു്. അവളുടെ അച്ഛനാണെന്നതോന്നുന്നു, ഒരാൾ—വയസ്സുതോന്നുന്നുണ്ടു്—ആവേശപൂർവ്വം ആ ശ്രുതിയോടുകൂടി തപ്പുംപിടിച്ചുകൊണ്ടിരിക്കുന്നു.

പച്ചയും, മഞ്ഞയും നിറമാർന്ന പട്ടുവസ്ത്രങ്ങളും കലാകോമളമായ വസ്ത്രാലംകാരവുമണിഞ്ഞിരുന്നു. അവൾ കമനീയമായണിഞ്ഞിരുന്നു. ആ തിളങ്ങുന്ന രണ്ടുകണ്ണുകൾ; അതു്, തെളിഞ്ഞു നിർമ്മലമായ നീലാകാശത്തിലെ ഒളിച്ചിമ്മിത്തിളങ്ങുന്ന രണ്ടു കൊച്ചുനക്ഷത്രങ്ങൾപോലെ മിന്നിപ്രകാശിച്ചുകൊണ്ടിരുന്നു. ആ കൺമിഴികളുടെ ചലനമെപ്പോഴുമവളുടെ ലോലലോലമായ പൂവൽമെയ്യുലഞ്ഞുകൊണ്ടിരുന്നു; തന്മേൽത്തന്നെയുള്ള കൈകളുയർത്തിപ്പിടിച്ചുള്ള നൃത്തം കണ്ടുകൊണ്ടിരുന്നു; പഞ്ഞിത്തിരിപോലുള്ള കൈവിരലുകളും ഇളകിക്കൊണ്ടിരുന്നു. അവളുടെ ആ കണ്ണുവെട്ടിക്കൽ, ആ തല കുലുക്കൽ, ആ ചുണ്ടുവിടർത്തൽ, ആ കൈവിരിപ്പിക്കൽ… എന്തൊരു ചന്തമാണാ നൃത്തകല കാണുവാൻ? അവൾ സർവ്വലോകത്തുയരാൻപോകുന്ന ഒരുസ്സൂപ്പർസ്റ്റാറാണോ-!

അവൾ പട്ടണത്തിലെത്തിയിട്ടു് ദിവസം മൂന്നുമാത്രമേ ആയിട്ടുള്ളൂ. അപ്പൊഴേയ്ക്കും പുരവാസികളുടെ സഹതാപഹൃദയം ഹഠാദാകർഷിച്ചുകഴിഞ്ഞിരുന്നു. അവൾ മുക്കിലും മൂലയിലും, ഏണിലും, കോണിലും തങ്ങളുടെ പ്രദർശനം നടത്തി. കൊള്ളാവുന്നവരിൽനിന്നു പ്രശംസാശംസകളും സ്വീകരിക്കുകയും, പലരിൽനിന്നും സമ്മാനപ്പണങ്ങളും കരസ്ഥമാക്കുകയുംചെയ്തിരുന്നു.

അന്നും ആ കൊച്ചുകുട്ടി ചരടഴിഞ്ഞൊരു നിഷ്പ്രഭംപോലെ ആലോലവായുവിൽ ആടിക്കൊണ്ടിരുന്നു. അതിനു താളംപിടിച്ചുകൊണ്ടെന്നപോലെ, നിലത്തുവിരിച്ചിരുന്ന വെള്ളത്തുണിയിൽ ഒട്ടുമുക്കാലും വെള്ളിപ്പണങ്ങളും അണിഞ്ഞുനിന്നുകൊണ്ടിരുന്നു. മധുരമനോഹരമായ മന്ദസ്മേരനിമിഷങ്ങളും അറിയാതെഴുക്കഴിഞ്ഞുപോയി. അവൾ നിശ്ചലയായി. കണ്ണുകളും ചുറുചുറുമുള്ള കാണികളിൽമന്ദമായൊട്ടുതത്തിക്കളിച്ചു. പേരാരിക്കുശേഷം പ്രത്യക്ഷമായ കൊച്ചുസൂര്യനെപ്പോലെ അവൾ വെട്ടിത്തിളങ്ങുകയാണു്!

പക്ഷെ ആ അനിവാര്യതയധികനേരത്തേയ്ക്കു് നിലനിന്നില്ല. ആനന്തരിലൊരാൾ ആൾക്കൂട്ടത്തിൽനിന്നു തിക്കിത്തിരക്കി മുന്നിലേയ്ക്കു ഞെരിങ്ങി, അവളെ വാരിപ്പുണർന്നു് മാറോടണച്ചു! കാണികളം അത്ഭുതമൂകരായി മിഴിച്ചുനിന്നു! അയാളുടെ ചുണ്ടു് വിറച്ചുകൊണ്ടിരുന്നു, പക്ഷെ ഒച്ച പുറത്തുവന്നിരുന്നില്ല. അയാളുടെ കണ്ണുകളിൽനിന്നു കണ്ണുനീർ പ്രവഹിച്ചുകൊണ്ടിരുന്നു. വിവരമറിയാതെ ആ പിഞ്ചുപൈതൽ വിറച്ചുവിണ്ടാളിച്ചുപോയി. അവളം അയാളുടെ കിഴവന്റെ കണ്ണുകളിലേയ്ക്കുതന്നെ ഉറ്റുനോക്കിക്കൊണ്ടിരുന്നു, ഭയവിചാരിച്ചു വിട്ടയയ്ക്കുണമേ എന്നു പ്രാർത്ഥിക്കുംപോലെ……

ചില നിമിഷങ്ങൾക്കുശേഷം ആ മനുഷ്യൻ തന്റെ കീശയിൽനിന്നു എന്തൊരുന്നു പ്രയാസപ്പെട്ടു വെളിയിലെടുത്തു; അവളുടെ കാലിലലങ്കരിച്ചു; ഒരുജോടി തങ്കച്ചിലങ്കയായിരുന്നു അതു്! എന്നിട്ടു്, നിറഞ്ഞ നേത്രങ്ങളുയർത്തി സംവിധാതാരോടു് പതുക്കെപ്പതുക്കെ ഇടറിപ്പറഞ്ഞു — "സ്നേഹിതന്മാരെ, എനിക്കും ഇവളെപ്പോലെ ഏതുമനോഹരിയായ ഒരു കൊച്ചുമോളുണ്ടായിരുന്നു. അവളെ ഞാൻ വളരെയധികം സ്നേഹിച്ചുവളർത്തി; എന്റെ ജീവനിലും ജീവനായി. പക്ഷെ " അയാളം കൂടക്കൂടെ കണ്ണുനീരൊഴുക്കി കരഞ്ഞുകൊണ്ടിരുന്നു, ഒരു കൊച്ചുകുട്ടിയെപ്പോലെ. കുറച്ചുകഴിഞ്ഞപ്പോളം അയാൾ വീണ്ടും പറഞ്ഞു: "അവളം മരിച്ചുപോയി. സ്നേഹിതന്മാരെ, എന്നെയവളം എന്നെന്നേയ്ക്കുമായി വേർപിരിഞ്ഞു. എന്റെ പൊന്നുമോളെ …. എന്റെ കരൾപോലെയുള്ള എന്റെ ഏകമകളം……അവളം കണ്ടുനിൽപ്പാനും അവൾക്കു് ഇതേ പ്രായമായിരുന്നു; ഇതേനിറം, ഇതേ ഉയരം……" സങ്കടമടക്കാനാവാതെ അയാളം പൊട്ടിക്കരഞ്ഞു; അങ്കുരതലത്തിലമർന്നിരുന്ന കുട്ടിയെ കെട്ടിപ്പിടിച്ചു് അയാളം ഭയനീയമായി വാവിട്ടു കരഞ്ഞു. അതുകണ്ടപ്പോൾ ആ കുട്ടി കരഞ്ഞു; അവളുടെ അച്ഛൻ കരഞ്ഞു; അടുത്തുനിന്നിരുന്നവരുടെ കണ്ണുകളിൽനിന്നും നീർക്കണങ്ങളം അറിയാതങ്ങനെ വാർന്നാറിക്കൊണ്ടിരുന്നു……

അക്കൻ അഗ്നിയെഴുക്കിക്കൊണ്ടെരിഞ്ഞുയർന്നു. ആളുകളം ഒന്നൊന്നായി മാറിയെഴിഞ്ഞു. കെട്ടിപ്പിടിച്ചിരുന്ന കുട്ടിയേയുമെടുത്തു ആ അഭ്രഭൂതപൂരുഷൻ അടിവെച്ചുനടന്നു, ജഭ്രാന്തനെപ്പോലെ, തലതാഴ്ത്തിച്ചിന്തിച്ചുകൊണ്ടു്! പാവം, ഒന്നുമറിയാത്ത ആ പിതാവും സന്തുഷ്ടം അയാളെ അനുഗമിച്ചു.

മണിലാലെന്ന പേരായ ആ കിഴവൻ പ്രസിദ്ധനായ ഒരു വസ്ത്രകുപ്രമാണിയായിരുന്നു. സ്വദേശം കുറച്ചു ദൂരെയാണ്. അയാളുടെ ഭാര്യ ആദ്യപ്രസവത്തിൽതന്നെ മരിച്ചുപോയിരുന്നു. ഒമ്പതുവർഷം കഴിഞ്ഞപ്പോളം അയാളുടെ ആ ഒരമനക്കിടാവും വേർപിരിഞ്ഞു. അങ്ങനെ ആനന്ദത്തിന്റെ ക്രൂരടഞ്ഞു നൈരാശ്യത്തിന്റെ നടുവയൻ. അന്തമില്ലാത്തെ ആധിയിലാണ്ടു് അയാൾക്ക വല്ലാത്ത വ്യാധിപിടിച്ചു. കീറിമുറിഞ്ഞ ഹൃദയത്തോടെ അയാളം സ്വരാജ്യംവിട്ടു ദേശാടനത്തിനൊരുങ്ങി. അതിൽപിന്നെ അയാളം എപ്പോഴെങ്കിലുമാണ് സ്വദേശത്തേക്കു തിരിക്ക

കു, ഓമനമകളുടെ മണംപൂരുന്ന മണ്ണിൽവീണ കരയുവാനും, പ്രാണപ്രേയസിയുടെ ശവകുടീരത്തിനുമുമ്പിൽ കയിട്ടുവാനും അയാൾ ഒരാൾ മാത്രമായിത്തു തന്റെ കൈവശം സൂക്ഷിച്ചുവച്ചിരുന്നു, തന്റെ ഹൃദയത്തെപ്പിളർത്തിത്തുടങ്ങുന്ന മധുരസ്മരണകൾപോലെ, സ-ശിശുവായ തന്റെ ഒരുജോടി തങ്കച്ചിലങ്ക! അയാൾ അതൊരിക്കലും നിലത്തുവച്ചിരുന്നില്ല; ഒരുദിക്കുംതന്നെ കൈമാറിക്കൊടുത്തിരുന്നില്ല. എന്നാൽ, ഇപ്പോഴായാൾ അതു മറ്റൊരു മകൾക്കു സമ്മാനിച്ചുകഴിഞ്ഞു—!

മണിലാൽ വിക്ടോറിയഹോട്ടലിന്റെ രണ്ടാംനിലയിലെ തന്റെ മുന്നാംനമ്പർ മുറിയിൽകടന്നു നെടുതായൊന്നു നിശ്വസിച്ചു. കട്ടിലിന്റെ അപ്പുറം അയാളെ അനുഗമിച്ചു; അവർ കസേരകളിലിരുന്നു. ഒന്നും തന്നെ അവരന്യോന്യം മൊഴിയാടിയിരുന്നില്ല. മൂകഭീകരമായ നിഴലനിമിഷങ്ങൾ ഇഴഞ്ഞുപൊയ്ക്കൊണ്ടിരുന്നു.....

ഒട്ടു കഴിഞ്ഞപ്പോൾ ധൈര്യം സംഭരിച്ചിരുന്ന മൂകതയെപ്പിളർന്നുകൊണ്ടു മണിലാൽ പതുക്കെപ്പറഞ്ഞു. 'ബാബ്ബൂ, എനിക്കും ഒരു മകളുണ്ടായിരുന്നു ബാബ്ബൂ; ഓമനത്തം ഒട്ടുംതുല്യനില്ലാത്ത ഒരു കൊച്ചുമകൾ. പക്ഷേ അവൾ മരിച്ചുപോയി, പെട്ടെന്ന്. ഒരു പനി, ഒരു ചുമ, ഒരു പിടയ്ക്കൽ, ഒരലച്ച, മരിച്ചു'! അയാൾ വിളിയിക്കൊണ്ടിരുന്നു. പിന്നെയും എന്തെല്ലാമോ അയാൾ പുലമ്പിക്കൊണ്ടിരുന്നു. അരികത്തിരുന്നിരുന്ന ശങ്കരശബാബു നുത്തക്കാരിക്കുട്ടിയുടെ പിതാവു്—എന്തു വേണമെന്നറിയാതെ കുഴങ്ങിവശായി, അയാൾ തുറിച്ചുനോക്കിയിരുന്നു; സ്തൈര്യസുന്ദരമായ ധ്രുവപ്രദേശത്തെ മഞ്ഞുരുവംപോന്നിക്കുന്ന ഒരു ഹിമക്കട്ടപോലെ.....

"അതേ, ബാബ്ബൂ! ഇതു സത്യമാണ്: എനിക്കൊരോമനമകളുണ്ടായിരുന്നു. ഇതേരൂപം, ഇതേഭാവം, ഇതേനിറം—പക്ഷേ, അവൾ എന്നെ എന്നേയ്ക്കുമായി കൈവെടിഞ്ഞു ഇനിയവൾ തിരിച്ചുവരില്ല; ഇനിയവളെ ഈ ലോകത്തിൽ ഞാനിനിക്കാണുകില്ലാ.....'' മടിത്തട്ടിൽ പതുങ്ങിക്കൂടിയിരുന്ന കുട്ടിയെ കെട്ടിപ്പിടിച്ച് അയാൾ വീണ്ടും വീണ്ടും തെരുതെരെ ഉമ്മയുത്തു. അന്ധരപ്പുന്ന പൈതൽ എന്തെന്നില്ലാതെ പരുങ്ങിച്ചുങ്ങി ഒന്നുകൂടി അമന്നിരുന്നു.....!

"ഈശ്വരവിധി—" ശങ്കരശബാബു വളരെ പ്രയാസപ്പെട്ടാണ് അതുച്ചരിച്ചതു്. അയാൾ അതിവ പേടിച്ചവശയപോലെ അന്ധരന്റെ പോയിരുന്നു. ഉത്തരക്ഷണത്തിൽ പൊട്ടിത്തെറിച്ചേയ്ക്കുമോ എന്ന ശങ്കിച്ചിട്ടെന്നപോലെ

"ഈശ്വരവിധി; അതേ ബാബ്ബൂ, ഈശ്വരവിധി. അങ്ങനെ ഈശ്വരൻ അനുഗ്രഹിച്ചു. തങ്കമേ സന്തോഷിക്കു; തങ്കവും സുഖിക്കു.....'' ഈ വണമാത്രയിൽത്തന്നെ ശങ്കരശബാബു പൊട്ടെന്നൊന്നെ ഞെട്ടിത്തെറിച്ചു പോയി. "അയ്യോ! അയ്യോന്റെ ലാൽ, നിങ്ങളെന്തുപറയുന്നു! എനിയ്ക്കാനന്ദമോ; ലാൽ, എനിക്കു സന്തോഷമോ? എന്റെ ലാൽ. എനിക്കൊന്നുമില്ല. എനിക്കു സുഖമില്ല, എനിക്കാനന്ദമില്ല. ലാൽ എനിക്കാരുമല്ല. ഞാനും, ഈ മകളുംമാത്രം അയാൾ പിന്നിട്ടും ഒരു കാറ്റവാളിയെപ്പോലെ ഉടനെ പറഞ്ഞു: 'എന്റെ ലാൽ, തങ്കവും വസ്തുമറിയുന്നില്ല. നിങ്ങൾ പറയുന്നതിലൊന്നും നേരിന്റെ ലവലേശമില്ല. ഞങ്ങൾക്കു് എന്നെന്നും പട്ടിണിയും, പാട്ടുമായിരിക്കും

ഞങ്ങൾ തെണ്ടിത്തിരയുന്ന അശരികളാണ്. വല്ലതും കിട്ടിയെങ്കിൽ തിന്നും, അല്ലെങ്കിൽ പട്ടിണികിടക്കും. ഞങ്ങൾക്കു് രാക്കിടയ്ക്കുൾ വീടില്ല; വല്ല മരച്ചുവട്ടിലോ, പിടികത്തിണ്ണയിലോ രാത്രിയിൽ ഞങ്ങൾ വീണുകിടക്കും. അയ്യോ, എന്റെ കൊച്ചുമകൾ! രാത്രിയിൽ കൂളിരുസഹിയാതെ അവൾ വിളിച്ചുകരയും. പട്ടമെത്തയിൽ കൊട്ടാരക്കെട്ടിനുള്ളിൽ കിടന്നുറങ്ങുന്ന ഭാഗ്യമുള്ള കുട്ടികൾ.....'' അയാളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നുണ്ടായിരുന്നു. "എനിക്കിതെല്ലാം സഹിക്കാം; ഒന്നുമായും സഹിക്കുവയ്യ. ഈ എന്റെ മകൾ, അവളുടെ അമ്മയെ വിളിച്ചു കരയുന്നതു്; അതു കേൾക്കുമ്പോൾ എന്റെ ഹൃദയം ആകമാനം ഇടിഞ്ഞുതാഴും'' അയാൾ ആവേശത്തോടെ ഉറപ്പിച്ചുപറഞ്ഞു: 'ലാൽ, അവളൊരു രാക്ഷസിയായിരുന്നു; എന്റെ ഭാര്യ. അവളൊരു കൊടുംപാപിയായിരുന്നു; ഒരു കൊടുംവഞ്ചകി. ലാൽ അവളൊരു തേവിടിശ്ശിയായിരുന്നു; വെറും ദുരാത്മാവിപിടിച്ച ഒരു കൊടുംതേവിടിശ്ശി!'' മണിലാലിനു് ഇതെല്ലാം കേൾക്കുന്നതു്, ചെവിട്ടിൽ തിക്കൊള്ളികുത്തുന്ന തീവ്രവേദനയേട്ടും, ദയനീയഭാവത്തോട്ടുകൂടിയായിരുന്നു. ഓരോ വാചകം കേൾക്കുമ്പോഴും അയാളിൽ ഇരട്ടിച്ചിൽനിന്നു ഞെട്ടിക്കൊണ്ടിരുന്നു. ശങ്കരശബാബു കോപംകൊണ്ടു വിറച്ചും, താപംകൊണ്ടു തളർന്നും, എന്തൊക്കെയോ ചിന്തിച്ചുകൊണ്ടു് വീണ്ടും വീണ്ടും ഗർജ്ജിച്ചുകൊണ്ടിരുന്നു—"രാക്ഷസി, നീയെന്റെ കൊച്ചിനെച്ചതിച്ചില്ലേ! വഞ്ചകീ, നീയെന്നെയും, എന്റെ മോളെയും ക്രൂരമാംവിധം പറഞ്ഞില്ലേ! ഹാ, കൊടുംപാപീ; നരകത്തിൽപ്പോകുന്ന ദുഷ്ടേ.....ഹാ, നിന്റെ ഹൃദയം; വെറും തേവിടിശ്ശിമാരുടെ തഴമ്പിച്ച ഹൃദയം.....!"

സ്തംഭിച്ചുരണ്ടുപോയ ലാലിനു് ഒന്നുംതന്നെ തോന്നിയില്ല. വളരെക്കഴിഞ്ഞപ്പോൾ ഉറക്കമുണർന്ന പ്രതീതിയോടെ അയാൾ പറഞ്ഞു "ബാബ്ബൂ, തങ്കവും സ്വന്തം ഭാര്യയെ തേവിടിശ്ശിയെന്നും, രാക്ഷസിയെന്നും വിളിക്കുന്നോ! പ്രാണപ്രിയയെ, പിശാചെന്നും, വഞ്ചകിയെന്നും, നിർദ്ദയം വിളിക്കുന്നോ—! കഷ്ടം, കഷ്ടം...! എനിക്കിതൊന്നും കേൾക്കാൻവയ്യാ—! ഇതെല്ലാം പാപമാണ്; മഹാപാപം.....'


"ഹാ, പാപം; മഹാപാപം," ബാബ്ബുവിനു് അരിശംകയറി. "ലാൽജി നിങ്ങളെന്തറിഞ്ഞു—? നിങ്ങളെന്തറിഞ്ഞു—? നിങ്ങൾ മനുഷ്യനാണോ—? കാര്യമറിയാതെ എന്തെങ്കിലും പറകയാണ് നിങ്ങൾ. തീച്ചയെയും അവളൊരു വഞ്ചകിയാണ്, ഒരു തേവിടിശ്ശിയാണ്. അവളെന്നെയും, എന്റെ മകളെയും പൈശാചികമാംവിധം ചതിച്ചു. പറയാം, ആ പിശാചിന്റെ കഥ ഞാൻ നിങ്ങളോടുവേണ്ടി പറയാം.''

"...ലാൽ, ആ ശനിദശകെട്ട പെണ്ണിനെ ഞാൻ ചെറുപ്പത്തിൽതന്നെ സ്നേഹിച്ചുപോയി—ഹൃദയത്തിലുള്ളതുപോലെമായിരുന്നു എന്റേതു്. ഞാനവളെ ഒട്ടവിൽ വേളികഴിച്ചു! സ്വകാര്യമായി; അമ്മയച്ഛന്മാർ എത്രതന്നെ വിലക്കിയിട്ടും, എതുത്തിരുന്നിട്ടും. ഞങ്ങൾക്കു് സ്വരൂപവും വിടേണ്ടിവന്നു, പരിതഃസ്ഥിതിയുടെ സമ്മർദ്ദംകൊണ്ടു്. എന്നിട്ടു്, ഞാനവളെ നൃത്തവും സംഗീതവും പഠിപ്പിച്ചു. അവളും ഉയർന്നവന്നു. അവൾക്കു് പ്രസിദ്ധിയുണ്ടായി. അവളും വളരെയധികം മനോഹരിയായിരുന്നു. അവൾ അല്പകാലംകൊണ്ടു സുപ്രസിദ്ധയായ ഒരു നടിയായുയർന്നു; സിനിമാന്തരീക്ഷത്തിൽ മിന്നിത്തിളങ്ങുന്ന ഒരുത്തമതാരം. ഹാ, നടി—താരം—! നടിയുടെ പര്യായം തേവിടിശ്ശിയെന്നാണ് സാർ! നെറി ചൂഷിക്കുന്നോ—? ഇല്ല, ചുരുക്കിപ്പറയാം. ലാൽ എന്നിട്ടു്, ഒട്ടവിലവളൊരു വെള്ളക്കാരന്റെ കൂടെ ഒളിച്ചോടിപ്പോയി, അമേരിക്കയിലേക്കു് ഈ തങ്കക്കൊച്ചിനേയും ഇവിടെ ഇട്ടേറിഞ്ഞിട്ടു്! അവളുടെ ഹൃദയത്തിൽ മാതൃസഹജമായ മുലപ്പാലല്ലായിരുന്നു, ലാൽ; നിറയെ, മൂർക്കസിദ്ധമായ കരളുവിഷമായിരുന്നു, വെറും കരളുവിഷം.....''

അല്പനിമിഷത്തെ മൂകതയ്ക്കുശേഷം കണ്ണു തുടച്ചുകൊണ്ടു് അയാൾ ദയനീയമായിപ്പറഞ്ഞു: "അതിനിടയിൽ എന്റെ വാത്സല്യനിധികളായ അമ്മയും, അച്ഛനും ഈ ഏകമകനെക്കാണാതെ ആധിപിടിച്ചു് കണ്ണീരും കയ്യുമായി വ്യാധിപിടിച്ചു് എന്നെന്നേയ്ക്കുമായി കണ്ണടച്ചു. എന്റെ പൊന്നമ്മ; എന്റെ നല്ലച്ഛൻ: അവർ ജീവിച്ചിരുന്നതു് എനിക്കുവേണ്ടിയായിരുന്നു. ഞാൻ ജീവിച്ചിരുന്നതോ.....'

* * * *

പിറേന്നുകാലത്തു് മണലാരണ്യം നോക്കിയപ്പോൾ ശങ്കരശബാബുവിനേയോ 'കുമിനീബായി'യേയോ മുറിയിലെങ്ങും കാണാനുണ്ടായിരുന്നില്ല! പരിഭ്രാന്തനായ അയാൾ ജാലകപ്പഴുതിലൂടെ മുറവുപുറവും കണ്ണുകളയച്ചുശ്രദ്ധിച്ചപ്പോൾ അയാൾകണ്ടു, അങ്ങകലെ ആനന്ദഭരിതരായ ആറംകൂട്ടരും, അതിന്റെ



കിഴക്കെ ആഫ്രിക്കയെ സംബന്ധിച്ചുള്ള രാജകീയകമ്മിഷൻ അംഗങ്ങളും സംഘം സന്ദർശിച്ച വിവരങ്ങളും ഗ്രഹിക്കുന്നു. കീന്യയിലെ ന്യാൻസാപ്രൊവിൻസ് സന്ദർശിച്ച ജനങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, കൃഷിസമ്പത്തുകൾ മുതലായവയെപ്പറ്റി പഠനംനടത്തുന്നു. ഇടതുഅറ്റത്തുനിൽക്കുന്നതു് അലുക്ഷൻ സർ ഡ്യൂ ആണ്. തൊക്കെ ബ്രഹ്മസൈ ഭരണാധികാരി (ചീഫ്) ഫൊട്ടിയുമായി കമ്മിഷൻഅംഗങ്ങളും സംഭാഷണം നടത്തുന്നു.

നട്ടവിൽനിന്നു ആനന്ദനൃത്തമാടുന്ന കുട്ടിയേയും, അവളുടെ അച്ഛനേയും അവ്യക്തമധുരമായ ഒരു ചിലമ്പുശിഞ്ജിതം അടിച്ചൊഴുകിവരുന്ന കുളിരിളംകാറിൽ തുടിപ്പുചേർത്തുകൊണ്ടു മുഴങ്ങിക്കൊണ്ടിരുന്നു.....

അന്നു പുലർന്നുമുതൽ രാത്രിയിലെ മണിലാൽ അതീവ അസ്വസ്ഥനായിക്കാണപ്പെട്ടു. അയാളുടെമുഖം പതിവിലധികം മ്ലാനമായും, ദേഹം വളരെയധികം പരിക്ഷീണമായും ഇരുന്നു. അയാൾ ചിന്തിച്ചുകൊണ്ടേതന്നെ ഒരുവിധം നേരമിരുട്ടിച്ചു.

നേരം പുലർന്നു. ഗണേശബാബു, രാത്രിയിൽ ശയിച്ചിരുന്ന ആ മൈതാനമരച്ചുവട്ടിൽനിന്നും ഉറക്കമുണർന്നു; അയാൾ അമ്പരന്നുപോയി, വിളിച്ചുകരഞ്ഞു! ഉറങ്ങിക്കിടന്നിരുന്ന അയാളുടെ മകളെക്കണ്ടെന്നില്ല! അയാൾ വേവലാതിയിൽ ചുറ്റുപാടും ചാഞ്ചിത്തിരിഞ്ഞു; കാണ്മാനില്ല! എങ്ങും നിശ്ശൂന്യത, എങ്ങും ഭയപ്പെടുത്തുന്ന മൂകത! അയാൾ കരഞ്ഞുകൊണ്ടുതന്നെ ഉറക്കെയുറക്കെ വിളിച്ചുകൊണ്ടിരുന്നു, "കാമിനീബായ്യേ... എന്റെ കാമിനീബായ്യേ...നീ എവിടണപ്പാ...എന്റെ പൊന്നുമോൾ എവിടാണപ്പാ.....''

എന്നാൽ, ആരും ആ വിളികേട്ടില്ല. ആരുംതന്നെ ആ ആർത്തരോദനം ശ്രവിച്ചില്ല. ഒരാളും അയാൾക്കുത്തരംകൊടുത്തില്ല. അടുത്തുള്ളൊരു മരപ്പൊത്തിൽനിന്നു ഒരു നന്ത്യാർവട്ടം മാത്രം വിളിക്കുത്തരമെന്നപോലെ നിഷേധസ്വരത്തിൽ മൂളിക്കൊണ്ടിരുന്നു.

വിയോഗവ്യഥയാൽ നെഞ്ചുരഞ്ഞുപൊട്ടിക്കൊണ്ടു പാവപ്പെട്ട ഗണേശബാബു പട്ടണംമുഴുവൻ പരക്കംപാഞ്ഞു. ഒടുവിൽ കുറച്ചൊന്നാശ്വസിച്ചുകൊണ്ടു, വിക്ടോറിയാഹോട്ടലിൽ, മണിലാലിന്റെ മുറിയിലേയ്ക്കോടി. വാതിൽ ഭദ്രമായടച്ചിരുന്നു! ഹൃദയം പൊട്ടുമാറു് അയാളുറക്കെവിളിച്ചു, പക്ഷെ, ആരും ഉരിയാടിയില്ല—! മുറി തികച്ചും ശൂന്യമായിരുന്നു; ശവക്കുഴിയിലെ തികഞ്ഞ നിശ്ശബ്ദതയും, നിറഞ്ഞ കൂരിരുട്ടും!

II

മരച്ചുവട്ടിൽ സുഖനിദ്രകൊണ്ടിരുന്ന കുമാരി കാമിനീബായിയെയുംവഹിച്ചുകൊണ്ടു്, ഒരു കള്ളനെപ്പോലെ മണിലാൽ കടന്നുകളഞ്ഞതു് ആകാശത്തുറക്കമിളച്ചിരിക്കുന്ന നക്ഷത്രങ്ങളൊഴിച്ചു മറ്റാരും അറിഞ്ഞിരിക്കാൻതരമില്ല. നേരം വെള്ളകീറുന്നതിലുംമുമ്പെ അയാൾ ബല്ലാർഡം പിന്നിട്ടുകഴിഞ്ഞിരുന്നു. അയാൾക്കു് അടക്കവയ്യാത്ത ആനന്ദമുണ്ടായിരുന്നു, ഒരുപിതാവിന്റെ സങ്കടനിർഭരമായ ഹൃദയവേദനയെച്ചൊല്ലിയുള്ള കൊടുംകുണുങ്ങലായിരുന്നിട്ടും!

മണിലാൽ സ്വദേശത്തെത്തിയനിമിഷംതന്നെ കാമിനീബായിക്കു വേണ്ട സകല സുഖസൌകര്യങ്ങളും ശരിപ്പെടുത്തി. അവളെ അടുത്തുള്ളൊരു പള്ളിക്കൂടത്തിലയച്ചു. വിദ്വാംസ്മാരെവരുത്തി നൃത്തസംഗീതാദികളഭ്യസിപ്പിച്ചു. അവിസ്മരണീയമായ കർമ്മകുശലതയോടും, അനിതരസാധാരണമായ നിപുണവിചക്ഷണതയോടുംകൂടി അവനും അന്നുപാർച്ചയനും. മണിലാലിനു്, കാമിനീബായി എന്നാൽ സ്വന്തംപ്രാണനായിരുന്നു; അവനും മണിലാലെന്നുവെച്ചാൽ ഏകപുണ്യവും, വന്ദ്യപിതാവും, പ്രത്യക്ഷദൈവവും...!

വളരെയധികം കഴിയുന്നതിനുമുമ്പുതന്നെ കാമിനീബായി വിസ്മയനീയമാംവിധം പ്രശസ്തിയാർജ്ജിച്ചുകഴിഞ്ഞിരുന്നു. ഭാരതത്തിൽ അങ്ങോളമിങ്ങോളം കോളിളക്കംസൃഷ്ടിച്ചുകൊണ്ടു് അവൾ അഭിജ്ഞന്മാരായ കലാപ്രേമികളിൽനിന്നു നിസ്സീമമായ പ്രശംസാശംസകൾ സ്വീകരിച്ചു. എന്നുമാത്രമല്ല, ആ ഭാഗ്യാമത്തിനു് പാശ്ചാത്യരുപയ്യടനത്തിനുള്ള അപൂർവ്വവസരവും കരഗതമായി. വൃദ്ധനായ ഗണേശബാബുവിനു് മണിലാലും അവളെ അനുഗമിച്ചിരുന്നു. ഒരുവർഷത്തെ സുഖകരവും വിജയപൂരിതവുമായ പര്യടനാനന്തരം, വിശ്വപ്രശസ്തിയാർജ്ജിച്ചുകൊണ്ടു് ആ നാടുകോകിലം വിസ്മൃതമായ ഭാരതോദ്യാനത്തിലേയ്ക്കുതന്നെ വന്നെത്തി.

III

നൃത്തകലാരത്നം കാമിനീബായിയുടെ പിതാവായ ഗണേശബാബുവിന്റെ കാര്യമതുമറിയാതെ കുമാരിയെപ്പറ്റി പേറിക്കൊണ്ടു് ആ ശരപ്രാന്തത്തിൽ അലഞ്ഞുകൊണ്ടിരുന്ന ദിനരാത്രങ്ങൾ കഴിച്ചുപോന്നു. അയാൾ ഇതിനുമുമ്പുതന്നെ സ്വയംമരിച്ചേനെ, തന്റെ മകളുടെ ആ തങ്കച്ചിലങ്ക അയാളുടെ കൈവശം താലോലിച്ചുകൊണ്ടിരുന്നുവെങ്കിൽ.

* * *

കാമിനീബായിയുടെ വിവാഹം ആഡംബരപൂർവ്വം ആഘോഷിക്കുകയുണ്ടായി. വരൻ സുശീലനും, സുന്ദരനും മാത്രമല്ല, പ്രശസ്തനായ ഒരു സിനിമാനടനും, മികച്ചൊരുഡയറക്ടറുമായിരുന്നു.

അതിഥികൾ ഒഴുകിവന്നുകൊണ്ടിരുന്നു; ഉദ്യോഗസ്ഥന്മാരും, രാജ്യതന്ത്രജ്ഞന്മാരും, മതപുരോഹിതന്മാരും, മറ്റൊല്ലാവിധ കലാവിദഗ്ദ്ധന്മാരും, പത്രപ്രവർത്തകന്മാരും; അങ്ങനെ ആയിരക്കണക്കിനാളുകൾ. കസവുമിന്നുന്ന വിവാഹമണ്ഡപം ടിപടിപ്പിയാൽ വെട്ടിത്തിളങ്ങിക്കൊണ്ടിരുന്നു. പരിമളംതിളങ്ങുന്ന പരിസരാന്തരീക്ഷം നാദസ്വരവാദ്യോപകരണങ്ങൾ മുഖരിതമായ്ക്കൊണ്ടിരുന്നു.

മുഹൂർത്തമണഞ്ഞു; മുഖരിതമായ അന്തരീക്ഷം ഒട്ടൊന്നു ശാന്തമായി. മനോഹരമായ വിവാഹവേദിയിൽ ഒരപ്സരസ്സു് മന്ദംമന്ദം ഇറങ്ങിവന്നു! ആളുകൾ ആമോദപൂർവ്വം ശ്വാസമടക്കിപ്പിടിച്ചു. എല്ലാവരും ആ കോമനീയവിഗ്രഹത്തെ നിർന്നിമേഷരായി കടാക്ഷിച്ചുനിന്നു. പക്ഷെ വേണ്ടപ്പെട്ടയരുടെ മുഖത്തു് വല്ലാതൊരു സ്വസ്ഥത അപ്പോഴും വേലിയേറിക്കൊണ്ടിരുന്നു; വധുവിന്റെ വളർത്തുപിതാവായ മണിലാലിനെ എവിടെയുംകാണ്മാനില്ല!

പെട്ടെന്നൊരു ഹോർൺമുഴങ്ങി; സഭയിൽ ശബ്ദമയന്നു. ഒരു പിച്ചക്കാരൻ! ചെമ്പിച്ചതലമുടി, കീറിയ കുപ്പായം, മുഷിഞ്ഞതുണ്ടു്, നീണ്ടതാടി, വളഞ്ഞമീശ. ആകപ്പാടൊരു പേക്കോലം! ഒരു വൃദ്ധൻ. ഒരു പിച്ചക്കാരൻ.....! എല്ലാവരുടേയും കണ്ണുകളും അങ്ങോട്ടുപാഞ്ഞു. അതുമാത്രം, അയാളുടെ പിന്നിൽ മണിലാലും നടന്നുവരുന്നു—!

ആ വൃത്തികെട്ടമനുഷ്യൻ ആൾക്കൂട്ടത്തിലൂടെ തിക്കിത്തിരക്കി മുന്നോട്ടു നീങ്ങി. അത്ഭുതപ്പെട്ട സദസ്യർ ഒട്ടൊന്നു പിന്നോട്ടുമാറി! വൈദ്യുതശോഭാജ്വലിക്കുന്ന രണ്ടുജോടി കണ്ണുകളും അയാളുടെ മുഖത്തിൽ നെടിയിടയിൽ മിന്നിമറഞ്ഞു; ഒരു പെണ്ണിന്റെയും ഒരുണ്ണിനേറെയും.....

അയാളുടനെ എന്തോ ഒന്നു അരയിൽനിന്നുരിയെടുത്തു! അയാളേതോ പഴക്കംചെന്നിരുന്ന ഒരു സഞ്ചി! അതിൽനിന്നും അയാളെന്തോ വെളിക്കെടുത്തു, വെട്ടിത്തിളങ്ങുന്ന രണ്ടു തങ്കച്ചിലങ്ക! വധുവിന്റെ മുഖത്തുനോക്കി അയാളൊന്നുചിരിച്ചു; പൂർവ്വയൗവനകാലത്തിലെ നിർമ്മലമായ പുഞ്ചിരി. ആ ചിലങ്കകൾ അയാൾ വിറയ്ക്കുന്ന കൈകളാൽ അവളുടെ പാദപത്മങ്ങളിൽ ചാർത്തി. പുളകംകൊള്ളുന്ന പൊന്മുത്തിടിച്ചുലിംഗനംചെയ്യാൻ വെമ്പിമുതിരുന്ന ആ പുണ്യംചെയ്ത കാൽച്ചിലങ്കകൾ, പൂർവ്വയൗവനകാലത്തെയൊന്നെടുത്തിരിച്ചു. അവളുടെ ആ വൃദ്ധപിതാവു്, ആ വയ്യാവയ്യരുടെ ശിരസ്സുതൊട്ടൊന്നനുഗ്രഹിച്ചു. അവർ ആ അച്ഛന്റെ പാദംതൊട്ടു് നെറുകയിൽവെച്ചു. അയാളുടെ കണ്ണുകളിൽനിന്നു നിർമ്മലാശ്രുക്കൾ ഒഴുകിക്കൊണ്ടിരുന്നു. അവരുടെ നയനയുഗ്മങ്ങളും നല്ലവണ്ണം നനഞ്ഞുകൊണ്ടിരുന്നു.....

പിതാവിന്റെ നിർവ്വൃതിപൂണ്ട സുസ്സൂചിന്തകൾ സംഗീതയുടെ സുന്ദരസീമകളിൽ വിഹരിച്ചുനടന്നുകൊണ്ടിരിക്കെ, അയാൾ പരിസരത്തെപ്പാടെ മറന്നു. അയാളുടെ ആത്മാവു് നിത്യനിശാന്തതയിൽ വിലയം പ്രാപിച്ചുകൊണ്ടിരിക്കെ, വിതുമ്പിച്ചിരിച്ചൊരുതങ്കത്തിൽ അകപ്പുനിന്നയാൾ കൊണ്ടിരുന്നു. കൂടെ കീർത്തിക്കുരയുന്നൊരു തങ്കക്കിങ്കിണിയുടെ ദീനനിനാദവും.....!

ശ്രീരാമദേവൻ ഈ ലോകത്തിൽ അവതരിച്ചപ്പോൾ ഏഴു ജന്മികളും മാത്രമേ അദ്ദേഹം ഈശ്വരാവതാരമെന്നു് അറിഞ്ഞിരുന്നുള്ളൂ. ഈ ലോകത്തിൽ എപ്പോൾ ഈശ്വരൻ അവതരിച്ചാലും യഥാർത്ഥത്തിൽ അപൂർവ്വം ചിലർ മാത്രമേ അദ്ദേഹത്തിന്റെ ദൈവീകഭാവം അറിയുന്നുള്ളൂ.

ശ്രീരാമകൃഷ്ണദേവൻ

പട്ടത്താനം

— ഇളംകുളം പി. എൻ. കുഞ്ഞൻപിള്ള —

സംസ്കൃതകേന്ദ്രങ്ങളായി പരിലസിച്ചിരുന്ന നമ്മുടെ ക്ഷേത്രങ്ങളിൽ തന്നെയും കൊല്ലം ആദിശതകങ്ങളിൽ നിലവിലിരുന്ന ഒരു ഏർപ്പാടാണ് 'പട്ടത്താനം.' തേവടിച്ചി സ്ഥാനത്തിന്റെ എന്നപോലെ പട്ടത്താനത്തിന്റെയും ചരിത്രം ശരിയായി ഗ്രഹിച്ചിട്ടില്ലെങ്കിൽ പ്രാചീന മണിപ്രവാളകൃതികളിൽ പല ഭാഗങ്ങളിലും അത്ഥബോധമുണ്ടാകയില്ല. പട്ടത്താനമെന്ന് ഇപ്പോൾ പറയുന്നതു് കൊച്ചി രാജകുടുംബത്തിലേയും മറ്റും കാലധർമ്മം പ്രാപിച്ച തമ്പുരാക്കന്മാരുടെ തമ്പുരട്ടിമാർക്കും പുനർവിവാഹത്തിനുവേണ്ടി ഏതാനും ബ്രാഹ്മണരെ വിളിച്ചു സദ്യനടത്തി ഓരോ പണക്കഴിയും കൊടുത്തയയ്ക്കുന്ന പതിവിനെന്നേതോന്നുന്നു. കുടാതെ തുലാമാസംതോറും കോഴിക്കോട്ട തളിയിൽഅമ്പലത്തിൽവച്ചു നടത്തിവന്ന ശാസ്ത്രോത്സവത്തിൽ വിജയികളാകുന്നവർക്ക 51 പണംവീതമുള്ള 51 കിഴികളം സാമൂതിരിമാർ നൽകിയിരുന്നതിനും പട്ടത്താനമെന്ന പ്രയോഗിച്ചുകണ്ടിട്ടുണ്ട്. എന്നാൽ ഈ ലേഖനത്തിൽ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നതു് ഇമ്മാതിരിയുള്ള പട്ടത്താനങ്ങളെപ്പറ്റിയൊന്നുമല്ല.

അഞ്ചും ആറും ശതകങ്ങളിലെ മണിപ്രവാളകൃതികളിൽ പട്ടകൻ, പട്ടൻ, ചാത്തൻ ഈ പദങ്ങളും പല പ്രാവശ്യം കാണാൻ കഴിയുമല്ലോ.

"ഊണംകണ്ടെഴിപ്പോനാൽ
കാണലാംവാതിൻമാടമാ
'ചാത്തൻ'ണ്ടതിലേ തത്ര
ഒത്തിരിക്കൻറ 'പട്ടകം' "

കൊല്ലം 500-മാണ്ടോടുപ്പിച്ചുണ്ടായ'അനന്തപുരവർണ്ണനം' എന്ന കൃതിയിൽനിന്നാണ് ഈ വരികൾ. വലിയശാല ക്ഷേത്രത്തിൽ ചെല്ലുമ്പോൾ അവിടെ തേവടിച്ചികൾ, പട്ടകൾ, ചാത്തർ മുതലായവരെ കണ്ടെത്തുമെന്നും അവരെയെല്ലാം ഭക്തിപൂർവം നമസ്കരിക്കണമെന്നും പറയുന്നതാണ് സന്ദർഭം. കൊല്ലം 5-ാം ശതകത്തിന്റെ പൂർവാർത്തിൽ ഉണ്ടായിട്ടുള്ള ഉണ്ണിയച്ചീചരിതത്തിൽ ഒരു ഗന്ധർവയുവാവു് പുറക്കിഴാനാട്ട (വടക്കൻകോട്ടയം) തിരുനെല്ലിക്ഷേത്രസമീപമുള്ള തിരുമേത്തൂർ ക്ഷേത്രത്തിലെ തേവടിച്ചി ആയ ഉണ്ണിയച്ചിയെന്ന സതീരത്നത്തെ ഒന്നു കാണാൻ ആശിച്ച് ആ ക്ഷേത്രത്തിൽ എത്തി വിവരങ്ങളും ചോദിക്കുന്നതു് ഒരു ചട്ടനോടാണ്.

"ആരിപ്പോയവളരിലുമഴകിന
ശ്രുവിലാസം; ചാരണസിദ്ധ-
സുരസ്ത്രീണാമപി ചാതുരിയുമ്മമ
ചേതസ്സാരമൊക്കൊണ്ടുമു-
ടിച്ചുവളർന്ധ ഗന്ധർവ യുവാ
ചൊന്നതു കേട്ടിട്ടങ്ങൊരു ചട്ട-
നൊങ്ങിന കൗതുകമേവമുവാച"

എന്ന ഭാഗം നോക്കുക. ഇവിടെ ആറാമത്തെവരിയിൽ ഒടുവിലത്തെ അക്ഷരം താളിയോലഗ്രന്ഥത്തിൽ പൊടിഞ്ഞുപോയതുകൊണ്ട് ഇപ്പോഴും അച്ചടിച്ചിരിക്കുന്ന പുസ്തകത്തിൽ വിട്ടിരിക്കുകയാണ്. അക്കാലത്തെ പട്ടത്താനത്തിന്റെ ചരിത്രം ഗ്രഹിച്ചിരുന്നെങ്കിൽ ആ അക്ഷരം 'ട്ട' എന്നാണെന്ന നിഷ്പ്രയാസം മനസ്സിലാക്കാൻ കഴിയുമായിരുന്നു. അഞ്ചാംശതകത്തിന്റെ മദ്ധ്യാവസ്ഥത്തിലുണ്ടായ പ്രസിദ്ധപ്പെട്ടതായിട്ടില്ലാത്ത ഉണ്ണിച്ചിരുതേവീചരിതം എന്ന കൃതിയിൽ വള്ളുവനാട്ട ചൊവ്വരം ക്ഷേത്രത്തിലെ തേവടിച്ചി ആയ ഉണ്ണിച്ചിരുതേവിയുടെ 'കോയിൽ' അന്വേഷിച്ച് ഇന്ദ്രൻ അവിടെ എത്തുമ്പോഴും ചട്ടരെ കണ്ടെത്തുന്നതായി വർണ്ണിക്കുന്നുണ്ട്.

ഇങ്ങനെ ക്ഷേത്രങ്ങളെപ്പറ്റി പരാമർശിക്കുമ്പോഴെല്ലാം പട്ടകന്മാരെയും ചട്ടരേയുംകുറിച്ചു പറയുന്നതിനു കാരണമെന്തു്? ഈ പദങ്ങളുടെ അർത്ഥമെന്തു്? ചട്ടൻ, ചാത്തൻ ഈ പദങ്ങൾക്കു വിദ്യാർത്ഥി എന്നർത്ഥം. രണ്ടും ചാതുശബ്ദത്തിന്റെ തത്ഭവങ്ങളായി കൊല്ലം ആദിശതകങ്ങളിലെ ശാസനങ്ങളിൽ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. പട്ടൻ എന്നതിന്റെ അർത്ഥം സംസ്കൃതപണ്ഡിതനായ അദ്ധ്യാപകൻ എന്നാണ്. അതിന്റെ ബഹുവചനം I പട്ടകം. കൊല്ലം നാലാംശതകംവരെ സ്വതന്ത്രമായ ക്ഷേത്രങ്ങളോടനുബന്ധിച്ചുനടത്തിവന്ന തിരുവല്ലാ കോളേജ്, മൂഴിക്കുളം കോളേജ് മുതലായവയുടെ ചരിത്രം കലാകൗമുദി വിശേഷാൽപ്രതിയിൽ ഞാൻ എഴുതിയിരുന്നല്ലോ. ആ കോളേജുകളും നിലച്ചതിൽപിന്നീട് ത്രൈവണ്ണിക്ക് വിദ്യാഭ്യാസം ചെയ്യുന്നതിനും ശാസ്ത്രങ്ങളും ഉപനിഷത്തുകളും മുതലായവ ദിവസവും ക്ലിപ്തസമയങ്ങളിൽ പാരായണംചെയ്യും വ്യാഖ്യാനിച്ചും ജനങ്ങൾക്കു മതബോധം ഉളവാക്കുന്നതിനും ആയി പണ്ഡിതസാമ്പത്തികന്മാരെന്നു സർവസമ്മതി ലഭിച്ച ഏതാനും 'പട്ടകന്മാരെ' ക്ഷേത്രങ്ങളിൽതോറും നിയമിച്ചിരുന്നു. ഒരു പണ്ഡിതനു ലഭിക്കുന്ന അങ്ങേഅറ്റത്തെ ഈ ഉദ്യോഗത്തിനാണ് പട്ടത്താനമെന്ന അക്കാലത്തുപറഞ്ഞിരുന്നതു്. 'തളിയിൽതന്ത്രത്തിനും മറ്റും പിൽക്കാലത്തു് ആ പേരുണ്ടായതു കൊല്ലം ആദിശതകങ്ങളിൽ നടപ്പിലിരുന്ന മഹനീയമായ പട്ടത്താനത്തിന്റെ അനന്തരാവകാശികളെന്ന നിലയിലായിരിക്കാം.

കൊല്ലം രണ്ടാംശതകംമുതൽ തുടച്ചയായി പട്ടത്താനത്തെപ്പറ്റിയുള്ള പരാമർശങ്ങളും ശാസനങ്ങളിൽ കാണാൻകഴിഞ്ഞിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാം ക്ഷേത്രങ്ങളിലും മാവാരത പട്ടൻ തുടങ്ങി ഏതാനും പട്ടകളെ അക്കാലത്തു നിയമിച്ചിരുന്നു. മാവാ പട്ടത്താനങ്ങളില്ലാത്ത ചെറിയ ക്ഷേത്രങ്ങളിൽപോലും മാവാരതപട്ടത്താനം ഉണ്ടായിരുന്നുവെന്നാണ് തോന്നുന്നതു്. മഹാഭാരതം വായിച്ചും വ്യാഖ്യാനിച്ചും ജനങ്ങളെ മനസ്സിലാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ജോലി.

"കേടറീടും ഇണഗണനിധേ
ചാരുമാവാരതം കേ-
ട്ടോടിക്കൊണ്ടങ്ങഴകിലെഴുന-
ള്ളീടു സംഗ്രാമധീര"

എന്നു് ഉണ്ണുനീലിസന്ദേശത്തിൽ പറയുന്നതു് അടുത്തുള്ള ക്ഷേത്രങ്ങളിൽനിന്നു പ്രഭാതത്തിൽ കേൾക്കുന്ന മഹാഭാരതപാരായണത്തെപ്പറ്റിയാണ്. നിന്ദകരെ അഴിയുടെ തെക്കേകരയ്ക്കുണ്ടായിരുന്ന കരിപ്പുക്കളം കൊട്ടാരത്തിൽനിന്നു അതിരാവിലെ പദ്മനാഭപേരുമ്പോൾ അടുത്തുള്ള ക്ഷേത്രങ്ങളിൽ മഹാഭാരതം വായിക്കുന്നതു കേൾക്കുമെന്നാണ് സാരം. ആദിത്യവർമ്മൻ 'മഹാഭാരതം വായിപ്പിച്ചു കേട്ടു കൊണ്ടു് എഴുന്നള്ളുണമെന്ന അർത്ഥം പറവാൻ ഇടയായതു പ്രഭാതത്തിൽ ഇങ്ങനെയൊരു പതിവു് അക്കാലത്തു ക്ഷേത്രങ്ങളിലുണ്ടെന്നു ഗ്രഹിക്കുന്നതിനാൽ ആയിരിക്കാം. മാവാരതം എന്നു് ഇപ്പോൾ അച്ചടിച്ചിരിക്കുന്ന പുസ്തകങ്ങളിൽ കാണുന്നതു തെറ്റാണെങ്കിലും അന്നു സർവസാധാരണമായ മാവാരതത്തെ പമായിരിക്കും കവി ഉപയോഗിച്ചിട്ടുള്ളതു്. 'മാവാരതപട്ടത്താനം' യുധിഷ്ഠിരവിജയകർത്താവായ വാസുദേവന്റെ കാലത്തും കേരളത്തിൽ നടപ്പിലിരുന്നുവെന്നു് ഊഹിക്കത്തക്കവണ്ണം ചില സൂചനകളും ആ യമകകാവ്യത്തിൽ കാണുന്നുണ്ട്. അതിൽ പറയുന്ന 'പുരാണ പരമാചാര്യ'നായ 'ഭരതഗുരു' പരമേശ്വരൻ ഏതോ ക്ഷേത്രസ്ഥിതിലെ മഹാഭാരതഭട്ടനായിരുന്നുവെന്നു ഞാൻ ഊഹിക്കുന്നു. ഭാരതം, രു=ഭാരതാത്പാരഭേ ഷ്ടാ എന്നു് ഒരു വ്യാഖ്യാനത്തിലും ഭാരതഗുരു=ഭാരതഭട്ടൻ എന്നു് മറ്റൊരു വ്യാഖ്യാനത്തിലും നൽകിയിട്ടുള്ളതു ഈ ഊഹത്തിനു ബലം നൽകുന്നു. വാസുദേവന്റെ കാലം കൊല്ലം ഒന്നാംശതകമാണു്. 19-ാമാണ്ടു മുതൽ 60-ാമാണ്ടുവരെ മഹോദയപുരം തലസ്ഥാനമാക്കി കേരളം വാണിരുന്ന ചേരമാൻപെരുമാൾ കുലശേഖരനുശേഷവും കൊല്ലം 87-ാമാണ്ടുമുതൽ രാജ്യഭാരം ആരംഭിക്കുന്ന കോതരവിവർമ്മൻ മുമ്പും കേരളം വാണിരുന്ന രാമവർമ്മ കുലശേഖരന്റെ കാലത്താണ ഇളംകുളം ജീവിച്ചിരുന്നതു് കൊല്ലവർഷം 44-ാമാണ്ടു് (ശകവർഷം 791) കൊല്ലം സ്വദേശിയായ ശങ്കരനാരായണൻ I എഴുതിയ ലഘുഭാസ്കരീയ വ്യാഖ്യാനത്തിൽ യുവരാജാവായിരുന്ന രാമവർമ്മയെപ്പറ്റിയും സൂചിപ്പിക്കുന്നുണ്ട്.

ഇങ്ങനെ കൊല്ലം ഒന്നാംശതകത്തിൽതന്നെ പട്ടത്താനം എന്ന ഏർപ്പാടു നമ്മുടെ ക്ഷേത്രങ്ങളിൽ ഉണ്ടായിരുന്നുവെന്ന ഊഹിക്കുവാൻ ന്യായമുണ്ട്. രണ്ടാംശതകത്തിലെ ഒരു ശാസനത്തിൽ ക്ഷേത്രത്തിലെ ഭരണാധികാരം ഗ്രഹിക്കുന്നതിനു തെരഞ്ഞെടുക്കപ്പെട്ടിരുന്ന കമ്മിറ്റിയിലെ അംഗങ്ങളായ ഊരാളന്മാർ പട്ടത്താനത്തിനു മുമ്പിൽനിന്നെങ്കിലും കൈക്കൂലിവാങ്ങുന്നതായാൽ അവരെ ശിക്ഷിക്കുമെന്നു പറഞ്ഞിട്ടുള്ളതും അതിനു കുറേക്കാലം മുമ്പുതന്നെ ഈ ഏർപ്പാടു് ആരംഭിച്ചു കഴിഞ്ഞിരിക്കുമെന്നു വിചാരിക്കുവാൻ ഇടനൽകുന്നു.

I ശങ്കരനാരായണൻ മഹോദയപുരം നക്ഷത്രഭംഗ്യാവിന്റെ സൂപ്രണ്ടായിരുന്നുവെന്നു തോന്നുന്നു. ചരിത്രപരമായി ഏറ്റവും പ്രധാന്യം അർഹിക്കുന്ന ഈ ഗ്രന്ഥത്തെപ്പറ്റി 1122 ചിങ്ങം 31-ാംനു-യിലെ മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ ഞാൻ ഒരു ലേഖനം എഴുതിയിരുന്നു. തുടർന്നു അക്കൊല്ലം പാറ്റ്നായിൽവച്ചു കൂടിയ ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസിൽ ഒരു പ്രബന്ധം വായിക്കുകയും കേരളചരിത്രത്തിൽ അതിനുള്ള പ്രാധാന്യം അന്നു് ആഭ്യക്ഷം വഹിച്ചിരുന്ന ശ്രീ: നീലകണ്ഠശാസ്ത്രികൾ തുടങ്ങിയ ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ പെടുത്തുകയുംചെയ്തു. അന്നു യൂണിവേർസിറ്റി മാന്വസ്ക്രിപ്റ്റ് ലൈബ്രറിയുടെ ചാർജ്ജുവഹിച്ചിരുന്ന പ്രൊഫ: വി. എ. രാമസ്വാമിശാസ്ത്രികൾ ആ വിശിഷ്ടഗ്രന്ഥത്തിന്റെ കയ്യെഴുത്തുപ്രതി എനിക്കു തന്നതിനും എന്റെ അപേക്ഷ അനുസരിച്ചു് ഉടൻതന്നെ അതു അച്ചടിക്കാൻ ഏർപ്പാടുചെയ്തതിനും ഞാൻ അദ്ദേഹത്തോടു കൃതജ്ഞനാണ്. ഡോ: പി. കെ. നാരായണപിള്ളയുടെ അവതാരികയോടുകൂടി ഇപ്പോൾ അതു വെളിയിൽ വന്നിട്ടുണ്ട്. ചരിത്രാവേക്ഷകന്മാർ ഏവരും വായിച്ചിരിക്കേണ്ട ഒരു ഗ്രന്ഥമാണതു്.

I പട്ടകം എന്നരൂപം ദേവകം, ശിഷ്യകം എന്നിവപോലെ.

കലയും കമലയും

— മുത്തൂർ രാഘവൻനായർ —

(കേക)

കമല:—"ഞാനാണമനുഷ്യന്റെ ജീവിതേശ്വരി,ലോകം
നൂനമെൻകടാക്ഷത്താൽച്ചഞ്ചലം നിരന്തരം.
മറ്റെന്തുനേടീടട്ടെ മർത്യനെന്നാലെന്തി, ഞാൻ
പെറുകന്നാലോതിർന്ത ധന്യമാം തച്ചൈതന്യം!
ആലയംതോറും ഭിക്ഷാപാത്രവും പേറിച്ചില–
കോലങ്ങൾപരിപ്പതും ശാപത്തിൻ ഫലമത്രെ.
തീവ്രമാമദ്ധ്വാനത്താലെന്നെ യാരാരാധിപ്പൂ
ഞാൻ പരമപുരുഷന്റെ ന്യായത്തീർത്തിടുന്ന
വെൺകുളിർമണിമേട തിരുത്തുഞാൻ കൊടുക്കുന്നു;
ധാന്യസമൃദ്ധികളാൽപ്പൂത്തായം നിറയ്ക്കുന്നു;
പേശലംനറുമെത്തഞ്ഞാൻ നിവർത്തുന്നു; പങ്ക–
വീശിയും തലോടിയും താരാട്ടിയുറക്കുന്നു.
തപിട്ടെഴും വിഭ്രഷകംകൊണ്ടലങ്കരിക്കുന്നു;
പട്ടകളണിയിച്ചു മോടിയുമരുളുന്നു;
ഞാനാണമനുഷ്യന്റെ ജീവിതേശ്വരി,ലോകം
നൂനമെൻ കടാക്ഷത്താൽച്ചഞ്ചലം നിരന്തരം."

കല:—"ഭൗതികസമൃദ്ധികൾ നേടിയാലെന്തേ ? മർത്യ–
ചേതസ്സിനിമ്പംചേർക്കാൻ പാരിലിഞാനേയുള്ളൂ !
വിത്തവുമാരോഗ്യവും പൂർണ്ണമായ് സമ്പാദിച്ചു
മർത്യനംചരിക്കുന്ന മാമകപ്രസാദാത്മം
പുല്ലുമാടവും മണിമാളികയാക്കാൻ–മരു
ഭൂമിയുംപൂങ്കാവാക്കാൻ പാടവമെനിക്കുണ്ടു.
ഞാൻകനിഞ്ഞരുളുന്നകീർത്തിയും, പ്രതാപവും
പങ്കമറ്റതാണുള സാത്വികം സനാതനം
സൂക്ഷ്മമായാലോചിച്ചാൽ എൻകളിപ്പുകൂവാണീ
വിശ്വവും; – മൽച്ചൈതന്യം സർവ്വത്ര കാണാകുന്നു.
വല്ലികൾചൊരുകാറ്റത്താടിനിൽപ്പതും, മര–
ച്ചില്ലകൾതോറും പാറിപ്പക്ഷികൾ പാടുന്നതും;
താരകാലിപികളാൽ വിൺകടലാസ്സിൽ നീളെ–
ച്ചാരുകാവ്യങ്ങൾ ശരദ്രജനി കുറിപ്പതും;
ചക്രവാളത്തിൻ തങ്കച്ചുവരിൽച്ചൈഞ്ചായത്താൽ
ചിത്രരാജ്കം ഉഷസ്സന്ധ്യകൾ കുറിപ്പതും;
ഒക്കെയും മമാജ്ഞതൻഫലമാണി ബ്രഹ്മാണ്ഡ–
സൗധനിർമ്മിതിയിങ്കൽ മമകൗശല്യം കാണാം.
ഞാൻപിരിഞ്ഞാലോ മർത്യൻ കേവലംവനമൃഗം;
ഞാൻകടാക്ഷിച്ചാലവൻ ദേവനാണസംശയം;
സത്യസൗന്ദര്യത്തിന്റെ നിർമ്മലാവതാരം ഞാൻ
നിത്യസായൂജ്യത്തിന്റെ സാത്വികസ്വരൂപം ഞാൻ."

നം. ബുദ്ധജൈനമതങ്ങളുടെ നാശവും ഹിന്ദുമതത്തിന്റെ പുനരുദ്ധരണവും ജാതിക്ക യതൊരു പ്രാബല്യവുമില്ലാതിരുന്ന കേരളത്തിൽ ജാതിഭേദം ക്രമേണ വേരോടുന്നതും തുടർന്ന് നമ്പൂതിരിമാർ സർവ്വാധിപതികളായി തീരുന്നതും മാറും കൊല്ലം അതിശതകങ്ങളിലെ ശാസനങ്ങളിൽ കണ്ണോടിയിലെന്നപോലെ കാണാൻ കഴിയും. കേരളത്തിലെ പ്രധാനപ്പെട്ട ഭട്ടതികം ക്ഷേത്രങ്ങളും പണികഴിപ്പിക്കുന്നതും 'കായംസ്വമേനിവസ്സനം' 'നായടവല്ലും ചേകോനും' അതായ അയ്യപ്പനെ കൂടി മിക്ക ക്ഷേത്രങ്ങളിലും തെക്കുപടിഞ്ഞാറേമൂലയിൽ (ഒരു ശാസനത്തിൽ തെക്കുകിഴക്കെന്നു കാണുന്നു) പ്രതിഷ്ഠിച്ചു' 'അയ്യപ്പനെയൊരുമാൻ' എന്നൊരു പ്രത്യേകശൈലിക്കാരനെ ആക്കി പൂജിച്ചുതുടങ്ങുന്നതും ജനങ്ങളെ ക്ഷേത്രങ്ങളിലേക്കാകർഷിക്കുന്നതിനുവേണ്ടി നൃത്തഗാനകുശലകളും വിദുഷികളും സ്വഭവനങ്ങളിൽ ഉള്ളവരും ആയ സ്ത്രീകളെ തേവടിച്ചികളായി നിയമിക്കുന്നതും എല്ലാം കൊല്ലവർഷാരംഭത്തോടുകൂടിയാണ്. അതുകൊണ്ട് അക്കാലത്തിനടുത്തു പട്ടത്താനവും ആരംഭിച്ച എന്നു കൽപിക്കുന്നതായിരിക്കും ഏറ്റവും യുക്തമെന്നു തോന്നുന്നു.

പട്ടത്താനം നൽകിവന്നതു ക്ഷേത്രത്തിന്റെ ഭരണാധികാരം വഹിച്ചിരുന്ന ഊരാളരും മേൽക്കോയ്മസ്ഥാനം വഹിച്ചിരുന്ന രാജപ്രതിനിധി ആയ കോയിലധികാരിയും ചേന്നായിരുന്നു. കൊല്ലം 175-മുതൽ 275-വരെ ചേരരുമായിനടന്ന ടീർഘമായ യുദ്ധത്തിനിടയിൽ തെക്കെ ഇന്ത്യയിൽ ഏറ്റവും വലിയ പട്ടണമായിരുന്ന മഹോദയപുരം (തിരുവഞ്ചിക്കുളവും സമീപപ്രദേശങ്ങളും) നശിക്കയും കുലശേഖരപ്പെരുമാക്കന്മാരുടെ ഭരണം അവിടെ അവസാനിക്കയും ചെയ്തതിനുശേഷം മിക്കവാറും സ്വതന്ത്രന്മാരായിത്തീർന്ന നാടുവാഴികൾക്കായിത്തീർന്ന മേൽക്കോയ്മസ്ഥാനം. അതുകൊണ്ട് മൂന്നാംശതകത്തിനുശേഷം തേവടിച്ചിസ്ഥാനവും പട്ടത്താനവുമാർ നൽകുന്നതു ഊരാളരും അതതുനാട്ടിലെ രാജാക്കന്മാരുമാണ്. പട്ടത്താനം ലഭിക്കുന്നതിനുവേണ്ടി പണ്ഡിതന്മാരായ പല ഭട്ടന്മാരും ക്ഷേത്രങ്ങളിൽവന്നു പുരാണശാസ്ത്രാദികളെപ്പറ്റി വാദപ്രതിവാദം നടത്തി കഴിഞ്ഞുകൂടുക പതിവായിരുന്നു. അവർക്കും ക്ഷേത്രങ്ങളിൽനിന്നു ചില ആദായങ്ങളെല്ലാം ലഭിച്ചിരുന്നുവെന്നു കൊല്ലം മൂന്നാംശതകത്തിൽ തിരുവല്ലാക്ഷേത്രത്തിലെ പതിവിനെപ്പറ്റി രണ്ടു രേഖയിൽ 'മതിലകത്തകവക്കാണിച്ചിരിക്കും പട്ടകളോരോത്തക്കെക്കഴിച്ചെയ്തരി (നല്ല അരി) കൊടുപ്പിതു' എന്നു പറഞ്ഞിട്ടുള്ളതിൽനിന്നു തീർച്ചപ്പെട്ടതാണ്. ഇങ്ങനെ വളരെക്കാലം 'വക്കാണിച്ചു' 'വിപക്ഷാസിക'നെന്നും സർവ്വസമ്മതി ആർജ്ജിക്കുന്ന ഭട്ടന്മാർക്കു മാത്രമേ 'താനം' നൽകിയിരുന്നുള്ളൂ. "താനത്തിന്നായ്ത്തന്നേ ചുഴല
പ്പുക്ക സേവിച്ചുനിന്നെ
പ്പോമേ ഭട്ടാരണർ കിലവിപ
ക്ഷാസികഃ പൂജ്യപാദഃ"
എന്ന ഉണ്ണുനീലിസന്ദേശത്തിൽ സന്ദേശഹരനായ ആദിത്യവർമ്മൻ കൊല്ലത്തു പനങ്കാവിൽ കോട്ടയ്ക്കുള്ളിൽ വേണാട്ടരാജാക്കന്മാരുടെ കുടുംബപരദേവതയായ ഭദ്രകാളിയെ വന്ദിച്ചിട്ട് അതിനടുത്തുള്ള ആദിച്ചപുരം ക്ഷേത്രത്തിൽ (പട്ടത്താനം എന്ന സ്ഥലത്തുള്ള പട്ടത്തിക്കാവുക്ഷേത്രത്തിന്റെ സ്ഥാനത്തു് പണ്ടു് ഉണ്ടായിരുന്ന ശിവൻകോവിൽ?) എത്തുമ്പോൾ ഭട്ടാരണർ അദ്ദേഹത്തിനുചുറ്റും താനത്തിനായി കൂട്ടമെന്നു പറഞ്ഞിട്ടുള്ളതു് മുമ്പുപറഞ്ഞതുപോലെയുള്ള 'വക്കാണിച്ചിരിക്കും പട്ട'കളെ തന്നെത്തിന്നായിട്ടാണു് അവർ മേൽക്കോയ്മസ്ഥാനിയായ തൃപ്പൂപ്പൂർമൂപ്പിനെ സമീപിക്കുന്നതെന്നു സ്പഷ്ടമാക്കുവാൻ 'വിപക്ഷാസിക'മെന്നും 'പൂജ്യപാദ'മെന്നും ആയ 'ഭട്ടാരണർ' എന്നു പ്രത്യേകം പറയുകയും ചെയ്യുന്നു. താനമാണു് ദാനമല്ല ഇവിടെ ഉദ്ദേശിക്കുന്നതെന്നു താഴെപ്പറയുന്ന ഭാഗവുമായി താരതമ്യപ്പെടുത്തിയാൽ നിഷ്പ്രയാസം മനസ്സിലാക്കാം.

"ഉരുടിക്കുട്ടം ദേവിപരിക്ഷദേ
നിത്യദാനം വിധായ"

കരുപ്പുക്കുളം കൊട്ടാരത്തിൽനിന്നു പിറേറന്നുരാവിലെ പുറപ്പാടുമേളം മുറുകും തിങ്ങിക്കൂടാനിടയുള്ള ബ്രാഹ്മണസമൂഹത്തിനു ദാനംകൊടുക്കണമെന്നാണു് ഇവിടെ പറയുന്നതു്. അതു ദാനംതന്നെയാണു്; താനമല്ല. തിങ്ങിക്കൂടുന്നതു് 'വിപക്ഷാസിക'രും 'പൂജ്യപാദ'രുമായ 'ഭട്ടാരണ'രുമല്ല. കേവലം 'ദേവിപരിക്ഷദ്' എന്നേ പറഞ്ഞിട്ടുള്ളൂ.

ഊരാളർക്കെന്നപോലെ ചട്ടക്കാർക്കും ധാരാളം വസ്തുക്കൾ വിഭജിയായി ക്ഷേത്രങ്ങളിൽനിന്നു വിട്ടുകൊടുത്തിരുന്നു. 411-ലെ മണലിക്കര ശാസനത്തിലും 412-ലെ പത്മനാഭപുരം ശാസനത്തിലും മാറും പട്ടവിരുത്തിയെപ്പറ്റി പരാമർശിക്കുന്നതു ഉദാഹരണമായി ചൂണ്ടിക്കാണിക്കാം. എന്നാൽ അങ്ങനെ ഒരുവിഭാഗം ലാൻഡ്ഓണർമാരെയൽ എഴുതിയവരുടെ ദൃഷ്ടിയിൽ പെട്ടില്ലെന്നാണു തോന്നുന്നതു്. ചെങ്കോട്ടയിൽമാത്രമേ, ഭട്ടവിരുത്തി ഉള്ളതായി അവർക്കു ഗ്രഹിക്കാൻ കഴിഞ്ഞുള്ളൂ. ഊരാണ്മാവകാശംപോലെ പട്ടത്താനവും പാരമ്പര്യവഴിക്കായിത്തീർന്നപ്പോൾ സർവ്വം 'പരശുരാമഭൂമി'യായി തീർന്നപോലെയായിരിക്കണം ഇതിനുകാരണം. കൊല്ലം 900-മാണ്ടു് അടുപ്പിച്ചു് എഴുതിയ കേരളോത്പത്തിയിലും മാറും പറയുന്ന പരശുരാമകഥതന്നെ കൊല്ലം 4-ാംശതകാരംഭംവരെ കേരളത്തിലുണ്ടായിരുന്നില്ലെന്നുള്ളതിനു മുക്കുവാംശം മഹാകാവ്യം തെളിവാണു്. പരശുരാമകഥയെപ്പറ്റിയുള്ള ആദ്യത്തെ പരാമർശം എനിക്കു കാണാൻ കഴിഞ്ഞിട്ടുള്ളതു് കൊല്ലം 500-ാമാണ്ടോടുകൂടി ഉണ്ടായ ശുകസന്ദേശത്തിലാണെന്നുള്ളതു സന്ദർഭവശാൽ ഇവിടെക്കാണിച്ചുകൊള്ളട്ടെ.

ഊരാണ്മസ്ഥാനംപോലെ പട്ടത്താനവും കുടുംബപരമ്പര്യവഴിക്കായിത്തീർന്നതോടുകൂടി അതിന്റെ അധ്യയനവും ആരംഭിച്ചു എന്നുപറയാം, ക്ഷേത്രങ്ങളിൽനിന്നുള്ള അമിതാദായവും അവരുടെ സുഖലോലുപതയും ക്ഷേത്രപരിസരങ്ങളിലെ ജീവി

ഭട്ടസ്ഥാനമാണു പട്ടത്താനമെന്നു സ്പഷ്ടമാണല്ലോ. താനത്തെ ദാനമായി തെറ്റിദ്ധരിക്കാതിരിക്കാൻ ഭട്ടനമെന്നും താനമെന്നും പ്രത്യേകം തന്നെ എഴുതിവന്നു.



പ്രസിഡൻറ് ഐസൻഹൗവർ, അമേരിക്കൻ ഗവൺമെൻറുദ്യോഗസ്ഥമേധാവികളും—വൈറ്റ് ഹൗസിൽ വച്ചെടുത്ത പുതിയ ഗവൺമെൻറിൻറെ ആദ്യചിത്രം. മേശയ്ക്കു പുറകിൽ ഇടതുനിന്നും വലത്തോട്ട്: ഹെൻറിക്കബട്ട് ലോഡ്ജ് (ഐക്യരാഷ്ട്രസംഘടനയിലെ അംബാസ്സഡർ), ഡഗ്ലസ് മക്കേ (ആഭ്യന്തര വകുപ്പുസെക്രട്ടറി), ജോർജ്ജ് എം. ഹംഫ്റി (ധനകാര്യസെക്രട്ടറി), റിച്ചാർഡ് നിക്സൻ (യു. എസ്. വൈസ്പ്രസിഡൻറ്), ഹെർബർട്ടബ്രൗണൽ (അറ്റോർണി ജനറൽ), സിംക്ലയർവീക്സ് (വാണിജ്യവകുപ്പുസെക്രട്ടറി), ഓവറാകേംപ്പ ഹോബി (ആരോഗ്യം, വിദ്യാഭ്യാസം, യോഗക്ഷേമം എന്നീ വകുപ്പുകളുടെ സെക്രട്ടറി), ഷെർമൻഅഡംസ് (പ്രസിഡൻറിൻറെ അസിസ്റ്റൻറ്), ജോസഫ് എം. ഡാഡ്ജ് (ബഡ്ജാറ്റ്ഡയറക്ടർ), ആർതർ എഫ്. ഫ്ളെമിംഗ് (ഡിഫൻസ്മോബിലൈസേഷൻ ആക്ടിംഗ് ഡയറക്ടർ), മാർട്ടിൻ പി. ഡക്കിൻ (തൊഴിൽകാര്യസെക്രട്ടറി, ആർതർ ഇ. സമർഫീൽഡ് (പോസ്റ്റ് മാസ്റ്റർ ജനറൽ), ജോൺ ഫോസ്റ്റർ ഡള്ളസ് (സ്റ്റേറ്റ്സ്സെക്രട്ടറി—വിദേശകാര്യം), പ്രസിഡൻറ് ഡൈറ്റ് ഡി. ഐസൻഹൗവർ, ചാർൽസ് ഇ. വിത്സൺ (ഡിഫൻസ് സെക്രട്ടറി), എസ്റ്റസ്കീഫോവർ ബെൻസൺ (കൃഷിവകുപ്പുസെക്രട്ടറി), ഹാരോൾഡ് ഇ. സ്റ്റാസ്സൻ (മ്യൂച്ചൽസെക്യൂരിറ്റി അഡ്മിനിസ്ട്രേഷൻഡയറക്ടർ). ഇടതുനിന്നും നിൽക്കുന്നവർ: ഫിലിപ്പ് യങ്ങ് (ചെയർമൻ, സിവിൽസർവീസ് കമ്മീഷൻ), റോബർട്ട് കട്ലർ (നാഷണൽസെക്യൂരിറ്റികൗൺസിലംഗം പ്രസിഡൻറിൻറെ അസിസ്റ്റൻറ്.)

ത്തിനും അവസരംനൽകി. അതു കൊണ്ടായിരിക്കാം ആദ്യകാലത്തു ഏറ്റവും ബഹുമാനസൂചകമായി ഉപയോഗിച്ചുവന്ന 'പട്ടകം' ക്രമേണ തുച്ഛമായിത്തീർന്നു. 'പിഴാരർതിരുവടികൾ' എന്നും മറ്റും ശാസനങ്ങളിൽ പരാമർശിച്ചിട്ടുള്ള സ്വാമിയാരമ്മത്തിന്റെ ഉത്ഭവവും പട്ടകങ്ങളിൽനിന്നും ഭിന്നമല്ല. "കണ്ട പിഴാരക്കിഴമ്മാർ തത്വമുപദേശംകൊണ്ട്" എന്നു കൊല്ലം 450-നു മുമ്പുണ്ടായിട്ടുള്ള ഉണ്ണിയച്ചീചരിതത്തിൽ അവരേയും ആക്ഷേപിച്ചു പറയുന്നതിൽനിന്ന് അതിനുമുമ്പുതന്നെ ഈ സ്ഥാനങ്ങളെല്ലാം അധഃപതിച്ചു തുടങ്ങിയെന്ന് ഊഹിക്കാം.

ക്ഷേത്രങ്ങളോടനുബന്ധിച്ചുണ്ടായിരുന്ന കാരാളന്മാരും, ആതുരശാലകളും മുതലായവയുടെ നടത്തിപ്പിനും ക്ഷേത്രങ്ങളിലെ പൂജാദികർമ്മങ്ങൾക്കും മറ്റുമായി ജനങ്ങളിൽനിന്നും ഊരാളർ എറ്റുവാങ്ങി കൃഷിക്കായി കാരാളരെ ഏല്പിച്ചിരുന്ന വസ്തുക്കളുടെഎല്ലാം ജന്മവകാശം 'പരദ്രോഹത്ത്'മായി ദ്രോഹാന്തരപ്പെടുത്തിയതിനെ തുടർന്ന് കലാശാലകളുടേയും ആതുരശാലകളുടേയും മറ്റും ദുർവിധിതന്നെ പട്ടത്താനത്തേയും ബാധിച്ചു. എങ്കിലും 700-ാമാണ്ടിനടുത്തുവരെ തേവടിച്ചിസ്ഥാനംപോലെ പട്ടത്താനവും നിലനിന്നിരുന്നുവെന്നതേയുള്ളൂ. അതിനുശേഷം മാവേലിപട്ടത്താനം മാത്രം മതിയെന്നു ഊരാളർ നിശ്ചയിച്ചു. ആസ്ഥാനം മിക്ക ക്ഷേത്രങ്ങളിലും അടുത്തകാലംവരെ ഉണ്ടായിരുന്നു. തിരുവല്ലാ പാമ്പൂർഇല്ലത്തിലേയും കുഴിക്കാട്ട് ഇല്ലത്തിലേയും ശ്രീസ്ഥവരികൾ പരിശോധിച്ചുകൂട്ടത്തിൽ മാവേലിപട്ടത്താനത്തെപ്പറ്റി പരാമർശിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു. ക്രമേണ മാവേലിപട്ടത്താനം ഒരു അലങ്കാരം മാത്രമായിത്തീർന്നു. ചില വിശേഷാൽ ദിവസങ്ങളിൽമാത്രം മഹാഭാരതം പാരായണംചെയ്താൽ മതിയെന്നും തീർച്ചയാക്കി. എങ്കിലും മാവേലിപട്ടത്താനം ഊരാളരെപ്പോലെ അമിതമായ ആദായവും മാന്യമായ സ്ഥാനവും ഉണ്ടായിരുന്നു. ശ്രീചിത്രം ക്ഷേത്രത്തിൽ മാവേലിപട്ടത്താനം വഹിച്ചിരുന്ന പോപ്പിനെ ഭട്ടതിരിക്കായിരുന്നു കൈമുക്കു പരീക്ഷയിൽ പ്രധാനസ്ഥാനം. കൊല്ലം 404-ലാണ് ആ ക്ഷേത്രത്തിലെ ഊരാണ്മസ്ഥാനം ആദ്യമായി നമ്പൂതിരിമാർക്കു ലഭിച്ചതു്. 296-ൽ ആ പ്രദേശങ്ങളും ആദ്യമായിവേണാടിൽ ചേർന്നതിൽ പിന്നീടു് നമ്പൂതിരിമാർ ക്രമേണ i ആ സ്ഥലങ്ങളിൽ വാസമുറപ്പിച്ചുവെന്നുവരാം. ഏതായാലും ക്ഷേത്രത്തിൻറെ ഭരണാധികാരം എട്ടു നമ്പൂതിരിമാർ മാത്രം ഉൾപ്പെട്ട ഒരു കമ്മിറ്റിക്കു ലഭിക്കുന്നതും നമ്പൂതിരിമാർക്കായി മാത്രം കല്പിച്ചിട്ടുള്ള ശ്രീചിത്രം കൈമുക്കു ആരംഭിക്കുന്നതും മറ്റും ആ ഖണ്ഡശതകത്തിൽ മാത്രമാണ്. കമ്മിറ്റിഅംഗങ്ങളും ആദ്യം എട്ടായിരുന്നതു പിന്നീടു് ഒമ്പതായി തീർന്നു. കൂടാതെ മഹാഭാരതപട്ടത്താനവും അതോടൊപ്പം നിലനിന്നിരുന്ന നീലകണ്ഠപ്പിള്ളയും അറിയിക്കുന്നു. ചെന്നിത്തല-ഇരമത്തൂർ വഴിയെന്നാണ് അവർ ചൂണ്ടിക്കാണിക്കുന്നതു്. കൃതജ്ഞതാപൂർവ്വം ഞാൻ ആ നിർദ്ദേശം സ്വീകരിക്കുന്നു. 'നാമം ചൊൽവാനരുതാത്ത' ക്ഷേത്രം എന്ന മട്ടിലാണെന്നായ്തോന്നി: നീലകണ്ഠപ്പിള്ളയുടെ അഭിപ്രായം. പുലിയൂരിനും എണ്ണയ്ക്കാടിനും മാത്രമേ അങ്ങനെ പറയാവുള്ളുവെന്നും രാവിലെ ആ പേരുകൊണ്ടു പറയേണ്ടിവന്നാൽ വ്യഭിചാരം തൈലാരണ്യം എന്നിങ്ങനെ സംസ്കൃതമാക്കിമാത്രമെ പഴമക്കാർ പറയുകയുള്ളുവെന്നും മി. പോറ്റി അറിയിക്കുന്നു. നാമം ചൊൽവാനരുതാത്തത്തേ—പേരുപറയാൻ പ്രയാസമുള്ള—വിഷ്ണുശ്രീകരേ അഥവാ പുഷ്പഭാസ്കരേ എന്ന പഴയ ശിവക്ഷേത്രമായിരിക്കും ഉദ്ദേശിക്കുന്നതെന്നാണ് അദ്ദേഹത്തിൻറെ അഭിപ്രായം. അടുത്തടുത്ത് പേരുപറയാൻ പാടില്ലാത്ത പല സ്ഥലങ്ങളുണ്ടെങ്കിൽ കവി അങ്ങനെ പ്രയോഗിക്കുവാൻ ഇടയില്ലായിരുന്നു. അതുകൊണ്ട് മി: പോറ്റിയുടെ നിർദ്ദേശം ചിന്താർഹമാണ്. കൊല്ലം അഷ്ടദിശതകങ്ങളിൽ വേണാട്ടു രാജാക്കന്മാരുടെ മഹാഭാരതപട്ടത്താനവും നീലകണ്ഠപ്പിള്ളയും അറിയിക്കുന്നു. ചെന്നിത്തല-ഇരമത്തൂർ വഴിയെന്നാണ് അവർ ചൂണ്ടിക്കാണിക്കുന്നതു്. കൃതജ്ഞതാപൂർവ്വം ഞാൻ ആ നിർദ്ദേശം സ്വീകരിക്കുന്നു. 'നാമം ചൊൽവാനരുതാത്ത' ക്ഷേത്രം എന്ന മട്ടിലാണെന്നായ്തോന്നി: നീലകണ്ഠപ്പിള്ളയുടെ അഭിപ്രായം. പുലിയൂരിനും എണ്ണയ്ക്കാടിനും മാത്രമേ അങ്ങനെ പറയാവുള്ളുവെന്നും രാവിലെ ആ പേരുകൊണ്ടു പറയേണ്ടിവന്നാൽ വ്യഭിചാരം തൈലാരണ്യം എന്നിങ്ങനെ സംസ്കൃതമാക്കിമാത്രമെ പഴമക്കാർ പറയുകയുള്ളുവെന്നും മി. പോറ്റി അറിയിക്കുന്നു. നാമം ചൊൽവാനരുതാത്തത്തേ—പേരുപറയാൻ പ്രയാസമുള്ള—വിഷ്ണുശ്രീകരേ അഥവാ പുഷ്പഭാസ്കരേ എന്ന പഴയ ശിവക്ഷേത്രമായിരിക്കും ഉദ്ദേശിക്കുന്നതെന്നാണ് അദ്ദേഹത്തിൻറെ അഭിപ്രായം. അടുത്തടുത്ത് പേരുപറയാൻ പാടില്ലാത്ത പല സ്ഥലങ്ങളുണ്ടെങ്കിൽ കവി അങ്ങനെ പ്രയോഗിക്കുവാൻ ഇടയില്ലായിരുന്നു. അതുകൊണ്ട് മി: പോറ്റിയുടെ നിർദ്ദേശം ചിന്താർഹമാണ്. കൊല്ലം അഷ്ടദിശതകങ്ങളിൽ വേണാട്ടു രാജാക്കന്മാരുടെ മഹാഭാരതപട്ടത്താനവും നീലകണ്ഠപ്പിള്ളയും അറിയിക്കുന്നു. ചെന്നിത്തല-ഇരമത്തൂർ വഴിയെന്നാണ് അവർ ചൂണ്ടിക്കാണിക്കുന്നതു്. കൃതജ്ഞതാപൂർവ്വം ഞാൻ ആ നിർദ്ദേശം സ്വീകരിക്കുന്നു. 'നാമം ചൊൽവാനരുതാത്ത' ക്ഷേത്രം എന്ന മട്ടിലാണെന്നായ്തോന്നി: നീലകണ്ഠപ്പിള്ളയുടെ അഭിപ്രായം. പുലിയൂരിനും എണ്ണയ്ക്കാടിനും മാത്രമേ അങ്ങനെ പറയാവുള്ളുവെന്നും രാവിലെ ആ പേരുകൊണ്ടു പറയേണ്ടിവന്നാൽ വ്യഭിചാരം തൈലാരണ്യം എന്നിങ്ങനെ സംസ്കൃതമാക്കിമാത്രമെ പഴമക്കാർ പറയുകയുള്ളുവെന്നും മി. പോറ്റി അറിയിക്കുന്നു. നാമം ചൊൽവാനരുതാത്തത്തേ—പേരുപറയാൻ പ്രയാസമുള്ള—വിഷ്ണുശ്രീകരേ അഥവാ പുഷ്പഭാസ്കരേ എന്ന പഴയ ശിവക്ഷേത്രമായിരിക്കും ഉദ്ദേശിക്കുന്നതെന്നാണ് അദ്ദേഹത്തിൻറെ അഭിപ്രായം. അടുത്തടുത്ത് പേരുപറയാൻ പാടില്ലാത്ത പല സ്ഥലങ്ങളുണ്ടെങ്കിൽ കവി അങ്ങനെ പ്രയോഗിക്കുവാൻ ഇടയില്ലായിരുന്നു. അതുകൊണ്ട് മി: പോറ്റിയുടെ നിർദ്ദേശം ചിന്താർഹമാണ്. കൊല്ലം അഷ്ടദിശതകങ്ങളിൽ വേണാട്ടു രാജാക്കന്മാരുടെ മഹാഭാരതപട്ടത്താനവും നീലകണ്ഠപ്പിള്ളയും അറിയിക്കുന്നു. ചെന്നിത്തല-ഇരമത്തൂർ വഴിയെന്നാണ് അവർ ചൂണ്ടിക്കാണിക്കുന്നതു്. കൃതജ്ഞതാപൂർവ്വം ഞാൻ ആ നിർദ്ദേശം സ്വീകരിക്കുന്നു. 'നാമം ചൊൽവാനരുതാത്ത' ക്ഷേത്രം എന്ന മട്ടിലാണെന്നായ്തോന്നി: നീലകണ്ഠപ്പിള്ളയുടെ അഭിപ്രായം. പുലിയൂരിനും എണ്ണയ്ക്കാടിനും മാത്രമേ അങ്ങനെ പറയാവുള്ളുവെന്നും രാവിലെ ആ പേരുകൊണ്ടു പറയേണ്ടിവന്നാൽ വ്യഭിചാരം തൈലാരണ്യം എന്നിങ്ങനെ സംസ്കൃതമാക്കിമാത്രമെ പഴമക്കാർ പറയുകയുള്ളുവെന്നും മി. പോറ്റി അറിയിക്കുന്നു. നാമം ചൊൽവാനരുതാത്തത്തേ—പേരുപറയാൻ പ്രയാസമുള്ള—വിഷ്ണുശ്രീകരേ അഥവാ പുഷ്പഭാസ്കരേ എന്ന പഴയ ശിവക്ഷേത്രമായിരിക്കും ഉദ്ദേശിക്കുന്നതെന്നാണ് അദ്ദേഹത്തിൻറെ അഭിപ്രായം. അടുത്തടുത്ത് പേരുപറയാൻ പാടില്ലാത്ത പല സ്ഥലങ്ങളുണ്ടെങ്കിൽ കവി അങ്ങനെ പ്രയോഗിക്കുവാൻ ഇടയില്ലായിരുന്നു. അതുകൊണ്ട് മി: പോറ്റിയുടെ നിർദ്ദേശം ചിന്താർഹമാണ്. കൊല്ലം അഷ്ടദിശതകങ്ങളിൽ വേണാട്ടു രാജാക്കന്മാരുടെ

---

1 കയ്യൻ=നീചൻ

പിഴാരടി എന്നസമുദായം പിള്ളൂർ ഇല്ലത്തുണ്ടായതു് അധഃപതിച്ച പിഴാരർതിരുവടിമാരിൽനിന്നാണെന്നതേയുള്ളൂ. വായ്ര് പൊതുവായും, പിഷാരോടി ഈ വഴിക്കാർ ബ്രാഹ്മണരായിരുന്നുവെന്നാണ് ശാസനങ്ങളിൽനിന്നും മനസ്സിലാകുന്നതു്. ഇതു് ഒന്നും കൊല്ലം അഷ്ടദിശതകങ്ങളിൽ ജാതിനാമങ്ങളായിരുന്നില്ല. എല്ലാം ക്ഷേത്രങ്ങളിലെ ഓരോ ഉദ്യോഗപ്പേരുകളും മാത്രമായിരുന്നു.

i കൊല്ലവർഷാരംഭത്തിൽ തെക്കൻതിരുവിതാംകൂറിലും നമ്പൂതിരിമാർ ധാരാളമുണ്ടായിരുന്നു. ചോളഭരണകാലത്തിനിടയിൽ അവരെല്ലാം കൊല്ലത്തിനു വടക്കുഭാഗത്തേക്കു വാസം മാറി. 64 ഗ്രാമങ്ങളുടെ വിഭാഗവും മറ്റും 4-ാംശതകം മുതലുള്ള കാലത്തെ സ്ഥിതിയാണ്.

x ഉണ്ണുനീലിസന്ദേശത്തിലെ മാർഗ്ഗവർണ്ണനയിൽ കണ്ടിയൂർ – കുറ്റിടക്കാവു് പുലിയൂർക്കുടി ആയിരുന്നുവെന്ന് ഞാൻ പറഞ്ഞിരുന്നതു തെറ്റാണെന്നു ബ്രഹ്മശ്രീ മൂത്തേടത്തു കൃഷ്ണൻപോറ്റിയും ശ്രീ: ചുനക്കര നീലകണ്ഠപ്പിള്ളയും അറിയിക്കുന്നു. ചെന്നിത്തല-ഇരമത്തൂർ വഴിയെന്നാണ് അവർ ചൂണ്ടിക്കാണിക്കുന്നതു്. കൃതജ്ഞതാപൂർവ്വം ഞാൻ ആ നിർദ്ദേശം സ്വീകരിക്കുന്നു. 'നാമം ചൊൽവാനരുതാത്ത' ക്ഷേത്രം എന്ന മട്ടിലാണെന്നായ്തോന്നി: നീലകണ്ഠപ്പിള്ളയുടെ അഭിപ്രായം. പുലിയൂരിനും എണ്ണയ്ക്കാടിനും മാത്രമേ അങ്ങനെ പറയാവുള്ളുവെന്നും രാവിലെ ആ പേരുകൊണ്ടു പറയേണ്ടിവന്നാൽ വ്യഭിചാരം തൈലാരണ്യം എന്നിങ്ങനെ സംസ്കൃതമാക്കിമാത്രമെ പഴമക്കാർ പറയുകയുള്ളുവെന്നും മി. പോറ്റി അറിയിക്കുന്നു. നാമം ചൊൽവാനരുതാത്തത്തേ—പേരുപറയാൻ പ്രയാസമുള്ള—വിഷ്ണുശ്രീകരേ അഥവാ പുഷ്പഭാസ്കരേ എന്ന പഴയ ശിവക്ഷേത്രമായിരിക്കും ഉദ്ദേശിക്കുന്നതെന്നാണ് അദ്ദേഹത്തിൻറെ അഭിപ്രായം. അടുത്തടുത്ത് പേരുപറയാൻ പാടില്ലാത്ത പല സ്ഥലങ്ങളുണ്ടെങ്കിൽ കവി അങ്ങനെ പ്രയോഗിക്കുവാൻ ഇടയില്ലായിരുന്നു. അതുകൊണ്ട് മി: പോറ്റിയുടെ നിർദ്ദേശം ചിന്താർഹമാണ്. കൊല്ലം അഷ്ടദിശതകങ്ങളിൽ വേണാട്ടു രാജാക്കന്മാരുടെ മഹാഭാരതപട്ടത്താനവും നീലകണ്ഠപ്പിള്ളയും അറിയിക്കുന്നു. ചെന്നിത്തല-ഇരമത്തൂർ വഴിയെന്നാണ് അവർ ചൂണ്ടിക്കാണിക്കുന്നതു്. കൃതജ്ഞതാപൂർവ്വം ഞാൻ ആ നിർദ്ദേശം സ്വീകരിക്കുന്നു. 'നാമം ചൊൽവാനരുതാത്ത' ക്ഷേത്രം എന്ന മട്ടിലാണെന്നായ്തോന്നി: നീലകണ്ഠപ്പിള്ളയുടെ അഭിപ്രായം. പുലിയൂരിനും എണ്ണയ്ക്കാടിനും മാത്രമേ അങ്ങനെ പറയാവുള്ളുവെന്നും രാവിലെ ആ പേരുകൊണ്ടു പറയേണ്ടിവന്നാൽ വ്യഭിചാരം തൈലാരണ്യം എന്നിങ്ങനെ സംസ്കൃതമാക്കിമാത്രമെ പഴമക്കാർ പറയുകയുള്ളുവെന്നും മി. പോറ്റി അറിയിക്കുന്നു. നാമം ചൊൽവാനരുതാത്തത്തേ—പേരുപറയാൻ പ്രയാസമുള്ള—വിഷ്ണുശ്രീകരേ അഥവാ പുഷ്പഭാസ്കരേ എന്ന പഴയ ശിവക്ഷേത്രമായിരിക്കും ഉദ്ദേശിക്കുന്നതെന്നാണ് അദ്ദേഹത്തിൻറെ അഭിപ്രായം. അടുത്തടുത്ത് പേരുപറയാൻ പാടില്ലാത്ത പല സ്ഥലങ്ങളുണ്ടെങ്കിൽ കവി അങ്ങനെ പ്രയോഗിക്കുവാൻ ഇടയില്ലായിരുന്നു. അതുകൊണ്ട് മി: പോറ്റിയുടെ നിർദ്ദേശം ചിന്താർഹമാണ്. കൊല്ലം അഷ്ടദിശതകങ്ങളിൽ വേണാട്ടു രാജാക്കന്മാരുടെ

സാഹിത്യകാരന്മാരുടെ പ്രണയകഥകൾ



പുത്തൻകാവു് മാത്തൻ തരകൻ എം. എ.

(തുടർച്ച)

മിൽട്ടൺ, സ്വിഫ്റ്റ്, ഡ്രൈഡൻ, അഡിസൺ, ഡാ: ജാൻസൺ, വോൾട്ടയർ, റൂസ്സോ—വിശ്വവിഖ്യാതന്മാരായ പാശ്ചാത്യസാഹിത്യകേസരികളുടെ പ്രണയകഥകൾ.

മഹത്തരമായ കൃതികളെഴുതുന്ന അനുജിന്റെ ജീവിതംതന്നെ ഒരു മഹാകാവ്യമായിരിക്കണമെന്നാണ് മിൽട്ടൺ അഭിപ്രായപ്പെട്ടിട്ടുള്ളതു്. പാരഡീസ്നഷ്ടം (Paradise Lost) എന്ന കാവ്യമെഴുതിയ ജോൺമിൽട്ടൺ (John Milton 1608-1674) കവിതയ്ക്കുവേണ്ടി തന്റെ ജീവിതംതന്നെ കാഴ്ചവയ്ക്കുകയുണ്ടായതായിരുന്നു. അരിവെയ്പ്പുമുതൽ മരിക്കുന്നതുവരെ അദ്ദേഹത്തിന്റെ ആഗ്രഹം ഒന്നുമാത്രമായിരുന്നു—ഈശ്വരദത്തമായ കഴിവുകളെ—പ്രപഞ്ചകർത്താവിന്റെ മഹത്ത്വത്തിനായി വിനിയോഗിക്കണമെന്നുള്ളതു്. കണ്ണിന്റെ കാഴ്ചനശിച്ചശേഷം അദ്ദേഹം വിലപിക്കുകയുണ്ടായി, പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്ന ഒരു താലന്തുകാരനേപ്പോലെതന്നെ നിരുപയോഗമാകുവാനും സ്വന്തകഴിവുകളെ കഴിച്ചുവയ്ക്കുവാനേ തനിക്കു സാധിച്ചുള്ളൂവെന്നു്. എന്നാൽ ലോകംമുഴുവൻ ഇരുളായി അനുഭവപ്പെട്ടപ്പോഴും ആത്മവിശ്വാസത്തിന്റെ കൈവിളക്കു് കത്തിച്ചു കവിതാവസന്തയുടെ എണ്ണ ഒഴിച്ചു് വിശ്വംമുഴുവൻ പ്രകാശം പരത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

1643-ൽ മേരിപൌവ്വലിനെ (Mary-Powell) വിവാഹംകഴിച്ചപ്പോൾ ആദർശയോഗ്യമായ ഒരു കുടുംബജീവിതം അദ്ദേഹം വിഭാവനചെയ്തുകാണും. പൊരുപൊരുക്കില്ലാത്ത ഒരു യുവതി. ഉന്മേഷത്തിന്റെയും, ഉല്ലാസത്തിന്റെയും സജീവമായ പ്രകടനം. പക്ഷേ അവളും മിൽട്ടണും, ഉത്തരദക്ഷിണ ധ്രുവങ്ങളെപ്പോലെ പൊരുത്തമില്ലാത്തവരായിരുന്നു. അവൾ രാജകുടുംബത്തോടു് ഭക്തിയുള്ള ഒരു പാരന്റെ മകൾ. മിൽട്ടൺ നാടുവാഴിത്ത പ്രഭുത്വത്തെ അങ്ങേഅറ്റംവെറുത്തിരുന്ന ഒരു സ്വാതന്ത്ര്യപ്രേമി. അവൾ—എപ്പോഴും ഉല്ലാസമായിരിക്കുന്നതിനു് ഉൽസുകം. മിൽട്ടൺ സവ്വിധമായ ആഡംബരാലോഷങ്ങളേയും പരിത്യജിക്കുന്നമെന്നു വാദിക്കുന്ന ഒരു തനിക്രിസ്ത്യാനി. അവരുടെബന്ധം എങ്ങനെ നിണ്ടുനില്ക്കും. മേരിക്കു മതിയായി. വീട്ടിവിട്ടു് ഭർത്തൃഗൃഹത്തിലേക്കു തിരിച്ചുവരാനവൾ വിസമ്മതിച്ചു. മിൽട്ടണതു സഹിച്ചില്ല.

ഭാര്യയെ ഉപേക്ഷിക്കുവാനുള്ള പുരുഷന്റെ സ്വാതന്ത്ര്യത്തെപ്പറ്റി മിൽട്ടൺ പ്രഥമമായ ഒരു ലഘുലേഖ ഉടൻതന്നെ പ്രസിദ്ധപ്പെടുത്തി. അദ്ദേഹത്തിന്റെ ആദ്യവിവാഹം ഒരുനാനംതരം പരാജയമായിരുന്നു. അതുകൊണ്ടു് നിലവിലിരിക്കുന്ന വിവാഹസമ്പ്രദായം തികച്ചും അനഭിലഷണീയമാണെന്നദ്ദേഹം തീവ്രമായി വാദിക്കുകയുണ്ടു്. വിവാഹം ആത്മാക്കളുടെ ഐക്യമാണു്. അല്ലാതെ കേവലം ശരീരത്തിന്റെ സമ്മേളനം മാത്രമല്ല. അസുഖകരമായ ദാമ്പത്യജീവിതത്തിന്റെ ആധിക്യകളേഹം അതിൽ പൂണ്ടിക്കിടക്കണം. അന്യോന്യമുള്ള സ്നേഹത്തിൽനിന്നല്ലാതുള്ള സ്ത്രീപുരുഷസംയോഗം ബാഹ്യമായ വിവാഹത്തിന്റെ ശൂന്യമായ പുറമോടിയാണു്. കൂടെക്കിടപ്പോലെതന്നെ ഈശ്വരൻവെക്കുന്ന ഒരു മഹാപാപമാണത്രേ. വേറെപുസ്തകത്തിൽ ഭാര്യയെ ഉപേക്ഷിക്കാമെന്നു് വേണ്ടുവോളം സമർത്ഥിക്കുന്നുണ്ടു്. അതുവേണ്ടെന്നുപറയുന്ന മനുഷ്യന്റെ നിയമം അശ്ലീലവും, കൈസ്സവക്രിയകളുടെ തികച്ചും അപമാനകരവുമാണു്. കഴുത്തിൽ തൂക്കിയിട്ട അരക്കല്ലുപോലെ ഭോഷത്തം പിടിച്ചുകെട്ടപ്പെട്ടിട്ടുള്ള ഭാര്യയുണ്ടെങ്കിൽ മനുഷ്യഹൃദയത്തിലെ പ്രേമത്തിന്റെ നീരുറവതന്നെ വറ്റിപ്പോകും.

ഭർത്താവിനു്, ഭാര്യയെ ഉപേക്ഷിക്കാനുള്ള പരിപൂർണ്ണസ്വാതന്ത്ര്യംവേണം. അതിനു് കോടതിയിൽ കയറേണ്ട ആവശ്യമൊന്നുമുണ്ടായിക്കൂടാ. ഹവ്വായേയും, ലീലായേയുംപോലുള്ള സ്ത്രീകളെമാത്രം പരിചയമുള്ള മിൽട്ടൺ അങ്ങനെ എഴുതുന്നതിൽ അത്ഭുതത്തിനവകാശമില്ല. അദ്ദേഹത്തിന്റെ ലഘുലേഖയിലെ ചിലഭാഗങ്ങൾ സ്വതന്ത്രമായ പ്രണയസംരംഭങ്ങളെപ്പോലും സ്വാഗതംചെയ്യുന്നുണ്ടെന്നു് തോന്നിപ്പോകും. സുഖകരവും, സുന്ദരവുംആയ ഒരു വിവാഹമാണു് സർവ്വ അഭികാമ്യമായിട്ടുള്ളതെന്നു് അദ്ദേഹം തീർത്തു സ്ഥാപിക്കുന്നുണ്ടു്. പക്ഷേ അങ്ങനെയല്ലെങ്കിൽ തന്റെ വിവാഹജീവിതത്തിനെ കൈയ്പേറിയ സ്മരണകൾ അദ്ദേഹത്തിന്റെ തൂലികയെ വികാരരഹിതമാക്കുന്നു. തികച്ചും, ആദർശയോഗ്യമാംവണ്ണം ജീവിക്കുന്ന യുവാക്കന്മാർക്കു പൊരുത്തപ്പെടാത്ത രണ്ടു മാർഗ്ഗമേതന്നെയാണു്. പെണ്ണുങ്ങളുടെ വിപണിയിൽ വേണ്ടതുപഴക്കം സിദ്ധിച്ചവരുടെകയ്യിൽ ഒരു പക്ഷേ വ്യത്യസ്തമായിരുന്നേക്കാം.

നാല്പത്തിഅഞ്ചാമത്തെവയസ്സിൽ മിൽട്ടൺന്റെ കാഴ്ച പാടെ നശിച്ചു. നാല്പത്തഞ്ചാമത്തെവയസ്സിൽ അദ്ദേഹം വീണ്ടും വിവാഹംകഴിച്ചു. കാതറൈൻ വുഡ്കോക്ക് (Catherine Woodcock) ആയിരുന്നു അദ്ദേഹത്തിന്റെ രണ്ടാമത്തെ പത്നി. മിൽട്ടൺ ഏറ്റവും മധുരമായ ഒരു ദാമ്പത്യജീവിതംനയിച്ചതു് ആ വനിതാരത്നവുമായാണു്. കേവലം 15 മാസക്കാലമേ ആ ബന്ധം നീണ്ടുനിന്നുള്ളൂ. പ്രസവക്രിയയിൽവച്ചു് ആ തന്റെ പ്രേയസിയെ ഒരിക്കലും കണ്ടുമുട്ടുന്നില്ല ഭാര്യാമരണത്തിന്റെ ശേഷം ഒരാറുമാസത്തിൽ സപ്തപുത്രിയിൽ കൂടിയാണ് അദ്ദേഹം അവരെ ആദ്യമായിക്കണ്ടതു്. കാതറൈനിന്റെ ചരമത്തെ അനുസ്മരിപ്പിക്കുന്ന ഒരു ഗീതകത്തിൽ അദ്ദേഹം ആ കാഴ്ച വർണ്ണിക്കുന്നുണ്ടു്. "അവളുടെ വ്യക്തിയെപോലെ പരിശുദ്ധമായ വെള്ളവസ്ത്രമുടുത്തിരുന്നവൾ വന്നു്. ഒരു മൂടുപടംകൊണ്ടവൾ മുഖംമറച്ചിരുന്നു. എങ്കിലും എനിക്കതുനീക്കുന്നവളെ കണ്ടെന്നു്. പ്രണയവും, മാധുര്യവും, സ്വഭാവശുദ്ധിയും അവളുടെ വ്യക്തിത്വത്തിൽ വ്യക്തമായി പ്രകാശിച്ചിരുന്നു. മറ്റൊരു മുഖത്തിലും ഞാനും പ്രഭാപ്രസരം അത്രമാത്രം പ്രകടമായി കണ്ടിട്ടില്ല. ഹാ—അവൾ—അവളെന്നെ ആശ്ലേഷിക്കുന്നതിനായി ഒന്നെറുന്നേക്കുമാറുണ്ടു്. കഷ്ടം! ഞാനുണർന്നപ്പോഴേയ്ക്കു അവൾ പൊയ്മറഞ്ഞിരുന്നു. പ്രഭാതം ക്രിസ്തുലോകത്തെന്നു വീണ്ടുമെത്തിച്ചു" കാതറൈനിന്റെ അപ്രതീക്ഷിതമായ ചരമം മിൽട്ടണേസംബന്ധിച്ചിടത്തോളം ഒരു തീരാനഷ്ടമായിരുന്നു.

അന്ധനായി ആയുസ്സിന്റെ ശേഷഭാഗം കഴിക്കേണ്ടിയിരുന്ന മിൽട്ടൺ ആവശ്യത്തിനുപേരിൽ വീണ്ടും വിവാഹംകഴിച്ചു, ആ വൈവാഹികജീവിതം അദ്ദേഹത്തെ, വിവാഹത്തെപ്പറ്റി താൻ മുമ്പെഴുതിയ ലഘുലേഖകളെ അനുസ്മരിപ്പിച്ചിരിക്കണം.

VIII

വില്യം കൺഗ്രീവു് (William Congreve) എഴുതിയ സുപ്രസിദ്ധമായ നാടകത്തിലെ നായികയായ മിലാമണ്ട് (Millamant) സാഹിത്യത്തിനു മാത്രമവൻകഴിയുന്ന ഒരു സ്വഭാവസൃഷ്ടിയാണു്. 17-ാം ശതകത്തിലെ ലണ്ടനിലെ നാടകശാലാസുരലോകസുന്ദരിയായ ബ്രേസ്ഗർഡി (Mrs. Brace Girdle) ലിന്റെ അഭിനയചാതുരി കണ്ടു് ഇംഗ്ലണ്ടിലെ ജനതയ്ക്കു് പ്രത്യേകം സമാരാധ്യമായിരുന്നു. സാമുവേൽ പെപ്പിസ് (Samuel Pepys) തന്റെ ഡയറിയിൽ ആ യുവതിയെ വാനോളം വാഴ്ത്തിയിരിക്കുന്നതിൽനിന്നും അക്കാലം, ആ നടിയെ എത്രമാത്രം ബഹുമാനിച്ചിരുന്നു എന്നുള്ളതു് പ്രസ്പഷ്ടമാകും. ബ്രേസ്നവേണ്ടിയാണു് മിലാമണ്ട് സൃഷ്ടിക്കപ്പെട്ടതെന്നോക്കിയാലും, കൺഗ്രീവിനു് അവരേട്ടേതോന്നിയ വികാരങ്ങൾക്കു് നമുക്കദ്ദേഹത്തെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല.

ഗള്ളിവറിന്റെ സഞ്ചാരകഥ (Gulliver's Travels) എഴുതിയ ജോനഥാൻ സ്വിഫ്റ്റ് (Jonathan Swift-1667-1745) ഒരു പാതിരിയായിരുന്നെങ്കിലും പ്രണയത്തേസംബന്ധിച്ചു് അദ്ദേഹം ഇതരസാഹിത്യ


(ശേഷം 26-ംപേജിൽ)


ന്മാർ താമസിച്ചിരുന്ന പനങ്കാവിൽ കൊട്ടാരം ഇരവിപുരത്തു് തലൈവേണാട്ടകോയിൽ (തലൈ=ആദ്യത്തെ) എന്നറിയപ്പെട്ടിരുന്ന സ്ഥാനത്തായിരുന്നുവെന്നു് ചിലർ അറിയിക്കുന്നു. ഇരവിപുരത്തിന്റെ ഒരു ഭാഗംകൂടി കേട്ടെഴുത്തുള്ളിലായിരുന്നുവെന്നു് തന്റെ ലേഖനത്തിലും സൂചിപ്പിച്ചിട്ടുണ്ടല്ലോ. കൊട്ടാരത്തിനടുത്തുണ്ടായിരുന്ന ഭദ്രകാളിക്ഷേത്രത്തിന്റെയും ശിവൻകോവിലിന്റെയും കാര്യം യോജിച്ചവരത്തുകൊണ്ടാണു് കൊട്ടാരത്തിന്റെ സ്ഥാനത്തെപ്പറ്റി ഞാൻ യാതൊരു അഭിപ്രായവും നടത്താതിരുന്നതു്. പനങ്കാവിൽ കോട്ട കൊല്ലത്തെ പ്രധാന അങ്ങാടിക്കു് കിഴക്കോ, തെക്കുകിഴക്കോ ആയിരുന്നുവെന്നുള്ളതുമാത്രം തീർച്ചയാണു്. ആയ്കാലത്തിൽ ജി. ശങ്കരപ്പിള്ളയവർകളും വാൽപുത്തെ വകയ്ക്കുതെ ആ സ്ഥലങ്ങളിൽ ഓരോ പുരയിടങ്ങളായി ഇറങ്ങിക്കയറി കൂടുതൽ അന്വേഷണങ്ങളും നടത്തിക്കൊണ്ടിരിക്കയാണു്. സ്ഥലവാസികളുടെ ശ്രദ്ധ പതിഞ്ഞുകാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. എഴുത്തുകാരും സത്യനിഷ്ഠതനും, തപ്പാനൂർ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കുണമെന്നപേക്ഷ.






മുകളിലത്തെ വരി—ഇടത്തുനിന്ന്—1) രാജ്ഞിയും കാമൺവെൽത്തു് പ്രധാനമന്ത്രിമാരും. ഇടത്തുനിന്ന്—മുഹമ്മദലി (പാക്കിസ്ഥാൻ), സർ ജി. ഹഗ്ഗിൻസ് (ദക്ഷിണറൊഡീഷ്യ), ബ്രൂക്ക് ബാറോപ്രഭു (ഉത്തരഅയർലന്ഡ്), ഹാളൻഡ് (ന്യൂസിലൻഡ്), നെഹ്റു (ഇൻഡ്യ), ബുസ്റ്റമന്റോ (ജമൈക്ക), ചർച്ചിൽ (ബ്രിട്ടൻ), രാജ്ഞി, മെൻസീസ് (ആസ്ത്രേലിയാ), സെൻറ് ലാറൻറ് (കനഡ), സേനാനായകെ (സിലോൺ), മലാൻ (ദക്ഷിണആഫ്രിക്ക), ബോർഗ് ഒളിവർ (മാൾട്ട). 2) എലിസബത്തു് II. എഡ്വർഡ്പുണ്യവാളന്റെ കിരീടവും രാജചിഹ്നങ്ങളും ധരിച്ചുകൊണ്ടു്. 3) കിരീടധാരണാനന്തരം. സാമ്രാജ്യകിരീടമണിഞ്ഞ് രാജ്ഞി ഇപ്പോൾ ധരിച്ചിരിക്കുന്നതു്.











താഴത്തെവരി—1) കിരീടധാരണാഘോഷത്തിനു സന്നിഹിതരായ നൈജീരിയൻസംഘം. ഫെഡറേഷൻ ഓഫ് ഹോഴിൽ എന്ന ചീഫ് (ഇടതുനിന്നു മൂന്നാമത്) നെ പുഷ്പാംഗരായ പ്രജകൾ സംഘാംഗപ്രണാമം ചെയ്യുന്നു. ലണ്ടൻവിമാനത്താവളത്തിലാണിത്. 2) കിരീടധാരണകർമ്മശേഷം ദേവാലയത്തിന്റെ പശ്ചിമഭാഗത്തേയ്ക്കുള്ള ഘോഷയാത്ര. 3) കിരീടധാരണാഘോഷങ്ങൾ കാണുന്നതിനു് ആഗതരായവരുടെ കാറുകളും ബസ്സുകളും വൈറ്റഹാളിൽ. മേയ് 30-ലെ സന്ദർശകരുടെ വാഹനങ്ങൾ.





ഒരു പുതുലോകത്തെയും ഒരു പുതുരോഗബീജത്തെയും

മുമ്പൊരിക്കലും അനുഭവിക്കാത്തവിധത്തിലുള്ള ഒരു വലിയബാധ ഏകദേശം നാന്നൂറിൽഅൻപതുകൊല്ലങ്ങൾക്കുമുമ്പിൽ ലോകത്തിൽ പ്രത്യക്ഷമായി. അതു ചതിവു് നിറഞ്ഞിരുന്നതും സാവധാനത്തിൽ പ്രവർത്തിക്കുന്നതുമായ ഒരു കൊലപാതകിയായിരുന്നു. മനുഷ്യരെ അതു് ഭ്രാന്തുപിടിപ്പിച്ചു. ഇതിനുമുമ്പു് ലോകമെങ്ങും ഇതിനെപ്പറ്റി ഒരറിവു് ഉണ്ടായിരുന്നില്ല. ആറായിരംകൊല്ലത്തെ ഈജിപ്തിന്റെ ചരിത്രത്തിൽ ഇങ്ങനെ ഒരു സംഭവം കാണുന്നില്ലായിരുന്നു. 1493-നുമുമ്പു് യൂറോപ്പിലായാട്ടെ, ഇന്ത്യയിലായാട്ടെ, ലോകത്തിൽ എവിടേയുംതന്നെ ഇതിനെപ്പറ്റി അറിവില്ലായിരുന്നു. എന്നാൽ ഏറ്റവും ചെറിയ കാലത്തിനുള്ളിൽ ഇതു് മനുഷ്യന്റെ ഒരു വലിയ ബാധയായിത്തീർന്നു. പുരുഷന്മാരേയും, സ്ത്രീകളേയും, കുട്ടികളേയും ഒന്നുപോലെ കഷ്ടപ്പെടുത്തി. ജനിക്കുന്നതിനുമുമ്പു് ശിശുക്കളെ ഇതു ബാധിക്കുന്നു. ചില വൃത്തികെട്ട വ്രണങ്ങളുടെ രൂപത്തിൽ ആരംഭിച്ചു് പിന്നീടു് അസ്ഥിബന്ധങ്ങളും എല്ലും കുടിപിടിപ്പിച്ചു് മനുഷ്യനെ അവസാനമായി ഭ്രാന്തുപിടിപ്പിക്കുകയോ; വലിയ അരിഷ്ടതയിലും ഉണ്ടായിട്ടില്ലാത്ത രീതിയിലുള്ള സംവേഗങ്ങൾ ഒന്നിനുപുറകെ ഒന്നായി ഉണ്ടാവാനാരംഭിച്ചു. സിഫിലിസ്സ് എന്ന സുഖക്കേടു് എന്താണെന്നു് അറിയാൻപാടില്ലാത്ത ഒരു ലോകത്തിലേക്കു് ഈ ചെറിയകൂട്ടം കപ്പൽയാത്രക്കാർ തിരിച്ചെത്തി. ഈ മഹാനാശക്കു് അന്നത്തേക്കുമായ സ്വീകരണം ലഭിച്ചു. സ്പെയിനിന്റെ തെരുവീഥികളിൽക്കൂടി ജേതാക്കളായി അവരെ ഘോഷയാത്ര ചെയ്യിച്ചു. പിന്നീടു് അവർ അങ്ങുമിങ്ങും അവരുടെ വീടുകളിൽപോയി സ്വന്തം സ്ത്രീജനങ്ങളുമായി വസിച്ചു. അതേസമയം, ആക്കും അറിവൻപാടില്ലാതെ ഏറ്റവും മരണകരമായ "സ്പൈറോഹീറ്റെ" എന്ന ബീജങ്ങൾ അവരുടെ ജനനേന്ദ്രിയങ്ങളുടെ ഉള്ളിലുള്ള മൃദുലമായ തൊലികളിൽ അവയ്ക്കാവശ്യമായ ഈർപ്പവും ചൂടും ലഭിച്ചതുകൊണ്ടു ധാരാളമായി പെരുകി. അവിടെനിന്നു രക്തപ്രവാഹത്തിൽ കടന്നു ശരീരത്തിന്റെ എല്ലാഭാഗങ്ങളിലും എത്തി. ഈ ആളുകളുടെ വായിലുള്ള മൃദുലമായ തൊലികളിൽപോലും ഈ വിളറിയ കോക്കസ്ക്രൂപോലെ ചിരിഞ്ഞിരിക്കുന്ന ബീജങ്ങൾ പ്രവേശിച്ചു. അവിടെനിന്നു് അവർ കുടിക്കുന്ന കപ്പുകളിലും ഉപയോഗിക്കുന്ന സ്പൂണുകളിലും മറ്റുപാത്രങ്ങളിലും അവ കയറി, ആവശ്യമായ ഈർപ്പവും ചൂടും ഉണ്ടെങ്കിൽ, ഈ ജീവിക്കുള്ള ഉണ്ടായിരുന്നു. നേപ്പിൾസ് കീഴടങ്ങി അൻപതിനായിരത്തോളം വിജയികളായ പടയാളികളും കൊടിയും പാർത്തിക്കൊണ്ടു് അവിടെ പ്രവേശിച്ചു. ഈ പടയാളികളോടുകൂടി വേറൊരുകൂട്ടം അക്രമികളും അവിടെ കടന്നുകൂടി. അവ കാണാൻകഴിയാത്തവയും, ചില പടയാളികളുടെ രക്തത്തിൽ പ്രവേശിച്ചുകൊണ്ടിരുന്നവയും, കുടിക്കുവാൻ കപ്പു് ഉയർത്തിപ്പിടിക്കുന്ന കയ്യിലുള്ളവ്രണങ്ങളിൽനിന്നു പുറപ്പെടുന്ന ദ്രാവകത്തിൽ നിറഞ്ഞിരുന്നവയും, അവർ തോല്പിച്ചരാജ്യത്തെ സ്ത്രീകളെ ചുംബനംചെയ്യുമ്പോൾ പടയാളികളുടെ ചിരികളിൽ ഉണ്ടായിരുന്നവയും ആയിരുന്നു.

അവസാനമായി നേപ്പിൾസിൽനിന്നു് ഈ പടയെ പിൻവലിച്ചപ്പോൾ നേപ്പിൾസുകാരുടെ അവിടത്തെയോ ഭാക്കുംതന്നെയും രോഗബാധിതരായിരുന്നു. ആദ്യം നേപ്പിൾസിൽ പ്രവേശിക്കുമ്പോൾ ആയിരത്തിൽ ഒരു പടയാളി രോഗബാധിതനായിരുന്നുവെങ്കിൽ ഇപ്പോൾ തിരികെ വീടുകളിൽ പോകുമ്പോൾ ആയിരത്തിൽ ഏകദേശം പതിനഞ്ചിൽകൂടുതൽ ആളുകൾ ഈ രോഗാണുക്കളെ കൊണ്ടുപോകുന്നുണ്ടായിരുന്നു. "സിഫിലിസ്സ്" എന്നു പറഞ്ഞാൽ എന്താണെന്നു് അറിവില്ലായിരുന്ന നേപ്പിൾസ് രാജ്യത്തു്, ഇപ്പോൾ തുറമുഖത്തുള്ള ഒരു ഭ്രമാത്മിയായ സ്ത്രീ ഒരാഴ്ചയ്ക്കുള്ളിൽ ഇരുപതു ആണുങ്ങൾക്കും ആ ഇരുപതുപേർ വേറെ നാലുപേർക്കും ആ നാലുപേർ അങ്ങനെ-ഇതു പകരാനാരംഭിച്ചു.

ഫ്രാൻസിലെ പടയാളികളും വീടുകളിൽ എത്തി.

അതുപോലെതന്നെ ജർമൻസേനയും.

അതുപോലെതന്നെ സ്വിറ്റ്സർലണ്ടിലെ പടയാളികളും.

സ്പെയിനിലെ പടയാളികളും അതുപോലെതന്നെ.

ഫ്രാൻസിലെ പടയാളികൾക്കു ഭയങ്കരമായ രൂപത്തിൽ ഈ സുഖക്കേടു പ്രത്യക്ഷപ്പെട്ടു. ചിലർക്കു ഭ്രാന്തുപിടിച്ചു. ചിലർ തലമരവിച്ചു മരിച്ചു. ഇതിനെ അവർ നെപ്പോളിറ്റൻ (Neapolitan) അല്ലെങ്കിൽ ഇറാലിയൻബാധ എന്നു വിളിച്ചു.

നീപ്പാളിലും ഇറാലിമുഴുവൻതന്നെയും ഇറാലിക്കാരെ ഈ രോഗം ബാധിച്ചു. അവർ അതിനെ സ്പാനിഷ് സുഖക്കേടെന്നു് പറഞ്ഞുവന്നു.

ബോർഡോസ്സിന്റെ അക്കരെ ഇംഗ്ലണ്ടിൽ അതിനെ ഫ്രഞ്ചുസുഖക്കേടെന്നു് വിളിച്ചു.

സ്വിറ്റ്സർലണ്ടിലും, ജർമനിയിലും, ഈ വ്രണംകൊണ്ടു് ആരംഭിച്ചു് മരണംകൊണ്ടു് അവസാനിപ്പിക്കുന്ന സുഖക്കേടിനെപ്പറ്റി റിപ്പോർട്ടുകൾ കാണാൻതുടങ്ങി. 1496 ൽ പാരീസിൽ ഈ പ്രത്യേക സുഖക്കേടുള്ളവർ അതു പൂർണ്ണമായി സുഖപ്പെട്ടവരായി.

മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ, ചില യാത്രക്കാരുടെ കയ്യിലും ശരീരത്തും വൃത്തികെട്ട വ്രണങ്ങൾ കണ്ടുതുടങ്ങി. ഈ വ്രണങ്ങളും അവരുടെ കഷ്ടപ്പാടുകളും ഓർത്തു് അവർ തന്നത്താൻ ശപിച്ചു ആ ദ്വീപിനെപ്പറ്റി അവർ സംശയാസ്പദമായി വിചാരിക്കാൻതുടങ്ങി. എന്നാൽ കുറെനാൾ കഴിഞ്ഞു് ഈ വ്രണങ്ങളും അപ്രത്യക്ഷമായി അവർ അതിനെപ്പറ്റി മറക്കുകയുംചെയ്തു. എന്നാൽ ആ ദ്വീപിലെ സ്ത്രീകളും ഇവരുടെ ശരീരത്തിൽ വ്യാപിപ്പിച്ച മരണകരമായ വിളറിയ കോക്കസ്ക്രൂപോലെ ചിരിഞ്ഞിരിക്കുന്ന സ്പൈറോഹീറ്റെ എന്നു പറയുന്ന രോഗബീജങ്ങളും അവരുടെ രക്തപ്രവാഹത്തിൽ കടന്നിട്ടു ശരീരത്തിന്റെ എല്ലാഭാഗങ്ങളിലും തുളച്ചിറങ്ങിക്കൊണ്ടിരിക്കുകയാണെന്നു് ഈ യാത്രക്കാർക്കു് അറിയാൻ പാടില്ലായിരുന്നു.

അവസാനമായി കൊളംബസ്സിനു വെസ്റ്റ്ഇൻഡീസിലുള്ള ബഹാമാദ്വീപു് പ്രത്യക്ഷമായി. അതു ചതിവു് നിറഞ്ഞിരുന്നതും സാവധാനത്തിൽ പ്രവർത്തിക്കുന്നതുമായ ഒരു കൊലപാതകിയായിരുന്നു. മനുഷ്യരെ അതു് ഭ്രാന്തുപിടിപ്പിച്ചു. ഇതിനുമുമ്പു് ലോകമെങ്ങും ഇതിനെപ്പറ്റി ഒരറിവു് ഉണ്ടായിരുന്നില്ല. ആറായിരംകൊല്ലത്തെ ഈജിപ്തിന്റെ ചരിത്രത്തിൽ ഇങ്ങനെ ഒരു സംഭവം കാണുന്നില്ലായിരുന്നു. 1493-നുമുമ്പു് യൂറോപ്പിലായാട്ടെ, ഇന്ത്യയിലായാട്ടെ, ലോകത്തിൽ എവിടേയുംതന്നെ ഇതിനെപ്പറ്റി അറിവില്ലായിരുന്നു. എന്നാൽ ഏറ്റവും ചെറിയ കാലത്തിനുള്ളിൽ ഇതു് മനുഷ്യന്റെ ഒരു വലിയ ബാധയായിത്തീർന്നു. പുരുഷന്മാരേയും, സ്ത്രീകളേയും, കുട്ടികളേയും ഒന്നുപോലെ കഷ്ടപ്പെടുത്തി. ജനിക്കുന്നതിനുമുമ്പു് ശിശുക്കളെ ഇതു ബാധിക്കുന്നു. ചില വൃത്തികെട്ട വ്രണങ്ങളുടെ രൂപത്തിൽ ആരംഭിച്ചു് പിന്നീടു് അസ്ഥിബന്ധങ്ങളും എല്ലും കുടിപിടിപ്പിച്ചു് മനുഷ്യനെ അവസാനമായി ഭ്രാന്തുപിടിപ്പിക്കുകയോ; വലിയ അരിഷ്ടതയിൽ കൊല്ലുകയോ ചെയ്യുന്ന ഈ സുഖക്കേടു് എന്താണു്. നാന്നൂറു കൊല്ലങ്ങളോളം ശസ്ത്രക്രിയപരിശ്രമത്തെ എതിർത്തുനിന്ന ഈ സുഖക്കേടു് എപ്രകാരം ഉത്ഭവിച്ചു.

അത്ലാന്റിക്കമഹാസമുദ്രംകടന്നു യാത്രചെയ്യുന്ന മൂന്നു ചെറിയ പാക്കപ്പലുകളുടെ രൂപത്തിലായിരുന്നു ഇതിന്റെ ആരംഭം. ഭൂമിശാസ്ത്രപരവും ചരിത്രപരവുമായിരുന്ന ഒരു വലിയ പരീക്ഷണം നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഭൂമി ഉരുണ്ടതാണെന്നു സ്ഥാപിക്കുവാൻ ഉള്ള ശ്രമത്തിൽ തന്റെ ജീവനെപ്പോലും ബലികഴിക്കാൻ സന്നദ്ധനായിട്ടു് കൊളംബസ്സ് എന്ന ഒരു മനുഷ്യൻ ഇരിക്കുന്നു. സ്പെയിനിലെ രാജാവും രാണിയുമായിരുന്ന ഫെർഡിനാൻഡും, ഇസബെല്ലായും, കൊളംബസ്സ് ഇന്ത്യയിലേക്കു് ഒരു കടൽമാർഗ്ഗമായ വഴി കണ്ടുപിടിക്കുമെന്ന ആശയോടെ തന്റെ ഉദ്യമത്തിൽ സകല സഹായങ്ങളും ചെയ്യാൻ തയ്യാറായിരുന്നു. യൂറോപ്പ് വിസ്തീർണ്ണത പ്രാപിച്ചേ മതിയാവൂ. ആ മൂന്നു കപ്പലുകളുടെ പാശ്ചീശിയ കാറ്റിൽ ചരിത്രത്തിന്റെ പ്രവാഹമുണ്ടായിരുന്നുവെന്നു പറയുന്നതിൽ തെറ്റില്ല.

അവസാനമായി കൊളംബസ്സിനു വെസ്റ്റ്ഇൻഡീസിലുള്ള ബഹാമാദ്വീപു് പ്രത്യക്ഷമായി. അതിലുംമുമ്പു് ഈ കപ്പലുകളുടെ ഉള്ളിൽ പൊന്നും നിധികളും മാത്രമല്ലാം അടങ്ങിയിരുന്നതു് ഒരു പുതിയലോകത്തെ കണ്ടുപിടിച്ചെന്നുമാത്രമല്ലാം സിഫിലിസും അതിൽ ഉണ്ടായിരുന്നു. ആക്കും അതു് മനസ്സിലായിരുന്നതും ഇല്ലാ.

ചില ആഴ്ചകൾ കഴിഞ്ഞപ്പോൾ, ചില യാത്രക്കാരുടെ കയ്യിലും ശരീരത്തും വൃത്തികെട്ട വ്രണങ്ങൾ കണ്ടുതുടങ്ങി. ഈ വ്രണങ്ങളും അവരുടെ കഷ്ടപ്പാടുകളും ഓർത്തു് അവർ തന്നത്താൻ ശപിച്ചു ആ ദ്വീപിനെപ്പറ്റി അവർ സംശയാസ്പദമായി വിചാരിക്കാൻതുടങ്ങി. എന്നാൽ കുറെനാൾ കഴിഞ്ഞു് ഈ വ്രണങ്ങളും അപ്രത്യക്ഷമായി അവർ അതിനെപ്പറ്റി മറക്കുകയുംചെയ്തു. എന്നാൽ ആ ദ്വീപിലെ സ്ത്രീകളും ഇവരുടെ ശരീരത്തിൽ വ്യാപിപ്പിച്ച മരണകരമായ വിളറിയ കോക്കസ്ക്രൂപോലെ ചിരിഞ്ഞിരിക്കുന്ന സ്പൈറോഹീറ്റെ എന്നു പറയുന്ന രോഗബീജങ്ങളും അവരുടെ രക്തപ്രവാഹത്തിൽ കടന്നിട്ടു ശരീരത്തിന്റെ എല്ലാഭാഗങ്ങളിലും തുളച്ചിറങ്ങിക്കൊണ്ടിരിക്കുകയാണെന്നു് ഈ യാത്രക്കാർക്കു് അറിയാൻ പാടില്ലായിരുന്നു.

യിൽപോകാൻ പാടില്ലെന്ന് നിയമം പാസ്സാക്കി. 1497-ൽ എഡിൻബറോയിലെ പ്രിവികൗൺസിൽ ഈ സുഖക്കേട് ബാധിച്ചവരെ വേർതിരിച്ച് ലീത്തിന് അടുത്തുള്ള ഒരു ദ്വീപിൽ താമസിപ്പിക്കണമെന്ന് ഉത്തരവു പ്രസിദ്ധംചെയ്തു. അവസാനമായി 1498-ൽ ഒരു പോർട്ടുഗീസ് കടൽയാത്രക്കാരനായ വാസ്കോഡിഗാമ, ഗുഡ്ഹോപ്പ്, ചുറ്റിവളഞ്ഞു് ഇന്ത്യയിൽവന്നെത്തി. ഏകദേശം ഒരുമാസം കഴിഞ്ഞു്, പൂണംകൊണ്ടു് ആരംഭിച്ച് അതു മറഞ്ഞുകഴിഞ്ഞു് മരണത്തിനിടയാക്കുന്ന ഈ സുഖക്കേടിനെപ്പറ്റി ഇൻഡ്യയിലും കേൾക്കാൻതുടങ്ങി. 1505-നു വർഷത്തോടുകൂടി ഈ മരണകരമായ ബീജം ചൈനയിൽപോലും എത്തി. ഇവ പോകുംവഴിവശം പുറപ്പെടുവിച്ചു. അതേസമയം ഈ വിചിത്ര സ്വൈരോഫീറ്റെ ഗ്രന്ഥീഭവിച്ച് പൊതുകി; വീണ്ടും ആയിരക്കണക്കിനു് വർദ്ധിച്ചു.

1530-ൽ ഇറാലിക്കാരനായ ഒരു കവി—വൈദ്യൻ 'സിഫിലിസ്സ്' എന്നു പേരുള്ള ഒരു ആട്ടിടയനെ ഈ സുഖക്കേടു ബാധിച്ചതിനെസംബന്ധിച്ചു് ഒരു പദ്യം ലാറ്റിൻഭാഷയിൽ എഴുതി 'അപ്പോളോ' എന്നു പറയുന്ന ദൈവത്തെ ആക്ഷേപിച്ച കാരണമാണ് ഈ ബാധ ആട്ടിടയനു് പിടിപെട്ടതെന്നു പദ്യകാരൻ എഴുതുകയുണ്ടായി. ഈ പദ്യത്തിനു് വമ്പായ പ്രചരണം സിദ്ധിച്ചതോടുകൂടി, സിഫിലിസ്സ് എന്ന പേരിനു പ്രചരണംലഭിച്ചു. ആ പടം ഉറച്ചു. മരണകരമായ കോക്കസ്സ്കൃമിക്കു് ഒരു പേരും ആയി.

ഈ സമയത്തും "സ്വൈരോഫീറ്റെ" എന്നു പറയുന്ന രോഗത്തെക്കുറിച്ചു് ഒരറിവും കിട്ടിയിരുന്നില്ല. സൂക്ഷ്മദർശിനികൾ അന്നു് ഇല്ലായിരുന്നു. രക്തം പരിശോധിക്കുക എന്ന സമ്പ്രദായം ഇല്ലായിരുന്നു. സുഖക്കേടു് കണ്ടുപിടിക്കുന്നതിനും ചികിത്സാമാർഗ്ഗങ്ങൾ ആരായുന്നതിനും ഇന്നുള്ള ലബോറട്ടറികളും ഇല്ലായിരുന്നു. മസൂരിപോലെ പടർന്നുപിടിക്കുന്ന ഒരു സുഖക്കേടുകാരണം എവിടെയും ഭ്രാന്തും മരണവുംമാത്രം കാണപ്പെട്ടു. ഈ സുഖക്കേടിനെതിരായി സ്വാഭാവികമായ എതിർപ്പു് ശരീരത്തിൽ വളർന്നിട്ടില്ലാത്ത ലോകത്തിലെ ജനങ്ങളിൽ ഏറ്റവും ശക്തികൂടിയ ഒരു വർഗ്ഗം 'സിഫിലിസ്സ്' അണുക്കളെ ഭയാനകമായി പ്രവർത്തിച്ചു.

ഈ അനുഭവങ്ങൾ 450 വർഷക്കാലത്തോളം നീണ്ടുനിന്ന ഒരു ചികിത്സാനേഷണത്തിനു കാരണമാക്കി. ഈ സുഖക്കേടിനു കാരണമാക്കുന്നതെന്താണ്?- പുരാതനമായ ഹിപ്പോക്രാറ്റസ് ശാലനിങ്ക് എന്നു പറയപ്പെടുന്ന ശാസ്ത്രങ്ങളിലെങ്ങും ഇതിനെപ്പറ്റി കാണാനില്ല. സാറോണിന്റേയും വീനസിന്റേയും പ്രത്യേകമായ സംഘടന നിമിത്തമാണ് ഇതുണ്ടാകുന്നതെന്നു ഒരു നക്ഷത്രശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടു. കൂട്ടത്തിൽ വിവേകമുള്ള ചിലർ ഇതു സാധ്യമായതു് പത്തൊൻപതാംനൂറ്റാണ്ടിലായിരുന്നു. ഇതിൽ ഒന്നാമത്തേതു് സിഫിലിസ്സ് ബീജങ്ങളും സൈനോറിയബീജങ്ങളിൽനിന്നു് വ്യത്യസ്തപ്പെട്ടതാണെന്നുള്ള ഡാ: റികോർഡിന്റെ 1837-ലെ കണ്ടുപിടിത്തം ആയിരുന്നു. ഇതു പിന്നീടുള്ള ശ്രമങ്ങൾക്കു വഴിതെളിക്കുകയുണ്ടായി. രസമായി 1879-ൽ നീസ്സർ 'ഗൊണോറിയ' സുഖക്കേടിനുകാരണഭൂതമായ സസ്യാണുവിനെ കണ്ടുപിടിച്ചു. ഏകദേശം നൂറ്റാണ്ടിനടുക്കുമുമ്പു് 1899-ലാണ് ഫോർനിയർ എന്ന ദേഹം പഴയ രസചികിത്സ വീണ്ടും ആരംഭിച്ചു. രോഗിക്കു് അനിഷ്ടസംഭവങ്ങൾ വരുത്താതെ സുഖപ്രദിക്കുന്നതിനുവേണ്ടി മരുന്നു രസം കൊടുക്കേണ്ട മാർഗ്ഗം കണ്ടുപിടിച്ചതു്. എന്നാൽ ഇതുകൊണ്ടും പണ്ടത്തെ കവിയെവ്വെൻ ഫ്റക്കസ്റ്റർ ആദ്യം അതിനെ ഉപയോഗിച്ചപ്പോൾ അറിയപ്പെടുന്ന പോലെ കൊടുത്തപ്പോൾ ഉള്ളതിൽ വളരെ പുരോഗമിച്ച ചികിത്സയായിരുന്നു ഇപ്പോഴത്തേതെന്നു പറയാൻതരമില്ല.

ഏകദേശം അൻപതുകൊല്ലങ്ങൾക്കുമുമ്പു് 1903-10 ആണ്ടിലാണ് മെച്ചിൻകോഫ് എന്നും പോസ്സ് എന്നും പറയുന്ന ഡാക്ടറന്മാർ കൂടി മേൽ സിഫിലിസ്സ്ബീജം കുത്തിവെച്ചു്, ഈ സുഖക്കേടിനെപ്പറ്റി പരീക്ഷണങ്ങൾ നടത്തുന്നതിനു് സൗകര്യങ്ങൾ ഉണ്ടാക്കിയതു്. എന്നാൽ അവരും ഈ ബീജത്തെ കണ്ടിട്ടില്ലായിരുന്നു. എങ്കിലും അവരുടെ പ്രവർത്തനങ്ങൾമൂലം തണ്ണമയ പുരോഗമനം സാധിതപ്രായമായി. അവസാനമായി 1905-ൽ എറിക്ക ഹോഫ്മാനും ഫ്റിറ്റ്സ് ഷൗഡിനും ചരിത്രത്തിൽ ആദ്യമായി ഈ അണുവിനെ സൂക്ഷ്മദർശിനിയുടെ ഉള്ളിൽക്കൂടെ കാണുവാൻ ഇടയാക്കി. സിഫിലിസ് പിടിക്കപ്പെട്ട ഒരു ചെറിയ ഭാഗം മാംസം ഉടൻതന്നെ മരുന്നുകൂടാതേയും കൊല്ലാതെ സൂക്ഷ്മദർശിനിയുടെ ഉള്ളിൽക്കൂടെ നോക്കിയപ്പോൾ ഈ വിചിത്ര "കോക്കസ്സ്റ്റ പോലെയുള്ള ജീവികൾ പിരിഞ്ഞിരുന്നതായിക്കണ്ടു. വിചിത്ര സ്വൈരോഫീറ്റെ എന്നതിനെ അവയെ സ്വൈരോഫീറ്റെപാലിഡാ എന്നു വിളിച്ചു.

ഈ ജീവാണുവിനെ വേർതിരിച്ചെടുക്കുവാൻ സാധിച്ചതോടുകൂടെ സംഭവങ്ങൾ ത്വരിതഗതിയിൽ പ്രയാണം ചെയ്തു. 1907-ൽ രക്തപ്രവാഹത്തിലുള്ള "സ്വൈരോഫീറ്റെയെ" എറവും വേഗത്തിൽ കണ്ടുപിടിക്കുവാൻ സാധിക്കുന്ന പേരുകേട്ട കോംപ്ലിമെന്റ് ഫിക്സേഷൻ എന്ന വിദ്യ കണ്ടുപിടിച്ചു. അതോടുകൂടി ചികിത്സാക്രമത്തിലുള്ള പടിയിൽ കടക്കൻസാധിച്ചു. ഈ രോഗത്തെ എന്താണ് നീക്കിനെപ്പറ്റി പഠിക്കുവാൻ മാർഗ്ഗമെന്താണ്എന്നും അറിയുവാൻ സാധിക്കുന്നതിനുമുമ്പ് ശ്രമിച്ച നാനാരീതിപരം വർഷങ്ങൾ ചിലവഴിക്കേണ്ടിവന്നു.

ഒടുവിൽ 1910-ൽ 'ഇല്ല' എന്ന ഉണ്ടാകുന്ന വ്രണങ്ങളും അരോഗ്യം യിൽ കാണപ്പെട്ട സ്ലേഫീസ് എന്നു പറയുന്ന ഒരുതരം ചാറിലും തമ്മിൽ ചില യോജിപ്പുകളും കണ്ടെത്തുകയുണ്ടായി. വ്രണങ്ങളും കാഴ്ച്ചയ്ക്ക് ഒരുപോലെ ഇരുന്നു. അവയുടെ പ്രവർത്തനങ്ങൾക്കും സാമ്യം ഉണ്ടായിരുന്നു. അരോഗ്യക്കാരുടെ അഭിപ്രായപ്രകാരം സ്ലേഫീസ് എന്ന സുഖക്കേടിനു് രസം മാത്രമാണ് പ്രതിവിധി. അതനുസരിച്ചു് യൂറോപ്പിൽ ഉള്ളവരും സിഫിലിസ്സിനു് രസം ഉപയോഗിച്ചുതുടങ്ങി. അതോടുകൂടി അതിശയകരമാംവണ്ണം വ്രണങ്ങളും പൊരുക്കുകയും സഹിഫിസ് ബാധ ഇല്ലാതാക്കുകയും ചെയ്തു. ചില ഡാക്ടറന്മാർ വളരെ മിതമായിമാത്രം ഇതു ചികിത്സിച്ചു. എന്നാൽ ചികിത്സ ഒരു ശാസ്ത്രമായിത്തീർന്നിട്ടില്ലാ. അക്കാലങ്ങളിൽ അതു നന്നാക്കുന്നതുള്ള ശ്രമത്തിൽ അധികമായി രസം ഉപയോഗിക്കുകയും തന്മൂലം രോഗികളിൽ രസത്തിന്റെ വിഷം വ്യാപിക്കുകയും ഇടയായി. രസചികിത്സ അങ്ങിനെ സുഖക്കേടിനേക്കാൾ അപായകരമായി കണ്ടതോടുകൂടി അതു് നിശ്ശേഷമായി അവസാനിപ്പിച്ചു. ഈ സുഖക്കേടിന്റെ കാരണക്കാരൻ വിചിത്ര "സ്വൈരോഫീറ്റെ" ആണെന്ന ആക്ഷം മനസ്സിലായിട്ടില്ലായിരുന്നു.

സുഖക്കേടിനെപ്പറ്റിയുള്ള ജ്ഞാനം ലഭിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരുന്നു. പാരസെൽസസ്സ് എന്ന ദേഹത്തിന്റെ അഭിപ്രായം "സിഫിലിസ്സ്" പാരമ്പര്യമായി ലഭിക്കുമെന്നായിരുന്നു. ഈ വിശ്വാസങ്ങൾക്കു ആരോഗ്യം ഉള്ള തൊലി ഭേദിച്ചു് ഉള്ളിൽ കടക്കാൻ സാധിക്കയില്ലെന്നു ഫാർനൽ എന്നു പറയുന്ന ഒരു ഡാക്ടർ കണ്ടുപിടിച്ചു. എന്നാൽ തൊലിയിൽ ഉണ്ടാകുന്ന എതുതന്നെയും ഒരു മുറിവിൽക്കൂടെയും ഇവസ്സു കടന്നു രക്തപ്രവാഹത്തിൽ പ്രവേശിക്കാൻ സാദ്ധ്യമാകുന്നു.

"സിഫിലിസ്സ്" എന്നും "ഗോണോറിയ" എന്നും പറയുന്ന രോഗങ്ങൾ രണ്ടും ഒന്നുതന്നെയാണെന്നു്, ഇംഗ്ലീഷു വൈദ്യത്തിന്റെ പിതാവെന്നറിയപ്പെടുന്ന ജോൺഹണ്ടർ 1767-ൽ വിചാരിച്ചിരുന്നു. പരീക്ഷണാത്മകനായ അദ്ദേഹം തന്റെ സ്വന്തംതൊലി രണ്ടെടുത്തു് സ്വല്പം മുറിച്ചിട്ട്, ഒരിടത്തു സിഫിലിസ്സിന്റെ അണുക്കളേയും മാറിടത്തു് ഗൊണോറിയാ ബീജമെന്ന കരുതപ്പെട്ടിരുന്നവയേയും പ്രവേശിപ്പിച്ചു. പക്ഷേ രണ്ടുമെത്തുപറയപ്പെട്ട ബീജങ്ങളും രണ്ടുതരം ബീജങ്ങളുംകൂടികലരാപ്പെട്ടവയായിരുന്നു. എന്തെന്നാൽ രണ്ടുരോഗങ്ങളിലും ഉണ്ടായ വ്രണങ്ങളും ഒരുപോലെതന്നെയായിരുന്നു. അതുകാരണം പിന്നീടു് ഏകദേശം അൻപതുകൊല്ലങ്ങളോളം ഈ വിഷയം നിശ്ചയമില്ലാതെ കഴുങ്ങിക്കിടന്നു.

'സിഫിലിസ്സ്' സുഖക്കേടിനെതിരാ

ങ്ങളും സാദ്ധ്യമായതു് പത്തൊൻപതാംനൂറ്റാണ്ടിലായിരുന്നു. ഇതിൽ ഒന്നാമത്തേതു് സിഫിലിസ്സ് ബീജങ്ങളും ഗൊണോറിയബീജങ്ങളിൽനിന്നു് വ്യത്യസ്തപ്പെട്ടതാണെന്നുള്ള ഡാ: റികോർഡിന്റെ 1837-ലെ കണ്ടുപിടിത്തം ആയിരുന്നു. ഇതു പിന്നീടുള്ള ശ്രമങ്ങൾക്കു വഴിതെളിക്കുകയുണ്ടായി. രസമായി 1879-ൽ നീസ്സർ 'ഗൊണോറിയ' സുഖക്കേടിനുകാരണഭൂതമായ സസ്യാണുവിനെ കണ്ടുപിടിച്ചു. ഏകദേശം നൂറ്റാണ്ടിനടുക്കുമുമ്പു് 1899-ലാണ് ഫോർനിയർ എന്ന ദേഹം പഴയ രസചികിത്സ വീണ്ടും ആരംഭിച്ചു. രോഗിക്കു് അനിഷ്ടസംഭവങ്ങൾ വരുത്താതെ സുഖപ്രദിക്കുന്നതിനുവേണ്ടി മരുന്നു രസം കൊടുക്കേണ്ട മാർഗ്ഗം കണ്ടുപിടിച്ചതു്. എന്നാൽ ഇതുകൊണ്ടും പണ്ടത്തെ കവിയെവ്വെൻ ഫ്റക്കസ്റ്റർ ആദ്യം അതിനെ ഉപയോഗിച്ചപ്പോൾ അറിയപ്പെടുന്ന പോലെ കൊടുത്തപ്പോൾ ഉള്ളതിൽ വളരെ പുരോഗമിച്ച ചികിത്സയായിരുന്നു ഇപ്പോഴത്തേതെന്നു പറയാൻതരമില്ല.

ഏകദേശം അൻപതുകൊല്ലങ്ങൾക്കുമുമ്പു് 1903-10 ആണ്ടിലാണ് മെച്ചിൻകോഫ് എന്നും പോസ്സ് എന്നും പറയുന്ന ഡാക്ടറന്മാർ കൂടി മേൽ സിഫിലിസ്സ്ബീജം കുത്തിവെച്ചു്, ഈ സുഖക്കേടിനെപ്പറ്റി പരീക്ഷണങ്ങൾ നടത്തുന്നതിനു് സൗകര്യങ്ങൾ ഉണ്ടാക്കിയതു്. എന്നാൽ അവരും ഈ ബീജത്തെ കണ്ടിട്ടില്ലായിരുന്നു. എങ്കിലും അവരുടെ പ്രവർത്തനങ്ങൾമൂലം തണ്ണമയ പുരോഗമനം സാധിതപ്രായമായി. അവസാനമായി 1905-ൽ എറിക്ക ഹോഫ്മാനും ഫ്റിറ്റ്സ് ഷൗഡിനും ചരിത്രത്തിൽ ആദ്യമായി ഈ അണുവിനെ സൂക്ഷ്മദർശിനിയുടെ ഉള്ളിൽക്കൂടെ കാണുവാൻ ഇടയാക്കി. സിഫിലിസ് പിടിക്കപ്പെട്ട ഒരു ചെറിയ ഭാഗം മാംസം ഉടൻതന്നെ മരുന്നുകൂടാതേയും കൊല്ലാതെ സൂക്ഷ്മദർശിനിയുടെ ഉള്ളിൽക്കൂടെ നോക്കിയപ്പോൾ ഈ വിചിത്ര "കോക്കസ്സ്റ്റ പോലെയുള്ള ജീവികൾ പിരിഞ്ഞിരുന്നതായിക്കണ്ടു. വിചിത്ര സ്വൈരോഫീറ്റെ എന്നതിനെ അവയെ സ്വൈരോഫീറ്റെപാലിഡാ എന്നു വിളിച്ചു.

ഈ ജീവാണുവിനെ വേർതിരിച്ചെടുക്കുവാൻ സാധിച്ചതോടുകൂടെ സംഭവങ്ങൾ ത്വരിതഗതിയിൽ പ്രയാണം ചെയ്തു. 1907-ൽ രക്തപ്രവാഹത്തിലുള്ള "സ്വൈരോഫീറ്റെയെ" എറവും വേഗത്തിൽ കണ്ടുപിടിക്കുവാൻ സാധിക്കുന്ന പേരുകേട്ട കോംപ്ലിമെന്റ് ഫിക്സേഷൻ എന്ന വിദ്യ കണ്ടുപിടിച്ചു. അതോടുകൂടി ചികിത്സാക്രമത്തിലുള്ള പടിയിൽ കടക്കൻസാധിച്ചു. ഈ രോഗത്തെ എന്താണ് നീക്കിനെപ്പറ്റി പഠിക്കുവാൻ മാർഗ്ഗമെന്താണ്എന്നും അറിയുവാൻ സാധിക്കുന്നതിനുമുമ്പ് ശ്രമിച്ച നാനാരീതിപരം വർഷങ്ങൾ ചിലവഴിക്കേണ്ടിവന്നു.

ഒടുവിൽ 1910-ൽ 'ഇല്ല' എന്നു, വ്യത്യസ്തപ്പെടുത്തിയ ഒരു മരുന്നും രംഗപ്രവേശം ചെയ്തു. ആ മരുന്നിന്റെ പേര് [illegible] എന്നും ആ മരുന്നിന്റെ പേര് [illegible] എന്നും ആയിരുന്നു. ആ മരുന്നിൽ [illegible] ആർസനിക്കം അടങ്ങിയിരുന്നു. സൂക്ഷ്മദർശിനികളുടെ കൊല്ലുന്നതിനുള്ള വർത്തനശക്തിക്കും ഇതിനുമുമ്പിലും, ഇതു് മനുഷ്യരെയും കൊല്ലുന്നതിനും ആയിരുന്നു. ഈ മരുന്നു വ്യത്യസ്തപ്പെടുത്തുന്നതിനും സാദ്ധ്യമാക്കുന്നതിനും മറ്റൊരാളും പറഞ്ഞെങ്കിലും "ഞാൻ ഇതിനെ വ്യത്യസ്തപ്പെടുത്തും" എന്നു പറഞ്ഞു് യത്നിച്ചതു് എറിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഒരു പ്രാവശ്യം അല്ലാ, ഒന്നിലധികം പ്രാവശ്യം താൻ അതിനു പരിശ്രമപ്പെട്ടത്തി. വിചിത്ര "സ്വൈരോഫീറ്റെ"യെ ഈ മരുന്നു നശിപ്പിച്ചു. എന്നാൽ അതുപോലെതന്നെ പരീക്ഷണാർത്ഥം പ്രയോഗിച്ച എലികളും ചത്തു. വീണ്ടും മനസ്സുമടിച്ചതെ അദ്ദേഹം പരീക്ഷണങ്ങൾ തുടങ്ങി. ഒരുനൂറിലധികം പ്രാവശ്യം താൻ അതിനെ വീണ്ടും വ്യത്യസ്തപ്പെടുത്തി. അപ്പോഴും ആ മരുന്നുകൊണ്ടുള്ള കോക്കസ്സ്റ്റ് ജീവികളും നശിച്ചു. എന്നാൽ ഉപയോഗിച്ച എലികളും മരിച്ചതുമില്ല. ആർസെനിക്ക എന്ന ഏറ്റവും മരണകരമായ വിഷം അടങ്ങിയിരുന്ന ഈ കോമ്പൗണ്ട് 606 സിഫിലിബീജങ്ങളെനശിപ്പിക്കുകയും അതേസമയം രോഗിയെ ജീവനോടെ രക്ഷിക്കുകയും ചെയ്തു. ഈ വിചിത്ര കോക്കസ്സ്റ്റുകളെക്കൊണ്ടുനിറഞ്ഞ രക്തമുള്ള രോഗിക്കു് ഒരു കുത്തിവെയ്പുമാത്രം കൊടുക്കുമ്പോൾതന്നെ ആ രക്തം ശുദ്ധമാകുന്നു.

ഇതൊരു അതിശയംതന്നെയായിരുന്നു! അപ്പോൾ വേറൊരുകുഴപ്പം സംഭവിച്ചു. കോമ്പൗണ്ട് 606 അല്ലെങ്കിൽ പിന്നീടു് സൽവർസൻ എന്നു വിളിക്കപ്പെട്ടിരുന്ന മരുന്നിന്റെ അതിശയലക്ഷണങ്ങളും കാലക്രമേണ നശിക്കുന്നതായി കണ്ടു. ആദ്യം ഒരു കുത്തിവെയ്പുകൊണ്ടു മതി രക്തം പുണ്യമായി ശുദ്ധീകരിക്കപ്പെട്ടെങ്കിൽ ഇപ്പോൾ രണ്ടു വേണ്ടിയിരുന്നു, പിന്നീടു് മൂന്നു്, പിന്നീടു് ഇരുപതു്, പിന്നെ നൂറ്റിയുപ്പതു് കുത്തിവെപ്പുകൾ വേണ്ടിവന്നു. ഇതു് ശക്തിമത്തായ ഒരു മരുന്നുതന്നെയായിരുന്നു. എന്നാൽ ഈ ഏറ്റവും ചെറിയ സൂക്ഷ്മജീവങ്ങൾക്കു് സംക്രമണസമയം വ്യത്യസ്തപ്പെടാനുള്ള കഴിവുണ്ടായിരുന്നു. അവ ഈ മരുന്നിന്റെ ശക്തിയെ എതിർത്തു. എന്നിരുന്നാലും ഏകദേശം നാനൂറുവർഷത്തെ പ്രയത്നഫലമായ ഈ മരുന്നു് ഇല്ലാതിരുന്നുവെങ്കിൽ ഏറ്റവും വലിയ ഒരു അതിശയംതന്നെയായിരുന്നു.

എർലിച്ചിന്റെ നമ്പർ 606, പിന്നീടു് ബിസ്മത്തിലുള്ള രസവുമായി കലർത്തു് അതു് സിഫിലിസ്സിന്റെ പ്രധാന മരുന്നായിത്തീർന്നു. ഈ ചികിത്സ വളരെ വർഷങ്ങൾ നീണ്ടു എന്നു

ഒരു ഗാനം

ആരു നീതന്നെ

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് B. Sc. B. L. —

മാധുര്യമന്ദഹാസം തേജോമയവിലാസം
തുവുന്നതാരുതാനീ പാരിൽ പരക്കെയെങ്ങും ?

1. പൊന്താമരയ്ക്കു മുറവും
പഞ്ചോടിയാടിനിൽക്കും
ചാമീകരപ്രകാശം
പൊരിയുന്നതാരു മന്നിൽ ?... (മാധുര്യ)

2. ചാലെതെളിഞ്ഞു കാവിൽ
പാലാഴിപോലെ രാവിൽ
തുവുന്ന ചന്ദ്രധാരയ്ക്കു്
ആധാരമാരുപാരിൽ ?..... (മാധുര്യ)

3. പുതുമയ്ക്കു പട്ടുചാത്തി
പുലരിക്കു പൂൺപുച്ചൂടി
പൂഞ്ചോലപൂത്തു പുളകം
പാകുന്നതാരു പുളിനേ ?..... (മാധുര്യ)

4. മാധുര്യമാർന്ന മാവിൻ
ലാളിത്യമാർന്ന കൊമ്പിൽ
പാടുന്ന കൊച്ചുകുയിലിൻ
ഗാനം രചിച്ചതാരോ ?..... (മാധുര്യ)

5. തേടേണ്ട ലോകമാകെ
വാടാത്ത സത്യമറിയാൻ
തേടുന്നതൊക്കെ വിളയും
കേദാരമാണു മർത്ത്യൻ..... (മാധുര്യ)

തുകൊണ്ടും, സാധാരണ ഒരു രോഗിയെക്കൊണ്ടു് ഇതു പൂർത്തിയാക്കാൻ പ്രയാസമായിരുന്നു. എന്നാൽ അന്നുണ്ടായിരുന്ന ചികിത്സ മുഴുവനുംകൊണ്ടു രീരാന്തവിധത്തിൽ ലോകമൊട്ടുക്കു 'സിഫിലിസ്സ്' ഉണ്ടായിരുന്നതാനും. ഇതുപോലെ നീണ്ടുനിന്ന ചികിത്സ ഏറ്റവും പ്രയാസകരവും ചിലവേറിയതും ആയതുനിമിത്തം ഇൻഡ്യയിലും അതുപോലെയുള്ള ലോകത്തിന്റെ മറ്റുചില ഭാഗങ്ങളിലും ഈ ഭയങ്കരവ്യാധി നിർബാധമായി പെരുകി. ഒരതിശയംകൊണ്ടു മാത്രമായില്ല. വേറൊരതിശയംകൂടി വേണ്ടിവന്നു; അതായതു് ഒരു വേഗതയുള്ള അതിശയം. ഒന്നോ രണ്ടോ പ്രയോഗംകൊണ്ടു രക്തത്തിലെ ഈ വിഷബീജങ്ങളെ ഒന്നാകെ ഇല്ലാതാക്കാൻ കഴിവുള്ള ഒരു മരുന്നു് ഇതിന്റെ പ്രവർത്തിനിശ്ചയഫലമുള്ളതും എളുപ്പമുള്ളതും പ്രയാസംകുറഞ്ഞതും ആയിരിക്കണം.

ശാസ്ത്രീയകേന്ദ്രങ്ങളും പതിവിലധികമായി പ്രവർത്തിച്ചുതുടങ്ങി. ലാബർലി മുതലായ ലാബൊറട്ടറികളും രാവും പകലും ഇല്ലാതെ പ്രയത്നിച്ചു. തൽഫലമായി 'സിഫിലിസ്സ്' സുഖക്കേടിനു് പൂർണ്ണസൗഖ്യവും ഉറപ്പും നൽകുന്ന മരുന്നുകൾ ഉണ്ടായിത്തുടങ്ങി.

1940-നും 1949-നും ഇടയ്ക്കു്, ആദ്യമായി സൽഫാമരുന്നുകൾ ഉണ്ടായി. അവ പ്രയോജനകരമായിരുന്നെങ്കിലും പൂർണ്ണസുഖം നൽകിയില്ലെന്നു മാത്രമല്ലാ, ചിലപ്പോൾ അനിഷ്ടഫലങ്ങളും ഉണ്ടാക്കി. പിന്നീടു് ഏകദേശം പത്തുകൊല്ലങ്ങൾക്കുമുമ്പു്, ഏറ്റവും അതിശയഔഷധങ്ങൾ എന്നു പറയപ്പെട്ടതു "ആൻറിബയോട്ടിക്സ്" പ്രത്യക്ഷമായി. അവയിൽ ഒന്നാമത്തേതു്, കൂപ്പികളുടെ ഉള്ളിൽ വളരുന്ന അതിശയകരമായ ഒരുതരം 'പൂപ്പു്' ആയ പെനിസിലിൻ ആയിരുന്നു.

ഇതു് പലതരം സൂക്ഷ്മബീജങ്ങൾക്കും രോഗാണുക്കൾക്കും എതിരായി പ്രവർത്തിച്ചു. എന്നാൽ ഇതിനു് 'സിഫിലിസ്സി'നെതിരായി പ്രവർത്തിക്കാൻ കഴിവുണ്ടായിരുന്നുവോ? തീച്ചയായും ഉണ്ടായിരുന്നു! അവസാനമായി ഈ സുഖക്കേടിനെ നിയന്ത്രിക്കുവാനും, പരിപൂർണ്ണമായി ഇല്ലായ്മചെയ്യുവാനും കഴിവുള്ള ചികിത്സ ഇപ്രകാരം ഉണ്ടായി. പെനിസ്സിലിൻ വളരെ വലിയതോതിൽ ഉപയോഗിച്ചാൽ, രോഗാണുക്കൾ നിശ്ശേഷം നശിക്കുന്നതും അവ നിറഞ്ഞിരുന്ന വ്രണങ്ങൾ കരിയുന്നതും ആയിത്തീർന്നു.

തീച്ചയായും ഇതൊരു വലിയ പ്രതിവിധിതന്നെയായിരുന്നു. എങ്കിലും ലോകത്തിലെ ചില ഭാഗങ്ങളെ അപേക്ഷിച്ചുനോക്കുന്നിടത്തോളം, ഇതു് പൂർണ്ണമായ ഒരു പ്രതിവിധി ആയിരുന്നില്ല. ഏറ്റവും വിപുലവും, ദീർഘവുമായ ചികിത്സ പ്രയാസംനിറഞ്ഞതും ചിലവു കൂടിയതുമായിത്തീർന്നിരുന്ന ഇൻഡ്യാ മുതലായ ജനനിബിഡവും ജനബാഹുല്യവുമായ സ്ഥലങ്ങളിൽ അതിശയകരമായ പെനിസിലിന്റെ പ്രവർത്തി മാത്രം പര്യാപ്തമായിരുന്നില്ല. "സിഫിലിസ്സിനെ" പരിച്ഛേദം ഇല്ലാതാക്കുന്നതിനു് ചില ഭേദഗതികളും വേണ്ടിയിരുന്നു. ചിലവു വളരെ കുറഞ്ഞിരിക്കുന്നതും, ചെറിയതോതിൽ ഉപയോഗിക്കാവുന്നതും, രോഗിക്കുതന്നെ എളുപ്പത്തിൽ പ്രയോഗിക്കാവുന്നതും, പകച്ചയ്ക്കിടകൊടുക്കാതെ വേഗത്തിൽ രക്തത്തിലെ രോഗാണുക്കളെ നശിപ്പിക്കുന്നതുമായ ഒരു ആൻറിബയോട്ടിക്കു് ആവശ്യമായിരുന്നു.

ഈ ആവശ്യത്തെ നിറവേറ്റുമാറു് ലാഡർലി ലബോറട്ടറിയിൽനിന്നു് ഏറ്റവും വലിയ ആൻറിബയോട്ടിക്കു് ആയ "ഔറിയോമിസിൻ" പുറപ്പെട്ടു. അങ്ങനെ സിഫിലിസ്സ് എന്ന സുഖക്കേടു് ഏകദേശം നാനൂറിൽപരം കൊല്ലങ്ങൾക്കുമുൻപു് ഏതു ശീഘ്രത്തിൽ മനുഷ്യവർഗ്ഗത്തെ പിടികൂടിയോ അതുപോലെയും വേഗത്തിൽ അവയെ ഉന്മൂലനാശം ചെയ്യാൻ കഴിമെന്നുള്ള ആശ ആദ്യമായി പ്രദാനംചെയ്തു.

ഔറിയോമിസിൻ എന്ന വലിയ ആൻറിബയോട്ടിക്കു് പുതിയതായി കണ്ടുപിടിക്കപ്പെട്ടതുകൊണ്ടു് സിഫിലിസ്, ഗൊണോറിയ മുതലായ ജനനേന്ദ്രിയസുഖക്കേടുകൾക്കു് എത്രമാത്രം ഫലപ്രദമാണെന്നറിവാൻ തക്ക പൂർണ്ണപരീക്ഷണങ്ങൾ നടത്താൻ സാധിച്ചിട്ടില്ലാ. എങ്കിലും ഇതുവരെ ചെയ്ത പരീക്ഷണങ്ങളുടെ റിപ്പോർട്ടുകൾ വളരെ ആശാജനകം തന്നെയാണു്.

ഇതിന്റെ വിജയത്തിനുള്ള കാരണങ്ങൾ പലതുണ്ടു്. ഔറിയോമിസിൻ എത്രയും വേഗം ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും, ദ്രവകവസ്തുക്കളിലും എത്തിച്ചേരുന്നു. താരതമ്യേന ഏറ്റവും അധികസമയം വളരെ വീര്യമുള്ള നിലയിൽതന്നെ ഇതു് രക്തപ്രവാഹത്തിൽ സ്ഥിതിചെയ്യുന്നു. വായ്മാർഗ്ഗം കൊടുത്താൽ മതിയാവുന്ന ചെറിയതോതു് മരുന്നുപോലും അതിശയത്തെ പ്രവർത്തിക്കാൻ മതിയായതായിരുന്നു. കുറച്ചു മരുന്നുപയോഗിച്ചാൽ മതിയെന്നുള്ളതുമാത്രം ഒരു മരുന്നിന്റെ ഗുണത്തെ ചൂണ്ടിക്കാണിക്കുന്നില്ലെങ്കിലും, അനേകജനങ്ങളെ ചികിത്സിക്കാനുള്ളപ്പോഴും വീണ്ടും വേണ്ടതായ ശുശ്രൂഷകൾക്കു് തക്കസൗകര്യങ്ങൾ ഇല്ലാത്തപ്പോഴും ഇതൊരു ഗണ്യമായ ഗുണംതന്നെയാണു്.

ലാഡർലിലബോറട്ടറിയിൽ ആദ്യമായി നിർമ്മിതമായ ഔറിയോമിസിൻ ശുശ്രൂഷയുടെ കാര്യത്തിൽ പെൻസില്ലിനെക്കാൾ വളരെസൗകര്യം ക്രിയതായിരുന്നു. വലിയ തോതിലുള്ള പെനിസിലിൻ കുത്തിവെപ്പുകൾ കൊണ്ടു് ഒരു പ്രയോജനവും ലഭിക്കാത്ത 'ഗൊണോറിയ' ബാധിതരായ പല രോഗികൾക്കും വായ്മാർഗ്ഗം ഔറിയോമിസിൻ ഗുളികകൾ കേവലം ചില ദിവസങ്ങൾ മാത്രം കൊടുത്തപ്പോൾ പൂർണ്ണസൗഖ്യം പ്രാപിച്ചു.

'സിഫിലിസ്സു' ബാധിച്ചവരെന്നു നിശ്ചയമായി കാണപ്പെട്ട ഇരുപത്തിയേഴുപേർക്കു് ലാഡർലി ഔറിയോമിസിൻ കൊടുത്തതിന്റെ ഫലം 2800,000 മുതൽ 3400000 ഔണ്ണിറ്റർ പെനിസ്സിലിൻ കുത്തിവെച്ചാൽ ഉണ്ടാകുന്ന ഫലത്തോടു് സാമ്യപ്പെടുത്താമായിരുന്നു. മുപ്പത്തിരുപതുമണിക്കൂറുകൾക്കുള്ളിൽ സിഫിലിസ് വ്രണങ്ങൾ കരിയുവാൻ ആരംഭിച്ചു.

'സ്റ്റൈറോഷീറെ' അണുക്കൾ തലച്ചോറിനെ ബാധിച്ചിരുന്നതായ പന്ത്രണ്ടുപേർക്കു 'ഔറിയോമിസിൻ' കൊടുത്തതിൽ പതിനൊന്നുപേർക്കും വളരെ ഫലപ്രദമായി കാണപ്പെട്ടു. തലച്ചോറിനുള്ളിലുള്ള കുട്ടികുറഞ്ഞ ദ്രാവകം പരിശോധിച്ചുനോക്കിയതിൽ എല്ലാവർക്കും നിശ്ചയമായ പുരോഗതി ഉണ്ടായതായി കണ്ടു.

പക്ഷേ ഇതിലോറ്റവും വലുതായ മനുഷ്യാനുഗ്രഹം ഗർഭിണികളായ സ്ത്രീകൾക്കുള്ള സിഫിലിസ് സുഖക്കേടിനു് ഔറിയോമിസിൻ ചികിത്സയുടെ ഗുണഗണങ്ങളാണ്. ഔറിയോമിസിന്റെ പെട്ടെന്നു് വ്യാപിക്കാനുള്ള ശക്തികാരണം പൊക്കിൾമാർഗ്ഗേണ വയറ്റിൽ കിടക്കുന്ന കുട്ടിയുടെ ശരീരത്തിലും ഇതു് പ്രവേശിച്ചു് സൗഖ്യം കൊടുക്കുന്നു. അതു കാരണമായി അവയവഭംഗത്തോടുകൂടിയതും, മരിച്ചതും ആയ പ്രസവങ്ങൾ തുലോം കുറയുന്നു. സിഫിലിസ്സു് ബാധിച്ചവരായ ആഗർഭിണികൾക്കു് ഔറിയോമിസിൻ കൊടുത്തശേഷം . ഉണ്ടായ കുട്ടികളിൽ ഒന്നിൻമാത്രം ഈ സുഖക്കേടിന്റെ ലക്ഷണങ്ങൾ കാണപ്പെട്ടു. മേൽപ്പറഞ്ഞ ആകെത്തുകയ്ക്കും നാലുദിവസത്തെ ചികിത്സമാത്രമെ നൽകപ്പെട്ടുള്ളൂ.

ഇവയെല്ലാം ഏറ്റവും പ്രത്യാശാജനകമാണെങ്കിലും 'സിഫിലിസ്സ്' സുഖക്കേടിന്റെ ചികിത്സയ്ക്കുള്ള ഔറിയോമിസിന്റെ പ്രയോജനങ്ങൾ എല്ലാം തന്നെ നിശ്ചയമായി മനസ്സിലാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. എങ്കിലും അതിന്റെ ലക്ഷണങ്ങൾ തെളിവായിത്തന്നെകിടക്കുന്നു. ഏറ്റവും ശീഘ്രത്തിൽ ലോകമെങ്ങും പ്രത്യക്ഷപ്പെട്ടു് 400-ൽപരം കൊല്ലങ്ങൾ എല്ലാ ശാസ്ത്രപരിശ്രമങ്ങളേയും എതിർത്തു ലക്ഷോപലക്ഷം ജനങ്ങളെ നശിപ്പിച്ചു, ഈ വിളറിയ കോക്കസ്ക്രൂപോലുള്ള "സ്റ്റൈറോഷീറെ" അണുക്കളെ ജനങ്ങൾ ഏറ്റവും ഇടതിങ്ങിപ്പാർക്കുന്ന ലോകത്തിലെ ഭാഗങ്ങളിൽ നിന്നുപോലും അവസാനമായി അമർത്താനും, നിശ്ശേഷമായി ബഹിഷ്കരിക്കുവാനും കഴിയുന്നു. ഇതൊരു മഹാഭാഗ്യത്തം. ഔറിയോമിസിൻ കണ്ടുപിടിച്ച ലാഡർലിപോലുള്ള ലോകത്തിലെ വലിയ മരുന്നുനിർമ്മാണശാലകളുടെ, മനുഷ്യവർഗ്ഗത്തിന്റെ അരിഷ്ടതകൾ ഇല്ലാതെയാക്കുക, ജനങ്ങൾ ആരോഗ്യം നിറഞ്ഞതും സന്തോഷകരവുമായ ഒരു ഭാവിയെ പ്രതീക്ഷിക്കുക എന്ന ലാക്കിലുള്ള അക്ഷീണപരിശ്രമത്തിന്റെ ഒരുദാഹരണം മാത്രമാണിതു്.

★

ആ രാഗം പിറന്നാൽ

മോഷ്ടിക്കുന്നു—

★

— കെ. ഭാസ്കരൻപിള്ള, കോഴിക്കോട് —

ഗോപാലനെക്കുറിച്ചോർക്കുമ്പോൾ എനിക്കിപ്പോഴും കരച്ചിൽ വരാറുണ്ട്. അവൻ എന്റെ ഒരു സ്നേഹിതനോ, ബന്ധുവോ അല്ലായിരുന്നു; എന്റെ അയൽവീട്ടിലെ ജന്മിയുടെ ഒരു വേലക്കാരൻ. സൌന്ദര്യത്തെയും ബന്ധുതയെയും അതിലംഘിക്കുന്ന ചില അജ്ഞാതമായ ആത്മബന്ധങ്ങളും ചില വിധിരസസന്ധികളിൽ നാമറിയാതെ സൃഷ്ടിക്കപ്പെടാറുണ്ട്. അത്തരമൊരു ഹൃദയബന്ധമാണ് ഗോപാലന്റെയും എന്റെയും ഇടയിൽ കടന്നുകൂടിയതു്.

അവനെ ഞാനവസാനമായിക്കണ്ടതു്, ദേഹമാസകലം രക്തം പൊടിയുന്ന ചില വ്രണങ്ങളോടെയാണ്. നീരുവന്ന ആ ദേഹമാസകലം വീങ്ങിയിരുന്നു!

"ഗോപാലാ, നിനക്കു് വേദനിക്കുന്നുണ്ടോ?"

"ഇല്ല—"

ശരിയാണതു്. ആ കണ്ണുകളിൽ ആ വേദനയില്ലായിരുന്നു. മരിച്ചു് അകന്നുപോയ ഒരാത്മാവിന്റെ നിഴൽ അതുംകൊണ്ടെനിന്നു—! അപരാധബോധത്തിന്റെ ഒരു വല്ലാത്ത കാളിമ—!.....

"പിള്ളേ, ഞാൻപോവാണ്—"

നിറഞ്ഞ കണ്ണുകളോടെ ഗോപാലൻ യാത്രചോദിക്കുകയാണു്.

"എങ്ങോട്ടു്—?"

രക്തബന്ധമോ, ആത്മബന്ധമില്ലാത്ത അവൻ എങ്ങോട്ടുപോകാൻ—? ഈ, ലോകം എത്രമാത്രം വ്യാപ്തിയേറിയതാണു്! അവനു് അവിടെ എവിടെയെങ്കിലും അഭയം കിട്ടാതിരിക്കുമോ? പക്ഷേ, അവൻ ജീവിക്കുന്ന ലോകമതല്ലെന്നു തെളിയിച്ചതു്...!

"എങ്ങോട്ടെങ്കിലും—!"

"വേണ്ട ഗോപാലാ, നിന്റെ യജമാനൻ നിന്നെ തിരികെ വിളിക്കും—"

"ഇല്ല. വിളിച്ചാലും ഇനിക്കവിടെപോവാൻ കഴിയുലാ—!"

"ഹാ; എന്തുകൊണ്ടു്?"

"എന്റെ കൊച്ചെജമാൻ വേണ അവിടെയില്ല. വേണവിനെ കാണാതെ.....!"

ഗോപാലന്റെ കണ്ണിൽനിന്നു നാലഞ്ചുകണ്ണീർക്കണങ്ങൾ അടർന്നുവീണു—!

.....ഒരു പാവപ്പെട്ടവനും നിസ്സഹായനുമായ ഒരു മനുഷ്യസ്നേഹിയുടെ സഹതാപത്തിനു് എത്രമാത്രം വിലയുണ്ടു്—?.....

ഗോപാലാ, നിന്നെ രക്ഷിക്കാൻ എനിക്കു കഴിവില്ല.....നിന്റെ ദുരന്തത്തിലേയും എന്നെ വിചാരിച്ചുപോകരുതു്, കേട്ടോ. വേണ വേഗം മടങ്ങിവരും—!"

"ഇല്ല പിള്ളേ.....വേണവിനെ കാണാതെ ഇനിക്കിവിടെ ഒരു മിനിട്ടുനിന്നുട!

അവനപ്പോഴും കണ്ണീരൊഴുക്കുകയാണു്.....!

"ഞാൻ പോണ്.....!"

ഗോപാലൻപോയി. ഒരു രക്തരേഖപോലെ വിദൂരതയിൽച്ചെന്നു മാഞ്ഞുപോകുന്ന പാവപ്പെട്ട ഗോപാലനേയും നോക്കി ഞാൻ നെടുവീർപ്പിട്ടു. എന്റെ കണ്ണുകളും നിറഞ്ഞുകഴിഞ്ഞിരുന്നു!.....

* * *

നന്നേ ചെറുപ്പത്തിൽ, എന്നുവെച്ചാൽ പത്തുപന്ത്രണ്ടു വയസ്സുപ്രായമുള്ളപ്പോഴാണു് ഗോപാലൻ ഞങ്ങളുടെ നാട്ടിൽവന്നുപെട്ടതു്. കീറിമുഷിഞ്ഞ ഷർട്ടും ടൌസുമിട്ട, വെളുത്തുരുമുരുപ്പനായ ഒരു ബാലൻ. പക്ഷേ, പാരവശ്യത്തിന്റെ നിഴൽ ആ പൂമേനിയിൽ ഇരുളം പരത്തിയിരുന്നു. തിളക്കമറ്റ ആ കണ്ണുകളിൽ കൌമാരത്തിന്റെ പൂമൊട്ടുകൾ വാടിക്കരിയുകയായിരുന്നു.....

"എടോ, നെന്റെ പേരെന്താ?"

"ഗോപാലൻ—"

"നെന്റെ രാജ്യം.....?"

"മഞ്ചേരി"

"അമ്മയച്ഛനുമരില്ലേ—?"

"ഇല്ല. അവർ ചത്തുപോയി. ഞാനൊറ്റയ്ക്കായുള്ളൂ. ഇന്നെ മഞ്ചേരിന്ന് അടിച്ചോടിച്ചപ്പോ ഇങ്ങോട്ടവന്നതാ. ഇന്നേയ്ക്കു് രണ്ടുദിവസമായി നല്ലോണം ഒരുപിടി തിന്നിട്ട്. വയറെരിയുകയാ. വല്ലതും—"

"ആട്ടെ, നെനക്കെവിടെയെങ്കിലും പണിക്കു നിന്നൂടെ—?"

"എന്തുപണിക്കാ?"

"ഇതാ, ഇവിടെ തോട്ടം നനയ്ക്കാനും, വെള്ളംകോരാനും ഒക്കെ—?"

"ഓ, നിക്കാലോ?"

അങ്ങിനെയാണു് ഗോപാലൻ ആ ജന്മിയുടെവീട്ടിൽ ഒരു വേലക്കാരനായിത്തീർന്നതു്. അന്നേ എനിക്കു് ഗോപാലനോടു് ഒരു പ്രത്യേക മമത തോന്നിയിരുന്നു.....

ഗോപാലൻ അവനേക്കാൾ കനത്തഖക്കാറിൽ, അതിനേക്കാൾ ആഴമുള്ള കിണറ്റിൽനിന്നു വെള്ളംകോരുമ്പോൾ അവന്റെ മുഖം ചുകക്കും; ഒരുവല്ലാത്ത ആയാസം, ആ കണ്ണുകളിൽ കാളിമപരത്തും. നന്നെ പ്രഭാതത്തിൽ, സൂര്യോദയത്തിനെത്രയോമുൻപു് അവൻ വെള്ളംകോരുന്നശബ്ദം കേട്ടുകൊണ്ടാണു് ഞാനുണരുക. അതുപോലെ, രാത്രി പന്ത്രണ്ടുമണി ഒരുമണിവരെ ഉറക്കമിളച്ചെഴുതുന്ന എന്റെ കാതിൽ അവൻ വെള്ളംകോരുന്ന ശബ്ദം മുഴങ്ങിക്കേൾക്കും. എന്തിനാണിവൻ ഇത്രരാത്രിയും വെള്ളംകോരുന്നതു്? ഓ, ഞങ്ങളുടെനാട്ടിലെ ആ ജന്മിക്കു് ഒരുരാജ്യത്തോളം പരന്ന ഒരു തോട്ടമുണ്ടു്. അതിൽ നനയ്ക്കുവാനും, ആ വീട്ടിലെ അഞ്ചെട്ടാളുകൾക്കു് ദിവസേന ഒന്നും രണ്ടും തവണ കുളിക്കുവാനും വെള്ളം വേണ്ടേ? അതിനാണവൻ അത്രരാത്രിയും വെള്ളംകോരുന്നതു്.....!

അയലത്തെ കുട്ടികളുമായി ആ ജന്മിയുടെമക്കളും ചിലപ്പോഴെല്ലാം കളിക്കാറുണ്ടു്. ഏതാണ്ടു് ഗോപാലന്റെ പ്രായത്തിലുള്ളകുട്ടികളും. അപൂർവ്വം ചിലപ്പോൾ ഗോപാലന്റെ നൈസർഗ്ഗികമായ കുട്ടിക്കാലം അവനെ ആ കളികളിലേക്കാകർഷിച്ചുകളയും.....

"എടാ ഗോപാലാ, എന്തെടാ കളിക്കാൻനിക്കുന്നു് നായേ! പോയ് പണിനോക്കു്; ഉം പോ!"

ഗോപാലൻ ഞെട്ടിയെഴുന്നേറ്റ ഭീതിയോടെ വേലയ്ക്കുപോകും—

അന്നൊരുദിവസം ഗോപാലൻ നിരാശയോടെ വെള്ളംകോരുമ്പോൾ മുറ്റത്തുകളിക്കുന്ന കുട്ടികളേയുംനോക്കി നെടുവീർപ്പിട്ടുപോയി. പെട്ടെന്നു കയ്യിലുണ്ടായിരുന്ന ബക്കറ്റു് ആ ഇളംകാലിൽ പിടിവിട്ടു വീണു. കാലിലെ തൊലിയടർന്നു പിളർന്നുപോയി. രക്തം ചീറി.....

"എടാ, എവടെന്നോക്യാടാ പണിയെട്ക്കുന്നതു്; അതുവേണം!..."

...ഇടയ്ക്കൊക്കെ ഗോപാലൻ എന്നെ കാണാറുണ്ടു്. ഞാൻ ചിലപ്പോഴെല്ലാം ബീഡിവാങ്ങാൻ അവനെയാണു വിളിക്കുക. അവൻ അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ അതു വാങ്ങിത്തരും.....അങ്ങിനെ ഗോപാലനെ ഞാൻ പരിചയപ്പെട്ടു.

ഗോപാലൻ അവിടെവിട്ടു വിശേഷിച്ചു് പുറത്തെങ്ങും പോകാറില്ല. പോയിട്ടുമില്ല; പോകാനാഗ്രഹമുമില്ല. അവന്റെ ജീവിതം ആ ചെറിയലോകത്തിൽമാത്രം തങ്ങിനിൽക്കുന്നു.....!

... ...

ഗോപാലൻ വളരുകയാണു്; കൌമാരത്തിന്റെ ശൂരനാദം കണ്ണിലും, മങ്ങിയ യുവത്വത്തിന്റെ മാദകതപം കവിളിണയിലും സൂക്ഷിച്ചുകൊണ്ടവൻ വളരുകയാണു്; പിടികിട്ടാത്ത, ഒരു ഭാവികാലത്തിനുമുന്നിൽ ഒരു ചോദ്യചിഹ്നം സൃഷ്ടിച്ചുകൊണ്ടവൻ വളരുകയാണു്—!...

അവന്റെ പതിനാറാംവയസ്സിലാണു് ആ ജന്മിയുടെ ഭാര്യ ഒരാൺകുഞ്ഞിനു പ്രസവിച്ചതു്. ഗോപാലനുമിടെവന്നതിനുശേഷം ആദ്യമായുണ്ടാകുന്ന ആൺകുട്ടി! ഗോപാലനെ ആ കുട്ടി വല്ലാതെ ആകർഷിച്ചുകളഞ്ഞു...!

ആ കുട്ടി പിച്ചവെച്ചുതുടങ്ങിയപ്പോൾ ഗോപാലന്റെ ഹൃദയം കുളിർത്തു; 'മാ—ച്ചാ—മാ' എന്നീ ശബ്ദങ്ങൾ ആ കുഞ്ഞിൽനിന്നുയർന്നപ്പോൾ ഗോപാലൻ തുള്ളിച്ചാടി...!

'വേണു' എന്ന പേരിടലടിയന്തിരം നടക്കുന്ന അന്നും ഗോപാലനുഷാറിനെ എടുത്തിട്ടുണ്ടു്. അവനു് ആ നിമിഷം ഒരു വല്ലാത്ത നിർവൃതിയുടേതായിരുന്നു.....!

"വേണു-വേണു-ച്ചുക്കു്-ച്ചുക്കു്—!"

ഗോപാലൻ വേണുവിനെ ഹൃദയം നിറഞ്ഞ ആഹ്ലാദത്തോടെവിളിക്കും; കളിപ്പിക്കും! അപ്പോഴെല്ലാം അവനുകൂടി അറിയാൻകഴിയാത്ത ഒരു നിർവൃതി ഗോപാലനു അനുഭവപ്പെടും. ഒരു പിതൃഹൃദയത്തിന്നാതീതമായ വാത്സല്യം ഗോപാലന്റെഹൃദയത്തിൽ കരകവിഞ്ഞൊഴുകുകയാണു്.....!

"ഗോ—പാ ലാ—"

ആ കുട്ടി ഗോപാലനെന്നാണു് അങ്ങിനെ നീട്ടിവിളിച്ചു. ഗോപാലൻ പൊട്ടിത്തരിച്ചുപോയീ. ഹാ! ആ കുഞ്ഞു് തന്റെപേർ ഹൃദിസ്ഥമാക്കിയിരിക്കുന്നു; തന്നെ തന്റെപേർചൊല്ലി മധുരമായി വിളിക്കുന്നു—!

ഗോപാലനന്നു് കാണുന്നവരോടെല്ലാം ആ സംഗതി ആവേശത്തോടെപറഞ്ഞു:—

"ഇന്നെ കുഞ്ഞേമൻ—വേണു, 'ഗോപാലാ'ന്നു് വിളിച്ചു—!"

...ഏതാണ്ടു് നന്നായി നടക്കാറായ വേണുവിനെ ഗോപാലൻ ഒരു കുതിരസ്സവാരിക്കാരനാക്കി. ഗോപാലൻ കൈരണ്ടും, രണ്ടുകാൽമുട്ടുകളും നിലത്തുകുത്തി, വേണുവിനെ ജാഗ്രതയിൽ പുറത്തിരുത്തി, കുതിരശബ്ദമുണ്ടാക്കി നടക്കും. വേണു ഗോപാലന്റെ തലമുടിവലിച്ചു വേദനയാക്കിപ്പൊട്ടിച്ചിരിക്കും. ഗോപാലനതു വലിയതാല്പര്യമാണു്. അതിനുവേണ്ടി അവൻ തലനീട്ടിക്കൊണിച്ചുകൊടുക്കും വേണു ഉരുക്കിൽ ആ തലമുടി പിടിച്ചുവലിക്കും; ഒരുപിടി തലനാരിഴ വേണുവിന്റെ കയ്യിലാകുമ്പോൾ ഗോപാലന്റെ തലയിൽ രക്തംപൊടിക്കും. ഞരുടവിക്കൊണ്ടവൻ വേണുവിനെ വാരിപ്പുണരും—!.....

[ഈ രംഗമിനിട്ടൊഴിവുണ്ടെങ്കിൽ ആ സമയം ഗോപാലൻ വേണുവിന്റെ അടുത്തുണ്ടാകും—

"എവിടെ, ഗോപാലനെവിടെ?

ഓ, വേണ്ടാൻറട്ടുണ്ടാവും. എടാ ഗോപാലാ ഇവിടെവാ. നിയ്യ് പിന്നെ കുട്ടിനെ കളിപ്പിച്ചോ. പണിയല്ലേ കിടക്കണത്. ഉം, വേഗം നോക്ക്!''

ഗോപാലൻ വേണുവിൻറെ ശിരസ്സിൽ മുഖമിച്ചുകൊണ്ട് വേവ്യച്ഛ പോകുന്നതുകണ്ടാൽ—

വേണു വല്ലാതാവുകയാണ്. അതെന്നിച്ച് വേണുവിനെക്കാൾപ്പുള്ള ഗോപാലൻറെ പ്രതീക്ഷകളും വളർന്നുതുടങ്ങിയിരുന്നു. ഗോപാലൻറെ കൊച്ചുജമാൻ.....!

"കൊച്ചുജമാന്നേ, നെങ്ങക്ക് വലുതാവുമ്പോ ഇന്നെമാറക്കോ—?"

"എന്തെടാ കേമോലാ നീ പറീണ്—പ്പാന്തര—?''

"അതെ വേണ്ടയുമാന്നേ ഇനിക്ക് പ്പാന്തം; നെങ്ങളെപ്പോലുള്ള പ്പാന്ത്!''

വേണുവിൻറെ അഞ്ചുംപിന്നാലുംകഴിഞ്ഞ ഒരുമാസമായിക്കാണും, അന്ന് വേണുവിന്നൊരു പനിയുടങ്ങി. അതു് ഗോപാലനെസംബന്ധിച്ചേടത്തോളം ഒരു ഹൃദയത്തകർച്ചയായിരുന്നു. തകർന്നഹൃദയത്തോടെ ഗോപാലൻ ഉരുകിമെഴുകി വേണുവിൻറെ ശുശ്രൂഷകനായിരുന്നു. പക്ഷേ....പനിവിട്ടുമാറിയില്ല. ഗോപാലൻറെ ഹൃദയം നീറിപ്പുകഞ്ഞു. അവൻറെ കൺമുന്നിൽ ഭയങ്കരമായ ഭീതി കണ്ണുരുട്ടിനിന്നു—!,

അന്ന് ഒരു ഡോക്ടർ അവിടെവന്നു. അയാളും വേണുവിനെ പരിശോധിച്ചു. ആശങ്കയോടെ മിഴിച്ചുനോക്കുന്ന ഗോപാലനെനോക്കി അയാൾ ഗർജ്ജിച്ചു.—

"പോടാവിടന്ന്. ഒ, നെനക്കിതറിയത്തെറ്റിട്ടെന്തൊരു തിട്ടക്കം! ഉം, കിഴക്കേമാപ്പിൻറെ തടംകിറി വളട്ടാ—!''

...ഗോപാലൻ തുറിച്ചുനോക്കി. നിരവലംബതയും അതിനേക്കാളുപരി ഉഗ്രമായി ഗോപാലനേയും തുറിച്ചുനോക്കി!.....

ഗോപാലൻ തുടിക്കുന്ന ഹൃദയത്തോടെ, നനഞ്ഞ കണ്ണുകളോടെ വേണുവിനെ മാറിമാറിനോക്കി, അവിടെനിന്ന് കിഴക്കെ മാവിൻറെ തടത്തിൽ വളമിട്ടുകൊട്ടക്കാൻ തിരിഞ്ഞുനടന്നു! ഗോപാലൻറെ നനഞ്ഞ കണ്ണുകളിൽനിന്നൊഴുകിയ കണ്ണുനീർ ആ മാവിൻതടത്തെ നനച്ചിരിക്കാം!

വേണുവിനെ പരിശോധിച്ചു കഴിഞ്ഞ ആ വിദഗ്ദ്ധനായ ഡോക്ടർ ആ ജന്മിയോട് വിശദീകരിച്ചു പറഞ്ഞു:—

"കുറച്ച സൂക്ഷിക്കേണ്ട പനിയാണ്. ടൈഫോയ്ഡിലേയ്ക്ക് തിരിഞ്ഞേയ്ക്കും. അതു കഠിനമായ ടൈഫോയ്ഡ് താങ്ങാൻ ഈ കുട്ടിക്കു കെൽപ്പുപോരാ. ഉം, ഞാൻ കഴിയുന്നതും ശ്രമിക്കാം. ഇന്നു രാത്രി ഞാനൊന്നു ഇഞ്ചെക്ട് ചെയ്യാം. അതു കഴിഞ്ഞാൽ പിന്നെ തണുപ്പുള്ള വാങ്ങിത്തരണ്ട—യ്യോ—?''

ഉം, കട്ടിയുള്ളതുമായ യാതൊന്നും കുട്ടിക്കു കൊടുക്കരുതു്. നാരങ്ങാനീരിൽ ചാലിച്ച കൊട്ടക്കൽ ഞാൻ രണ്ടുനേരം പിൽസ് തരാം; പിന്നെ ഒരു മിക്സ്ച്ചറും. അതു കൊടുക്കൂ. സൂക്ഷിക്കണം—ഹാ! മുന്നൂറിവസം കൂട്ടണ്ടാം ഒരാരോ ഇഞ്ചെക്ഷൻ വേണം. രണ്ടാഴ്ചകൊണ്ടു ഭേദപ്പെടുത്താൻ ശ്രമിക്കാം

"ശരി. പിന്നെ, പേടിക്കാനൊന്നും—''

"ഒന്നുമില്ല. ഞാൻ പറഞ്ഞപോലെ സൂക്ഷിക്കണേ! —''

"ഓ അതെല്ലാം ഞാൻ സൂക്ഷിച്ചോളാം—''

ഡോക്ടർ പോയി. വേണു അതെല്ലാം ശ്രദ്ധിച്ചു കിടക്കുകയാണ്. ആ ഭയനിയമായ മുഖം ഡോക്ടർ പറഞ്ഞ ചില വാക്കുകളും കേട്ടപ്പോൾ കൂടുതൽ പരവശമായി കാണപ്പെട്ടു. എന്തെന്നാൽ, വേണുവിന്ന ഈത്തപ്പഴവും, മാമ്പഴവുമെല്ലാം വളരെ ഇഷ്ടപ്പെട്ട വസ്തുക്കളാണ്. അതു തിന്നാൻ പാടില്ലെന്ന് ഡോക്ടർ നിർദ്ദേശിച്ചതാണ്!

"വല്ലാത്ത പഹയൻ?''

വേണു സ്വയം പറഞ്ഞു.

"അച്ഛാ...ഇനിക്ക്, ഈത്ത—പ്പഴം തിന്നാ—ലെന്താ? ഇനിക്കീ—ത്തപ്പഴം വേണം! '' മയങ്ങിക്കിടക്കുന്ന വേണു ഭയനിയമായത്രിച്ചു.

"അതു തിന്നാൻ പാടില്ലാന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ട്. പനിമാറട്ടെ. ഞാൻ കുറേ ഈത്തപ്പഴവുമെല്ലാം വാങ്ങിത്തരാം—''

"ഇനിക്ക—പ്പൊ—പ്പോ—റാ—ഇപ്പ—വേ—ണം—''

വേണു ശാഠ്യം പിടിച്ചു കരയാൻ തുടങ്ങി.


ഒരു രോഗിയായ ബാലൻറെ ശാഠ്യവും കരച്ചിലും ഇതുമാത്രം ഉയരാമെന്ന് മനസ്സു കണക്കുണ്ട്, ഉർബുലമായ ആ രോദനം പൊട്ടുന്നതെ നിലയ്ക്കും—ആ ജന്മിക്കതറിയാം. അയാളും മകൻറെ ശാഠ്യത്തിനു വിലയൊച്ചില്ല.

അതു ശരിയായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ വേണുവിൻറെ കരച്ചിലും, ശാഠ്യവും നിന്നു. പക്ഷേ അവൻറെ മുഖത്തു് ഒരു മാരകഭാവം പരന്നതു് ആ ജന്മി അതു സൂക്ഷിച്ചിരിക്കില്ല—!

ജന്മിയും ഭാര്യയുമെല്ലാം വേണുവിൻറെ സമീപത്തുനിന്നു ഓരോ ജോലികൾക്കായി എഴുന്നേറ്റുപോയി. മാവിനു വേരോടിത്തിൽ വളമിട്ടു വേണുവിനെക്കണാൻ ആകാംക്ഷയോടെ അവസരവും പാർത്തു തെല്ലു ദൂരെനിൽക്കുന്ന ഗോപാലൻ, അതുകണ്ടു വേണുവിൻറെ കിടക്കയുടെ സമീപം ചെന്നു.

"വേണ്വോ—ന്റെ കൊച്ചുജമാന്നേ, എങ്ങിനെണ്ട്?''

"അതൊ—ക്കെ മാറി കോ—വാലാ. നിയ്യിനി—ക്കൊന്നും പറഞ്ഞതാവാ—ങ്ങിത്ത—ര്യോ—?''



സ്കോട്ട്ലൻഡിലെ രാജകീയഭൂഷണങ്ങൾ

കിരീടധാരണാനന്തരം രാജ്ഞി എഡിൻബറോനഗരം(സ്കോട്ട്ലൻഡ്) സന്ദർശിക്കുമ്പോൾ സ്കോട്ട്ലൻഡിലെ രാജഭൂഷണങ്ങൾ സെൻറ്റൈൽസ് ദേവാലയത്തിലേയ്ക്കു വഹിച്ചുകൊണ്ടുപോകുന്നതാണ്. 1707-ൽ ഇംഗ്ലണ്ടും സ്കോട്ട്ലൻഡുമായുള്ള സംയോജനംവരെ സ്കോട്ട്ലൻഡിൻറെ രാജചിഹ്നങ്ങളായിരുന്ന ഇവ. ഇവ കിരീടം, ചെങ്കോൽ (സെപ്റ്റർ) ഉടവാൾ എന്നിവയാണ്. 16-ംശതവർഷക്കാലത്തോളമായിരുന്നതും 1540-ൽ പുതുക്കിയതുമാണ് കിരീടം. ഉടവാൾ പോപ്പു ജൂലിയസ് ദ്വിതിയൻ 1507-ൽ ജെംസ് നാലാമനു സംഭാവനചെയ്തതാണ്. എഡിൻബറോ കൊട്ടാരത്തിലാണ് അവ സൂക്ഷിക്കപ്പെട്ടിരിക്കുന്നതു്.

"ഓ! കൊച്ചുജമാന്നേ എന്തുവേണം—?"

വേണു അശക്തനായിട്ടു പുറവും നോക്കിയിട്ട്, പതുക്കെ പറഞ്ഞു:—

"ഇനിക്കീ—ത്തപ്പഴം വേ—ണം. അതുരേം കാണിക്കാ—തെ തെ—ര—ണേ—!''

"അതെന്താ അതുരേം കാണിക്കാണ്ടെ—''

"ഒന്നാ—ല്ല. കാ—ണിച്ചാ അവ—രുക്കെക്കെ കൊടുക്കേണ്ടിവരും—!''

ഗോപാലൻ തൽക്ഷണം ശരിവെച്ചു. ഗോപാലൻ ഇതിനു മുൻപും എത്രയോതവണ വേണുവിന്നിഷ്ടപ്പെട്ട പലതും, വേണു ആവശ്യപ്പെട്ടപ്പോൾതന്നെ വാങ്ങിക്കൊടുത്തിട്ടുണ്ട്. അതധികവും വേണു ആരും കാണാതെ സ്വകാര്യമായിട്ടാണ് തിന്നുക—

"ശരി. ഞാൻ രണ്ടണ അപ്പോഴേ വാങ്ങീട്ടു വേഗം വന്നു ആരും കാണാതെ തരട്ടോ—''

വേണു സമ്മതിച്ചു.

ഗോപാലൻ ആ യജമാനനോടു രണ്ടണ ചോദിച്ചുവാങ്ങിയിട്ടു വേണുവിനു ഈത്തപ്പഴം വാങ്ങാൻ തീവണ്ടിപ്പെട്ടിയിൽ കയറി. ഗോപാലനു ഇടയ്ക്കൊക്കെ, എന്നുവെച്ചാൽ മാസത്തിലൊരുതവണയോ, രണ്ടുതവണയോ ആയി ഈരണ്ടണ കിട്ടാറുണ്ട്. അതവൻറെ ശമ്പളമാണോ എന്തോ—? ചിലപ്പോൾ ഗോപാലൻ, രണ്ടണ മുതലാളിയോടു ചോദിച്ചുവാങ്ങുന്നതിനു മുൻപു് ചോദിച്ചെന്നുവരാം. എന്തുകൊണ്ടോ മുതലാളി ഉടനെ അനുവദിക്കാറുണ്ട്.



അഡ്മിറൽ ആർതർ വില്യം റാഡ്ഫോർഡ്, യു. എസ്. ജോയിന്റ് ചീഫ്സ് അഫ് സ്റ്റാഫ് ചെയർമാൻ എന്ന അമേരിക്കൻ സൈനികവകുപ്പിലെ ഏറ്റവും ഉയർന്ന ഉദ്യോഗത്തിൽ പ്രസിഡന്റ് ഐസൻഹവർ ഇദ്ദേഹത്തെ നിയമിച്ചിരിക്കുന്നു.

പാലനേയും നോക്കി ഞാൻ നെടുവീർപ്പിട്ടു. എന്റെ കണ്ണുകൾ നിറഞ്ഞുകഴിഞ്ഞിരുന്നു!.....

* * *

വേണുവിന്റെ ആറാംപിറന്നാൾ സമുചിതമായ് കൊണ്ടാടി. ആശുപത്രിയിൽനിന്നു രോഗവിമുക്തനായി വന്ന വേണുവിന്റെ ദേഹം നന്നെ ക്ഷീണിച്ചിരുന്നെങ്കിലും, ആ കണ്ണുകളിലെ പ്രകാശം മറഞ്ഞിരുന്നില്ല. വേണു തന്റെ പിന്നാലെന് ശോപാലനെ അന്വേഷിച്ചു.

"അസത്തു" പോയ് ഞൊലഞ്ഞു! നായ"—!!"

.....അതിനുശേഷം ശോപാലനെ എന്റെ തീവ്രനേത്രങ്ങളിൽ പോലും; ഇന്നുവരെ കണ്ടുകിട്ടിയിട്ടില്ല—!.....

ശോപാലൻ എവിടെയായിരിക്കും.....???!!!

"കാമത്തേയും ധനാശയേയും പുത്തിവരുത്തുന്നതിൽ, അനേകവിധത്തിലുള്ള അവമാനമുണ്ടായാലും, ലൗകികസുഖങ്ങൾ അവകളെ വെടിഞ്ഞ് ഈശ്വരനെ ധ്യാനംചെയ്യുന്നതിനു ശക്തിയില്ലാത്തവരായിരിക്കുന്നു."

3-37

"മേഘം സൂര്യനെ മറയ്ക്കുന്നതുപോലെ മായയും ഈശ്വരനെ മറയ്ക്കുന്നു; മേഘമെല്ലാം അകന്നുപോകുമ്പോൾ സൂര്യനെ കാണാം. അതുപോലെ മായ മാറുമ്പോൾ ഈശ്വരൻ പ്രത്യക്ഷമാകുന്നു."

3-38

ശ്രീരാമകൃഷ്ണദേവൻ

ശോപാലൻ അഭിമാനത്തോടും കൃതാർത്ഥതയോടുംകൂടി പറഞ്ഞു.

"എന്തെടാ പറഞ്ഞത്, ഈത്തപ്പഴം അവനാകൊണ്ടുക്കൊടുത്തു—!"

"ഞാന്തന്നെ—"

"നിയ്യോ! എട നായേ!!"

ആ യജമാനൻ ശോപാലന്റെ പുറത്തു് ആഞ്ഞൊന്നടിച്ചു. കാരണമറിയാത്ത ശോപാലൻ പുളഞ്ഞുകൊണ്ടു കരഴ്നുവീണു—!

"എടപഹയാ! അവനു ഈത്തപ്പഴം കൊടുക്കരുതെന്നു ഡോക്ടർ പറഞ്ഞതല്ലേ! എട പട്ടീ! നെന്നെ...!"

ഒന്നി വീണ്ടും വീണുകിടക്കുന്ന ശോപാലന്റെമേൽ ആഞ്ഞടിഞ്ഞു ചവിട്ടിക്കൊണ്ടിരുന്നു. ശോപാലൻ ദീനദീനം പിടഞ്ഞു കരയാൻതുടങ്ങി!

"ഞയ്യോ അയ്യ ഞാനറിഞ്ഞതില്ലേ—!"

.....അന്നുരാത്രി പന്ത്രണ്ടുമണിക്കു് ഡോക്ടറുടെ സന്നിധ്യത്തിൽ വേണു പിടഞ്ഞുകരഞ്ഞു. ശോപാലൻ പരിക്ഷീണനായി മുറ്റത്തെ ഏതിണ്ടിൽ കിടന്നു വിങ്ങിവിങ്ങി കരയുന്നുണ്ടായിരുന്നു.

"സീരിയസ്"! ഉടനെ ഹോസ്പിറ്റലിലേയ്ക്കുയയ്ക്കുകയാണു് നല്ലതു"—"

വേണുവിനെ ആശുപത്രിയിലേയ്ക്കു സ്ഥലമാറ്റംചെയ്തു.

ആശുപത്രിയെന്നാലെന്തെന്നു് ശോപാലനു തികച്ചും അറിഞ്ഞുകൂടാ. പക്ഷെ, എന്തോ ഒരു ഭയങ്കര സ്ഥലമാണതെന്നു അവനൂഹിയാം. ആ സ്ഥലത്താണു് അവന്റെ പ്രിയപ്പെട്ട വേണുവിനെ കൊണ്ടുപോയിരിക്കുന്നതു്! ശോപാലൻ തൊണ്ടയിടറിക്കരഞ്ഞു—!.....

അന്നു ശോപാലനെ ഒരുതെണ്ടി നോട്ടമെയ്തുകെട്ടി ചാട്ടവാർകൊണ്ടു കൈതളരെ അവന്റെ യജമാനൻ അടിച്ചു!.....അതു പത്തുവർഷസേവനത്തിന്റെ പ്രതിഫലമാകുമോ—? പക്ഷെ, ശോപാലന്റെ കണ്ണിൽനിന്നു് ഒരുതുള്ളി കണ്ണുനീർക്കുടി തുളുമ്പിയില്ല; ആ മുഖം തികച്ചും നിർജ്ജീവമായിരുന്നു. അപരതയിലേയ്ക്കുറ്റുനോക്കുന്ന ആ കണ്ണുകളിൽ അകന്നുപോയ വേണുവിനെ അവൻ കാണുന്നുണ്ടായിരുന്നോ.....?

അന്നുരാത്രി അവനെ കെട്ടഴിച്ചുവിട്ടു. ഒരടി നടക്കുന്നതിനുമുമ്പെ അവൻ തളർന്നുവീണു. അടുത്തദിവസം മാത്രമെ അവനു എഴുന്നേല്പാൻ കഴിഞ്ഞുള്ളൂ—! പക്ഷെ, അവനു തിരെ നടക്കാൻ കഴിഞ്ഞില്ല. അവൻ അവിടത്തന്നെവീണു! അന്നു വൈകുന്നേരമായപ്പോഴേക്കു അവനെ കിടപ്പുകിടന്നു..... രാത്രിയായി.....നേരംപുലർന്നു!.....

ശോപാലൻ ഞരങ്ങിഞരങ്ങി എന്റെ സമീപംവന്നു. ഞാൻ ഞെട്ടിപ്പോയി—!

... ...

"ശോപാലാ, നിനക്കുവേദനിക്കുന്നുണ്ടോ?"

"ഇല്ല—"

ശരിയാണതു്. ആ കണ്ണുകളിൽ ആ വേദനയില്ലായിരുന്നു. മറിച്ചു് അകന്നുപോയ ഒരുത്തന്റെ നിഴൽ അതുംകൊണ്ടുനിന്നു—! അപരാധബോധത്തിന്റെ ഒരു വല്ലാത്ത കാളിമ!.....

... ...

"ഞാൻ പോണു".....!"

ശോപാലൻ പോയി. ഒരു രക്തരേഖപോലെ വിളറിയതയിൽച്ചെന്നു മറഞ്ഞുപോകുന്ന പാവപ്പെട്ട ശോപാലനേയും നോക്കി ഞാൻ നെടുവീർപ്പിട്ടു. എന്റെ കണ്ണുകളും നിറഞ്ഞുകഴിഞ്ഞിരുന്നു!.....


* * *

വേണുവിന്റെ ആറാംപിറന്നാൾ സമുചിതമായ് കൊണ്ടാടി. ആശുപത്രിയിൽനിന്നു രോഗവിമുക്തനായി വന്ന വേണുവിന്റെ ദേഹം നന്നെ ക്ഷീണിച്ചിരുന്നെങ്കിലും, ആ കണ്ണുകളിലെ പ്രകാശം മറഞ്ഞിരുന്നില്ല. വേണു തന്റെ പിന്നാലെന് ശോപാലനെ അന്വേഷിച്ചു.

"അസത്തു" പോയ് ഞൊലഞ്ഞു! നായ"—!!"

.....അതിനുശേഷം ശോപാലനെ എന്റെ തീവ്രനേത്രങ്ങളിൽ പോലും; ഇന്നുവരെ കണ്ടുകിട്ടിയിട്ടില്ല—!.....

ശോപാലൻ എവിടെയായിരിക്കും.....???!!!




നേരേ മുകളിലേയ്ക്കു പാഞ്ഞടുക്കുന്ന ഒരു വിമാനത്തിന്റെ മോഡൽ. ഹെലിക്കോപ്റ്ററിന്റെ ഉപയോഗം നിറവേറ്റുമെങ്കിലും അതിലും കൂടുതൽ വേഗത്തിൽ അതു പറക്കുകയും ചെയ്യുന്നതാണു്. പ്രൊപ്പല്ലറിൽനിന്നുള്ള വായു മുകളിന്റെ നല്ല ചിറകുകൾ കീഴ്പോട്ടു അടിക്കുമ്പോൾ വിമാനം മേൽപോട്ടു ഉയരുന്നു. ഉയർന്നുകഴിഞ്ഞാൽ നേരേ സാധാരണ വിമാനംപോലെ പറക്കുന്നതിനുവേണ്ടിയുള്ള ചിറകുകൾ വയ്ക്കുന്നതുമാകുന്നു. ഒരു പ്രൊപ്പല്ലർ ഉറപ്പിക്കുന്നു.

(17-ംപേജിൽനിന്നു തുടർച്ച)

കാരന്മാരെത്തന്നെ അതിജീവിച്ചിട്ടില്ലേ—എന്നു തോന്നിപ്പോകും. വേദനയുടെ സ്പർശമുള്ള ലോഭമില്ലാതെ ചെലവഴിച്ചതിന്റെശേഷം മാത്രമേ അദ്ദേഹത്തിനു് തന്റെ പ്രണയനാടകം തന്മയത്വമായി അഭിനയിക്കാൻകഴിഞ്ഞുള്ളു. അദ്ദേഹം എഴുതിയ "സ്റ്റെല്ലയിക്കുള്ള എഴുത്തുകൾ" (Journal to Stella) എന്ന ഗ്രന്ഥത്തിന്റെ പശ്ചാത്തലം വിശ്വാസനീർഭരമായ ഒരു പ്രണയപ്രബന്ധമാണു്. എസ്തർ ജോൺസണേ (Esther Johnson) അദ്ദേഹം ഒരു സുഹൃത്തിന്റെ ഗൃഹത്തിൽവച്ചു യാദൃച്ഛികമായിട്ടാണു കണ്ടുമുട്ടിയതു്. അവരുടെ രൂപവും, ഭാവവും, വർത്തമാനവും സ്വിഫ്റ്റിനേ സാമാന്യത്തിലധികം സമാകർഷിച്ചു. അനന്തരം അവർതമ്മിലുള്ളബന്ധം—സഫലമാകാത്ത പ്രേമബന്ധം. എസ്തറിന്റെ കാമുകനായി കഴിയുന്നതായിരുന്നു അദ്ദേഹത്തിനേറ്റവും സന്തോഷം. പക്ഷേ അലർലണ്ടിൽനിന്നും ലണ്ടനിൽപോയി താമസിച്ച കാലഘട്ടത്തിൽ ഹെസ്റ്റർ വാൻഹോംഗ്രി (Hester Vanhomrigh) അഥവാ വനസ്സാ എന്ന ഒരു സ്ത്രീ സ്വിഫ്റ്റിൽ ആകൃഷ്ടചിത്തയായതിൽ അദ്ദേഹത്തിനു് സംപ്രമൊക്കെ ഉത്തരവാദിത്വമുണ്ടായിരുന്നെന്നുവേണം പറയുവാൻ. അദ്ദേഹം തിരിച്ചു അയർലണ്ടിൽ പോയപ്പോൾ കൂടെ വനസ്സായുമെത്തി. സ്വിഫ്റ്റിന്റെകാര്യം പരുങ്ങലിലായി. ഒരു പാതിരിയും രണ്ടുസ്ത്രീകളും—നമുക്കതന്നെ അനിലവിഭവനചെയ്യാൻ സംപ്രം പ്രയാസമുണ്ടു്. പക്ഷേ അക്കഥ ശോകംനിറഞ്ഞതായിരുന്നു. രണ്ടുസ്ത്രീകളും സ്വിഫ്റ്റിനേ സ്നേഹിച്ചു. ഒരാളെ പിരിഞ്ഞു മറെറാരാളെ വരിക്കത്തക്ക മനക്കരുത്തദ്ദേഹത്തിനില്ലായിരുന്നു. ആ നില അധികം നീണ്ടുനിന്നില്ല. അധികം താമസിയാതെ വനസ്സാ മരിച്ചു. സ്വിഫ്റ്റ് വിചാരിച്ചു ഇനിയും എസ്തറിനെ വിവാഹംകഴിക്കാമെന്നു്. പക്ഷേ വിധി അതിനനുവദിച്ചില്ല. എസ്തറും അധികം താമസിയാതെതന്നെ മരിച്ചു. അവരുടെ വിയോഗത്തിൽ സ്വിഫ്റ്റനുഭവിച്ച വ്യഥയെന്തെന്നൂഹിക്കുവാൻ കഴിയുകയില്ല.

ജോൺ ഡ്രൈഡനെ ആണു് ഇംഗ്ലീഷ് സാഹിത്യത്തിന്റെ ജനയിതാവെന്നു നിരൂപകന്മാർ അഭിസംബോധനചെയ്യാറുള്ളതു്. പക്ഷേ ആ പേരിൽ ആധുനികഗദ്യശൈലിയേ സംബന്ധിച്ചിടത്തോളം കുറച്ചുകൂടി അർഹൻ ജോസഫ് അഡിസൺ (Joseph Addison 1672-1719) ആണു്. യഥാർത്ഥജീവിതത്തിലും, സാഹിത്യമണ്ഡലത്തിലും ഒരുപോലെ ശോഭിച്ചിരുന്ന അഡിസൺ തന്റെ കാമ്പേൻ (Campaign) കേറോ (Cato) സ്പെക്ടേറ്റർ (Spectator Essays) ഉപന്യാസങ്ങളും എന്നീ കൃതികളുംകൊണ്ടു് പതിനെട്ടാം ശതകത്തിൽ ആംഗ്ലേയസാഹിത്യലോകത്തിൽ അസൂയാർഹമായ ഒരു സ്ഥാനം സമാർജ്ജിച്ചിരുന്നു. കാലക്രമേണ ഇംഗ്ലണ്ടിലെ ഭരണകൂടത്തിന്റെകീഴിൽ പ്രവർത്തനംനടത്തുന്നതിനും അങ്ങനെ സമാധാനസമൃദ്ധമായ ഒരു ജീവിതം നടത്തുന്നതിനും അദ്ദേഹത്തിനു സാധിച്ചു.



ഡെൽഹി മലയാളി അസ്സോസ്യേഷന്റെ 6-ാമതു വാർഷികംപ്രമാണിച്ചു് മേയ് 16-ാംന- സൗത്ത് ഇൻഡ്യൻ ക്ലബ്ബിൽവച്ച "സന്തതിനേയജ്ഞം" എന്ന നാടകം ക്ലബ്ബംഗങ്ങൾചേർന്നു അഭിനയിച്ചു. അതിൽ പരുഡിപരായി അഭിനയിക്കുന്ന വേലപ്പൻനായരേയും, പരുഡിപരുടെ ഭാര്യയായി അഭിനയിക്കുന്ന കമലാശാന്തയേയും ചിത്രത്തിൽ കാണാം.

അഡിസൺ അദ്ദേഹത്തിനു് ഒരു ചെറുപ്പക്കാരനെ കാണുകയുണ്ടായി. പൊരുത്തമില്ലാത്ത ശരീരഘടന—ഒരു ഭീപടത്തിലുള്ളതിലധികം പാടുകളുള്ള തടിച്ച മുഖം—സംഭാഷണംചെയ്യുന്ന സമയം നിയന്ത്രണാതീതമായി പ്രകടമായിരുന്ന അംഗവേഷ്ടകം—അലങ്കോലപ്പെട്ടുകിടക്കുന്ന കൃത്രിമകേശങ്ങൾ—സർവ്വ അനാകർഷണീയമായ വേഷം—ഇതൊക്കെയായിരുന്ന ആ യുവാവിന്റെ പ്രത്യേകതകൾ. എങ്കിലും ആ സ്ത്രീ അഭിപ്രായപ്പെട്ട—അവർ അത്രയും വിവരമുള്ള ഒരു ചെറുപ്പക്കാരനെ കണ്ടിട്ടില്ലെന്നു്. ആ മനുഷ്യനും തോന്നി ഇത്രയും ബുദ്ധിമതിയായ ഒരു സ്ത്രീയെ കണ്ടുകിട്ടുവാൻ പ്രയാസമാണെന്നു്. അങ്ങനെ തികച്ചും അന്യോന്യമുള്ള ബഹുമാനത്തിൽനിന്നുമാണു് ഡോക്ടർ ജോൺസണും, മിസ്സസ് പോർട്ടറുമായുള്ള ബന്ധം സമാരംഭിച്ചതു്.

IX

തടിച്ച ശരീരം—സാധാരണയിലധികം ഉയർന്ന മാറിടം. വിങ്ങിത്തുടുത്ത കവിളുകൾ, കട്ടത്തലമുടിയുള്ള വസ്ത്രങ്ങൾ, കൃത്രിമഭാവം സ്ഫുരിപ്പിക്കുന്ന വർത്തമാനവും പെരുമാറ്റവും ഇതൊക്കെയായിരുന്നു മിസ്സസ് പോർട്ടറിന്റെ പ്രത്യേകതകൾ. വിധവയും മാതാവുമായിരുന്ന ആ സ്ത്രീ സന്ദർഭവശാൽ ഒരു ചെറുപ്പക്കാരനെ കാണുകയുണ്ടായി. പൊരുത്തമില്ലാത്ത ശരീരഘടന—ഒരു ഭീപടത്തിലുള്ളതിലധികം പാടുകളുള്ള തടിച്ച മുഖം—സംഭാഷണംചെയ്യുന്ന സമയം നിയന്ത്രണാതീതമായി പ്രകടമായിരുന്ന അംഗവേഷ്ടകം—അലങ്കോലപ്പെട്ടുകിടക്കുന്ന കൃത്രിമകേശങ്ങൾ—സർവ്വ അനാകർഷണീയമായ വേഷം—ഇതൊക്കെയായിരുന്ന ആ യുവാവിന്റെ പ്രത്യേകതകൾ. എങ്കിലും ആ സ്ത്രീ അഭിപ്രായപ്പെട്ട—അവർ അത്രയും വിവരമുള്ള ഒരു ചെറുപ്പക്കാരനെ കണ്ടിട്ടില്ലെന്നു്. ആ മനുഷ്യനും തോന്നി ഇത്രയും ബുദ്ധിമതിയായ ഒരു സ്ത്രീയെ കണ്ടുകിട്ടുവാൻ പ്രയാസമാണെന്നു്. അങ്ങനെ തികച്ചും അന്യോന്യമുള്ള ബഹുമാനത്തിൽനിന്നുമാണു് ഡോക്ടർ ജോൺസണും, മിസ്സസ് പോർട്ടറുമായുള്ള ബന്ധം സമാരംഭിച്ചതു്.

ചെറുപ്പകാലത്തു് കണ്ടാൽകൊള്ളാവുന്ന പെൺകുട്ടികളുടെ എല്ലാം പുകഴ്ചാറി നടക്കുന്നതു്, മതത്തിന്റെ തറവാടിയിൽക്കൂടി, സമ്പത്തിന്റെ പാതയിൽക്കൂടി നടക്കുന്ന യുവാക്കന്മാർക്കു് ഒരു പ്രാവശ്യം ജപിച്ചാൽ മരിക്കുവോളം അടങ്ങാത്തവിധം ആളിക്കത്തുന്ന മഴലികമായ വികാരമാണു് പ്രണയം. പ്രായവ്യത്യാസമോ, പണമില്ലായ്മയോ, ആദ്യവിവാഹമോ ഒന്നുംതന്നെ അങ്ങനെയുള്ള കാമുകന്മാരെ ഒരിക്കലും പിന്തിരിപ്പിക്കുകയില്ല. ഈ വസ്തുത ഡോക്ടർ ജോൺസണേ (Dr Samuel Johnson 1709-84) സംബന്ധിച്ചിടത്തോളം അക്ഷരംപ്രതി പരമാർത്ഥമായിരുന്നു. അമ്മയുടെ അടുത്തുപോയി തന്നെക്കാൾ ഇരുപതു വയസ്സു പ്രായക്കുറവുള്ള ഒരു വിധവനിയെ തൻ വിവാഹം കഴിക്കണമെന്നഭ്യർത്ഥിക്കുന്ന എന്നു പറഞ്ഞ ആ യുവകേസരിയുടെ മനക്കരുത്തു് മാനിക്കാതെ തരമില്ല. മകന്റെ ആജ്ഞാശക്തിയേപ്പറ്റി നല്ലതുപോലെ അറിയാമായിരുന്ന അമ്മ ജോൺസന്റെ ആഗ്രഹത്തിനു് തടസ്സം പറഞ്ഞില്ല.

മിസ്സസ് പോർട്ട് (Mrs. Porter) റിന്റെ അടുത്തു വിവാഹാലോചനയുമായിപ്പോയ ജോൺസൺ തന്റെ യഥാർത്ഥ സ്ഥിതി പരിപൂർണ്ണമായി വെളിപ്പെടുത്തി. ഞാൻ വലിയ കുടുംബത്തിലൊന്നുമല്ല ജനിച്ചതു്. പണത്തിനണക്കിൽ യാതൊരു മാർഗ്ഗവുമില്ല. തന്നെയുമല്ല; എന്റെ അമ്മാവന്മാരിലൊരാളെ തൂക്കിക്കൊന്നിട്ടുണ്ടു്. ജോൺസൺ തന്റെ നില വിശദമാക്കി. മിസ്സസ് പോർട്ടർ ഉടനെ മറുപടിപറഞ്ഞു: ഞാനീ പണവും പ്രതാപവുമൊന്നും വലിയ കാര്യമായി കരുതിയിട്ടില്ല. പിന്നെ അമ്മാവന്മാരുടെ കാര്യം. എന്റെ അമ്മാവന്മാരെ ആരേയും തൂക്കിക്കൊന്നിട്ടില്ലെങ്കിലും ഉടനേതന്നെ തൂക്കിക്കൊല്ലേണ്ടതായിട്ടു് ഒരമ്മാവൻ കുറയാതെ അമ്മാവന്മാരുണ്ടു്.

അവർ വിവാഹത്തിനു് പള്ളിയിൽപോയപ്പോൾ രസകരമായ ഒരു സംഭവമുണ്ടായി. ജോൺസൺ തന്നെ അതു സരസമായി വിവരിച്ചിട്ടുണ്ടു്. "പഴയ പ്രേമകഥകളും ധാരാളം വായിച്ചു് വായിച്ചു, തൻപോടുള്ള പെണ്ണുങ്ങൾക്കു് കാമുകന്മാരെ പട്ടികളേപ്പോലെ കരുതാമെന്നൊരു തൊഴിലാണല്ലോ അവളിൽ (മിസ്സസ് പോർട്ടറിൽ) കൂടുതൽകൂടിയിരുന്നു. അതുകൊണ്ടു് ഞങ്ങൾ കുതിരപ്പുറത്തു പോയപ്പോൾ ഞാൻ പറഞ്ഞു ഞാൻ വളരെ വേഗത്തിലാണു് കുതിരയെ ഓടിച്ചുതെന്നു്. ഞാൻ സാവധാനത്തിൽ പോയി. ഉടനേ അവൾ പറകയാണു്—ആണുങ്ങളിങ്ങനെ പുറകിൽ തങ്ങിയാൽ വലിയ കഷ്ടമാണെന്നു്. അങ്ങനെ മറ്റുള്ളവരുടെ അഭിപ്രായത്തിനു് ഉള്ളടുന്നതു് എന്റെ സ്വഭാവത്തിനത്ര പാറിയതല്ല. അതുകൊണ്ടു് ഞാൻ കുതിരയെ ഓടിച്ചു വളരെ മുന്നിൽപോയി. അവൾക്കെന്നെ കാണാൻതന്നെ കഴിഞ്ഞില്ല. അടുത്തവഴിവിൻ, അവിടെ വരുന്നവരെ ഞാൻ നോക്കിനിന്നു. അടുത്തുവന്നപ്പോൾ അവളുടെ കവിൾത്തടം കണ്ണുനീരിനാൽ നനഞ്ഞിരുന്നു." അങ്ങനെയാണു് ജോൺസന്റെ വിവാഹജീവിതം ആരംഭിച്ചതു്. പക്ഷേ അദ്ദേഹത്തിനെ സംബന്ധിച്ചിടത്തോളം തന്റെ ഭാര്യയുടെ സുഖമായിരുന്നു അദ്ദേഹത്തിന്റെയും സുഖം. ഭാര്യയുടെ സുഖസൗകര്യങ്ങളും അനുമാത്രം കാര്യമായി അന്വേഷിച്ചിരുന്ന ഭർത്താക്കന്മാർ വളരെയധികം കാണുകയില്ല. മിസ്സസ് പോർട്ടറിനു് അദ്ദേഹത്തിന്റെ ആരോഗ്യത്തിനു തന്നെക്കാൾ പ്രായക്കുറവുള്ള ഒരു വിധവനിയെ തൻ വിവാഹം കഴിക്കണമെന്നഭ്യർത്ഥിക്കുന്ന എന്നു പറഞ്ഞ ആ യുവകേസരിയുടെ മനക്കരുത്തു് മാനിക്കാതെ തരമില്ല. മകന്റെ ആജ്ഞാശക്തിയേപ്പറ്റി നല്ലതുപോലെ അറിയാമായിരുന്ന അമ്മ ജോൺസന്റെ ആഗ്രഹത്തിനു് തടസ്സം പറഞ്ഞില്ല.

കിരീടധാരണം
വോൾട്ടയർ

★

ഒരു തിരിഞ്ഞുനോട്ടം

കിരീടധാരണവും കോമൺവെൽത്തും എന്ന ശീർഷകത്തിൽ 'മാഞ്ചെസ്റ്റർ ഗാർഡിയൻ' ഇപ്പകാരമെഴുതി.

"ആഡംബരാഘോഷങ്ങളുടെ ഈ ദിവസങ്ങളിൽനിന്നും സംജാതമായ ആഴമേറിയൊരു ധാരണ കോമൺവെൽത്തും രാജാസനവും തമ്മിലുള്ള സമുന്നതമായ പ്രധാന്യമാണ്. അതുല്യമായ ഈ സ്ഥാപനത്തിന്റെ തലയാളായി രാജ്ഞിയെ അംഗീകരിക്കുന്നതിലേക്ക് ഭ്രഷ്ണ്ഡത്തിന്റെ എല്ലാഭാഗങ്ങളിൽനിന്നും രാജ്യതന്ത്രജ്ഞന്മാരും പ്രമുഖവ്യക്തികളും ഇവിടെ സമ്മേളിക്കുന്നതു നാം കണ്ടു. ഇതുപതിൽപരം രാജ്യങ്ങളിലെ പടയാളികളും രാജ്ഞിയുടെ ശോഭയും തുടർച്ചയായി സേവിച്ചു. അമ്പതോളം പാർലമെൻറുകളുടെ പ്രതിനിധികളുടെ സാന്നിധ്യവും രാജ്ഞിയെ സന്തോഷിപ്പിച്ചു.

"ബ്രിട്ടീഷ് ജനത പുലർത്തുന്നതുപോലെയോ പുലർത്തിയിട്ടുള്ളതുപോലെയോ ഒരാളും ജനതയും ഒന്നിനുപുറകെ മറ്റൊന്നായിവന്ന് രാജാസനത്തോടുള്ള ബന്ധം പുലർത്തി. "ഗാർഡിയൻ തുടരുന്നു" കൊളോണിയൽരാജ്യങ്ങളിൽ ഇന്നയിടെ ഉടലെടുത്ത ലജിസ്ലേറ്റീവ് കൗൺസിലുകൾപോലും. ഇന്ന് വെസ്റ്റ്മിൻസ്റ്റർ പാർലമെൻറിന്റെ സമാനരൂപമായിട്ടുള്ളതാണ്. ജോർജ്ജ് മൂന്നാമന്റേയോ എലിസബത്തു് പ്രഥമരാജ്ഞിയുടേയോ കാലങ്ങളിലെ പാർലമെൻറുകളുമായി ഒരുപക്ഷേ അവയ്ക്ക് പല സാദൃശ്യങ്ങളുമുണ്ട്. വെവ്വേറെ കാലഘട്ടങ്ങളിൽ നാം സമാന്തരരേഖകളിൽക്കൂടി സഞ്ചരിക്കുന്നു.

"ചട്ടക്കൂടിനു ബാഹ്യമായ അയവുകൾ കാണിക്കുമെങ്കിലും "രാജാസനത്തോടു പൊരുത്തക്കേ"ടിനു ബൾഫോർസിദ്ധാന്തത്തിൽ വിവരിക്കുന്നതിനേക്കാൾ ബലിഷ്ഠമായ ഏതോ ഒന്നുകൊണ്ട് ഇന്നും കോമൺവെൽത്തു് ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്നും."

രാജകീയതയുടെ സജീവതാപം

"ക്രിസ്തുവർഷം 973-ൽ ബാത്തിൽവച്ച് ആർച്ച്ബിഷപ്പ് ഡൺസ്റ്റൻ എഡ്ഗർരാജാവിനെ സ്ഥാനാഭിഷേകം ചെയ്തപ്പോൾ നടത്തിയ അതേ കർമ്മങ്ങളോടുകൂടി രാജ്ഞിയെ തൈലാഭിഷേകം ചെയ്യുകയും മകുടം ചാർത്തിക്കുകയും സിംഹാസനസ്ഥയാക്കുകയും ചെയ്തിരിക്കുന്നു" എന്നിങ്ങനെയാണ് 'ഡെയിലിടെലഗ്രാഫ്' എഴുതുന്നതു്.

രാജ്ഞിയുടെ 38 മൻസാമികമായ "നോർമൻകോൺക്വസ്റ്റിന്റെ കാലത്തിനുശേഷം വെസ്റ്റ്മിൻസ്റ്റർദേവാലയത്തിൽവച്ചാണ് കിരീടം ധരിച്ചു"തെന്ന പത്രം അനുസ്മരിപ്പിക്കുന്നു. "അതിൽ 28 പേർ പള്ളിയിലെ ഇതേസ്ഥലത്തുവച്ച് ലോകത്തിൽ മറ്റൊരിടവും കണ്ടെത്താത്ത ചരിത്രപരമായ തുടർച്ചയുടെ ഒരുദാഹരണമാണതു്."

"നമ്മുടെ ചുറ്റും രാജവംശങ്ങളെ നാമാവശേഷമായിത്തീർന്നുകൊണ്ടിരിക്കുമ്പോൾ ബ്രിട്ടീഷ് സിംഹാസനം പണ്ടത്തേതിൽ ദൃഢമായി നിലകൊള്ളുന്നു. ഇതേക്കുറിച്ച് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ രാജ്ഞിയെ ഒരുനോക്കു കാണുന്നതിനു ലണ്ടൻ തെരുവുകളിൽ മണിക്കൂറുകളോളം കാത്തുനിന്ന ഞങ്ങേകോടിയിരം—ചിലർ രാത്രി മുഴുവനും—പേരുടെ ആഹ്ലാദപ്രകടനങ്ങളും അതിനെ ശിഥിലമാക്കിയിട്ടുണ്ട്. ബ്രിട്ടീഷ് രാജകീയതയുടെ അത്യന്തകരമായ സജീവതത്തിനെ രുകാരണം പാരമ്പര്യത്തിന്റെ ഉത്തമാംശങ്ങളെ പുലർത്തിപ്പോരുകയും മാറിക്കൊണ്ടിരിക്കുന്ന പരിതഃസ്ഥിതികളോടു് ഒത്തിണങ്ങിപ്പോകുകയും ചെയ്യുന്നതാണ്."

ലോകത്തിൽ ബ്രിട്ടൺ പുതിയൊരു സ്ഥാനം സമ്പാദിക്കേണ്ട സമയമിതാണെന്നും അനേകം നന്മകളുംകൊള്ളുന്ന ഈ മഹത്തായ രാഷ്ട്രത്തിനു് വിക്ഷമമേറിയ പലതിലൂടെയും കടന്നു പാഞ്ഞുവരുമെങ്കിൽ ഇപ്പോഴത്തേതിനേക്കാൾ സുമനസ്കതമായ ഒരു സ്ഥാനത്തേക്കയരാൻ കഴിയുമെന്നും 'ഒബ്സർവർ' പ്രസ്താവിക്കുന്നു.

★

വയസ്സുകാലത്തു് അദ്ദേഹമൊരോമനപ്പുത്രനെ നൽകിയിരുന്നു. ഒറേറി (Tetty) എന്നു്.

വിവാഹത്തിനുശേഷം പതിനാറു വർഷം കഴിഞ്ഞു മിസ്സസ് പോർട്ടർ ദിവംഗതയായി. ഭാര്യയുടെ മരണത്തിനുശേഷം ജോൺസൺ മുപ്പത്തിരണ്ടു വർഷക്കാലംകൂടി ജീവിച്ചിരുന്നു. ഓരോ വർഷവും അദ്ദേഹം തന്റെ പ്രിയപത്നിയെ ഓർത്തു കണ്ണുനീരൊഴുക്കി. ഭാര്യയുടെ മരണദിവസം ആണ്ടുതോറുമാചരിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. അവരുടെ വിവാഹമോതിരം അദ്ദേഹം ജീവാവസാനംവരെ കാത്തുസൂക്ഷിച്ചു. ജോൺസന്റെ പ്രത്യേക പ്രാർത്ഥനകളും, അദ്ദേഹത്തിനു് ഭാര്യയോടുണ്ടായിരുന്ന അഗാധമായ സ്നേഹം പ്രസ്പഷ്ടമാക്കുന്നു.

"മഹാപ്രഭോ, ആകാശവും ഭൂമിയും ഭരിക്കുന്ന ജഗന്നിയന്താവേ, അന്തരിച്ചുപോയ ആത്മാക്കളെ അവിടുത്തെ തൃക്കരങ്ങളിലാണല്ലോ കൊടുക്കൊള്ളുന്നതു്. മരിച്ചുപോയവരുടെ ആത്മാക്കളെ ജീവിക്കുന്നവരെ സഹായിക്കുന്നതിനും, എന്റെ കടന്നുപോയ ഭാര്യ എന്നെ കാത്തുസൂക്ഷിക്കുന്നതിനും അവിടുന്നനുവദിക്കുമെങ്കിൽ—എന്റെ ഭാര്യ ദർശനം വഴിയോ — പ്രേരണവഴിയോ —അവിടുത്തേയ്ക്കു് തിരുവുള്ളപ്രകാരം എന്നെ സംരക്ഷിക്കുന്നതിനു് സവിധാസനകയ്യുംനൽകേണമേ."

മാർച്ച് 28-1753 ഞായറിഴവസം എന്റെ റെറ്റിയുടെ ഓർമ്മദിവസമായി ആചരിച്ചു. പ്രഭാതംമുഴുവൻ പ്രാർത്ഥനയിലും കണ്ണീരിലും ഞാൻ കഴിച്ചു."

അങ്ങനെ പോകുന്ന ആ പ്രാർത്ഥനകളും കുറിപ്പുകളും ജോൺസന്റെ വിവാഹം അന്യോന്യമുള്ള ആത്മാർത്ഥപ്രണയത്തിന്റെ പരിപാകഫലമായിരുന്നു.

X

വോൾട്ടയറും, റൂസ്സോയും

രണ്ടു സാഹിത്യകാരന്മാർ—ജീവിച്ചിരുന്നതെല്ലാം മതത്തിലായാലും, സമുദായത്തിലായാലും എന്തെല്ലാമുണ്ടോ അതെല്ലാം ഇല്ലാതാക്കുന്നതിനായിരുന്നു ആദ്യത്തെ ആളിന്റെ ശ്രമം. സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം—ഇതായിരിക്കണം ഉയർന്നുവരുന്ന പുതിയ ജനതയുടെ മുദ്രാവാക്യങ്ങൾ — അങ്ങനെപോയി രണ്ടാമത്തെ ആളിന്റെ ആഹ്വാനങ്ങൾ. ചരിത്രം സൃഷ്ടിച്ച രണ്ടുവ്യക്തിത്വങ്ങൾ—പക്ഷേ പ്രണയത്തെ സംബന്ധിച്ചിടത്തോളം രണ്ടുപേരും സാധാരണമനസ്കർ.

"ഒരു സാഹിത്യകാരന്റെ തൊഴിലല്ലാത്ത വേറൊന്നും ഞാനാഗ്രഹിക്കുന്നില്ല". തന്റെ മകനെന്നും വക്കീലായിരിക്കണമെന്നാഗ്രഹിച്ച അച്ഛനോടു വോൾട്ടെയർ പറഞ്ഞ മറുപടിയാണതു്. തലതൊട്ടപ്പനായ ചാറ്റോ (Chateauneuf) ഇക്കാര്യത്തിൽ വോൾട്ടെയറിനു വളരെ സഹായകരമായിരുന്നു. അദ്ദേഹത്തിന്റെ സഹായത്തോടുകൂടിയായിരുന്നു അയാൾ ആദ്യമായി നാടകമെഴുതിയതു്. അതിനു് ഓഡിപ്പസ് എന്നു പേരിട്ടു. ഈഡിപ്പസിന്റെ കഥയെ ആധാരമാക്കിയുള്ള ഈ നാടകം അരങ്ങത്തെത്തിയപ്പോൾ അതിനു് അസാധാരണമായ സ്വീകരണമാണു് ലഭിച്ചതു്. പക്ഷേ അവിടത്തെ അന്തരീക്ഷം അത്ര പോറ്റിയതല്ലെന്നു കണ്ട് അദ്ദേഹത്തിന്റെ അച്ഛൻ, വോൾട്ടെയറിനെ ഹോളണ്ടിലേക്കയച്ചു—അവിടെ ഫ്രഞ്ചുസ്ഥാനപതിയായിരുന്ന ബന്ധുവിന്റെകൂടെ.

ഹോളണ്ടിൽവച്ചാണ് വോൾട്ടെയർ ആദ്യം അനുരാഗവിവശനായതു്; ഒളിയി (Olympe Dunoyer) എന്നു് ഒരു യുവതിയിൽ. ആസ്ത്രീക്ക് അതുകൊച്ചുചെറുക്കന്റെ പ്രേമാഭ്യർത്ഥന വളരെ അസഹ്യമായിത്തോന്നി. അവൾ കൂട്ടിയുടെ രക്ഷകർത്താവിനെ വിവരം അറിയിച്ചു. സ്ഥാനപതിക്കു് അങ്ങനെയുള്ള അപവാദവുമായി കൂട്ടുപിടിക്കാൻ നിവൃത്തിമുണ്ടോ? അദ്ദേഹം വോൾട്ടെയറിനെ അടുത്തവണ്ടിക്കു് പാരിസ്സിലേക്കയച്ചു.

അധികാരത്തിലിരിക്കുന്നവരെ വിമർശിക്കുന്ന ഒരു പതിവു് വോൾട്ടെയറിനു് (Voltaire—1694-1778) ജന്മസിദ്ധമായിരുന്നു. തടവിൽ കിടക്കുന്നതിനും, നാടുവിട്ടു് മാറാമുള്ള രാജ്യങ്ങളിൽ ജീവിക്കുന്നതിനും അദ്ദേഹത്തിനു് സഹായകരമായിരുന്നതു് ഈ സ്വഭാവവിശേഷമാണു്. നിലവിലിരിക്കുന്ന സമൂഹസ്ഥാപനങ്ങളെ നിശിതമായി വിമർശിച്ചുകൊണ്ടദ്ദേഹമെഴുതിയ ലേഖനങ്ങൾ, (Letters Philosophiques) അദ്ദേഹത്തെ ഭരണകൂടത്തിന്റെ ഒരു നോട്ടപ്പുള്ളിയായി മുദ്രയടിച്ചു. ഈ സമയത്താണു് ചാറ്റലാറു (Madame-De-Chatelet) തന്റെ ഭർത്തവിന്റെ ഗൃഹത്തിൽ സ്വതന്ത്രമായും സുരക്ഷിതമായും ജീവിക്കാമെന്നു വോൾട്ടെയറിനോടു പറഞ്ഞതു്. തന്റെ ഭാവിയെ സംരമായി നിയന്ത്രിക്കുവാൻ കഴിവുള്ള ഒരു സ്ത്രീയാണവളെന്നു അദ്ദേഹം അറിഞ്ഞിരിക്കയില്ല.

ചാറ്റലാറ് കാല്പനികയിൽ തികച്ചും വിത്യസ്തയായിരുന്നു. പക്ഷേ അവർക്ക് വോൾട്ടെയറിനെ പ്രോത്സാഹിപ്പിക്കത്തക്ക സഹതാപബോധവും ബുദ്ധിയുമുണ്ടായിരുന്നു. അങ്ങിനെ അവരുടെ ബന്ധം ബലപ്പെട്ടുവന്നു. ചാറ്റലാറിനു് ഒരു ഭർത്താവുണ്ടായിരുന്നു. അദ്ദേഹത്തിനു് സ്വന്തം ഭാര്യ അവിഹിതമുള്ള ആളുകളെ തെരഞ്ഞെടുക്കുന്നതിൽ യാതൊരനിഷ്ടവും ഉണ്ടായിരുന്നില്ല. ഹൃദയവിശാലതയുടെ ഒരു സീമയാണതു്. സ്വന്തംഭാര്യ പലവിധത്തിലുള്ള വിഭ്രമകം വേറൊരാളിന്റെ അടുത്തുനിന്നും പറിക്കുന്നതിൽ അദ്ദേഹത്തിനു് അസൂയപ്പെട്ടിട്ടുകാര്യമുണ്ടോ? പ്രണയിച്ചും, കലഹിച്ചും, കലകൾ പഠിച്ചും, പഠിപ്പിച്ചും, നാടകങ്ങളെഴുതിയും, സ്വന്തംവീട്ടിലുള്ളതൊക്കെ അഭിനയിച്ചും, ചാറ്റലാറു് വോൾട്ടെയറുമായി തന്റെ ഭർത്തവിന്റെ ഭവനത്തിൽ കഴിഞ്ഞുകൂടി. എന്തിനു്, പ്രുഷ്യയിലെ കിരീടാവകാശിയായ ഫ്രഡറിക്ക് രാജകുമാരന്റെ ക്ഷണംപോലും വോൾട്ടെയർ സ്വീകരിച്ചില്ല—കാരണം—ചാറ്റലാറു് പ്ര

Excellent Postal Tuition.

INTER (Ajmer & Trav.) &
Madras Matriculation

For prospectus apply with 4 as. stamps.

PREMIER TUTORIAL COLLEGE,
TRIVANDRUM.

ശ്യയിലേക്കുപോകുവാൻ വിസമ്മതിച്ചു. ലൊറേനിലെ സ്റ്റാനിസ്ലാസ് രാജാവ് (King Stanislas of Lorraine) രണ്ടുപേരെയും തന്റെ കൊട്ടാരത്തിലേക്കുപ്രവേശിപ്പിക്കുന്നതിനു് ആഗ്രഹംപ്രദർശിപ്പിച്ചു. അങ്ങനെ അവർ രാജാതിഥികളായി കാഹളനാദം കൊട്ടാരത്തിൽ മുഴങ്ങി—രാജാവിനെ സംഗീതംകൊണ്ടും, നടകംകൊണ്ടും സന്തോഷിപ്പിച്ചു. ചാറ്റർട്ടൺ ഏറ്റവും മധുരമായ ഒരു ജീവിതം നയിച്ചതു് ഈ കലോപാസനത്തിലാണു്—ആനന്ദസന്ദായകമായ കാലങ്ങൾ. നിമിഷങ്ങൾ മണിക്കൂറുകളായി — മണിക്കൂറുകൾ മാസങ്ങളായി മാറുന്നു. ജീവിതമധുനിറഞ്ഞ നിരവധി ചഷകങ്ങൾ ഓരോന്നായി ത്രസ്വമാക്കുകയാണു്. ചാറ്റർട്ടൺ ഒരു ഗായികയായി. മരുനടിയായി വിവിധതരത്തിലുള്ള ആളുകളുടെ ആരാധനാപാത്രമായി. വോൾട്ടെയർ അവളുടെ ആനന്ദത്തിൽ അകമഴിഞ്ഞു സന്തോഷിച്ചു. പക്ഷെ കോടിപ്രഭയുള്ള കൊള്ളിമീനും അധികനേരം പ്രകാശിക്കുവാൻ സാധ്യമല്ലല്ലോ.

രാജസ്സുള്ള ഒരു ചെറുപ്പക്കാരൻ. ലാമ്പർട്ട് (M. De. Saint-Lambert) അതായിരുന്നു അയാളുടെ പേർ. വോൾട്ടെയറിന്റെ പ്രണയസാമ്രാജ്യത്തിൽ വിപ്ലവത്തിന്റെ കാഹളം മുഴങ്ങി. പ്രതിയോഗി സുമുഖനാണു്. പ്രണയിനിയുടെ പ്രായക്കാരനാണു്. വോൾട്ടെയറിനോ—അവളേക്കാൾ 11 വയസ്സു പ്രായക്കൂടുതൽ. സ്ത്രീകളെ വിശ്വസിക്കാമോ—വോൾട്ടെയർവിവരംചോദിച്ചു. ചാറ്റർട്ടൺ മൗനംഭജിച്ചു. വോൾട്ടെയർ വിവസ്ത്രനായി. ചാറ്റർട്ടൺ കാറ്റും സമ്മതിച്ചു. സംശയത്തിൽ കുറെയൊക്കെ പരമാർത്ഥമുണ്ടെന്നു് സ്പഷ്ടമായി. എന്തിനു, അവൾ ഭർത്തൃഗൃഹത്തിലേക്കോടി. വോൾട്ടെയർ അമർഷംപൂണ്ടു. ചാറ്റർട്ടൺ ശർമ്മിനിയായിരുന്നു. തന്റെസിയാതെ അവരൊരു പെൺകുട്ടിയെ പ്രസവിച്ചു. അതിന്റെ ആറാംപക്കം അവർ മരിച്ചു—44-മത്തെ വയസ്സിൽ. വോൾട്ടെയറിന്റെ ഹൃദയംനീറി ലാമ്പർട്ടിനുള്ളതെഴുതിയതാണു്. "എടാ മനുഷ്യാധമാ—നി എന്നോടുള്ള പകയിട്ടവൻ അവളേക്കൊന്നു." ചാറ്റർട്ടന്റെ വേർപാടിന്റെ വേദനകഥകളും, നാടകങ്ങളുമായി എഴുതിത്തിക്കുവാൻ വോൾട്ടെയർ പാരിസിലേക്കു പോയി. 15 വർഷക്കാലം തന്റെ ജീവിതസഖിയായിരുന്ന ചാറ്റർട്ടനെ മറക്കുവാൻ വോൾട്ടെയറിനു മരണംവരെയും കഴിഞ്ഞില്ല.

12 വയസ്സുള്ളപ്പോഴേ റൂസ്സോ (Jean Jacques Rousseau 1712—1778) പ്രേമിക്കാൻ തുടങ്ങി. ട്യൂഷൻമാസ്റ്ററായ ലാമ്പർട്ട്യറിന്റെ സഹോദരിയെ (M. Labercier) അവർക്കു വയസ്സ് മുപ്പതേ ഉള്ളൂ. ഭാഷയിൽ രംഭോയിയരംഗത്തും, സാഹിത്യരംഗത്തും, സ്വാതന്ത്ര്യത്തിന്റെ സമരകാഹളമുതിയ റൂസ്സോ തന്റെ വിപുലമായ പ്രണയമഹാനാടകത്തിന്റെ നാന്ദി വളരെ ചെറുപ്പത്തിലേ എഴുതിക്കഴിഞ്ഞിരുന്നു. ആ ബന്ധം അധികം നീണ്ടുനിന്നില്ല. എങ്കിലും അതിന്റെ മാറ്റൊലി അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആജീവനന്തം മുഴങ്ങിക്കൊണ്ടിരുന്നു. വികാരത്തിന്റെ ഒരു ജീവി—മറ്റുള്ളവർതന്നെ ബഹുമാനിക്കണം — ആരാധിക്കണം — ജീവിക്കുന്നതിനുള്ള ഹേതുവിനുപോലും പേക്ഷിതമായ ഒരു കാര്യമായിരുന്നു അതു്. അല്ലെങ്കിൽ ഒരു ശ്വാസംമുട്ടലുള്ളിൽ സമാധാനപൂർണ്ണമായ ജീവിതം കഴിക്കാമെന്നുള്ള ആഗ്രഹിച്ചു. കത്തോലിക്കനായാൽ ജീവിതം സുഖമായി—ഈ പ്രപഞ്ചത്തിനു ഒരടുക്കും ക്രമവുമുണ്ടു്—അവിടെ ഒക്കുംപോലെ റൂസ്സോയിക്കും ഒരു സ്ഥാനം കിട്ടും. ഈ പ്രത്യാശയോടെകൂടി അദ്ദേഹം ഒരു യഥാർത്ഥ ക്രിസ്ത്യാനിയുമായി തന്മസമാപ്പിച്ചു. മദാം ഡി വാറൻസ് (Madame De - Warens) എന്നായിരുന്നു അവരുടെ പേരു്. റൂസ്സോയ്ക്കു മതപരമായ വിദ്യാഭ്യാസം കൊടുക്കാൻ അവർ ശ്രമിച്ചു. അവരുടെ സേവകനായി അദ്ദേഹം ജീവിതം തുടങ്ങി. അന്നു റൂസ്സോയ്ക്കു വയസ്സു് പതിനാറു് — സുന്ദരമായ ആകാരം—വെളുത്തനിറം—തിളങ്ങുന്ന കണ്ണുകൾ—ഇരുണ്ട തലമുടി — തന്നെപ്പറ്റിത്തന്നെ ജീനു് അഭിമാനംതോന്നി—വാറൻസു് ഒരു വിധവയായിരുന്നു. അവർക്കു് ഇരുപത്തെട്ടു വയസ്സുകാണും. വെളുത്ത ചാരനിറം—വേണ്ടുവോളം—വിശാലമായ ഹൃദയം—ആരെയെങ്കിലും സഹായിക്കുന്നതുപക്ഷം അസ്വസ്ഥമാകുന്ന മനസ്സു്. അങ്ങനെയുള്ള ആ മഹിളാരത്നം—തന്നെ ആരാധിക്കുന്ന ഒരു സാധുയുവകോമളനു് വേണ്ടുവോളം സൗകര്യങ്ങൾ നൽകിയതു് സ്വാഭാവികംമാത്രം. പക്ഷേ റൂസ്സോയ്ക്കുള്ള ചെറുപ്പമാണു്—യൗവനത്തിന്റെ അഭിലാഷങ്ങൾ അദ്ദേഹത്തിൽ ബാല്യത്തിലേ സ്ഥലംപിടിച്ചിരുന്നതാ—വാറൻസിനെ തന്റെ പ്രേമഭാജനങ്ങളിലൊന്നായി "ജീൻ" കരുതിയിരുന്നു.

മദാം-ഡി-സാബ്രൻ (Madame-De-Sambran) എന്ന ഒരു സ്ത്രീയുമായി റൂസ്സോ റ്റൂറിനിലുള്ള (Turin) ഒരുദ്യോഗസ്ഥയിൽ പോകണമെന്നു വാറൻസു് അഭിപ്രായപ്പെട്ടു. മതപരമായ ഒരാവശ്യമായിരുന്നതു്. റൂസ്സോയെ സംബന്ധിച്ചിടത്തോളം ആ യാത്ര വളരെ സുഖമായി. അദ്ദേഹം തന്റെ "ഏറ്റുപറച്ചിലിൽ" (Confessions) പറയുന്നതു് വിശ്വസിക്കാമോ എന്നു സംശയിക്കണം. സാബ്രൻ റൂസ്സോയുടെ പേരിൽ അസാധാരണമായ അഭിലാഷം ഉണ്ടായിപോലും. യാത്രാമദ്ധ്യേ വാറൻസു് റൂസ്സോയ്ക്കു കൊടുത്തിരുന്ന ഒരു വെള്ളിരിബ്ബൺ കാണാതായി റൂസ്സോ പറയുന്നതു അദ്ദേഹത്തിന്റെ കൈയിൽനിന്നും, ആഗ്രഹത്തിന്റെ പേരിൽ സാബ്രൻതന്നെ മോഷ്ടിച്ചെന്നാണു്. കാര്യങ്ങളെത്രമാത്രം വിശ്വസിക്കാമെന്നു സംശയിക്കേണ്ടിയിരിക്കുന്നു.


എന്നാൽ മദാം ഡി വാറൻസുമായുള്ള ബന്ധം കുറച്ചുനാളം നിണ്ടുനിന്നു. അവരിൽനിന്നകന്നുനിൽക്കുമ്പോൾ പലപ്പോഴും അവരെ കാണണമെന്നുള്ള ഹേതുവിനു തോന്നിയിട്ടുണ്ടു്. ഒരു പ്രാവശ്യം ഫ്രാൻസിന്റെ പകുതിദൂരം തന്റെ പ്രേമഭാജനത്തെ കാണാനായിമാത്രം അദ്ദേഹം നടന്നു. അവരുടെ പുനസ്സമ്മേളനം സ്നേഹനിർഭരമായിരുന്നു. അവർ സന്തോഷഭരിതരായി ജീവിതം തുടർന്നു. അക്കാലത്താണു റൂസ്സോ രോഗബാധിതനായതു്. കുറച്ചുകാലത്തിനിടയിൽ വാറൻസിനു മനസ്സിലായി റൂസ്സോയുടെ രോഗം മാറുന്നതിനു ഒരു മദാം ഡി ലർണേജിന്റെ (Madame - De - Larnage) സാന്നിദ്ധ്യം അനിവാര്യമായിരുന്നെന്നു്. അങ്ങനെ വാറൻസും റൂസ്സോയുമായുള്ള സ്നേഹബന്ധം സമാപിച്ചു.

മുപ്പത്തുവയസ്സുള്ളപ്പോഴാണു് റൂസ്സോ തേരേസ്സ് ലി വാസ്പറിനെ (Therese-La-Vasseur) ആദ്യമായി കണ്ടതു്—അദ്ദേഹത്തിന്റെ ആത്മഭാഷ്യമായ ഏറ്റുപറച്ചിലിൽ (Confessions) റൂസ്സോ അവരെപ്പറ്റി എഴുതുകയാണു്—"വിദ്യപോയും, അറിവില്ലാത്തവളും, മണ്ടിയും, മക്കളെല്ലാം വെറുക്കുന്ന ഒരമ്മയും" ആണവരെന്നു്, പിന്നെന്താണു റൂസ്സോ അവരെവിവാഹം കഴിച്ചതു്—അഞ്ചു കുഞ്ഞുങ്ങളുടെ മരതാവാക്കിയതു? സംവേദനക്ഷമമായ ജീവിതത്തിൽ നടുവിട്ട നാതാരാം അലഞ്ഞ സമയങ്ങളിൽ തെരിസ്സാം ഭർത്താവിനെ അനുഗമിച്ചിരുന്നു; മുപ്പത്തിആറു വയസ്സുവരെ അവർ തെരിസ്സ റൂസ്സോയെ വഞ്ചിച്ചു. പരസ്യമായി ഒരു കുതിരക്കാരൻ ചെറുക്കനെയായി അവരുടെ വയസ്സുകാലത്തു് പ്രണയംതുടങ്ങിയിട്ടു കാര്യമില്ലായിരുന്നു. ചെറുപ്പം മറിയുന്ന റൂസ്സോയുടെ ഹൃദയം അതോടുകൂടി സ്വതന്ത്രമായി നടക്കുന്നു. തെരിസ്സാം തന്നെ ഉപേക്ഷിക്കുമെന്നോ? പ്രപഞ്ചംതന്നെ വെറുക്കുന്ന എന്നുള്ളതിന്റെ പ്രത്യക്ഷലക്ഷ്യമല്ലേ അതു്.

1778 ജൂലൈ രണ്ടാംതീയതി അദ്ദേഹം തന്റെ മുറിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. അദ്ദേഹത്തിന്റെ മുഖം വിങ്ങി വീർത്തിരുന്നു. ഒരുപക്ഷേ റൂസ്സോ വേദനസഹിക്കവാനാവാതെ ആത്മഹത്യചെയ്തതായിരിക്കാം.

★

കൊതുകുകടിയിൽനിന്നും രക്ഷനേടുക.



കൊതുകുവലകൾ ഉന്നിന വിലക്കുറവിൽ 6-8-0. മുന്നേമുക്കാൽ ഉന്നിച്ചുള്ള ആർഡറിന് 1 ക്യൂപ്പൺ വീതം. തപാൽ ചാർജ്ജ് പ്രത്യേകം. ഉടൻ ആർഡർ അയയ്ക്കുക.

Jaisree Trading Co.,
30 Ganendra Mittra Lane,
CALCUTTA—4.

പ്രണയപ്രതികാരം

എൻ. ബാപ്പുറാവു ബി.എ; ബി.എൽ.

വില ക്ര: 2.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

FOR NEW WATCHES, CLOCKS and REPAIRS also PENS Sales & Service



KRISHNAN NAIR'S WATCH Co
TRICHUR·ERNAKULAM & QUILON



പ്രലോഭനം



M. R. ശിവിക്രമൻനായർ B. Sc.

൹൹വിൻമണിയാ സുരലോകത്തിൽ
രാഗോന്മദം നേടുന്നു.
തരംഗണങ്ങൾ നടനവകാന്തി-
ത്തരുക്കൾ ശ്രുതിയെഴുന്നു.
പാലപ്പൂവിൻ മധുമണമേന്തി-
പ്പവനൻമന്ദം വിശ്രുന്നു.
തന്നവണി നിലനികുഞ്ജതടങ്ങൾ
ധവളനിലാവിൽ പുലരുന്നു.
അംബുരകാമിനി തന്നുടെകവിളിൽ
ചുംബനമേടുമലർ വിരിയിക്കാൻ
മദനനുദിതരുചി ശ്രുകിയണഞ്ഞു
ഹിമകരകമിതാവന്നേരം.....
ഇതുകണ്ടിട്ടാമലയാംഗം
പൂടയം നീറിയിതുചൊന്നു:—
"മമക കാമിനിമമുകിലെന്തേ
അനുരതയാവൻ വൈകുന്നു?
സപ്പോജ്വലമാം വസ്ത്രവിലാസം
സപ്പുമയുഖം ചൊരിയുമ്പോൾ
ക്ഷണനികപ്രഭമാണെങ്കിലുമവളുടെ
കടമിഴിമിന്നൽ മുകരുഞ്ഞാൻ.".....

* * *

അതുപൊഴുതങ്ങപ്പൂച്ചക്കുന്നിൻ
മടിയിൽ നീരദകന്യകയാമം
കേടക്കാറണിവേണിയഴിച്ചി-
ട്ടുടലിയന്നു ശയിക്കുന്നു.
മഴമുകിലംഗന വനസഖിതന്നോ-
ടരുളുകയായതി ദയനീയം:—
"മരതകചാരുകളേബരസത്തെ
മമമനമിന്നും വിധുരിതമാം.
ഏന്നവവല്ലകി മധുരലയത്തിൽ
മന്മഥഗീതം മീട്ടുമ്പോൾ,
മാമകമർവിടമഞ്ഞുമുകിലും
മാമലമന്ദം തഴുകുമ്പോൾ,
കളകളഗീതം ചെയ്യുപഠക്കം
കിളികുലമെന്തേ കളിചൊൽവൂ?
.....'മഴമുകിലേ നിൻചാരുതമണ്ണി-
ലുഴകുംവേളയിൽ നീൻനാഥൻ
പ്രേയസി നീരധിതന്നുടെ മാറിൽ
പ്രണയസമോദം പുണരുമയേ!".....
ഇതുവിധമെന്തേകിളിമൊഴികേൾക്കുൻ
പാർശ്വകതോഴീ പൊരുളിവിലം":—
"ഗീതവക കമിതാവലി-
യിലതേയനരാഗം.
തവഴിനിരിൻ പവിഴകണങ്ങൾ
അപഹരണം ചെയ്തനുരാഗം
വളരൊളിതാവും ചെറുപുഴമാലകളം
അവനേകും ജലദേവിക്കായ്!
പ്രിയസഖിനിന്നിൽ മമലചേക്ഷം
പ്രണയം ശാശ്വതമല്ലനിജം.
അനുചിതമാണിന്നവനിൽകനിയും
അനുരാഗം.....നീമഴ കരുതേ.
നീലകടംബനിമമ സഖികോം നീ
നീരനിധിയിൻ പ്രേമകഥ,
മധുരസ്മേരപ്പാലൊളിചിന്നും
മതിവന്നവളെപ്പുണരുമ്പോൾ
സുരലോകത്തിൽ സുമിരപ്രേമ-
ത്തരകഹാരമിനകയായ്.....
കടലും മലയും കൈകോർത്തിനിയും
കരളിൽ സ്നേഹം പകരട്ടേ.
മമതോഴീ നീ കപടതകാണാ-
തടിമയ്യപ്പും കഴിയരുതേ.
തഴ്വരപൈറാരു കേടരേത്തെ-
ത്തലോലിക്കാൻ മുതിരുനി.
തവകരശമമ ഹൃദംകണ്ടും
തഴ്വരനിന്നെ ലാളിക്കും.
കേടാരത്തിന്നവികലചിത്തം
കാർമുകിലേ നീ വെടിയരുതേ.
നിന്മധുരധുരപ്രേമദവർഷ-
പ്പൊന്നുടിചുട്ടവതവനാണേ!".....





ഒടുവിൽ കള്ളംതെളിയും

★

ഒരു ചെട്ടിക്ക് രണ്ടുപുത്രന്മാർ ഉണ്ടായിരുന്നു. അവരിൽ ജ്യേഷ്ഠൻ ദുഷ്ടബുദ്ധിയും അനുജൻ ധർമ്മബുദ്ധിയും ആയിരുന്നു. അവരുടെ ഓരോ മനോഭാവങ്ങളുടേയും സ്വഭാവം പേരിനോടു ചേർച്ചയുള്ളതായിരുന്നു. ഒരിക്കൽ സഹോദരന്മാർ ഒരുമിച്ചു ദേശാന്തരത്തിൽ യാത്രചെയ്തു. ജ്യേഷ്ഠൻ മുമ്പേയും അനുജൻ പിൻപേയുമായിരുന്നു നടന്നിരുന്നതു്. വഴിയിൽ ഒരിടത്തു് ധർമ്മബുദ്ധിക്ക് ഒരു നിധികണ്ടുകിട്ടി. വിവരം അയാൾ ജ്യേഷ്ഠനെ ധരിപ്പിച്ചു. ജ്യേഷ്ഠനനുജന്മാർ നിധിയിരുന്ന കുടത്തെ താങ്ങിയെടുത്തുകൊണ്ടു നടന്നു. പട്ടണത്തിൽ നിധി കൊണ്ടുചെല്ലുന്നതു് ആപൽക്കരമാണെന്നു ദുഷ്ടബുദ്ധി അനുജനെ ധരിപ്പിച്ചു. അവർ ഒരു മരത്തിന്റെ ചുവട്ടിൽ നിധി കുഴിച്ചിട്ടിട്ടു് ഗൃഹത്തിലേയ്ക്കുമടങ്ങി. ദുഷ്ടബുദ്ധി അനുജനെ അറിയിക്കാതെ അന്നേരംരാത്രിതന്നെ രഹസ്യമായി നിധി തോണ്ടിയെടുത്തു കൊണ്ടുപോന്നു സ്വന്തമുറിയിൽ കുഴിച്ചിട്ടു. കുറേദിവസം കഴിഞ്ഞു് അതൊന്നും അറിയാത്തഭാവത്തിൽ അനുജനോടു് ജ്യേഷ്ഠൻ പറഞ്ഞു: — "നാം അന്നു കുഴിച്ചിട്ട നിധി എടുത്തുകൊണ്ടുവരണ്ടയോ? വരുവോകാം".

അവർ വൃക്ഷച്ചുവട്ടിൽ എത്തി. നിധി കാണാനില്ലായിരുന്നു. അവർ അന്യോന്യം മേൽക്കുമേൽ ചുമത്തുവാൻ തുടങ്ങിയതു് ഒടുവിൽ വലിയ വഴക്കിൽ കലാശിച്ചു. രണ്ടുപേരും രാജാവിന്റെ അടുക്കൽ പരാതി ബോധിപ്പിച്ചു. സാക്ഷികൾ ആരെങ്കിലുമുണ്ടോ എന്നു ചോദിച്ചതിൽ വൃക്ഷം മാത്രമെ ഉള്ളു എന്നു അവർ മറുപടിപറഞ്ഞു. പിറ്റേദിവസം വൃക്ഷച്ചുവട്ടിൽവച്ചു് രണ്ടുപേരും തിരുവെഴുത്തിൽ കൈവിരൽ മുക്കണമെന്നും അപ്പോൾ കുറ്റക്കാരൻ ആരെന്നു തെളിയുമെന്നും ആയിരുന്നുവിധി.

ദുഷ്ടബുദ്ധി അമ്മാവന്റെ അടുക്കൽ ചെന്നു അപേക്ഷചെയ്തു നിധി കുഴിച്ചിട്ട വൃക്ഷത്തിന്റെ അടുത്തുള്ള പോടിൽ അയാൾ ഒളിച്ചിരിക്കണമെന്നും പിറ്റേദിവസംകാലത്തു് കുറ്റക്കാർ സത്യപരീക്ഷണം നടത്തുമ്പോൾ വൃക്ഷമാകട്ടെ ധർമ്മബുദ്ധിയുടെ നിധി മോഷ്ടിച്ചുതെന്നു വിളിച്ചുപറയണമെന്നും ആയിരുന്നു അപേക്ഷ.

അങ്ങനെ ചെയ്യുകയാണെങ്കിൽ രണ്ടുപേക്കും നാശം സംഭവിക്കാനിടയുണ്ടെന്നു വൃദ്ധൻ പറഞ്ഞു.

എന്നാൽ ദുഷ്ടബുദ്ധി പിതാവിനെ നിർബന്ധിച്ചു് വൃക്ഷത്തിന്റെ പോടിൽ ഇരുത്തുകതന്നെചെയ്തു.

പിറ്റേദിവസം കാലത്തെ രാജാവു് സൂര്യോദയപരീക്ഷണത്തിനു് വേണ്ട ഒരുക്കങ്ങളോടുകൂടി വൃക്ഷച്ചുവട്ടിൽ വന്നു ആദ്യമായി വൃക്ഷത്തോടുതന്നെ മോഷ്ടാവാരെന്നു പറയണമെന്നു അപേക്ഷിച്ചു. അപ്പോൾ ധർമ്മബുദ്ധിയാണു് നിധി മോഷ്ടിച്ചുതെന്നു ഒരശരീരി വൃക്ഷത്തിനുള്ളിൽനിന്നു് കേൾക്കാറായി. അശരീരിവാക്കു് അസത്യമാകാൻ ഇടയില്ലാത്തതിനാൽ ഇതിൽ എന്തോ സൂത്രം ഉണ്ടെന്നു ധർമ്മബുദ്ധി ഊഹിച്ചു. വൃക്ഷത്തിന്റെ പോടിനകവശം വയ്ക്കോൽകൊണ്ടു് തീയിടണമെന്നു ധർമ്മബുദ്ധി പറഞ്ഞതനുസരിച്ചു അപ്രകാരംചെയ്തു. ശ്വാസംമുട്ടി ചാകാറായ പിതാവു് പോടിനുള്ളിൽനിന്നു ഉച്ചത്തിൽ നിലവിളിച്ചു. നിധിമോഷ്ടിച്ചതും തന്നെക്കൊണ്ടു് അങ്ങനെ പ്രവർത്തിപ്പിച്ചതും തന്റെ മൂത്തപുത്രനായ ദുഷ്ടബുദ്ധിയല്ലാതെ മറാരുമല്ലെന്നു ആസന്നമരണനായ ആ വൃദ്ധൻ വിളിച്ചുപറഞ്ഞു. ദുഷ്ടബുദ്ധിയെ ശൂലത്തിൽ തറയ്ക്കാൻ രാജാവു് കല്പനകൊടുത്തിട്ടു് അയാളം മോഷ്ടിച്ചിരുന്ന നിധിയും കുടതെ അനേകസമ്മാനങ്ങളും നൽകി ധർമ്മബുദ്ധിയെ സന്തോഷിപ്പിച്ചയച്ചു.

കെ. ശ്രീമതീദേവി (308)
ഹരിപ്പാട്.

★

പ്രഭാതം

★

പുലരിയുടെ പൊൽകതിരുകൾ വീശിത്തുടങ്ങി. പക്ഷികളുടെ ഗാനങ്ങൾകൊണ്ടു് പ്രകൃതി മുഖരിതമായി. ജനങ്ങൾ നിദ്രയിൽനിന്നും വിരമിച്ചു് ദിനകൃത്യങ്ങൾക്കായി പോയിത്തുടങ്ങി. കൊച്ചുകുട്ടികൾ ഉത്സാഹഭരിതരായി കളികൾതുടങ്ങി.

അന്നു് ഒരു ഞായറാഴ്ച ആയിരുന്നു. ബാലന്മാർ അതിരാവിലെ എഴുന്നേറ്റു് മലയാളരാജ്യം ആഴ്ചപ്പതിപ്പു് വരുന്നതിനെ പ്രതീക്ഷിച്ചു് കാത്തുനിന്നു. അങ്ങിനെ ഏകദേശം 9 മണിആയപ്പോൾ പശുപാലൻ അകലെനിന്നും വരുന്നതുകാണായി. അവർ വളരെ ആഗ്രഹത്തോടുകൂടി ഓരോരോവാരികയും സൂക്ഷ്മമായി മറിച്ചുനോക്കിത്തുടങ്ങി. ഓരോ വാരികയും മറിച്ചുനോക്കുമ്പോഴും അവരുടെമുഖത്തു് ഒരു ഭാവവ്യത്യാസം കണ്ടുതുടങ്ങി. ഒടുവിൽ നിരാശരായി ആഴ്ചപ്പതിപ്പു വലിച്ചെറിഞ്ഞു് മൂകരായി നില്പായി. അങ്ങനെയിരിക്കുന്നസമയം ഞാൻ അവരുടെ അടുക്കൽചെന്നു് ഇപ്രകാരംചോദിച്ചു: "നിങ്ങൾ എന്താണു് വിഷണ്ണരായിരിക്കുന്നതു്." അവർപറഞ്ഞു, "ഞങ്ങൾ പലപ്രാവശ്യമായി പല ചെറുകഥകളും കൂട്ടിച്ചേർത്തിയുടെപേരിൽ അയച്ചു. ഇതുവരേയും പ്രസിദ്ധീകരിച്ചുകാണാത്തതിൽ അതിയായി ദുഃഖിക്കുന്നു. ഈപ്രാവശ്യമെങ്കിലും ഞങ്ങളുടെ ചെറുകഥ കാണുമെന്നു് ഞങ്ങൾ ആശിച്ചിരുന്നു. എന്നാൽ ആ പ്രതീക്ഷയും വിഫലമായതേയുള്ളു. അതിനാൽ ഞങ്ങൾക്കു വളരെ വ്യസനമുണ്ടു്. ഞാൻപറഞ്ഞു, അല്ലയോ ബാലന്മാരെ! നിങ്ങൾ ഒരുപ്രകാരത്തിലും വ്യസനിക്കരുതു്. കാരണം നിങ്ങളുടെ ചെറുകഥകൾ പ്രസിദ്ധീകരിക്കുന്നതിനു് ഈപ്രാവശ്യം ആഴ്ചപ്പതിപ്പിൽ സ്ഥലച്ചുരുക്കംകൊണ്ടാണെന്നുവിചാരിക്കണം. ബാലന്മാർ; ഞങ്ങൾ എത്രപ്രാവശ്യമായി ഞങ്ങളുടെ കഥകൾ പ്രതീക്ഷിച്ചിരിക്കുന്നു. ഇനിയും ഈവിധത്തിലാണെങ്കിൽ ചെറുകഥകൾ അയയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

ഞാൻ: നിങ്ങൾ ഒന്നുരണ്ടുപ്രാവശ്യംകൊണ്ടു് വിമുഖരായിത്തീരരുതു്. നിങ്ങൾ അയച്ചതിലും നന്നായിട്ടുള്ളകഥകൾ വീണ്ടുംവീണ്ടും അയയ്ക്കുക. അപ്പോൾ നിങ്ങളുടെ കഥകൾ പ്രസിദ്ധീകരിച്ചു് നിങ്ങളെ സന്തോഷവാന്മാരാക്കിത്തീർക്കും. അതിനാൽ നിങ്ങൾ ഉത്സാഹഭരിതരായി കഴിഞ്ഞുകൂടുക. ഇതുപറഞ്ഞു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ കുട്ടികൾ ഉല്ലാസവാന്മാരായി അവരവരുടെ വീട്ടുകളിലേക്കു മടങ്ങി.

എ. [illegible],
എസ്സ്. ബാലകൃഷ്ണവാര്യർ
(വയസ്സ് 13) നമ്പർ 1433

★

ഒരു കുട്ടിയും കള്ളനും

★

ഒരുദിവസം ഒരു ബാലൻ തന്റെ പുസ്തകത്തിനെ കയ്യിൽകൊണ്ടുവിറ്റിട്ടു് വീട്ടിലേക്കു പോകയായിരുന്നു. ആൾസഞ്ചാരമില്ലാത്ത സ്ഥലത്തുചെന്നപ്പോൾ ഒരു കള്ളൻവന്നു് പണംതരാൻ കുട്ടിയോടുപറഞ്ഞു. കുട്ടി ഓടി. കള്ളൻ കുതിരപ്പുറത്തായിരുന്നതുകൊണ്ടു് വേഗത്തിൽ കുട്ടിയുടെ സമീപമെത്തി. ഉടൻ കുട്ടി ചക്രം വഴിയിൽ എല്ലാം ഇട്ടു. കള്ളൻ നാണയങ്ങളും പെറുക്കിയപ്പോൾ കുട്ടി കുതിരപ്പുറത്തുകയറി വേഗം വീട്ടിൽപോയി. വീട്ടിൽ എത്തിയശേഷം കുതിരയുടെ ജീനി പരിശോധിച്ചുനോക്കിയപ്പോൾ അതിനുള്ളിൽ 8 പവനും 3 കൈത്തോക്കുകളും ഉണ്ടായിരുന്നു എന്നു് മനസ്സിലായി.

എന്നു്
എസ്സ്. ബാലകൃഷ്ണവാര്യർ
നമ്പർ 1433

★

കടംകഥകൾ

★

ഉത്തരം പറയാമോ?

തത്തിത്തത്തി നാലേകാലു്
തത്തുകഴിഞ്ഞപ്പോൾ രണ്ടേകാലു്
അരപറക്കാൽ മൂന്നേകാലു്
നാറാക്കാൽ ആറേകാലു്.

ഉത്തരം
മനുഷ്യൻ.
ആർ. ഗോപാലകൃഷ്ണൻനായർ.
നമ്പർ (1438)

★

1. ഒരുമുറി തേങ്ങകൊണ്ടു ലോകം മുഴുക്കെ കല്യാണം.
2. ഒരു തൊഴുത്തിൽനിറച്ചു വെള്ളപ്പശു.
3. തോലുറയിൽ എണ്ണച്ചുരിട്ട.
4. അക്കരെനിൽക്കും ആച്ചിത്തെങ്ങിൽ ആക്കലപൂക്കല മന്നങ്ങ, ചെത്തിച്ചിമിത്തളികേലിട്ടാൽ തിന്നാൻ നല്ലൊരു മന്നങ്ങാ.
5. അമ്പിളിപ്പുഴേ കുമ്പളങ്ങയ്ക്കു് നല്ലിപ്പിടിക്കാൻ തൊട്ടില്ല.

ഉത്തരങ്ങൾ
1. ചന്ദ്രന്റെ നിലാവു്.
2. പല്ലു്.
3. കാൽമുട്ടു്.
4. കരിമ്പു്.
5. കോഴിമുട്ട.

ജി. ആർ. മാലിനിദേവി (866)

★

1. അടി ഉരലിപോലെ ഇട തടി പോലെ മേൽ കടപോലെ.
2. എൻറെയമ്മ എനിക്കൊരു ഉരുളതന്നു, തിന്നാനേംവയ്യ കളയാനും വയ്യ.
3. കടകട കട്ടകുട്ട നടുവിലെ പാതാളം.
4. കാട്ടിൽ കുറുവടി.

ക്കയവ്.

6. എന്റെയമ്മ എനിക്കൊരു മുണ്ടുതന്നു. നനച്ചിട്ടും നനച്ചുട്ടും നനയുന്നില്ല.

7. അമ്മയ്ക്കു തലകറക്കം, പിള്ളയ്ക്കു അതിസാരം.

ഉത്തരം

1. ചേന.
2. ചുണ്ണാമ്പു.
3. അട്ടുകല്ല്.
4. പാമ്പു.
5. വാഴക്കുല.
6. ചേമ്പില.
7. തിരുപ്പുകല്ല്.

ടി. ആർ. അംബികാദേവി (865)

★


2. ഇരുട്ടകത്തിൽ കരുട്ടുപന്നി.
3. ചുള്ളിക്കമ്പിൽ മത്തപ്പുക്കി.
4. അമ്മ കറുമ്പി, മകനും വെളുമ്പി, അവളുടെ മകളുമൊരു മഹാസുന്ദരി.

ഉത്തരം

1. ചെതല്.
2. ഷേവൻ.
3. പടക്കിപ്പുഴം.
4. പരത്തോൾ.

എസ്. ബാലകൃഷ്ണവയ്യർ, വയസ്സ് 13. നമ്പർ (1433)

★



പി. എസ്. മണി.

(Pen's movement)

വിദ്യാലയസ്മരണകൾ

★

രാമകൃഷ്ണപിള്ള (അംഗനമ്പർ 1016)
പള്ളിക്കൽ കിഴക്കേക്കര.

"മാമകജീവിതാരാമത്തെയോമന-
പൂവണിയിച്ച വസന്തകാലം
ചിന്തിച്ചുനോക്കുവാൻപോലുംകഴിയാത്ത
രീതിയിലല്ലോ കഴിഞ്ഞുപോയി!
സ്വർഗ്ഗസുഖങ്ങൾതിരഞ്ഞെടുത്തോ ജീവിത-
മാർഗ്ഗത്തിലേയ്ക്കെഴുന്നിനോക്കിടുമ്പോൾ
പാഴ്വെയിപ്പോലെനിർജ്ജീവമാകുന്നിതെൻ
പാവനമായ ഹൃദന്തമയ്യോ!"


നീലിമകോലുന്ന വാനത്തിലോമന-
പൂന്തിങ്കൾപ്പൈതലണഞ്ഞനേരം;
തന്നുടെയോമനക്കഞ്ഞിൻറെപൂമേനി-
തന്നെയെടുത്തു മടിയിൽവച്ചു;
'രാധ'തൻ വിദ്യാലയത്തിലുള്ളാസജീവിത-
കാലത്തെയേവം സ്മരിച്ചൊരുനാൾ.

"എന്തെന്തവയ്ക്കീൻസ്മരണതന്നുക്കുമെൻ
ബന്ധംവിടുത്തുന്ന ശബ്ദമോ?
ചിന്താസരിത്തിൻഗതിതടഞ്ഞിടിന
ശബ്ദപ്രതൃഹമാത്രനിക്കി;
പാവനമായൊരുജീവിതംമാനസ-
താരിലോത്തേവംപറഞ്ഞാനം വീണ്ടും.

"തുമലർച്ചുത്തണിപ്പുവനംതന്നിലെ-
ത്തുമണമേന്തുമിളയകാറ്റിൽ,
ആദരംമൽത്തോഴരോടൊത്തുഞാൻനിത്യവും
ആടിക്കളിച്ചുരസിച്ചിരുന്നു.
സ്വാതന്ത്ര്യമോടേവിയത്തിൽചരിക്കുന്നൊ-
രോമൽക്കിളിക്കുസമാനയായി
ഉല്ലാസമോടിനനാളുകഴിച്ചതാ-
നല്ലലുള്ളത്തിനിന്നായതോർത്താൽ.
വിദ്യാലയത്തിലുള്ളാസജീവിതംപോൽസുഖ-
മിജ്ജീവിതത്തിൽ മനുഷ്യനുണ്ടോ?'

ആനന്ദത്തുമലർത്തേനേലുമീനവ്യ
ജീവിതത്തിന്റെ വസന്തകാലം,
ഈവിധമെന്നെയുപേക്ഷിച്ചുസത്വര-
മെങ്ങുപോയ് മേവുന്നു നിത്യമായി"


★



എം. പി. കനിവാവ, 14 വയസ്സ്, (959)



കെ. എസ്. നാരായണൻ, വൈക്കം. (180)



സീനറി—പി. ജി. രാധാകൃഷ്ണൻനായർ, കിളികൊല്ലൂർ. (9)



പി. എസ്. മണി, ആലപ്പുഴ.



എന്തോ കണ്ടു ഭയപ്പെട്ടന്നതുപോലെ.

എം. ജി. സോമദാസ്, (80)

പ്രാചീനവിദ്യാവിശാരദനായ പാശ്ചാത്യൻ

★

ഡാക്ടർ ബൂലറുടെ മഹത്തായ സേവനം

— വി. ആർ. പരമേശ്വരൻപിള്ള —

നമ്മുടെ പൗരസ്ത്യപഠനശാഖയ്ക്ക് പാശ്ചാത്യപണ്ഡിതന്മാരോടുള്ള കടപ്പാട് നിസ്സീമമാണ്. വില്യം ജോൺസ്, വിൽക്കിൻസ്, കോൾബ്രൂക്ക്, വിൽസൻ, ടേർണർ, ഫ്രെർ ഹൊസൻ, മോണിയർവില്യംസ്, മാക്സ് മുള്ളർ, ഫ്ലീറ്റ്, എഡ്വിൻആർനോൾഡ്, ഹ്യൂൽഷ് മുതലായ പാശ്ചാത്യവിജ്ഞാനികളും ഭാരതീയസംസ്കാരത്തെ വിശ്വവ്യാപകമാക്കാൻ വേണ്ടി ആയുഷ്കാലം മുഴുവൻ വിനിയോഗിച്ച എത്രയോപേരുണ്ട്. അവരുടെ അമൂല്യസേവനങ്ങളെ വിസ്മരിക്കുന്നപക്ഷം അതു് അക്ഷന്തവ്യമായ കൃതഘ്നതയായിരിക്കും. അക്കൂട്ടത്തിൽ ബാല്യംമുതൽ ജീവാവസാനംവരെ നമ്മുടെ സംസ്കാരികമായ ഗവേഷണത്തിൽ ഉത്സാഹപൂർവം നിമഗ്നനായിക്കഴിച്ച മഹാനാണ് ഡാക്ടർ ജാക്ഷ് ബൂലർ.

1837 ജൂലൈ 19-നു് ഹാനോവറിൽ ബോർസ്റ്റൽ എന്നസ്ഥലത്തു് ഒരു ക്രിസ്ത്യൻവൈദികന്റെ പുത്രനായിട്ടാണ് ബൂലർ ജനിച്ചതു്. പബ്ലിക്സ്കൂളിലെ അദ്ധ്യയനംകഴിഞ്ഞു് ആലൻ ഗോട്ടിങ്ങൻ സർവകലാശാലയിൽ അഭ്യസനംനടത്തി. 1858-ൽ ഡാക്ടർബിരുദംനേടിക്കൊണ്ടു് അദ്ദേഹം ലോകരംഗത്തിറങ്ങി. വിവിധഭാഷാപണ്ഡിതനും ഗ്രന്ഥകാരനുമായിരുന്ന തിയോഡർബെൻഫെ ആയിരുന്നു ബൂലറുടെ പ്രധാനഗുരുനാഥൻ. അവരുടെ ഗുരുശിഷ്യബന്ധം അവസാനംവരെ തുടർന്നിരുന്നു. തന്റെ ശിഷ്യന്റെ ഉന്നതിയിൽ ഗുരുനാഥനുണ്ടായിരുന്നില്ല. ഭാഷാശാസ്ത്രം, ആധ്യാത്മികവിജ്ഞാനം എന്നിവയിൽനിന്നു ബൂലറുടെ ശ്രദ്ധാക്രമേണ സംസ്കൃതത്തിൽ കേന്ദ്രീകൃതമായി. അതോടുകൂടി ഭാരതത്തിൽ വരണമെന്നുള്ള അഭിനിവേശവും വളർന്നുകൊണ്ടേ വന്നു. അതിന്റെ മുന്നോടിയായി 1859-ൽ ഇംഗ്ലണ്ടിലെത്തി. ആക്സ്ഫോർഡിലേയും ലണ്ടനിലേയും വമ്പിച്ച ഗ്രന്ഥശാലകളുംമുഖേന സ്വാതന്ത്ര്യവിജ്ഞാനപരിധിയെ വിപുലമാക്കിക്കൊണ്ടു് ഏതാനുംകാലം അവിടെപ്പാർത്തു. വിജ്ഞാനനിധിയായ മാക്സ്മുള്ളരുമായി പരിചയപ്പെടാനും ഇടവന്നു. കേനോപനിഷത്തിന്റെ റായൽ ലൈബ്രറിയിൽ ജോലിനോക്കുകയും ചെയ്തു. പിന്നീടു് ഗോട്ടിങ്ങൻ സർവകലാശാലയിലെ ഗ്രന്ഥശാലയിൽ ഉദ്യോഗംവഹിച്ചു. അവിടെ അധികകാലം ഇരുന്നില്ല. ഭാരതത്തിലെത്തണമെന്നുള്ള വിചാരം പ്രബലമായി. ഒരു വ്യാപാരിയുടെ പ്രതിനിധിയായിട്ടെങ്കിലും ഇന്ത്യയിലെത്താൻ അദ്ദേഹം അഭിലഷിച്ചു. ബോംബേ വിദ്യാഭ്യാസവകുപ്പിൽ ഒരുദ്യോഗംകിട്ടുംവരെയുണ്ടെന്നറിഞ്ഞു പ്രൊഫസർ മാക്സ് മുള്ളരുടെ ഒരു ശുപാർശക്കത്തുമായി അദ്ദേഹം ഇന്ത്യയിൽവന്നു. "ഇവിടെ വന്നശേഷമാണ് തന്റെ പ്രതീക്ഷ ശരിയല്ലെന്നറിഞ്ഞതു്", സന്ദർഭവശാൽ അന്നു് എൽഫിൻസ്റ്റൻകോളേജ് പ്രിൻസിപ്പൽആയിരുന്ന സർ അലക്സാണ്ടർഗ്രാന്റുമായി പരിചയപ്പെടാനിടവന്നു. ആ ഗവർണ്മെന്റിന്റെ സ്ഥാപനത്തിലെ സംസ്കൃതശാഖയെ പ

(ശേഷം 34-ാംപേജിൽ)

മഹാപാതകങ്ങളും ഒഴിഞ്ഞും, കപ്പിക്കും ഒഴിഞ്ഞും, സൽക്കാരത്തിൽ പങ്കുകൊണ്ടവർ തളർവശംകെട്ടും കിടന്നിരുന്നു. കിരീടധാരണത്തിന്റെ പിറ്റേദിവസമാണ് ഈ പ്രഹസനം കൃതമായതു്. വന്നിച്ച വിമർശനങ്ങളും ഉണ്ടാകുവാൻ കാരണവും ഇതാണ്. ആ പ്രത്യേകദിവസം ആചിത്രം പ്രസിദ്ധീകരിക്കാൻ ഇടയായതിൽ പത്രാധിപർ ഖേദം പ്രകടിപ്പിക്കുകയുണ്ടായി.

★

* * *

ഇന്ത്യയിൽ സംഭവിച്ചിട്ടുള്ളതിലേയ്ക്കും ഏറ്റവും വലിയ ഒരു തീവണ്ടി അപകടമാണ് 13-നു് ശനിയാഴ്ച രാത്രി മദനപ്പള്ളിക്കടുത്തുവച്ചു് സംഭവിച്ചതു്. എഴുപതോളംപേർ ഈ അപകടത്തിൽപെട്ടുമരിച്ചു എൺപതോളംപേർക്ക് മുറിവുപറ്റി. ഒരു ഇന്റ്സ്ടെയിനും ഒരു മിക്സഡ്ടെയിനുമാണ് കൂട്ടിയിടിച്ചതിന്റെ ഫലമായുണ്ടായതു്. രണ്ടു വണ്ടികളും നിശ്ശേഷം തകർന്നു. തൽഫലമായുള്ള നഷ്ടം ലക്ഷംരൂപയിൽ കുറയുകയില്ല. ഒരു സ്റ്റേഷൻമാസ്റ്ററുടെ ശ്രദ്ധക്കുറവാണ് ഈ അപകടത്തിനുകാരണം. ഇയാളെ അറസ്റ്റുചെയ്തിട്ടുണ്ട്. കൂടുതൽ അന്വേഷണം നടന്നുവരുന്നു.

ചൈനീസ് കത്തിയവാറിനു സമീപംവച്ചും ഇതേരീതിയിൽ ഒരു അപകടമുണ്ടായി. തൽഫലമായി അഞ്ചുപേർ മരിക്കുകയും അനേകർക്കു പരുക്കേല്ക്കുകയുംചെയ്തു.

* * *

മാഞ്ചസ്റ്റർഗാർഡിയനിൽ സുപ്രസിദ്ധനായ ലോ പ്രസിദ്ധപ്പെടുത്തിയ ഒരു കാർട്ടൂൺ ഭിത്തിയിൽ വലിയ ഒച്ചപ്പാടിനും അമർഷത്തിനുംകാരണമാക്കി. "പിറോഡിയസം രംഗത്തിൽ" എന്നായിരുന്ന ചിത്രത്തിന്റെ ശീർഷകം. ലഹരിപാനീയങ്ങളും സഹിതമുള്ള ഒരു പാർട്ടി നടന്ന രാത്രിയോടടുത്തുവന്ന പ്രഭാതത്തിൽ സൽക്കാരശാലയിലെ അന്തരീക്ഷമാണ് ചിത്രീകരിച്ചിരുന്നതു്. നേരുപക്ഷം പറയാൻ ചെലവെന്നും ചിത്രത്തിൽ എഴുതിയിരുന്നു.

H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

നിങ്ങളുടെ ആരോഗ്യം

വർദ്ധിച്ച് യൌവനം നിലനിൽക്കുന്നതിന് സഹ്യാദ്രിസാനുപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ച് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

ച്യവനപ്രാശംലേഹ്യം

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ഹൃദ്രോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങൾ ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓജസ്സ്ശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു് പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഹെഡാഫീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

ധന്വന്തരിവൈദ്യശാല, H. O തൊടുപുഴ, തിരുവിതാംകൂർ.

ബ്രാഞ്ചുകൾ:

1. ആലപ്പുഴ
2. ആലുവാ
3. ആറിങ്ങൽ
4. ഇടപ്പള്ളി
5. ഈരാറ്റുപേട്ട
6. ഏറണാകുളം
7. കായംകുളം
8. കുഞ്ഞാർ
9. കിളിമാന്നൂർ
10. കുന്നാട്ടുകുളം
11. കൊട്ടാരക്കര
12. കൊച്ചി
13. കൊല്ലം
14. കോതമംഗലം
15. കോഴിക്കോട്
16. കോട്ടയം
17. ചങ്ങനാശ്ശേരി
18. ചേർത്തല
19. തക്കല
20. തിരുവനന്തപുരം
21. തിരുവല്ലാ
22. തുമ്പൂണിത്തുറ
23. തൃശ്ശൂർ
24. നാഗർകോവിൽ
25. നെടുമങ്ങാട്
26. നെയ്യാറ്റിൻകര
27. പാറശ്ശാല
28. പന്തളം
29. ബാംഗ്ലൂർ
30. പാലാ
31. പിറവം
32. പുനലൂർ
33. പൂഞ്ഞാർ
34. പെരുമ്പാവൂർ
35. പൊൻകുന്നം
36. മദ്രാസ്
37. മാർത്താണ്ഡം
38. മാവേലിക്കര
39. മുണ്ടക്കയം
40. മൂവാറ്റുപുഴ
41. വാഴക്കുളം
42. വൈക്കം

വിളിയ്ക്കേണ്ട. സാമ്പത്തികപരിമിത്തനും സംജാതമാക്കുന്നതിനുള്ള ശക്തിയേറിയ പ്രചോദനമെന്നും ഈ ചിത്രം നൽകുന്നില്ല. കലികപ്രശ്നങ്ങളെല്ലാം കൈകൊണ്ടുചെയ്യുന്ന കലാസൃഷ്ടിയായിരിക്കുമല്ലോ മനുഷ്യന്റെ മുന്നാഗതിനു കൂടുതൽ പ്രയോജകീഭവിക്കുന്നതും. ഏതായാലും സ്ത്രീക്കും പുരുഷനും തുല്യമായ അവകാശങ്ങളും അധികാരങ്ങളും വ്യക്തിസ്വാതന്ത്ര്യവും അനുവദിച്ചുകൊടുക്കേണ്ടതു് സമുദായത്തിന്റെ അഭിവൃദ്ധികരമായ വളർച്ചയ്ക്കു് അനുപേക്ഷണീയമാണെന്ന അഭിപ്രായഗതിയോടു് അധികമാരും വിയോജിക്കുമെന്നതോന്നുന്നില്ല:

തിരുച്ചിയിലെ പ്രാബല്യമുള്ള ധനാഢ്യനാണു് സംബശിവം. അദ്ദേഹത്തിന്റെ പുത്രി സാവിത്രി അമ്മയില്ലാത്ത ഒരു കുട്ടിയായിരുന്നു. സംബശിവത്തിനു രണ്ടാംഭാര്യയായി വന്ന പ്രേമയ്ക്കനികൾ ഒരു പച്ചപ്പരിഷ്കാരയുവതിയുമായിരുന്നു. പ്രേമയുടെ അനുജനും ഒപ്പം ദീപാളിയുമായിരുന്ന സുരേന്ദ്രൻ—എല്ലുവേട്ടയും സുഹൃത്തുമായി വിഹരിക്കുന്നു ഫാണ്ടു്—വിശ്വസ്തനായ ട്രൈവർ ശങ്കരേന്ദ്രൻ—എന്നിവരുംകൊണ്ടെ ആകൃഷ്ടുംബത്തിൽ സംബശിവത്തിന്റെ സംരക്ഷണയിൽ വളർന്നു പഠിച്ചു് സൈന്യത്തിൽ ഡോക്ടർഉദ്യോഗം വഹിക്കുന്ന സുകുമാരനും സാവിത്രിക്കും തമ്മിൽ ആഡംബരത്തോടെ വിവാഹം നടന്നു. ആ യുവമിഥുനങ്ങൾ പ്രഥമ രാത്രിയിലെ ആനന്ദമയമായ സ്വാർത്ഥസുഖം ആസ്വദിക്കുന്നു. പുലർന്നപ്പോൾ തന്റെ ഭർത്താവിനെനോക്കി തന്റെ നിരാശനിർഭരമായ ജീവിതത്തിൽ പ്രേമ വിലപിക്കുന്നു. സൈന്യസംകേതത്തിൽനിന്നു് ലഭിച്ച കമ്പിസന്ദേശപ്രകാരം ഡോക്ടർ സുകുമാരൻ ഉടൻതന്നെ അങ്ങോട്ടു പോകുകയും തൽസംബന്ധിയായ അല്പകാലം ലോകത്തിന്റെ ഏതോ ഒരു കോണിലേക്കു് സേവനത്തിനു് നിയോഗിക്കപ്പെട്ടുകയും ചെയ്യുന്നു. തന്റെ സുഖജീവിതത്തിനു് പ്രേമ മാർഗ്ഗം അന്വേഷിച്ചു. സഹപഠിയായിരുന്ന രാജനെ അവൾക്കു ലഭിച്ചു. അവൻ ഒരു നല്ല ചിത്രകാരനായിരുന്നു. രാജനും അവന്റെ സഹോദരി സരസയ്ക്കും തൊഴിൽചെയ്തു ജീവിക്കുവാനുള്ള സൗകര്യം തന്റെ വസതിയിൽതന്നെ ചെയ്തുകൊടുക്കുവാൻ പ്രേമ തയ്യാറായി. അതിനു പ്രത്യുപകാരമായി തന്റെ സുഖജീവിതത്തിൽ പങ്കെടുക്കുവാൻ അവൾ രാജനോടു് അഭ്യർത്ഥിച്ചു. രാജനു് വെറുപ്പുതോന്നി. അതേസമയം അവൻ സാവിത്രിയുടെ സൌന്ദര്യത്തിൽ ആകൃഷ്ടനായിത്തീർന്നു. അവർ ഇരുവരും ഒരു സ്വപ്നലോകത്തു് അഭയം തേടി—ആ ശരീരങ്ങൾ തമ്മിൽ ഇടയുന്നു—ലോകത്തെ വിസ്മരിച്ചുകൊണ്ടു് ഭർത്താവിനെ വഞ്ചിയ്ക്കുന്നതിനും, തിരിച്ചും തെറ്റുകൾ തിരുത്തുന്നതിനും, പ്രകൃതിയുടെ ചതിപ്രയോഗം സംഭവിച്ചു. ഒരു മനുഷ്യനിൽനിന്നു്, മുലകൾ കഴിഞ്ഞു വിദേശത്തുനിന്നു മടങ്ങിവന്ന ഡോക്ടർ സുകുമാരൻ തന്റെ സഹധർമ്മിണി പതിതയായിത്തീർന്ന പരിതഃസ്ഥിതി ഗ്രഹിക്കുകയും മനുഷ്യത്വത്തിന്റെ പേരിൽ അവൾക്കു മാപ്പു നൽകുവാൻ തീരുമാനിക്കുകയും ചെയ്യുന്നു. ഭർത്തൃദർശനത്തോടുകൂടി സാവിത്രി അപരാധബോധത്തെക്കുറിച്ചു ചിന്തിച്ചു് ഹൃദയംപൊട്ടി മരണമടയുന്നു. മരിക്കുന്നതിനു മുൻപു് ഡോക്ടർ സുകുമാരൻ സരസയെ വിവാഹംചെയ്യുന്നതിനു് സാവിത്രി അപേക്ഷിക്കുകയും ചെയ്യുന്നു. അങ്ങനെ നായകന്റെ പ്രഥമ വിവാഹത്തോടുകൂടി ആരംഭിക്കുന്ന കഥ അപ്രതീക്ഷിതമായ മരണത്തിലേക്കുടി രണ്ടാംവിവാഹത്തിലവസാനിച്ചു പര്യവസാനിക്കുകയും ചെയ്യുന്നു.

സ്വന്തം ഭർത്താവു് സാധുവായ ഭാര്യയുടെ അപരാധങ്ങളെ ക്ഷമിച്ചു് അവളെ സ്വീകരിക്കുവാൻ സന്നദ്ധനായപ്പോൾ കാഥികൻ സാവിത്രിയെ അവസാനം കൊല്ലേണ്ട ആവശ്യമുണ്ടായിരുന്നോ എന്നു് പ്രേക്ഷകർക്കു ന്യായമായ സംശയമുദിച്ചേക്കാം. ഭാരതസ്ത്രീകളുടെ ഭാവശുദ്ധിയിൽ കളങ്കം കലർത്തുന്നതിനായിരിക്കും കഥകൻ ആവശ്യമില്ലാത്ത ഈ കൊലപാതകത്തിനു തുനിഞ്ഞതും. ഏതായാലും കാമുകനില്ലാതെ കഴിഞ്ഞുകൂടിയ സരസയ്ക്കു് ഒരു ഭർത്താവിനെ ലഭിക്കുന്നതിനു് അതു മാർഗ്ഗം തെളിയിച്ചിട്ടുണ്ടു്. യുവതിയായ സരസയെ ബോംബെ തുറമുഖത്തു് കപ്പലിൽ ഇറങ്ങുന്ന ഡോക്ടർ സുകുമാരനെ അവിടെ തടഞ്ഞുനിർത്തുന്നതിനു നിയോഗിച്ചതു് വിചിത്രവും വിരോധാഭാസവുമായിട്ടുണ്ടു്. സ്വന്തം സഹോദരനായ രാജൻ മരണകരമായ ആക്സിഡന്റിൽപ്പെടുന്ന രംഗം ദർശിച്ചിട്ടും സഹോദരിയായ സരസയിൽ യാതൊരു ഭാവവ്യത്യാസങ്ങളും സംഭവിക്കാതിരുന്നതു് മനുഷ്യസ്വഭാവത്തിനു് അനുയോജ്യമായിട്ടുണ്ടെന്നും തോന്നുന്നില്ല. ശങ്കരേന്ദ്രനെപ്പോലെയുള്ള കൂട്ടത്ത സ്വാതന്ത്ര്യം പ്രയോഗിക്കുന്ന ട്രൈവർമാരെയും സാധാരണ കണ്ടുമുട്ടുവാൻ വിഷമമാണു്. സാധാരണ സിനിമയിൽ കണ്ടു മുഷിഞ്ഞുതുടങ്ങിയ പല രംഗങ്ങളും ഈ ചിത്രത്തിലും ആവർത്തിച്ചിട്ടുണ്ടു്. കാർ ആക്സിഡന്റ്, വിഷംകൊടുക്കുക, വില്ലന്റെ വികൃതികൾ, ചാരിത്ര്യപരീക്ഷണങ്ങൾ, സ്ത്രീയെക്കൊണ്ടു് പുരുഷന്റെ ശണ്ഠയിലത്തുതാഡിക്കുക, അനാവശ്യശബ്ദാരവവും തുടങ്ങിയ ദുരിതങ്ങളും എന്നിവയെല്ലാം ചലച്ചിത്രങ്ങളിലെ സാധാരണരംഗങ്ങളായിരിക്കുകയാണല്ലോ. കലാകാരന്മാരെല്ലാം പ്രായേണ സന്തൃപ്തിയുമായി അഭിനയിച്ച കൂട്ടത്തിൽ ശിവനും കുമാരികമലയും ഈ ചിത്രത്തിൽ നൽകിക്കൂടുതൽ പ്രതീക്ഷിപ്പെട്ടിട്ടുണ്ടെങ്കിലും അവർ ഇരുവരും പരാജയപ്പെടുകയാണു ചെയ്യുന്നതു്. കണ്ണുടകരീതിയിലുള്ള ഇതിലെ ഗാനങ്ങളും എത്രകേട്ടാലും മതിവരാത്തതും മേന്മയേറിയവയുമാണു്. ഗാനരചയിതാവു് ഹിന്ദിഗാനങ്ങളുടെ പിറകെ പരക്കംപായാതിരുന്നതും അഭിലക്ഷണീയമായിട്ടുണ്ടു്. ഫോട്ടോഗ്രാഫി, സൌണ്ട്റിക്കാർഡിംഗ്, മേക്കപ്പ് തുടങ്ങിയ സാങ്കേതികവശങ്ങളിലെ ചിത്രം പരാജയപ്പെട്ടിട്ടില്ല. കെ. രാമനാഥൻ ബുദ്ധിപൂർവ്വമായും ഔചിത്യബോധത്തോടുകൂടിയും ചിത്രം സംവിധാനംചെയ്തിട്ടുണ്ടു്. അഭിലഷിത പൊതുവെ ഈ ചിത്രത്തിൽ കുറവാണു്. മനഃശാസ്ത്രീയ സംഘട്ടനംവേണ്ടുന്നതും ജീവിതവിജയത്തിനു് ആവശ്യമായ വിജ്ഞാനവും വെളിച്ചവും നൽകുന്നതുമായ ഒരു ഉന്നതമായ ചലച്ചിത്രമെന്നു മനിതൻ.

★

വാത്സകം

★

നീലം പ്രൊഡക്ഷൻസിന്റെ ദ്വിതീയ ചലച്ചിത്രത്തിന്റെ നിർമ്മാണം മെരിലാൻഡ് സ്റ്റുഡിയോയിൽ ആരംഭിച്ചിട്ടുണ്ടു്. ചിത്രത്തിന്റെ കഥയും സംഭാഷണവും എഴുതിയിരിക്കുന്നതു ശ്രീ. മുതുകുളം രാഘവൻപിള്ളയാണു്. ഗാനരചന തിരുനയിനാർക്കുറിച്ചി. ലളിത, പ്രേംനസീർ, മുത്തയ്യാ, കെ. പി. കൊട്ടാരക്കര, സി. ഐ. പരമേശ്വരൻപിള്ള, തിക്കുറിശ്ശി, പത്മിനി എന്നിവരെല്ലാം ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണു്.

* * *

എസ്സൽ പ്രൊഡക്ഷൻസിന്റെ രക്തസിന്ദൂരം (ചിലപ്പോൾ പേരു് മാറിയേക്കാനും ഇടയുണ്ടു്.) എന്ന ചിത്രത്തിന്റെ നിർമ്മാണം ഉദയാ സ്റ്റുഡിയോയിൽ ആരംഭിച്ചിരിക്കുന്നു. മലയാളത്തിലെ ആദ്യത്തെ സ്റ്റണ്ടുചിത്രമായിരിക്കും ഇതു്. ഈ ചിത്രത്തിന്റെ കഥയും സംഭാഷണവും എഴുതിയിരിക്കുന്നതു തിക്കുറിശ്ശിയാണു്. ബി. എസ്. സരോജ, തിക്കുറിശ്ശി, പ്രേംനസ്സീർ, ബോബൻകുഞ്ചാക്കോ എന്നിവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

* * *


നാഷനൽ സ്റ്റാൻഡേർഡ് പിക്ചേഴ്സ് "സൌഭാഗ്യം" എന്നൊരു മലയാളചലച്ചിത്രം നിർമ്മിക്കുന്നതിനുള്ള പ്രാരംഭജോലികൾ ആരംഭിച്ചുകഴിഞ്ഞു.

* * *

(ശേഷം 36-ാംപേജിൽ)

രത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ പ്രയത്നത്താൽ 1862-ൽ പൂനാകോളേജിൽനിന്നു രാമനാഥശാസ്ത്രിയെ ബോംബെയിൽ സംസ്കൃതാധ്യാപകനായി മാറ്റി. അച്ചിരേണ നമ്മുടെ കഥാനായകനെ എൽഫിൻസ്റ്റൺകോളേജിലെ പൗരസ്ത്യഭാഷകളുടെ അധ്യക്ഷനായി നിശ്ചയിച്ചു. അദ്ദേഹം ആ സ്ഥാപനത്തിന്റെ വിലയേറിയ ഒരു നേട്ടമാണെന്നും പ്രിൻസിപ്പാൾ രേഖപ്പെടുത്തി. ബ്യൂലർ പണ്ഡിതന്മാരിൽ അധ്യുന്നതിയിലുള്ള പണ്ഡിതന്മാരേയും പ്രോത്സാഹിപ്പിച്ചിരുന്നു. വിശ്വവ്യുതരായിത്തീർന്ന ഭണ്ഡാർക്കർ, ശങ്കർപാണ്ഡിറ്റ്, ലെങ്ങ്, ആപ്തെ മുതലായ പണ്ഡിതപ്രകാണ്ഡങ്ങളും ബ്യൂലറുടെ സദ്വ്യവസായസന്തതികളാണെന്നു പറയുന്നതിൽ തെറ്റില്ല. ബോംബേ സംസ്കൃതഗ്രന്ഥാവലിയുടെ ഉൽഘാടകനും അദ്ദേഹംതന്നെ ആയിരുന്നു. പ്രസ്തുത ഗ്രന്ഥാവലി സംസ്കൃതപഠനത്തിനു ലോകമൊട്ടുക്കു പ്രചാരമുണ്ടാക്കി.

1870-ൽ ബോംബേ വിദ്യാഭ്യാസവകുപ്പിലെ പരിശോധകനായിത്തീർന്നു ബ്യൂലർ. ആനിലയിലും സംസ്കൃതപഠനവ്യാപ്തിക്കു സ്വന്തംകഴിവുകളെ അതിഭംഗിയായി അദ്ദേഹം വിനിയോഗിച്ചു. ലഭിച്ച സന്ദർഭങ്ങളും മുഴുവൻ സംസ്കൃതം പ്രചരിപ്പിക്കാനും അതിലുള്ള പുരാതനഹസ്തലിഖിതഗ്രന്ഥങ്ങളും ശേഖരിക്കാനും വ്യയം ചെയ്തു. സംസ്കൃതഭാഷയിൽ സംസാരിക്കുന്നതിനു അദ്ദേഹത്തിനുണ്ടായിരുന്ന പ്രാവീണ്യം ഏതൽപദ്ധതികളിൽ പ്രവർത്തിക്കാൻ അത്യധികം പ്രയോജനകരമായിത്തീർന്നു. സംസ്കൃതസാഹിത്യത്തിലെ ചില ശാഖകളിലുണ്ടായിട്ടുള്ള കൃതികളും ഇടം പ്രഥമമായി സൂക്ഷ്മപരിശോധനകൊണ്ടതുമാത്രമാണ്. ജൈനരുടെ സരസ്വതീനിലയങ്ങളിലുണ്ടായിരുന്ന അപ്രകാശിതകൃതികളും പുറത്തുവരാൻ കാരണം മറ്റാരുമല്ല. ജൈനസിദ്ധാന്തർ അവയെ പുറത്തുവിടാതിരിക്കാൻ പ്രത്യേകം തല്പരത്വവും ശാഠ്യവും തികഞ്ഞ മാമൂൽപ്രിയന്മാരായിരുന്നു. ബ്യൂലറുടെ നയകുശലതയും വിജ്ഞാനതൃഷ്ണയുംനിമിത്തം അതേവരെ പണ്ഡിതലോകത്തിന അലഭ്യമായിരുന്ന അമൂല്യനിധികളും പലതും കിട്ടി. അതിനെത്തുടർന്ന് നേപ്പാളം, ജയ്പ്പൂർ, കാശ്മീർ എന്നീദേശങ്ങളിൽ നിന്നും അനേകം ഹസ്തലിഖിതഗ്രന്ഥങ്ങളും ലഭിക്കയുണ്ടായി. എൺപത്തിയഞ്ചുസംവത്സരംമുമ്പുജൈനമതത്തെയോ ടെജനസാഹിത്യത്തെയോപറ്റി അജ്ഞാതമായിരുന്ന അനേകംവസ്തുതകളും ബ്യൂലറുടെ അക്ഷീണപരിശ്രമത്താൽ വെളിച്ചത്തുവന്നു. ക്ഷേമേന്ദ്രൻ മുതലായ കവീന്ദ്രന്മാരെ വിസ്മൃതിയിൽനിന്നുദ്ധരിച്ചതും അദ്ദേഹംതന്നെ. ഹസ്തലിഖിതഗ്രന്ഥങ്ങളെപ്പറ്റി നമ്മുടെ പണ്ഡിതഗ്രണി എഴുതിയിട്ടുള്ള അനുഭവജ്ഞാനങ്ങളും ചരിത്രാവേഷകന്മാർക്കും സംസ്കൃതസാഹിത്യചരിത്രാന്വേഷകർക്കും ഇന്നും അക്ഷയഭണ്ഡാഗാരങ്ങളായി വിളങ്ങുന്നു.



അന്തർദ്ദേശീയതൊഴിലാളിസമ്മേളനത്തിൽ സംബന്ധിക്കുന്നതിനു ഇന്ത്യാഗവൺമെന്റിന്റെ പ്രതിനിധിയായി ജനീവായിലേയ്ക്കു പോയിരിക്കുന്ന തിരു-കൊച്ചി തൊഴിൽകാര്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനും, ഇന്ത്യൻവ്യവസായപ്രതിനിധികളുടെ ഉപദേഷ്ടാവായി പോയിരിക്കുന്ന ശ്രീ. എ. സി. രാമലിംഗത്തിനും, മിസ്സസ് രാമലിംഗത്തിനും 1953 മേ 31-നു ബോംബേ സൻറാക്രൂസ് വിമാനത്താവളത്തിൽവച്ചു സുഹൃത്തുക്കളുടെ യാത്രയയപ്പ്. ഇടത്തുനിന്ന് — 1) ശ്രീ. പി. പി. കൃഷ്ണൻകുട്ടി. 2) മാസ്റ്റർ കൃഷ്ണൻകുട്ടി. 3) ശ്രീ. എ. സി. രാമലിംഗം. 4) മിസ്സസ് രാമലിംഗം. 5) ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.

ഹസ്തലിഖിതഗ്രന്ഥങ്ങളേറ്റം ശിലാലിഖിതങ്ങളേറ്റുമുള്ള നിരന്തരസമ്പർക്കം ഭാരതീയലിപിവിജ്ഞാനീയത്തിൽ അദ്ദേഹത്തെ ഒരു മഹാപണ്ഡിതനായിത്തീർത്തു. പ്രഫസർ മാക്സ്മുള്ളർക്കു ജാപ്പനിൽനിന്നു പ്രാചീനഭാരതലിഖിതങ്ങളിൽ ചിലവയുടെ മാതൃകകളും ലഭിച്ചപ്പോഴും അവയുടെ ലിപി ശാസ്ത്രപരമായ പ്രാധാന്യം വിശദമാക്കാൻ അദ്ദേഹം ബ്യൂലറോടാണ് ആവശ്യപ്പെട്ടത്. ബ്രാഹ്മിയുടെ ഉൽപ്പത്തി, ഭാരതത്തിലെ പ്രാചീനലിപികളും ആദിയായവയെപ്പറ്റി അദ്ദേഹമെഴുതിയ പ്രമെഴുതുന്നതിനു പറ്റുംപടിയായ സാമഗ്രികളും ശേഖരിക്കുന്നതിനായിരുന്നു അദ്ദേഹം ജീവനവസാനംവരെ പണിപ്പെട്ടുകൊണ്ടിരുന്നതു്. അശോകശാസനങ്ങളെപ്പറ്റി ബ്യൂലർ എഴുതിയിട്ടുള്ള പ്രബന്ധങ്ങളും ചരിത്രലോകത്തിനു ശാശ്വതനിധികളാകുന്നു. അശോകന്റെ ലിഖിതങ്ങളും വായിക്കുന്നതിനും അവയുടെ താല്പര്യം നിശ്ചയിക്കുന്നതിനും ബ്യൂലർ ചെയ്തിട്ടുള്ള സേവനത്തിന്റെ വില മതിക്കാവതല്ല. 1874-ൽ ജസൽമേരിൽനിന്നു അദ്ദേഹം കണ്ടെടുത്ത ബിൽഹണകൃതി — വിക്രമാങ്കദേവചരിതം ചരിത്രവിജ്ഞാനത്തിനു നൽകിയ സംഭാവന അമൂല്യമാകുന്നു. കൽഹണന്റെ രാജതരംഗിണിയാണ് പിന്നീടു അദ്ദേഹത്തിന്റെ ശ്രദ്ധയ്ക്കു വിഷയമായതു്.


ഹസ്തലിഖിതഗ്രന്ഥങ്ങളേറ്റം ശിലാലിഖിതങ്ങളേറ്റുമുള്ള നിരന്തരസമ്പർക്കം ഭാരതീയലിപിവിജ്ഞാനീയത്തിൽ അദ്ദേഹത്തെ ഒരു മഹാപണ്ഡിതനായിത്തീർത്തു. പ്രഫസർ മാക്സ്മുള്ളർക്കു ജാപ്പനിൽനിന്നു പ്രാചീനഭാരതലിഖിതങ്ങളിൽ ചിലവയുടെ മാതൃകകളും ലഭിച്ചപ്പോഴും അവയുടെ ലിപി ശാസ്ത്രപരമായ പ്രാധാന്യം വിശദമാക്കാൻ അദ്ദേഹം ബ്യൂലറോടാണ് ആവശ്യപ്പെട്ടതു്. ബ്രാഹ്മിയുടെ ഉൽപ്പത്തി, ഭാരതത്തിലെ പ്രാചീനലിപികളും ആദിയായവയെപ്പറ്റി അദ്ദേഹമെഴുതിയ പ്രമാണികമായിത്തന്നെ ഗണിക്കപ്പെട്ടുവരുന്നു.

അന്നേവരെ വിദേശലോകത്തിന അലഭ്യമായിരുന്ന ജൈനവൈദികസംസ്കൃതഗ്രന്ഥങ്ങളും പലതും സമുചിതമായ വിശദീകരണങ്ങളോടും വിവർത്തനങ്ങളോടുംകൂടി ബ്യൂലർ പ്രസിദ്ധപ്പെടുത്തി. ഭാരതീയഭാഷകളിൽ അദ്ദേഹം സമ്പാദിച്ചിരുന്ന വൈദുഷ്യം ഭഗവാൻ ലാൽ ഇന്ദ്രജിയേപ്പോലെ അനേകം പണ്ഡിതമണികളുടെ പരിചയത്തിനിടവരുത്തി. മറ്റു ചിലരെപ്പോലെ നാട്ടുകാരുടെ പ്രാപ്തിവൈഭവത്തേയോ വിജ്ഞാനതൃഷ്ണയേയോ പാണ്ഡിത്യവൈപുല്യത്തേയോ കണ്ണടച്ചു പുകഴ്ത്താൻ ആ സംസ്കാരസമ്പന്നൻ സന്നദ്ധനായില്ല. എന്നു മാത്രമല്ല സന്ദർഭം ലഭിച്ചപ്പോഴെല്ലാം അവയെ വാഴ്ത്തുകയുംചെയ്തു.


1880-ൽ ആരോഗ്യപരമായ കാരണങ്ങളാൽ സ്വദേശത്തേക്കു മടങ്ങാൻ അദ്ദേഹം നിർബന്ധിതനായി. ഇതറിഞ്ഞു വിയന്നാസർവ്വകലാശാലക്കാർ സംസ്കൃതം, ഭാരതവിജ്ഞാനം എന്നിവയുടെ അദ്ധ്യക്ഷനായി അദ്ദേഹത്തെ നിയമിച്ചു. വിയന്നായെ ഒരു പൗരസ്ത്യവിജ്ഞാനകേന്ദ്രമാക്കാനായിരുന്ന ബ്യൂലറുടെ പിന്നത്തെ പ്രയത്നം. ഭാരതീയപഠനത്തിന്റെ എല്ലാ ശാഖകൾക്കും പ്രയോജനപ്രദമായ സേവനമനുഷ്ഠിക്കാൻവേണ്ടി "വിയന്നാഓറിയന്റൽ ജേണൽ" തുടങ്ങി, പ്രസ്തുത പ്രസിദ്ധീകരണത്തിന്റെ പഴയ വാല്യങ്ങളും ലോകത്തെ പ്രധാന ഗ്രന്ഥശാലകളിലെല്ലാം ഇന്നും സൂക്ഷിച്ചുവച്ചിട്ടുണ്ട്.

സുറിച്ചിൽ പാർത്തിരുന്ന ഭാര്യയേയും മകനേയുംകൂടി ഈസ്റ്റർ അവധിക്കാലം കഴിക്കുമെന്നകരുതി 1898 ഏപ്രിൽ 5-നു ബ്യൂലർ വിയന്നാവിട്ടു. കാലാവസ്ഥ സുഖപ്രദമായിത്തോന്നിയതിനാൽ മാർഗ്ഗമധ്യേ ലിന്തവഴിലിറങ്ങി. ഏഴുമണിയോടെ ഒരു വഞ്ചിയിൽകയറി കാൺസ്റ്റൻസുതടാകത്തിൽ വിനോദയാത്രചെയ്തു. വൈകുന്നേരം തിരിച്ചെത്തി. പിറേന്നു അതേവഞ്ചിയിൽ വീണ്ടും യാത്രയായി. പിന്നീടു ആരും അദ്ദേഹത്തെ കണ്ടിട്ടില്ല. വഞ്ചിവലിക്കാനുള്ള തണ്ടുകളിലൊന്നു വെള്ളത്തിൽ വീണുപോയി എന്നും അതു തിരക്കുന്നതിനിടയ്ക്കു വഞ്ചി മറിയുകയാൽ അദ്ദേഹം തടാകത്തിൽ വീണു ചരമംപ്രാപിച്ചുവെന്നും ആണ് അഭ്യൂഹം. 9-നു അദ്ദേഹത്തിന്റെ വഞ്ചി മറിഞ്ഞുകിടക്കുന്നതുകണ്ടു. പതിനഞ്ചാംതീയതിവരെ ബ്യൂലറുടെ ദേഹവിയോഗവാർത്ത സ്ഥിരീകൃതമായില്ല. മൃതശരീരം കാണാനെമിടവന്നില്ല. ഇങ്ങനെ ആ മഹാപണ്ഡിതന്റെ ജീവിതയാത്ര അപകടത്തിയൊന്നാമത്തെ വയസ്സിൽ അവസാനിച്ചു.

—o—



ഡാൻസർ ചന്ദ്രശേഖരൻ ആൻഡ് പാർട്ടി.




ഉഷാകല്യാണം നാടകത്തിലെ ഒരു രംഗം.
ശ്രീ: ചന്ദ്രശേഖരനും ഭാര്യയും മുഖ്യഭാഗങ്ങളഭിനയിക്കുന്നു.



കേരളാസിസ്റ്റേഴ്സിന്റെ രാധാകൃഷ്ണനൃത്തം. കമല കൃഷ്ണനായും, ലീല രാധയായും അഭിനയിക്കുന്നു.



കേരളാസിസ്റ്റേഴ്സ്: ശിവശക്തിനൃത്തം. ശിവനായി കമലയും, ശക്തിയായി ലീലയും അഭിനയിക്കുന്നു.



ഡാൻസർ ചന്ദ്രശേഖരൻ ആൻഡ് പാർട്ടിയുടെ ഉഷാകല്യാണം നാടകത്തിലെ മറ്റൊരു രംഗം.

Republic Photo News Bureau, Bombay.

(33-ാംപേജിൽനിന്നു തുടർച്ച)

കനകശോഭ പ്രൊഡക്ഷൻസ് "തെഴിലാളി" എന്നപേരിൽ ഒരു ചിത്രം രേവതി സ്റ്റുഡിയോയിൽ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മുട്ടത്തു വർക്കിയുടെ കഥയും സംഭാഷണവും. ഗാനരചന അഭയദേവും. മനോഹർ, സി. ആർ. രാജകുമാരി, കൃഷ്ണകുമാരി തുടങ്ങിയവരാണ് താരങ്ങൾ. കെ. ഗോപാലൻ ചിത്രം ഡയറക്ട് ചെയ്യുന്നതാണ്.

* * *

സി. സി. പ്രൊഡക്ഷൻസുകാരുടെ "മയച്ചി" എന്ന തമിഴ് ചിത്രം മൈസൂർ നവജ്യോതി സ്റ്റുഡിയോയിൽ പൂർത്തിയായിവരുന്നു. സുഹൃത്തിന്റെ ഡയറക്ടറായ ജോസഫ് പള്ളിപ്പാടനാണ് മയച്ചിയും സംവിധാനം ചെയ്യുന്നത്.

* * *

"നിർമ്മല" എന്ന മലയാള ചലച്ചിത്രം നിർമ്മിച്ച കേരളാടാക്കീസുകാർ മദ്രാസ് രേവതിസ്റ്റുഡിയോയിൽ "കനവു" എന്നൊരു തമിഴ് ചിത്രം നിർമ്മിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്. ലളിത, വി. കെ. രാമസ്വാമി, വി. സുശീല, ആർ. ബാലസുബ്രഹ്മണ്യം തുടങ്ങിയവർ അഭിനയിക്കുന്ന ഈ ചിത്രം പി. വി. കൃഷ്ണൻ ഡയറക്ട് ചെയ്യുന്നു.

* * *

ടി. കെ. ബ്രദേഴ്സിന്റെ പ്രസിദ്ധനാടകമായ "രക്തപാശത്തെ" ചലച്ചിത്രമാക്കുന്നതിനു് അവ്വായി പ്രൊഡക്ഷൻസ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

* * *

ശോഭഫിലിംസിന്റെ "പരോപകാരം" എന്ന തമിഴ് ചിത്രത്തിന്റെ നിർമ്മാണം വാഹനി സ്റ്റുഡിയോയിൽ ആരംഭിച്ചിരിക്കുന്നു. ദേവകി ബോസിന്റെ പ്രസിദ്ധ ബംഗാളി നോവലായ "സോനാറാസൻസാറിൽ" നിന്നു് എടുത്തിട്ടുള്ള പ്രസ്തുത കഥ കമൽഘോഷാണ് ഡയറക്ട് ചെയ്യുന്നത്. മുക്കാമാല, സി. എസ്. ആർ. ജി. വരലക്ഷ്മി. സാവിത്രി, ഠെലുങ്കു എന്നിവർ അഭിനയിക്കുന്നു.

* * *

മോഹിനി പിക്ചേഴ്സിന്റെ പ്രതികാരം (തമിഴ്-തെലുങ്കു) എന്ന ചിത്രം പ്രദർശനത്തിനു് തയ്യാറായിരിക്കുന്നു. എസ്. വി. സ്വാമി സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ സാവിത്രി, ഗിരിജ, കന്തറാവു, രാജനല തുടങ്ങിയവർ അഭിനയിച്ചിട്ടുണ്ട്.

* * *

"പരാശക്തി" നിർമ്മിച്ച പ്രസിദ്ധിനേടിയിട്ടുള്ള നാഷണൽ പിക്ചേഴ്സ് "തത്തക്കണ്ണീർ" എന്ന ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. എം. കെ. രാധയും ഈ ചിത്രത്തിൽ അഭിനയിക്കുന്നതാണ്.

ത്വക്കാണ് നിങ്ങളുടെ സൌന്ദര്യത്തിന്റെ ആധാരം





നിങ്ങളുടെ മുഖം സൌന്ദര്യമുള്ളതാക്കി സംരക്ഷിക്കുക

ഇന്ത്യയിൽ ചൂട് തണുപ്പ്, നനവ് വരൾച്ച, വെയിൽ പൊടി, ഇവയിൽ നിന്നാണ് നിങ്ങളുടെ ത്വക്കിനെ സംരക്ഷിക്കേണ്ടതു്. വിപരീതമായ ഈ കാലാവസ്ഥയിൽ നിന്നും നിങ്ങളുടെ സൌന്ദര്യത്തെ സംരക്ഷിക്കുവാൻ പ്രത്യേകം ഉണ്ടാക്കിയിട്ടുള്ളതാണ് ഹിമാലയ ബുക്കെ സ്നോ. നിങ്ങളുടെ ത്വക്കിനെ മൃദുലമായും പരിശുദ്ധമായും കാത്തുരക്ഷിക്കുവാൻ ഇതു് നിത്യവും ഉപയോഗിക്കുക. പൌഡർ ഇടുന്നതിനു് മുൻപു് ഉപയോഗിക്കുവാൻ അത്യുത്തമമായതു്. ഇതിന്റെ പരിമളം നിങ്ങൾ പ്രിയപ്പെടും.



ഹിമാലയ ബുക്കെ സ്നോ

ഉന്നതമായ വേറെ ഒരു ഇറാസ്മിക് ഉല്പന്നം

HBS 9-X52 ML

ഇറാസ്മിക് കമ്പനി ലിമിറ്റഡ്, ബോംബെ. വെണ്ടി ഇന്ത്യയിൽ ഉണ്ടാക്കിയതു്

ശോഭ ഫിലിംസിന്റെ "നംകഴന്ത" എന്ന ചിത്രത്തിന്റെ നിർമ്മാണവും ധൃതഗതിയിൽ പുരോഗമിക്കുന്നു. ലളിത, പത്മിനി, രാഗിണി എന്നിവർ അഭിനയിക്കുന്ന ഈ ചിത്രം കെ. എസ്. ഗോപാലകൃഷ്ണൻ സംവിധാനംചെയ്യുന്നു.

നാഗേന്ദ്രറാവുവിന്റെ സംവിധാനത്തിൽ എം. വി. എം. സ്റ്റുഡിയോയിൽ തയ്യാർചെയ്യുന്ന "ജാതകം" എന്ന ചിത്രത്തിൽ സൂര്യകലയും നാഗേശ്വരറാവുവും പ്രധാനഭാഗങ്ങളിൽ അഭിനയിക്കുന്നു.

* * *

പ്രസാദ് പ്രൊഡക്ഷൻസിന്റെ "പൊറാമനം" എന്ന ചലച്ചിത്രത്തിന്റെ നിർമ്മാണം പൂർത്തിയാകാറായിരിക്കുന്നു. പുഷ്പവല്ലി, കുമാരി, പി. കെ. സരസ്വതി. തുടങ്ങിയ താരങ്ങൾ പൊറാമനത്തിൽ പ്രത്യക്ഷപ്പെടുന്നതാണ്.

Edited, printed & published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.